എട്ടു ഭാഷകളിലായി 200,000 കോപ്പികളിലുമധികം
പ്രസിദ്ധീകൃതമാക്കിയിട്ടുണ്ട്.

# വിശ്വാസത്തിനു പോഷണം

ഒരു വേദപുസ്തക മാന്വൽ

**റിച്ചാർഡ് എ. ബെന്നറ്റ്** അമേരിക്ക, കാനഡാ, യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ, സഭകളിലും കോൺഫെറൻസുകളിലും ബൈബിൾ കോളജുകളിലും നാല്പതു വർഷത്തിലധികമായി ശുശ്രൂഷിക്കുന്നു. ട്രാൻസ് വേൾഡ് റേഡിയോയിൽനിന്നും ഫാർ ഈസ്റ്റ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷനിൽനിന്നും അഞ്ചു രാജ്യങ്ങളിലേക്ക് അദ്ദേഹത്തിന്റെ ബൈബിൾ പഠനങ്ങൾ ഇരുപത് വർഷം പ്രക്ഷേപണം ചെയ്തിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ കൂടുതൽ അടുത്തറിയുവാൻ ആളുകളെ സഹായിക്കുന്നതിന് തങ്ങളുടെ തന്ത്രപ്രധാനമായ ശുശ്രൂഷയിലൂടെ റിച്ചാർഡും അദ്ദേഹത്തിന്റെ സഹധർമ്മിണി ഡോറോത്തിയും ആത്മാർഥമായി ആഗ്രഹിക്കുന്നു.

*പരമാവധി പ്രയോജനത്തിന് ആത്മീയ പോഷണം ആസ്വദിക്കയും അനുഭവസ്ഥമാക്കുകയും ആഗിരണം ചെയ്യുകയും ചെയ്യേണ്ടതാണ്. ഈ പ്രക്രിയ പ്രാവർത്തികമാക്കുന്നത് എങ്ങനെ എന്നു ഡോ. ബെന്നറ്റ് നമ്മെ കാണിക്കുന്നു.*

ഡോ. സ്റ്റീഫൻ എഫ്. ഓൽഫോർഡ്

Authentic

ISBN : 978-81-7362-857-3

Food for faith *(Malayalam)*

വിശ്വാസത്തിനു പോഷണം

റിച്ചാർഡ് എ. ബെന്നറ്റ്

# വിശ്വാസത്തിനു പോഷണം



റിച്ചാർഡ് എ. ബെന്നറ്റ്

## ആരാധന

യഥാർഥ ആരാധന, ദൈവത്തിന്റെ വചനത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന വിധത്തിൽ പരമാധികാരിയായ യേശുക്രിസ്തുവിൽ വിനയത്തോടുകൂടെ മനസ്സും ഹൃദയവും കേന്ദ്രീകരിക്കുന്നതാണ്. അത് സംഭവിക്കുമ്പോഴെല്ലാം സമർപ്പണത്തിലും സ്തുതിയിലും ഒരു ആന്തരിക നമസ്കരണം സംഭവിക്കുന്നു.

## സാക്ഷ്യം

ഫലപ്രദമായ സുവിശേഷീകരണം കവിഞ്ഞൊഴുക്കിൽ നിന്നാണ് ഉളവാകുന്നത് -- ആത്മനിറവു പ്രാപിച്ച വിശ്വാസിയുടെ ജീവിതത്തിൽനിന്നുള്ള പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്ക്. അങ്ങനെ നമ്മിൽ അധിവസിക്കുന്ന ക്രിസ്തുവിന്റെ യാഥാർഥ മൂല്യം മറ്റുള്ളവർക്ക് വെളിപ്പെടുന്നു.

## പോരാട്ടം

ദൈവത്തിന്റെ വചനപ്രകാരം നിങ്ങൾ പ്രാർഥിക്കുമ്പോൾ നിങ്ങൾ ദൈവത്തിന്റെ ഹിതമനുസരിച്ചു പ്രാർഥിക്കുകയാണ്. സാത്താന്റെ മേലും, നിങ്ങളുടെ ആത്മീയ ജീവിതത്തെ വഴി തെറ്റിക്കുവാനുള്ള അവന്റെ ശ്രമത്തിന്മേലും നിങ്ങൾ വിജയിക്കുമെന്നത് ദൈവത്തിന്റെ ഹിതമാണ്.

# വിശ്വാസത്തിനു പോഷണം

# വിശ്വാസത്തിനു പോഷണം

## ഒരു വേദപുസ്തക മാനുൽ

**ദൈവവുമായുള്ള സജീവവും നിരന്തരവുമായ**
**കൂട്ടായ്മയ്ക്ക് മാർഗനിർദേശങ്ങൾ**


## റിച്ചാർഡ് എ. ബെന്നറ്റ്

വിവർത്തനം

**എൽ. സാം**

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ക്രോസ് കറന്റ്സ് ഇന്റർനാഷണൽ മിനിസ്ട്രിയിൽ എന്റെ സഹധർമിണിയോടും എന്നോടുംകൂടെ വിശ്വസ്തരായി അധ്വാനിക്കുന്ന സഹപ്രവർത്തകർക്ക് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നു.

*വിശ്വാസത്തിനു പോഷണം* – ക്രോസ് കറന്റ്സ് ഇന്റർനാഷണൽ മിനിസ്ട്രീസിന്റെയും ഇന്റർനാഷണൽ പ്രിസൺ മിനിസ്ട്രിയുടെയും പ്രേഷിതപ്രവർത്തന ഭാഗമായി ഇതരഭാഷകളിലും പ്രസിദ്ധീകരിച്ചിട്ടു്. കൂടുതൽ പരിഭാഷയും പ്രസിദ്ധീകരണവും പ്രതീക്ഷിക്കുന്നു.

*Vishwasathinu Poshanam*
(Malayalam)

**Food For Faith**
by Richard A.Bennett

Copyright © 1994, 1998 by Cross Currents Intl. Ministries

First Malayalam edition 2008

ISBN 978-81-7362-857-3

Published by Authentic Books

India P. O. Box 2190, Secunderabad 500 003, Andhra Pradesh.
www.authenticindia.in

UK 9 Holdom Avenue, Bletchley, Milton Keynes, MK1 1QR, UK
www.authenticmedia.co.uk

USA 1820 Jet Stream Drive, Colorado Springs, CO 80921, USA.
www.authenticbooks.com

All rights reserved.
No part of this publication may be reproduced in any form or by any means, electronic, or mechanical, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.
The sociological, political, doctrinal vies of the author may not necessarily be those of the publisher.

Authentic Books is an imprint of Authentic India, the publishing division of STL OM Books India.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | *മുഖവുര* | 11 |
| | *ആമുഖം* | 13 |
| 1. | അനുദിനപ്രമോദം | 21 |
| 2. | തലയും ഹൃദയവും | 31 |
| | തല | |
| | ഹൃദയം | |
| 3. | പ്രാർഥനാ നിർഭരമായ ഒരുക്കം | 47 |
| | നിങ്ങളുടെ മുട്ടുകൾ മടക്കുക | |
| | നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കുക | |
| | എന്റെ സ്വർഗീയ വീക്ഷണം | |
| | എന്റെ ഭൗതിക പ്രശ്നം | |
| 4. | ഏകാന്തസമയം | 79 |
| | അനുസരണത്തിന്റെ പ്രകൃതി | |
| | വിശ്വാസത്തിന്റെ പ്രതികരണം | |
| | ആരാധനയിൽ യാഥാർഥ്യം | |
| | ശത്രുവിനെക്കുറിച്ചു ജാഗ്രത | |
| 5. | വിശ്വാസമെന്ന ഘടകം | 101 |
| 6. | പറയുന്നതിനുള്ള സമയം | 113 |
| | കവിഞ്ഞൊഴുകുന്ന സുവിശേഷീകരണം | |
| 7. | ഫലമോ അഗ്നിയോ | 125 |
| | വെളുത്ത കടലാസുകൾ | |
| | പാഴാക്കിയ സംവൽസരങ്ങൾ | |
| | നിത്യ പ്രകാശം | |
| 8. | വന്നു കഴിച്ചുകൊൾവിൻ! | 135 |
| | അനുബന്ധങ്ങൾ | |
| | A. ഏകാന്ത സമയം | |
| | B. വേദപഠനം | |
| | C. പ്രതിദിന പ്രാർഥനാ സഹായി | |

# മുഖവുര

*'വിശ്വാസത്തിനു പോഷണം'* എന്ന ഡോ. റിച്ചാർഡ് എ. ബെന്നറ്റിന്റെ പുതിയ പുസ്തകത്തിനു മുഖവുര എഴുതുന്നത് ഒരു പദവിയാണ്. അദ്ദേഹത്തിന്റെ *'ദൈവത്തിനുവേ__ിയുള്ള അന്വേഷണം'* എന്ന ആദ്യ പുസതകത്തിന്റെ അനുബന്ധമാണ് ഈ ഗ്രന്ഥം. വിശ്വാസം കൂടാതെ മനുഷ്യനു ദൈവത്തെ സമീപിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6); അതുപോലെ, വിശ്വാസം കൂടാതെ മനുഷ്യനു ദൈവത്തിനു േവ ി ജീവിക്കുവാനും സാധ്യമല്ല (റോമർ 1:17). ഇത് സാധ്യമാകണമെങ്കിൽ ആരംഭത്തിലും (റോമർ 10:17) തുടർച്ചയായും (1 പത്രൊസ് 2:1–3, എബ്രായർ 5:12–14) വിശ്വാസത്തിന്റെ പോഷണം ലഭിക്കണം. *'മനുഷ്യൻ അപ്പംകൊു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനം കൊും ജീവിക്കുന്നു'* (മത്തായി 4:4) എന്ന് യേശു പ്രസ്താവിച്ചപ്പോൾ, അത് ഉറപ്പിക്കുകയായിരുന്നു. യിരെമ്യാവും ഈ കാര്യം ഉറപ്പായി പറഞ്ഞിട്ടു്; *'ഞാൻ നിന്റെ വചനത്തെ കത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ'* (യിരെമ്യാവ് 15:16).

പരമാവധി പ്രയോജനമുാകേതിന് ആത്മീയ ഭക്ഷണം **ആസ്വദിക്കയും സ്വന്തമാക്കയും ആഹരിക്കയും** ചെയ്യേതാണ്. ദൈവവുമായി നാം ഒരുമിച്ചായിരിക്കുന്ന സമയങ്ങളിൽ ഈ പ്രക്രിയ എങ്ങനെ പ്രാവർത്തികമാകുന്നു എന്ന് ഡോ. ബെന്നറ്റ് നമുക്ക് കാണിച്ചുതരുന്നു. എട്ടാം അധ്യായം ഈ വിഷയത്തിൽ വളരെ സഹായകരമാണ്.

നമ്മിൽ അധിവസിച്ചിരിക്കുന്ന ക്രിസ്തുവിൽ (ഗലാത്യർ 2:20) സമ്പൂർണമായ വിശ്വാസാശ്രയം കൂടാതെ

ജീവിക്കുവാൻ കഴിയുമെന്ന് ചിന്തിക്കത്തക്കവണ്ണം സാധാരണ വിശ്വാസികളെ മസ്തിഷ്ക പ്രക്ഷാളനം നടത്തിപ്പോരുന്ന ഈ മതേതര മാനസികതയുടെ കാലഘട്ടത്തിൽ, '*വിശ്വാസത്തിനു പോഷണം*' എന്ന ഈ പുസ്തകം നമുക്ക് സ്വർഗത്തിൽ നിന്നൊരു സന്ദേശമാണ്. ഈ പുസ്തകം അതിന്റെ നിയോഗം നിവർത്തിക്കുമ്പോൾ ആ ശുശ്രൂഷയെ ദൈവം അനുഗ്രഹിക്കട്ടെ.

ഡോ. സ്റ്റീഫൻ എഫ്. ഒൽഫോർഡ്

# ആമുഖം

*'വിശ്വാസത്തിനു പോഷണം' 'ദൈവത്തിനു വേ ിയുള്ള അന്വേഷണം'* എന്ന പുസ്തകത്തിന് അനുബന്ധ മായി എഴുതിയതാണ്. എന്റെ ഭാര്യയും ഞാനും ഞങ്ങളുടെ ഇരുപതാം വിവാഹ വാർഷികം സമീപിക്കുന്ന സമയത്താണ് ഞാൻ ഇത് എഴുതിയത്. ഈ സുവിശേഷ സന്ദേശം എഴുതു കയും അച്ചടിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തുകൊ് ദൈവത്തോടുള്ള ഞങ്ങളുടെ നന്ദി പ്രദർശിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിച്ചു.

*'ദൈവത്തിനു വേിയുള്ള അന്വേഷണ'ത്തിന്റെ* ആദ്യപതിപ്പ് 25,000 കോപ്പികൾ ആയിരുന്നു. അതിനുശേഷവും വളരെ സവിശേഷമായ നിലയിൽ ദൈവം ഞങ്ങളുടെ ഈ സ്നേഹാർപ്പണത്തെ അനുഗ്രഹിച്ചു കൊിരിക്കുന്നു. ഇന്ന് ലോകമെങ്ങും അത് പത്തിലധികം ഭാഷകളിൽ മൂന്നു ദശല ക്ഷത്തിലധികം കോപ്പികൾ വിതരണം ചെയ്യപ്പെട്ടിട്ടു്. ആ പുസ്തകത്തിനുള്ള ആവശ്യവും വർധിച്ചുകൊിരിക്കുന്നു. ഈ പുസ്തകം വായിച്ചതു മുഖാന്തരം വീുംജനനം പ്രാപി ക്കാൻ കഴിഞ്ഞിട്ടുള്ള ജനങ്ങളുടെ സാക്ഷ്യങ്ങൾ കേൾക്കുന്ന തിൽ ഞങ്ങൾക്കു വലിയ സന്തോഷമു്.

പിന്നീട് ഞങ്ങൾ ഞങ്ങളുടെ മുപ്പത്തി അഞ്ചാമത് വാർഷികം ആഘോഷിക്കുന്നതിന് ഒരുമ്പെട്ടു! ഈ ഇടക്കാല ത്തിൽ സുവിശേഷത്തിനു നിരവധി വാതിലുകൾ തുറന്നു. *'നിങ്ങളുടെ ദൈവാന്വേഷണം'* എന്ന പുസ്തകത്തിന്റെ വിത രണം സങ്കല്പാതീതമായി വർധിച്ചു. അങ്ങനെ സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവിനോടുള്ള നന്ദിയും സ്നേഹവും പ്രദർശി പ്പിക്കുന്നതിന് *'വിശ്വാസത്തിനു പോഷണം'* എന്നുള്ള പുസ്ത കത്തിന്റെ അച്ചടിയും വിതരണവും ഞങ്ങൾ ആരംഭിച്ചു. ദൈവം *'നിങ്ങളുടെ ദൈവാന്വേഷണ'*ത്തെ അനുഗ്രഹിച്ചതുപോലെ

ലോകമെങ്ങും ക്രിസ്തുവിൽ പുതുജീവൻ കണ്ടെത്തുന്ന സകല ആളുകൾക്കും ഈ രാമത്തെ പുസ്തകത്തെയും അനുഗ്രഹിച്ചു നല്കട്ടെ എന്നു ഞങ്ങൾ ആശംസിക്കുന്നു.

എങ്കിലും *'വിശ്വാസത്തിനു പോഷണം'* *'ദൈവത്തിനു വേിയുള്ള അന്വേഷണത്തിനു'* കേവലമൊരു അനുബന്ധമല്ല, കർത്താവുമായി അധികം ആർദ്രമായ ഒരു ബന്ധം ആഗ്രഹിക്കുന്ന എല്ലാ വിശ്വാസികൾക്കും ഈ പുസ്തകം സഹായകരമാകുമെന്ന് ഡോറോത്തിയും ഞാനും വിശ്വസിക്കുന്നു. തങ്ങളുടെ ക്രിസ്തീയ ജീവിതത്തിനു പ്രത്യേക സഹായവും പ്രോത്സാഹനവും ഓരോ വിശ്വാസിക്കും ലഭിക്കുമെന്ന ആത്മാർഥമായ പ്രാർഥനയോടെയാണ് ഈ പുസ്തകം എഴുതിയട്ടുള്ളത്.

***'വിശ്വാസത്തിനു പോഷണം'*** **വെറുതേ വായിച്ചു തീർക്കാൻ ഉള്ളതല്ല. വായിച്ചിട്ടു മാറ്റിവെക്കാനുള്ളതുമല്ല. സൂക്ഷ്മതയോടെ വായിച്ചതിനുശേഷം ഇത് ഒരു പരാമർശ സഹായിയായി ഉപയോഗിക്കണം. ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള തത്വങ്ങൾ നമ്മുടെ ജീവിതത്തിൽ വിശ്വസ്തതയോടെ പ്രായോഗികമാക്കുമ്പോൾ നിരന്തരമായി ദൈവത്തോട് എങ്ങനെ കൂടുതൽ അടുത്ത് നടക്കാമെന്ന് നാം പഠിക്കും.**

സമയാസമയത്ത് മെഡിക്കൽചെക്കപ്പു നടത്തുന്നത് നല്ലതാണ് എന്നു നമുക്ക് അറിയാമല്ലോ. അതിനു നാം പണവും സമയവും ചെലവാക്കുന്നു. ശാരീരിക പ്രശ്നങ്ങളുടെ ശരിയായ രോഗനിർണയവും തുടർന്നുള്ള ചികിത്സയും, ഡോക്ടർ ചോദിക്കുന്ന പ്രാഥമിക ചോദ്യങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. അതുപോലെ വിശ്വാസികൾ ഇടയ്ക്കിടെ *'ആത്മീയ ചെക്കപ്പ്'* നടത്തുന്നത് നല്ലതാണ്. സുതാര്യമായ സത്യസന്ധതയും കുറെ സമയവുമാണ് അതിനാവശ്യം. ദൈവത്തോടു കൂടെ, ഏകാന്തതയിൽ സമയം വേർതിരിക്കൂ! നിങ്ങളുടെ ആത്മീയ പരിശോധനയ്ക്ക് സഹായകരമായ ചില

ചോദ്യങ്ങൾ എല്ലാ അധ്യായങ്ങളുടെയും ഒടുവിൽ കൊടുത്തിട്ടു്. അവയിൽ ചില ചോദ്യങ്ങൾ നിങ്ങളെ അസ്വസ്ഥരാക്കിയേക്കാം. ആന്തരിക പരിശോധന നടത്തുമ്പോൾ, ഏറ്റവും വേദനിക്കുന്ന ഭാഗത്തായിരിക്കും പ്രശ്നമുള്ളത് എന്ന് ഓർക്കുക!

എന്റെ സ്നേഹിതൻ പരേതനായ ഡോ. ജെ. എഡ്‌വിൻ ഓർ എന്നോട് പറഞ്ഞിട്ടുള്ള ഒരു സംഭവം ഈ പുസ്തകമെഴുതുമ്പോൾ ഞാൻ ഓർമിച്ചു. മധ്യസ്ഥപ്രാർഥനയ്ക്കു മാത്രമായി വിളിച്ചു കൂട്ടിയ ക്രിസ്തീയ നേതാക്കന്മാരുടെ ഒരു സുപ്രധാനയോഗത്തിലേക്കു പ്രശസ്തനായ ഒരു പ്രസംഗകനെയും ക്ഷണിച്ചിരുന്നു. ഈ പ്രസംഗകൻ, താൻ വളരെ തിരക്കിലായതിനാൽ മധ്യസ്ഥപ്രാർഥനായോഗത്തിലേക്കുള്ള ക്ഷണം നിരസിക്കയുായി. ആ കത്തിൽ അനുബന്ധമായി പ്രർഥനയെക്കുറിച്ചു തനിക്കൊരു നല്ല സന്ദേശം ഉന്നെും, തുടർന്നുള്ള ഏതെങ്കിലുമൊരു യോഗത്തിൽ സംബന്ധിച്ചു ആ സന്ദേശം നല്കുവാൻ താല്പര്യമുന്നെും അദ്ദേഹം എഴുതിയിരുന്നു! പ്രാർഥിക്കുന്നതിനെക്കാൾ പ്രാർഥനയെക്കുറിച്ച് എഴുതുന്നതും പ്രസംഗിക്കുന്നതും എത്രയോ എളുപ്പമാണ് എന്നു ഞാൻ ചിന്തിച്ചുപോയി. അതുകൊ്, ഒരു സ്പെഷ്യലിസ്റ്റ് എന്ന നിലയിലല്ല, വിശപ്പുള്ളവർക്ക് ഭക്ഷണം എവിടെ ലഭിക്കും എന്ന് വിശപ്പുള്ള ഒരാൾ പറഞ്ഞുകൊടുക്കുന്നതുപോലെ മാത്രമാണ് ഞാൻ എഴുതുന്നത്.

എന്റെ ഭാര്യ '*വിശ്വാസത്തിനു പോഷണം*' എന്ന പുസ്തകം എഴുതന്നതിൽ എന്നെ വളരെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, ദൈവത്തോടുകൂടെ ഏകനായിരിക്കുന്നതിനു എനിക്കു നിരന്തരം അവസരം നല്കുകയും ചെയ്തു. ഡോറോത്തിയെ കുമുട്ടുന്നതിനു മുമ്പ് ഞാൻ വായിച്ചിട്ടുള്ള സി.റ്റി. സ്റ്റഡ്ഡിന്റെ ഒരു പ്രാർഥന ഞാൻ ഓർക്കുന്നു. കർത്താവേ, അങ്ങു എനിക്കൊരു ഭാര്യയെ നല്കുന്നു എങ്കിൽ, ഞാൻ ശക്തിഹീനനാകുവാൻ പരീക്ഷിക്കപ്പെടുമ്പോൾ എന്നെ പ്രോത്സാഹിപ്പിക്കുന്നതിനു, ചുട്ടു  പഴുപ്പിച്ച ഒരു കുന്തമുന

പോലെ അവൾ ആയിരിക്കട്ടെ. അങ്ങനെയുള്ള ഒരു ഭാര്യയെ ലഭിച്ചത് എന്തൊരു പദവിയാണ്; ദൈവത്തിനു സ്തോത്രമു ാ കട്ടെ!

ക്രിസ്തുവിൽ എന്റെ പിതാവായ ഡോ. സ്റ്റീഫൻ ഒൽ ഫോഡ് എന്നെ രക്ഷകനിലേക്കു നടത്തിയിട്ട് അൻപതു വർഷ ങ്ങൾ കഴിഞ്ഞിരിക്കുന്നു. ഡോ. സ്റ്റീഫൻ ക്രമമായ വേദപഠന ത്തിനും പ്രാർഥനയ്ക്കും സുപ്രധാനസമയം നല്കണമെന്നു എന്നെ ഉപദേശിച്ചതും ഞാൻ ഓർക്കുന്നു.

ഈ പുസ്തകത്തിലെ നിരവധി ചിന്തകൾ ദൈവവച നത്തിൽ നിന്നുള്ള എന്റെ വ്യക്തിപരമായ കത്തെലുക ളാണ്. മറ്റു പല സത്യങ്ങളും എനിക്കു പരിചയപ്പെടുവാൻ ഇട യായിട്ടുള്ള നല്ല ദൈവ ഭൃത്യന്മാരുടെ വേദപുസ്തക പരിജ്ഞാ നത്തിൽനിന്നും എനിക്കു ലഭിച്ചിട്ടുള്ള ഉൾക്കാഴ്ചയാണ്. അപ്ര കാരമുള്ള വിശ്വസ്തരായ എല്ലാ സ്ത്രീ പുരുഷന്മാരുടെയും പേരുകൾ പ്രസ്താവിക്കുക പ്രായോഗികമല്ല; എങ്കിലും അവരെ ഓർത്തു ഞാൻ കർത്താവിനെ മഹത്വപ്പെടുത്തുന്നു.

'*വിശ്വാസത്തിനു പോഷണം*' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ പൗലൊസ് വിശ്വാസത്തിൽ തന്റെ പുത്രനായ തിമൊഥെയൊസിനു നല്കിയ പ്രബോധനം ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ: '*നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക*' (2 തിമൊഥെയൊസ് 2:2)

കർത്താവായ യേശുവിനോടുള്ള നിരന്തരമായ കൂട്ടാ യ്മ അനുഭവിക്കുവാൻ വിശ്വാസികളെ സഹായിക്കുന്നതിനാണ് ഈ പുസ്തകം എഴുതപ്പെട്ടിട്ടുള്ളത്. എങ്കിലും, പാപക്ഷമ പ്രാപിക്കുന്നവരും നിത്യജീവന്റെ അത്ഭുതകരമായ ഉറപ്പുലഭി ക്കുന്നവരുമായ ആളുകൾ ഇതിന്റെ പേജുകൾ വായിക്കുമല്ലോ. നിങ്ങൾ അങ്ങനെയുള്ള ഒരാളാകുന്നു എങ്കിൽ, നിങ്ങളുടെ വേദ പുസ്തകത്തിൽ നിന്നും യോഹന്നാന്റെ സുവിശേഷം വായി ക്കുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. ഈ സുവി

ശേഷം നിങ്ങൾക്കു പ്രത്യേക സഹായമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അവിടെ എഴുതിയിട്ടുണ്ട്: *'എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും, വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു.'* (യോഹന്നാൻ 20:31)

റിച്ചാർഡ് എ. ബെന്നറ്റ്

# വിശ്വാസത്തിനു പോഷണം

തിരുവചനം എന്റെ അണ്ണാക്കിന് എത്ര മധുരം!
അവ എന്റെ വായ്ക്ക് തേനിലും നല്ലത്!

അതുകൊു നിന്റെ കല്പനകൾ
എനിക്കു പൊന്നിലും തങ്കത്തിലും
അധികം പ്രിയമാകുന്നു!

സങ്കീർത്തനം 119:103, 127

## അധ്യായം 1

# അനുദിന പ്രമോദം

അല്പം മുമ്പ് ഭക്തയായ ഒരു ക്രിസ്തീയ വനിത *'കർത്താവുമായി എനിക്കു കൂടുതൽ ഉറ്റ ബന്ധം ഉാകേതിനായി പ്രാർഥിക്കണമേ'* എന്ന് ആത്മാർത്ഥമായി അപേക്ഷിച്ചു. അതേ, പരസ്പരബന്ധത്തിൽ വിവിധനിലകളിലുള്ള അടുപ്പങ്ങൾ ഉ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം, കർത്താവായ യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ ഇത് യാഥാർഥ്യമാണ്. മാനുഷികബന്ധങ്ങളിൽ പോലും മാനസികമായ ഐക്യവും മൂല്യങ്ങളുടെ പങ്കിടലും, പൊതുതാല്പര്യങ്ങൾ മനസിലാക്കുന്നതും, തുറന്ന സത്യസന്ധമായ ആശയവിനിമയവും മനസ്സുകളുടെ ഒത്തുചേരലും ഉാകുമ്പോൾ മാത്രമേ യഥാർത്ഥമായ വൈകാരികബന്ധങ്ങൾ പൂവിടുകയുള്ളൂ.

ഉദാഹരണമായി, എന്റെ ഭാര്യ ഡോറോത്തിക്കും എനിക്കും വളരെ സന്തോഷം നല്കിയ ഒരു കത്ത് ലഭിക്കുകയുായി. ര് ആഫ്രിക്കൻ വ്യക്തികളിൽ നിന്നുമാണ് കത്ത് ലഭിച്ചത്. *'ഇന്നലെ ഞങ്ങൾ കുഞ്ഞു ഡോറോത്തിയെ ആശുപത്രിയിൽ നിന്നു ഭവനത്തിൽ കൊുവന്നു; അവളുടെ പേരിനനുസൃതമായി, അവൾ കൃത്യനിഷ്ടയുള്ളവളായിരിക്കുവാൻ തീരുമാനിച്ചു. കുഞ്ഞുഡോറോത്തിക്കു 3 കിലോഗ്രാം (ഏകദേശം 6.5 പൗ്) തൂക്കമു്; സുഖമായി വന്നെത്തി.'*

അവർക്കും കുടുംബത്തിനും എത്ര പറഞ്ഞുതീരാത്ത സന്തോഷം.

തങ്ങളുടെ നവജാത ശിശുവിനെ വാത്സല്യത്തോടെ ഭവനത്തിലേക്കു കൊുപോകുന്ന മാതപിതാക്കളുടെ അഭിമാനത്തിലും സന്തേഷത്തിലും പങ്കുചേരുന്നത് എത്ര എളുപ്പമാണ്. ആ ശിശു വളരുമ്പോൾ സന്തോഷം തുടങ്ങുന്നു. ആ ശിശു കാലിട്ടടിക്കാനോ ചിരിക്കാനോ ശ്രമിക്കുമ്പോൾ നാമും സന്തോഷത്തോടെ ചിരിക്കുന്നു. കുഞ്ഞുവിരലുകൾ, കൊച്ചു മുട്ടുകൾ, ആദ്യ ചുവടുകൾ, '*ഡാഡാ*' എന്നോ '*മാമ്മ*' എന്നോ ആദ്യം കേൾക്കുന്ന വാക്കുകൾ!

നിശ്ചയമായും വളർച്ചയുള്ള ഒരു നവജാതശിശു മനുഷ്യബുദ്ധിക്കതീതമായ ഒരു അത്ഭുതമാണ്. ഇപ്പോൾ വീും ജനനം പ്രാപിച്ച് ആത്മീയ ജനനത്തിൽനിന്ന് ആത്മീയ വളർച്ചയിലേക്കുള്ള യാത്രയിൽ ആദ്യചുവട് വെക്കുന്ന ഒരു വ്യക്തി ഇതിനെക്കാൾ വലിയ അത്ഭുതമാണ്.

നിർഭാഗ്യവശാൽ, ജനനത്തിന്റെ സന്തോഷത്തിൽ നിന്നു പ്രായപൂർത്തിയുടെ നിവൃത്തിയിലേക്കു വരുന്ന ജീവിതം എപ്പോഴും കാണപ്പെടുന്നില്ല. കുഞ്ഞുഡോറോത്തിയുടെ ജനനം അറിയിച്ചുകൊുള്ള കത്തു ലഭിച്ച അതേ ആഴ്ചയിൽ തന്നെ, ദുഃഖകരമെന്നു പറയട്ടെ, ഓഹായോയിലെ സിൻസിന്നാറ്റിയിലെ ഞങ്ങളുടെ ചിരകാല സ്നേഹിതരുടെ ഇരുപത്തി ഒന്നു വയസുകാരിയായ മകൾ മരിച്ചുപോയി എന്ന വിവരവും ഞങ്ങൾ അറിഞ്ഞു. അവളുടെ ഇരുപത്തി ഒന്നു വയസ്സു പ്രായത്തിൽ മാനസികമായോ ശാരീരികമായോ സാമൂഹ്യമായോ അവൾക്കു വളർച്ചയുായില്ല എന്നത് ദുഃഖകരമായിരുന്നു. അവളുടെ മാതാപിതാക്കൾ സ്നേഹപൂർവം അവൾക്കു കാരൾജോയ് (സന്തോഷത്തിന്റെ ഗീതം) എന്നു പേരുനല്കിയിരുന്നു എങ്കിലും, കാരൾ മരിച്ചപ്പോൾ അവൾ ഒരു ശിശു – ഇരുപത്തി ഒന്നു വയസ്സുള്ള ഒരു ശിശു – തന്നെ ആയിരുന്നു! തന്റെ മാതാപിതാക്കളോടു സംസാരിക്കുന്നതിനുള്ള കഴിവ് അവൾക്ക് ഇല്ല

ായിരുന്നു. മാനുഷിക വീക്ഷണത്തിൽ അവളുടെ ജീവിതയാത്രയ്ക്ക് അഭംഗം സംഭവിച്ചിരുന്നു.

കാരൾ തന്റെ ശൈശവത്തിനപ്പുറം ഒരിക്കലും വളർന്നില്ല എന്നതുപോലെ, സഭകളിൽ തങ്ങളുടെ ആത്മീയ ശൈശവത്തിൽനിന്നു വളർന്നിട്ടില്ലാത്ത നിരവധി ആളുകൾ ഉ്. അനേക വർഷങ്ങളായി, അവർ വിശ്വാസികൾ ആയിരിക്കാം; എങ്കിലും അവർ കർത്താവിൽ വളർന്നിട്ടില്ല. ദൈവം അവർക്കുവേുന്ന ആത്മീയ പോഷണം ഒരുക്കിയിട്ടു്. അത് അവർ ശരിയായി ഉപയോഗിക്കുമെങ്കിൽ വീുംജനനം പ്രാപിച്ച എല്ലാ ദൈവമക്കൾക്കും ആത്മീയ വളർച്ചയുാകും.

ക്രിസ്തീയ ജീവിതത്തിലെ ആത്മീയ തളർച്ച തടയുന്നതിനുള്ള ദൈവത്തിന്റെ പോഷണമാണ് വേദപുസ്തകം. നിങ്ങളുടെ ആത്മീയ ശൈശവത്തിൽനിന്നു നിങ്ങൾക്കു വളരണമെങ്കിൽ ദൈവത്തിന്റെ വചനമായ വേദപുസ്തകത്തിൽ നിന്നു നിങ്ങൾക്കു അനുദിന പോഷണം ലഭിക്കേതാണ്. യൗവ്വനത്തിന്റെയും പുരുഷത്വത്തിന്റെയും കുടുംബത്തിന്റെയും വളർച്ചയിലെത്തുന്നതിന് ഇത് ആവശ്യമാണ്. വേദപുസ്തകം വായിക്കുന്നത് കേവലമൊരു കർത്തവ്യമായിട്ടല്ല പിന്നെയോ ദൈവം പാകപ്പെടുത്തിയിരിക്കുന്ന ഭക്ഷണം കഴിക്കുന്ന വിശ്വാസികളുടെ ജീവിതത്തിൽ അത് ഒരു പ്രമോദമായിട്ടാണ് കരുതേ ത്.

അതേ, നിങ്ങളുടെ ആത്മീയ പോഷണമായി ആസ്വദിക്കുന്ന പക്ഷം ദൈവത്തിന്റെ വചനം നിങ്ങൾക്കു നിരന്തരപ്രമോദത്തിന്റെ ഉറവിടമായിരിക്കും. ആത്മീയ വിശപ്പും ദാഹവും ഉള്ളവരെ, തന്നോടുകൂടെ ഭക്ഷിച്ചു പാനം ചെയ്യുന്നതിന്, ദൈവം യെശയ്യാപ്രവാചകനിലൂടെ സ്നേഹപൂർവം ക്ഷണിക്കുന്നു:

> അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ, വെള്ളത്തിനുവരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. അപ്പമല്ലാത്തതിനു ദ്രവ്യവും തൃപ്തിവ

രുത്താത്തതിനു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ; പുഷ്ടഭോജനം കഴിച്ചു **മോദിച്ചുകൊൾവിൻ നിങ്ങൾ ചെവിചായിച്ചു** നിങ്ങൾക്കു ജീവൻ ഉാകേ തിനു **കേട്ടുകൊൾവിൻ** (യെശയ്യാവ് 55:1–3).

ദൈവത്തിന്റെ വചനം നേരിട്ടു വായിക്കുമ്പോൾ, തങ്ങളുടെ വിശ്വാസത്തിനു പോഷണം ലഭിക്കുന്നതെങ്ങനെ എന്ന് അനേകരും മനസിലാക്കാതിരിക്കുന്നതിനാൽ വേദപുസ്തകം വായിക്കുന്നതിനെക്കാൾ വേദപുസ്തകത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുന്നത് അവർക്ക് എളുപ്പമായി തോന്നാറു്. നിങ്ങളുടെ കയ്യിലുള്ള ഈ പുസ്തകം വേദപുസ്തകത്തെ വിശദീകരിക്കുന്നതിന് ഉദ്ദേശിച്ചുള്ളതല്ല. അത് വായിക്കുന്നതിനു നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പുസ്തകമാണ്! അതു മുഖാന്തരം നിങ്ങളുടെ സ്വർഗസ്ഥപിതാവിനോടു കൂടുതൽ സമീപസ്ഥവും സുതാര്യവുമായ കൂട്ടായ്മ നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയും.

വേദപുസ്തകം വായിക്കുന്നതിന് ആരംഭിക്കുന്ന ആളുകളോട്, അത് വിശ്വാസത്തിന്റെ പോഷണം ആകുന്നു എന്നു ഞാൻ പറയാറു്.

**നിങ്ങൾക്കു മനസ്സിലാകുന്നത് വായിക്കുക അപ്പോൾ നിങ്ങൾക്കു മനസ്സിലാകാത്ത ഒരു ഭാഗത്ത് നിങ്ങൾ വരും. വായിച്ചുകൊയേിരിക്കുക. അധികം താമസിയാതെ നിങ്ങൾക്കു മനസ്സിലാകുന്ന ഒരു ഭാഗത്ത് നിങ്ങൾ എത്തും. ക്രമേണ, നിങ്ങൾക്കു മനസ്സിലാകുന്നത്, നിങ്ങൾക്കു മനസിലാകാത്തവയെ മനസ്സിലാക്കുവാൻ നിങ്ങളെ സഹായിക്കും!**

ഇത് നിങ്ങൾക്കു അർഥവത്തായി തോന്നുന്നുവോ? നിങ്ങൾ വായന നിറുത്തിക്കളയരുത് എന്നർഥം.

ലോകമെങ്ങും—ക്ലാസ്മുറികളിലും പ്രസംഗഹോളുകളിലും — തങ്ങൾക്ക് '*ആശയസമ്പത്ത്*' നല്കുന്ന വിവരങ്ങൾ മനുഷ്യർ ശേഖരിക്കുന്നു. വേദപുസ്തകത്തെ കേവലമൊരു

മനഃപാഠപുസ്തകമായി നാം സമീപിച്ചാൽ, നമുക്ക് '*ആശയ സമ്പത്ത്*' മാത്രമേ ലഭിക്കയുള്ളൂ. വേദപുസ്തകം നല്കുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക: '*അറിവു ചീർപ്പിക്കുന്നു; സ്നേഹമോ ആത്മികവർധന വരുത്തുന്നു*' (1 കൊരിന്ത്യർ 8:1).

ദൈവത്തിന്റെ വചനം ശരിയായി ഗ്രഹിക്കേതെങ്ങനെയെന്ന് മനസ്സിലാക്കുന്നതിനു പകരം വേദപുസ്തകത്തിന്റെ അറിവു തന്നെ നമ്മെ ചീർപ്പിക്കുവാൻ സാധ്യതയു്. നമ്മുടെ ആത്മീയ ജീവിതത്തെ വളർത്തുന്നതിനു പകരം നമ്മിൽ ബുദ്ധിപരമായ നിഗളം ഉളവാക്കിയേക്കാം. കർത്താവിനോടുകൂടെ അനുദിനം നാം ചെലവഴിക്കുന്ന സമയം അറിവു സമ്പാദനത്തിനായി ഉപയോഗിക്കുന്നതിനു പകരം, നാം ദൈവത്തിന്റെ വിരുന്നുമേശയി നിന്നു '*വിശ്വാസത്തിന്റെ പോഷണം*' പ്രാപിക്കേ താണ്.

ഒരു വിദ്യാഭ്യാസ ഭാഗമായി വേദപുസ്തകം വായിക്കുന്ന ഒരു വിഭാഗം ആളുകൾ ു്. അതേസമയം, ദൈവത്തിന്റെ വചനം തങ്ങളുടെ യഥാർഥ ആത്മീയ പോഷണത്തിന്റെ സജീവവും പ്രായോഗികവുമായ ഉറവിടമായി കത്തെിയതിൽ സന്തോഷിക്കുന്ന വിശ്വാസികളും ു്. ഈ വിശ്വാസികൾ ദൈവവുമായുള്ള കൂട്ടായ്മജീവിതത്തിന്റെ യാഥാർഥ്യം അനുഭവസ്ഥമാക്കുന്നു. അതു മുഖാന്തരം അവർ യഥാർഥ ആരാധനയുടെയും ഫലപ്രദമായ സേവനത്തിന്റെയും മാർഗം കത്തെുകയും ചെയ്യുന്നു. അങ്ങനെയുള്ളവർക്കു, സ്വയാവബോധത്തിൽ ദൈവാവബോധത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കഴിയുന്നു.

ഒരു തുറന്ന വേദപുസ്തകത്തോടും, തുറന്ന ഒരു ഹൃദയത്തോടുംകൂടെ ദൈവത്തെ വ്യക്തിപരമായും ധൈര്യത്തോടും സമീപിക്കുന്നത് വീുംജനനം പ്രാപിച്ച ഒരോ ദൈവപൈതലിന്റെയും പദവിയാകുന്നു.

നിങ്ങൾ ഇങ്ങനെ ചോദിച്ചേക്കാം: കർത്താവായ യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിലും അവന്റെ പരിജ്ഞാനത്തിലും വളരുവാൻ എന്നെ സഹായിക്കുകയും എന്റെ ആത്മാ

വിനു പോഷണം നല്കുകയും ചെയ്യുന്ന വിധത്തിൽ വേദപുസ്തകം വായിക്കുന്നതിന്റെ ഉത്തമ മാർഗം ഏതാണ്? കർത്താവിനോടു കൂടെ *'ഒരുമിച്ചുള്ള സമയം'* – അതാണ് അതിന്റെ രഹസ്യം.

*'ഒരുമിച്ചുള്ള സമയം'* ജീവിക്കുന്ന കർത്താവുമായുള്ള ഒരു പരസ്പര സംഭാഷണസമയമാണ്. തന്റെ വചനമായ വേദപുസ്തകത്തിലൂടെ ദൈവം തന്റെ മക്കളോടു സംസാരിക്കുന്നു. ദൈവം സംസാരക്കുന്നതിനോടു നാം ശരിയായും വ്യക്തിപരമായും പ്രതികരിക്കുമ്പോൾ, വേദപുസ്തകാടിസ്ഥാനത്തിലും പ്രതീക്ഷയുള്ള വിശ്വാസത്തോടുംകൂടെ പ്രാർഥിക്കുന്നതിനു നാം അഭ്യസിക്കും.

വേദപുസ്തകപ്രകാരം പ്രാർഥിക്കുക എന്നു ഞാൻ പറയുമ്പോൾ, നാം കർത്താവിനോടു പ്രാർഥിക്കുന്ന സമയത്ത്, തിരുവെഴുത്തിലെ അനേക വാക്കുകൾ തന്നെ നാം ഉപയോഗിക്കുന്നു എന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. വേദപുസ്തകപ്രകാരം പ്രാർഥിക്കുമ്പോൾ, ദൈവഹിതപ്രകാരം നാം പ്രാർഥിക്കുന്ന ഉറപ്പു നമുക്ക് ലഭിക്കുന്നു.

പരിശുദ്ധാത്മാവു ദൈവത്തിന്റെ വചനം നമ്മിൽ സജീവമാക്കുമ്പോൾ, നാം തിരുവെഴുത്തിലെ അതേ വാക്കുകൾ തന്നെ ഉപയോഗിക്കുന്നു. നമ്മുടെ ഹൃദയത്തെ തുറക്കുന്ന കാര്യങ്ങളുമായി അതിനെ ബന്ധപ്പെടുത്തുന്നു. ഇങ്ങനെ പ്രർഥിക്കുന്നതിനാൽ, ആവർത്തനവിരസമായ പ്രാർഥനയിൽ നിന്നു നാം രക്ഷപ്പെടുന്നു. വേദപുസ്തപ്രകാരം പ്രാർഥിക്കുമ്പോൾ കർത്താവുമായുള്ള കൂട്ടായ്മ നമുക്കു അനുഭവസ്ഥമാകുന്നു; നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതലും ഉദ്ദേശ്യവും നമുക്കു മനസ്സിലാക്കാൻ കഴിയുന്നു.

യഥാർഥ പ്രാർഥന, എന്റെ ഇച്ഛയിലേക്കു ദൈവഹിതത്തെ ചായ്ച്ചുകൊു വരുന്നതല്ല, പിന്നെയോ നമ്മുടെ ഇച്ഛയെ ദൈവഹിതത്തിലേക്കു ചായ്ക്കുന്നതാണ്. വസന്തകാല പ്രളയത്തിന്റെ സമയത്ത്, യിസ്രായേൽജനത്തെ യോർദാൻനദിയിലൂടെ അത്ഭുതകരമായി നടത്തിയശേഷം

യോശുവ അജ്ഞാതനായ ഒരു *'പുരുഷനെ'* അഭിമുഖീകരിച്ചു. കനാൻദേശം കീഴടക്കുവാനും, ജാതീയാചാരങ്ങളിൽനിന്ന് ദേശത്തെ ശുദ്ധീകരിക്കുവാനും ദൈവം തന്നെ അധികാരപ്പെടുത്തിയിട്ടു് എന്നു യോശുവ അറിഞ്ഞിരുന്നു. ഊരിപ്പിടിച്ച വാളുമായി നില്ക്കുന്ന ആ പുരുഷനോട് യോശുവ ചോദിച്ചു: *'നീ ഞങ്ങളുടെ പക്ഷക്കാരനോ ശത്രുപക്ഷക്കാരനോ?'* യോശുവയ്ക്കു ലഭിച്ച അസാധാരണ മറുപടി 'അല്ല' എന്നായിരുന്നു. ഈ അപരിചതൻ ഏതെങ്കിലും പക്ഷം പിടിക്കുന്നവനല്ല എന്നു യോശുവ മനസ്സിലാക്കി. അപ്പോൾ അപരിചിതൻ, താൻ നല്കിയ ഉത്തരത്തിനു ഒരു വിശദീകരണം നല്കി: *'ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിയായി ഇപ്പോൾ വന്നിരിക്കുന്നു.'*

ഏതെങ്കിലും പക്ഷം പിടിക്കുന്നതിനല്ല, ആ അപരിചിതൻ നിയന്ത്രണം ഏറ്റെടുക്കുന്നതിനാണ് വന്നത് എന്ന വസ്തുത യോശുവ ശരിയായി മനസ്സിലാക്കി! യോശുവ സാഷ്ടാംഗം വീണു, അവനു കീഴടങ്ങുന്ന നിലയിൽ യഹോവയുടെ സൈന്യത്തിന്റെ അധിപതിയെ നമസ്ക്കരിച്ചു. യോശുവയ്ക്കു മനസ്സിലായി ദൈവസന്നിധിയിൽ നില്ക്കുന്ന ഈ സ്ഥലം, *'നീ നില്ക്കുന്ന ഈ സ്ഥലം വിശുദ്ധമാകുന്നു'* (യോശുവ 5:13–15).

ഇതുപോലെ നമ്മുടെ പ്രാർഥനാ സമയത്ത്, നാം നമ്മുടെ വ്യക്തിപരമായ കാര്യപരിപാടി ദൈവസന്നിധിയിൽ കൊുവന്നിട്ടു, നമ്മോടു കൂടെയിരിക്കുവാൻ ദൈവത്തോടു ആവശ്യപ്പെടരുത്; പിന്നെയോ, അവന്റെ സാന്നിധ്യത്തിൽ വണങ്ങി, അവന്റെ പരിപാടിക്കും ഉദ്ദേശ്യത്തിനും ശക്തിക്കും നാം വിധേയപ്പെടേതാണ്.

വേദപുസ്തകപരമായി പ്രാർഥിക്കുക എന്നു പറഞ്ഞാൽ, ദൈവത്തിന്റെ ഹിതത്തിനും ഉദ്ദേശ്യത്തിനും അനുസരണമായി പ്രാർഥിക്കുക എന്നർഥം. നമ്മുടെ ഇച്ഛയെ ദൈവത്തിന്റെ ഹിതത്തിലേക്കു ചായ്ച്ചു കൊടുക്കുന്നത്, ദൈവവചനത്തോടു ചേർന്നുള്ള പ്രാർഥനയുടെ അനുഭവമായിത്തീരും.

ദൈവത്തിൽനിന്നു കേൾക്കുന്നതിനുള്ള യഥാർഥ ആഗ്രഹത്തോടെ നിങ്ങൾ പ്രാർഥനാപൂർവം വേദപുസ്തകം വായിക്കുമ്പോൾ, '*നിങ്ങൾ കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരണം*' (2 പത്രൊ. 3:18).

**നാം നേരത്തേ കതുപോലെ, ദൈവത്തിന്റെ ശബ്ദം യഥാർഥമായി കേൾക്കുന്നതിനു നാം നമ്മുടെ ചെവി ചായ്ക്കുമ്പോൾ ദൈവം നമ്മോടു പറയുന്നതിൽ നാം സത്യത്തിൽ പ്രമോദിക്കുമാറാകും.**

## ആത്മീയ പരിശോധന

1. ഞാൻ വീുംജനിച്ച വിശ്വാസിയായിത്തീർന്നിട്ട് എത്ര കാലമായി ?
2. ഇപ്പോഴത്തേതിനെക്കാൾ സമീപസ്ഥമായ ഒരു കൂട്ടായ്മ, മുമ്പെപ്പോഴെങ്കിലും ദൈവത്തോട് എനിക്ക് അനുഭവിക്കുവാൻ കഴിഞ്ഞിട്ടുേ?
3. അഞ്ചു വർഷങ്ങൾക്കു മുമ്പുള്ള ജീവിതവുമായി താരതമ്യം ചെയ്താൽ:

   ദൈവത്തോടുകൂടെ തനിയെ കൂടുതൽ സമയം ചെലവഴിക്കുന്നുവോ?
   എന്റെ സ്വന്ത ആഗ്രഹങ്ങളിൽനിന്ന് ദൈവത്തിന്റെ നടത്തിപ്പു കൂടുതൽ നന്നായി എനിക്കു തിരിച്ചറിയുവാൻ കഴിയുന്നുേ?

കർത്താവേ, ശ്രദ്ധിക്കുവാൻ എന്നെ പഠിപ്പിക്കണമേ. ശബ്ദായമാനമായ ഈ കാലത്ത്; ആയിരമായിരം ശബ്ദങ്ങൾ എന്റെ ചെവികളിൽ ഇരമ്പുന്നു. *'കർത്താവേ, അരുളിച്ചെയ്യണമേ, അടിയൻ കേൾക്കുന്നു'* എന്നു പറഞ്ഞ ശമുവേൽ ബാലന്റെ ആത്മാവ് എനിക്കു തരണമേ. എന്റെ ഹൃദയത്തിൽ അങ്ങു സംസാരിക്കുന്നത് ഞാൻ കേൾക്കട്ടെ അങ്ങയുടെ ശബ്ദം എനിക്കു പരിചിതമാകട്ടെ, ഭൂമിയുടെ ശബ്ദങ്ങൾ നിർജീവമാകുമ്പോൾ അങ്ങയുടെ ശബ്ദമാധുരി ഞാൻ തിരിച്ചറിയട്ടെ. അപ്പോൾ, അങ്ങയുടെ അരുളപ്പാടുകളുടെ സംഗീതം മാത്രം ഞാൻ കേൾക്കുന്ന ശബ്ദമായിരിക്കട്ടെ. ആമേൻ!

എ. ഡബ്ലിയു. ടോസർ

## അധ്യായം 2

# തലയും ഹൃദയവും

അനേകവർഷങ്ങൾക്കു മുമ്പ്, ഉത്തര കെനിയയിൽ തദ്ദേശീയ ശുശ്രൂഷകന്മാരുടെയും അവരുടെ ഭാര്യമാരുടെയും ഒരു സമ്മേളനത്തിൽ, എന്റെ ഭാര്യ ഡോറോത്തിയും ഞാനും അവരെ ദൈവത്തിന്റെ വചനം അഭ്യസിപ്പിക്കയുായി. വൈകിട്ട് ഏഴു മണിക്ക് നടക്കുന്ന യോഗത്തിൽ കൃത്യമായി എത്തിച്ചേരുന്നതിന് ചില പാസ്റ്റർമാർ പ്രഭാതത്തിൽ നാലു മണിക്കു തന്നേ യാത്ര പുറപ്പെട്ടിരുന്നു. വേദപുസ്തകത്തിൽനിന്നു കൂടുതൽ പഠിക്കണമെന്ന അത്യാർത്തിയോടെ, അത്യുഷ്ണവും വെയിലും സഹിച്ചുകൊ് അവർ യാത്രചെയ്തു. മധ്യമേഖലാ സൂര്യൻ അവരുടെ ദേശത്ത് കൊടും വരൾച്ചയും ക്ഷാമവും വരുത്തിയിരുന്നു.

ഈ തദ്ദേശീയ ശുശ്രൂഷകന്മാരിൽ, അറുപതു മുതൽ എഴുപതുശതമാനം വരെ ആളുകൾക്കു വേദപുസ്തകം ഉായിരുന്നില്ല എന്നത് ഞങ്ങളെ ഞെട്ടിപ്പിച്ചു. സമർപ്പിതരായ അവരിലധികം പേരും മാനസാന്തരപ്പെട്ടിട്ട് രോ മൂന്നോ വർഷത്തിലധികമായില്ലെങ്കിലും സ്വന്തം ജനങ്ങളുടെ മധ്യത്തിൽ അവരുടെ ജ്വലിക്കുന്ന സാക്ഷ്യങ്ങളെ, ആഫ്രിക്കൻ കുറ്റിക്കാടുകൾക്കിടയിൽ അനേകം സഭകളെ എഴുന്നേല്പിക്കുവാൻ ദൈവം ഉപയോഗിക്കയുായി.

ഞങ്ങളുടെ കോൺഫറൻസിന്റെ ആരംഭത്തിൽ തന്നേ, എല്ലാ ശുശ്രൂഷകന്മാരുടെയും കരങ്ങളിൽ വേദപുസ്തകം

നല്കുവാൻ ഞങ്ങൾക്കു കഴിഞ്ഞു. തുടർന്ന് അനേക ദിവസങ്ങൾ അധ്യാപനം നല്കി. '*ഇപ്പോൾ നിങ്ങളുടെ കരങ്ങളിൽ വേദപുസ്തകം ഉണ്ടല്ലോ: നിങ്ങളുടെ കരങ്ങളിൽനിന്നു വേദപുസ്തകം നിങ്ങളുടെ തലയിൽ എത്തുമ്പോൾ മാത്രമേ അത് നിങ്ങൾക്കു പ്രയോജനപ്പെടുകയുള്ളൂ! ദൈവം നിങ്ങൾക്കു കരുതിയിട്ടുള്ള അനുഗ്രഹങ്ങൾ സമ്പൂർണമായി പ്രാപിക്കുവാൻ അതും മതിയാകയില്ല, വേദപുസ്തകം ദൈവത്തിന്റെ വചനമായി നിങ്ങളുടെ ഹൃദയത്തിൽ ജീവിക്കുവാൻ ആരംഭിക്കുമ്പോഴാണ് അത് നിങ്ങൾക്കു സ്ഥായിയായ അനുഗ്രഹമായി തീരുന്നത്. നിങ്ങളുടെ കയ്യിൽനിന്നു വേദപുസ്തകം നിങ്ങളുടെ തലയിലേക്കും, തലയിൽനിന്നും അത് നിങ്ങളുടെ ഹൃദയത്തിലേക്കും സ്ഥായിയായി പ്രവാസിപ്പിക്കുന്നതിനു നിങ്ങൾ ശ്രമിക്കേ താണ്*' – എന്ന് അവരെ പ്രബോധിപ്പിച്ചു.

എന്റെ കൗമാര പ്രായത്തിൽ ഞാൻ ക്രിസ്തുവിങ്കലേക്കു മാനസാന്തരപ്പെട്ട കാലത്ത് ഞങ്ങൾ താമസിച്ചിരുന്ന ഇംഗ്ലിലെ വീട് ഈയിടെ ഞാൻ സന്ദർശിക്കയു ായി. ഞങ്ങളുടെ ഭവനത്തിനു സമീപം, ബോബ്ഫ്ളിന്റ് എന്നു പേരുള്ള പതിനാലുകാരൻ മാനസാന്തരത്തിലേക്കു നയിക്കപ്പെട്ടത് ഒരു വിളക്കുകാലിന്റെ ചുവട്ടിൽ വെച്ചായിരുന്നു. അവന്റെ മാനസാന്തരം, തന്റെ ജീവിതത്തിനു സമൂലമാറ്റം വരുത്തി. അവൻ സ്കൂൾപഠനം അവസാനിപ്പിച്ച് കെട്ടിടനിർമാണത്തൊഴിലാളിയായി പ്രവർത്തിച്ചിരുന്നതിനാൽ ആ സമയത്ത് ബോബ് ഒരു പണ്ഡിതനായിരുന്നില്ല!

എങ്കിലും ബോബ് ഒരു വിശ്വാസിയായിത്തീർന്ന ഉടനെ ഓരോദിവസവും പണിക്കുപോകുന്നതിനു മുമ്പ് ബൈബിൾ വായിക്കുന്നതിനു ഞാൻ അവനെ ഉത്സാഹിപ്പിച്ചു. അവനു യാതൊരുവിധ സഭാപശ്ചാത്തലവും ഉായിരുന്നില്ല എങ്കിലും അനുദിനം ദൈവത്തോടുകൂടി ദൈവവചനവുമായി ഇടപെട്ടിരുന്നതു മുഖാന്തരം തന്റെ ആത്മീയ ജീവിതത്തിനു പോഷണം നല്കുവാൻ ബോബ് അഭ്യസിച്ചു.

പതിനേഴു വയസ്സായപ്പോൾ ബോബ് ഒരു ബൈബിൾ കറസ്പോൻസ് കോഴ്സിൽ ചേർന്നു. ദാനിയേലിന്റെ പുസ്തകപഠനത്തിൽ അവനു ഉന്നതമായ ഗ്രേഡുകൾ ലഭിച്ച തിൽ അത്ഭുതമില്ല! പതിനെട്ടാമത്തെ വയസിൽ അവൻ സൈന്യത്തിൽ ചേർന്നപ്പോഴും കർത്താവിനായുള്ള തന്റെ തീക്ഷ്ണതയിൽ അവൻ തുടർന്നു എന്നു കേട്ടത് എന്നെ സന്തോഷഭരിതനാക്കി. അവൻ *'ബൂട്ട് ക്യാമ്പിൽ'* ആയിരുന്ന ആദ്യത്തെ എട്ട് ആഴ്ചകൾ. ബാരാക്കിൽ തന്നോടുകൂടെ ഉായിരുന്ന മറ്റു പതിനേഴു പട്ടാളക്കാരോടും ചേർന്ന് അവൻ പ്രാർഥിക്കയും അവർ ക്രിസ്തുവിനെ കത്തുകയും ചെയ്തു. അവന്റെ സൈനികസേവനം പൂർത്തിയാക്കിയപ്പോൾ, മിഷനറി പരിശീലനത്തിനു തനിക്കു വിളിയുള്ളതായി ബോബ് മനസ്സിലാക്കി. അവൻ ജർമിനിയിൽ തന്റെ സമാപന ദൗത്യപ്പറക്കൽ നടത്തുമ്പോൾ, അവന്റെ സൈനിക വിമാനം തകരുകയും ബോബ് കർത്താവിനോടുകൂടെ ആയിരിപ്പാൻ സ്വഭവനത്തിലേക്കു വിളിക്കപ്പെടുകയും ചെയ്തു.

വിമാനം തകർന്ന ആ ജർമൻ ഗ്രാമത്തിലെങ്ങും ബോബിന്റെ ബാഗിൽ ഉായിരുന്ന സുവിശേഷ ലഘുലേഖകൾ ചിതറിക്കിടപ്പുായിരുന്നു! ദൈവത്തിന്റെ വചനം ബോബിന്റെ കരങ്ങളിൽ നിന്നും തലയിലേക്കും, തലയിൽ നിന്നു ഹൃദയത്തിലേക്കും ഒടുവിലായി, അവന്റെ ഹൃദയത്തിൽ നിന്നു മറ്റുള്ളവരുടെ ഹൃദയത്തിലേക്കും കടന്നു ചെന്നു. ബോബ് മരിച്ചപ്പോൾ ഭൂമിയിൽ കർത്താവുമായുള്ള ഒരു ബന്ധത്തിൽ നിന്നും ദൈവസന്നിധിയിലുള്ള അത്ഭുതകരമായ കൂട്ടായ്മയിലേക്ക് അവൻ വിളിക്കപ്പെടുകയായിരുന്നു!

ബോബിനെപ്പോലെ അനേകർക്ക് ഔപചാരിക വേദപഠനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭിച്ചിട്ടു്. അത് അവരുടെ ക്രിസ്തീയ നടപ്പിനു സഹായകരമാണ്. ആഫ്രിക്കൻ ശുശ്രൂഷകന്മാരെപ്പോലെ, ദൈവവചനം അഭ്യസിക്കുവാൻ നമ്മിലധികം പേർക്കും അത്യുഷ്ണമേഖലയിലെ വെയിലിൽ പതി

നഞ്ചുമണിക്കൂർ നടക്കേതായും വരുന്നില്ല. എന്നാൽ നമ്മുടെ സാഹചര്യങ്ങൾ ഏതുതന്നെ ആയിരുന്നാലും വേദപുസ്തക ജ്ഞാനത്തെ ഒരു ഹൃദയാനുഭവമാക്കി രൂപാന്തരപ്പെടുത്തുന്നവിധം നാം അറിയണം.

എന്റെ ക്രിസ്തീയ ജീവിതാനുഭവത്തിൽ ഔപചാരിക വേദപഠനവും ദൈവത്തോടു കൂടെയുള്ള *'ഏകാന്ത സമയവും'* തമ്മിലുള്ള വ്യത്യാസം കർത്താവ് എന്നെ ഗ്രഹിപ്പിച്ചതിൽ ഞാൻ അവനോടു നന്ദിയുള്ളവനാണ്. ദൈവത്തോടുള്ള തങ്ങളുടെ സമീപനത്തിൽ നമ്മുടെ തലയിലെ – ബുദ്ധികൊുള്ള അറിവിന് – ഹൃദയത്തിന്റെ പ്രതിബദ്ധതയില്ലെങ്കിൽ അത്മീയവളർച്ചയിലേക്കു നയിക്കുകയില്ല എന്ന വസ്തുത നാം മനസിലാക്കിയിരിക്കേതാണ്.

# തല

## വേദപുസ്തകപഠനം: അതിന്റെ ഉദ്ദേശ്യവും പ്രശ്നങ്ങളും

*'സത്യ വചനത്തെ യാഥാർഥമായി പ്രസംഗിച്ചുകൊു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പാൻ പഠിക്കുക (ശ്രമിക്കുക)'* (2.തിമൊ. 2:15). വേദപുസ്തകം ക്രമമായി **പഠിക്കുന്നതും** അതിന്റെ ഉള്ളടക്കം ഗ്രഹിക്കുന്നതും വിശ്വാസികൾക്ക് ആവശ്യമുള്ളതും ആവേശകരവുമായ ഒരനുഭവമാണ്. ആ സമയം വിലയേറിയതാണ്. ഒരു സഭാശുശ്രൂഷകനോ വേദാധ്യാപകനോ വേദപുസ്തകം പഠിപ്പിക്കുമ്പോൾ സംബന്ധിക്കുകയും ആ ക്ലാസുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക. ദൈവവചനവുമായി മാനസികമായ സാമീപ്യത്തിനും പഠനത്തിനും ബൈബിൾ കമന്ററികൾ, വ്യാഖ്യാനഗ്രന്ഥങ്ങൾ മുതലായവ ഉപയോഗിക്കുക. നിങ്ങൾ കർത്താ

വിനോടുകൂടെ ഏകാന്തതയിലായിരിക്കുവാൻ ഒരുമ്പെടുമ്പോൾ, ഈ വിധ അറിവുകൾ നിങ്ങൾക്കു വളരെ സഹായകരമായിരിക്കും.

സഭാശുശ്രൂഷകന്മാർ (ഇടയന്മാർ) ആയ ഉപദേഷ്ടാക്കന്മാർ, സഭയ്ക്കു ദൈവം നല്കിയിട്ടുള്ള ദാനമാണ്. അധ്യായങ്ങളുമായും വാക്യങ്ങളുമായും ബൈബിളിലെ വിവിധ പുസ്തകങ്ങളുടെ പശ്ചാത്തലം, സന്ദർഭം, ഉള്ളടക്കം ഇവ വിശ്വാസികളെ പഠിപ്പിക്കുകയാണ് ഒരു ഇടയന്റെ ഉത്തമ ശുശ്രൂഷ. ഈ ചട്ടക്കൂട്ടിൽ നിന്നുകൊ് ശൂശ്രൂഷകൻ, ഭക്തിയുള്ള ജീവിതത്തിനായും ആന്തരിക സംതൃപ്തിക്കായും നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ചുള്ള കരുതലിനായും ജനത്തെ ആഹ്വാനം ചെയ്യുന്നു.

അപ്രകാരമുള്ള ഒരു ശുശ്രൂഷകന്റെ അഞ്ചു പ്രസംഗങ്ങളുടെ റെക്കോർഡ് എന്റെ മുമ്പിൽ ഉ്. അനേക വർഷങ്ങൾക്കുമുമ്പു പാസ്റ്റർ വില്യം സ്റ്റിൽ, ഇന്റർ വാഴ്സിറ്റി തിയോളജിക്കൽ സ്റ്റുഡന്റ്സ് കോൺഫറൻസിൽ പ്രസംഗിച്ചവയാണ് ആ സന്ദേശങ്ങൾ. സ്കോട്ട്ലിലെ ആബർഡീനിൽ ഒരേസഭയിൽ നാല്പത്തി അഞ്ചുവർഷത്തിലധികമുള്ള തന്റെ ശുശ്രൂഷയ്ക്കു ശേഷവും, അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്ക് അതേ തീക്ഷ്ണതയും ശക്തിയുമു്. സ്കോട്ട്ലിലെ തന്റെ സഭയുടെ അതിർത്തികൾക്കപ്പുറവും അദ്ദേത്തിന്റെ ശുശ്രൂഷ വ്യാപിച്ചിട്ടു് എന്നതിൽ രുപക്ഷമില്ല. അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ രക്ഷിക്കപ്പെട്ടവരും സ്വാധീനിക്കപ്പെട്ടവരുമായ ഒരു ചെറിയ സൈന്യം ലേകമെങ്ങും ക്രിസ്തുവിനെ ഇന്നും ശ്രുശ്രൂഷിച്ചു പോരുന്നു. ഇന്റർ വാഴ്സിറ്റി വിദ്യാർഥികളോടു പാസ്റ്റർ സ്റ്റിൽ ഇപ്രകാരം പ്രസ്താവിച്ചു:

> ആടുകൾ പോഷണം ആവശ്യമില്ലെന്നു പറഞ്ഞാലും ആടുകളെ പോഷിപ്പിക്കുന്നതിനാണ് ഇടയൻ വിളിക്കപ്പെട്ടിരിക്കുന്നത്. ഇടയൻ കോലാടുകളെ രസിപ്പിക്കുന്ന ആളാകരുത്. കോലാടുകൾ കോലാടുകളെ രസിപ്പിക്കട്ടെ, കോലാട്ടിന്റെ രാജ്യത്ത് അവർ അതു ചെയ്തുകൊള്ളട്ടെ. കോലാട്ടിന്റെ

കോലാടൻ സ്വഭാവത്തിനു മാറ്റം വരുത്തി, അവയെ ചെമ്മരിയാട് ആക്കുവാൻ സാധ്യമല്ല. എല്ലാ വിധത്തിലും തരത്തിലുമുള്ള ചെമ്മരിയാടുകളെയും ഒരുമിച്ചു പാർക്കാൻ സഹായിക്കുന്നതാണ് ഏറ്റവും ഫലപ്രദമായ ഇടയശുശ്രൂഷ. കോലാടുകളെപ്പോലെ ആകാതെ, കോലാടുകളുടെ മധ്യത്തിൽ ജീവിക്കുന്നതെങ്ങനെയെന്ന് ഇടയൻ അവയെ അഭ്യസിപ്പിക്കണം.

ഇപ്രകാരമുള്ള ഇടയ ശുശ്രൂഷയിൽ അനുഗ്രഹിക്കപ്പെടേ തിനു; നിങ്ങൾ വീുംജനനം പ്രാപിച്ചാലുടനെ ഒരു സഭയുടെ ഭാഗമായിത്തിരേതാവശ്യമാണ്.

ഒരു പക്ഷേ, ഈ പുസ്തകം വായിക്കുന്നവരിൽ ചിലർക്ക് ഈ വിധത്തിലുള്ള ഇടയന്റെ അധ്യാപനം ലഭിക്കാൻ കഴിയാതിരിക്കുന്നുാകാം. വിശ്വസ്തനായ ഒരു ഇടയോപദേഷ്ടാവിന്റെ സേവനമോ ബൈബിൾ കമന്ററികളുടെ സഹായമോ നിങ്ങൾക്കു ലഭ്യമായിരിക്കുന്നു എങ്കിൽപോലും, നിങ്ങൾ തലയിൽ (ബുദ്ധിയിൽ) പഠിച്ച കാര്യങ്ങൾ ആത്മീയ പോഷണത്തിനു പകരമാണെന്നു ചിന്തിച്ചു പോകുന്ന അപകടം നിങ്ങളുടെ മുമ്പിൽ ഉ് എന്നു മനസ്സിലാക്കണം. ദൈവം നിങ്ങളുടെ അനുദിന *'ഏകാന്തസമയത്ത്'* നല്കാനാഗ്രഹിക്കുന്നതാണ് ഈ പോഷണം.

വിശ്വസ്തനായ ഒരു ഇടയോപദേഷ്ടാവിന്റെ അധ്യാപനത്തിൽനിന്നുദിക്കുന്ന വേദപുസ്തക ജ്ഞാനമോ, ദൈവവചനത്തിന്റെ ബുദ്ധിപരമായ പഠനത്തിൽനിന്നു ലഭിക്കുന്ന അറിവോ, ഒന്നും തന്നെ, നാം ദൈവത്തോടു കൂടെ *'ഏകാന്തതയിൽ'* ചെലവഴിക്കുന്ന *'ഒരുമിച്ചുള്ള സമയത്ത്'* പരിശുദ്ധാത്മാവു നമ്മുടെ ഹൃദയത്തിൽ നല്കുന്ന ആത്മീയ പോഷണത്തിനു പകരമാവുകയില്ല എന്നു നാം തിരിച്ചറിയേതാണ്.

നാം ദൈവത്തോടു കൂടെ ചെലവഴിക്കുന്ന *'ഒരുമിച്ചുള്ള സമയം,'* വേദപുസ്തകോപദേഷ്ടാവിനു പകരമായി മാറ്റി വയ്ക്കരുത്. ദൈവം നമുക്കു നല്കുന്ന വേദപുസ്തക പഠന സമയത്തെ അവഗണിക്കരുത്; വേദപുസ്തകം വിശ്വസിക്കുന്ന ഒരു സഭയിലെ കൂട്ടായ്മയുടെ ഭാഗമായിത്തീരുന്നതിൽ നാം വീഴ്ച വരുത്തരുത്.

നിങ്ങളുടെ സാഹചര്യങ്ങൾ എന്തുതന്നെ ആയിരുന്നാലും കൂടുതൽ പ്രയോജനപ്രദമായ വേദപഠനത്തിനു താഴെപ്പറയുന്ന നിർദേശങ്ങൾ നിങ്ങളെ സഹായിക്കും.

മയിൽസ് കവർഡെയ്ൽ പ്രയോജനകരമായ ദൈവവചന പഠനത്തിന് ഈ ചോദ്യങ്ങൾ സഹായകരമാകും എന്നു പ്രസ്താവിച്ചിട്ടു്. അദ്ദേഹം എഴുതിയത് ഇങ്ങനെ സംഗ്രഹിക്കാം:

തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളതോ എഴുതിയിട്ടുള്ളതോ മാത്രമല്ല, ഈ ചോദ്യങ്ങൾ ചോദിക്കുന്നതും അവ മനസ്സിലാക്കുവാൻ നിങ്ങളെ സഹായിക്കും.

**ആരെക്കുറിച്ചു** ഈ വേദഭാഗം സംസാരിക്കുന്നു?
**ആരുടെ നേർക്കുള്ളതാണ്** ഈ വേദഭാഗം?
എഴുത്തുകാരൻ ഉപയോഗിച്ചിട്ടുള്ള **ഈ വാക്കുകൾ ഏവ?**
**എന്തു ഉദ്ദേശ്യത്തോടെ** ഈ വേദഭാഗം എഴുതിയതാണ്?
**ഏത് സാഹചര്യത്തിലാണ്** ഈ വേദഭാഗം എഴുതിയത്?
**എന്നാണ്** ഈ വേദഭാഗം എഴുതിയത്?
**എവിടെവച്ചാണ്** ഈ വേദഭാഗം എഴുതിയത്

ഈ വേദഭാഗത്തിനു മുമ്പും പിമ്പും ഉള്ള ഭാഗങ്ങളുമായി ഇത് എങ്ങനെ യോജിക്കുന്നു?

നിങ്ങളുടെ ഔപചാരിക വേദപഠനത്തിൽ , മേല്പറഞ്ഞ ചോദ്യങ്ങൾക്കു സ്വാഭാവികമായി മറുപടി പറയുവാൻ നിങ്ങൾ പ്രാപ്തനാകുമ്പോൾ, വേദപുസ്തകത്തിലുടനീളം കത്തെുന്ന സത്യത്തിന്റെ മുത്തുകൾ നിങ്ങളെ ആവേശഭരിതനാക്കും. കഴിവുള്ളേടത്തോളം ഒരു റഫറൻസ് — ഒത്തുവാക്യ — ബൈബിൾ ഉപയോഗിക്കുക. ദൈവത്തിന്റെ വെളിപ്പാടിലെ പ്രവചനങ്ങളുടെ മനോഹര ദൃശ്യങ്ങൾ നിങ്ങളെ ആശ്ചര്യപ്പെടുത്തും. പ്രവചനങ്ങൾ നിറവേറ്റപ്പെട്ട ചില ഭാഗങ്ങളും, നിറവേറ്റപ്പെടാനുള്ള ചില ഭാഗങ്ങളും ഉന്നു നിങ്ങൾ മനസിലാക്കും

നിങ്ങളുടെ നിത്യനായ ദൈവത്തിങ്കലേക്കു, നിങ്ങളുടെ ദൃഷ്ടികൾ അത്ഭുതകരമായി തുറക്കപ്പെടുന്നതിനാൽ നിങ്ങൾ

അധികം അനുഗ്രഹിക്കപ്പെടും. സൃഷ്ടിയിൽ ദൈവത്തിന്റെ ഉദ്ദേശ്യം; ചരിത്രത്തിൽ ദൈവത്തിന്റെ സ്ഥാനം; ദൈവത്തിന്റെ രക്ഷയുടെ ഉപദേശം; കർത്താവായ യേശുക്രിസ്തു എന്ന ആളത്വത്തിൽ ലോകത്തിലേക്കുള്ള ദൈവത്തിന്റെ ആഗമനം; ഈ നിമിഷം വരെയും നിങ്ങളെയും എന്നെയും പോലുള്ള വർക്കു ദൈവം നല്കിക്കൊിരിക്കുന്ന വിശദമായ ഉപദേശ ങ്ങൾ പ്രവൃത്തികൾക്കു കൂടുതൽ അനുഗ്രഹത്തിനു മുഖാന്ത രമാകും. ഈ വിധത്തിലുള്ള വേദപുസ്തകജ്ഞാനം യഥാർഥ ത്തിൽ ആവേശകരമാണ്: എല്ലാ വിശ്വാസികളും ഇത് ജാഗ്ര തയോടെ അന്വേഷിക്കേതുമാണ.

# ഹൃദയം

## ഏകാന്ത സമയം: അതിന്റെ നിർദേശങ്ങളും ആലോചനയും

ദൈവത്തിന്റെ സ്വന്തജനം തന്നെ ആത്മാവിലും സത്യ ത്തിലും (യോഹന്നാൻ 4:24) ആരാധിക്കണം — നമസ്ക്കരി ക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവവുമായുള്ള കൂട്ടാ യ്മയിൽ നമ്മുടെ **ഹൃദയവും തലയും** ഐക്യപ്പെടണമെ ന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

നിങ്ങളുടെ ഔപചാരിക വേദപഠനത്തിൽനിന്നു നിങ്ങൾക്കു വേദപുസ്തകത്തെക്കുറിച്ച് ഒരു ബാഹ്യമായ അറിവ് മാത്രമേ ലഭിക്കുന്നുള്ളൂ എങ്കിൽ, ആ അറിവ് നിങ്ങൾക്കു കാര്യമായ പ്രയോജനമുള്ളതാകുന്നില്ല! ആത്മാർഥ മായി അത് ജീവിതത്തിൽ പ്രായോഗികമാകുന്നില്ല എങ്കിൽ, ഇന്നത്തെ വിശ്വാസികൾക്ക് അത് വലിയ പ്രശ്നമായി തീരുന്നു.

ദു:ഖകരമെന്നു പറയട്ടെ, ദൈവവചനത്തെക്കുറിച്ചു വളരെയധികം കാര്യങ്ങൾ അറിയുന്ന ധാരാളം ആളുകൾ ഉ്. പക്ഷേ, അവർ അത്ഭുതകരമായ അറിവിന്റെ പ്രകാശത്തിൽ

ജീവിക്കുന്നില്ല. അവർ തങ്ങളുടെ വേദപുസ്തകജ്ഞാനം, മനസ്സിന്റെ അറകളിൽ പൂട്ടിവെക്കുന്നു; ലോകത്തിന്റെ, ഭോഷത്ത മാർഗങ്ങൾ അവർ ഉപയോഗിക്കുന്നു. വർത്തമാനകാല ചിന്തയിലോ ജീവിതരീതിയിലോ അവർ ദൈവവചനത്തെ പ്രായോഗികമാക്കുന്നില്ല എന്നത് എത്രയോ ദുഃഖകരമാണ്.

ലോകത്തിന്റെ മനോഭാവത്തോടെ ദൈവത്തിന്റെ വചനത്തെ സമീപിക്കുന്നതും, തിരുവെഴുത്തുകളെ മാനവികസംസ്കാരത്തിന്റെ തത്വശാസ്ത്രത്തോടും മനഃശാസ്ത്രത്തോടും അനുരൂപപ്പെടുത്തുവാൻ ശ്രമിക്കുന്നതും ധാർമിക സത്യസന്ധതയുടെയും ബുദ്ധിനൈർമാല്യത്തിന്റെയും ലംഘനമാണ്. ഇന്നത്തെ ദുഷ്ടലോകത്തിൽനിന്നു നമ്മെ വിടുവിക്കുന്നതിനു കർത്താവായ യേശുക്രിസ്തു വലിയ വിലകൊടുത്തു; ക്രിസ്തുവിനെ നിരസിക്കുന്ന ഒരു തലമുറയുടെ ചിന്താധാരയ്ക്കു നേർ വിപരീതമാണ് ദൈവത്തിന്റെ വചനം.

ദൈവത്തിന്റെ വചനം ഒരിക്കലും ഒരു മാനവികതയുടെ സംസ്കാരവുമായി അനുരൂപപ്പെടുന്നില്ല എന്നതിനാൽ, ദൈവം നമ്മളെക്കുറിച്ചു നാം എന്തായിത്തീരണമെന്നു ആഗ്രഹിക്കുന്നുവോ, അത് ആയിത്തിരുന്നതിനുള്ള ഈ അഭിവാഞ്ഛയോടുകൂടെ നാം വേദപുസ്തകം പഠിക്കുമ്പോൾ, അത് നിശ്ചയമായും ജീവിതത്തിനു വിപ്ലവകരമായ രൂപാന്തരം വരുത്തുന്ന ഒരു അനുഭവമായിരിക്കും. ദൈവം തന്റെ മക്കളിൽനിന്ന് ആവശ്യപ്പെടുന്നത് കേവലം തലയിൽനിന്നുള്ള ബുദ്ധിയല്ല, ഹൃദയംഗമായ സ്വീകരണമാണ്.

**നിന്റെ വചനത്തെ ഞാൻ എന്റെ തലയിൽ സംഗ്രഹിച്ചിരിക്കുന്നു** എന്നല്ല, *'ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേതിനു നിന്റെ വചനത്തെ എന്റെ **ഹൃദയത്തിൽ** സംഗ്രഹിച്ചിരിക്കുന്നു'* (സങ്കീർത്തനം 119:11) എന്നാണ് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത്. അഡോൾഫ് ഹിറ്റ്ലർ പോലും തന്റെ പൊതുയോഗ പ്രസംഗങ്ങളിൽ വേദപുസ്തകത്തിൽനിന്നും ഉദ്ധരിച്ചിരുന്നു. പക്ഷേ, ഇപ്രകാരം ഏതാനും ചില

വേദവചനങ്ങളെക്കുറിച്ചുള്ള അറിവു സ്വന്ത ധാർമിക തിരഞ്ഞെടുപ്പിലോ നിത്യതയുടെ നിർണയത്തിലോ തനിക്കു സഹായകരമായിരുന്നില്ല. ഈ അറിവ് ഹിറ്റ്ലറുടെ ഹൃദയത്തിലേക്കു കടന്നിരുന്നില്ല എന്ന് അർഥം.

*'ഞാൻ നിന്റെ വചനത്തെ എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു'* എന്നു പറഞ്ഞപ്പോൾ ദാവീദ് എന്താണ് അർഥമാക്കിയത് എന്നു നിങ്ങൾ ചോദിച്ചേക്കാം. നിശ്ചയമായും, തന്റെ ധമനികളിലേക്കു രക്തം പമ്പുചെയ്യുന്ന ആന്തരികാവയവത്തെക്കുറിച്ചല്ല ദാവീദ് പറഞ്ഞത്. ദൈവത്തിന്റെ വചനം അവിടെ സംഗ്രഹിക്കുവാൻ ആർക്കും സാധ്യമാണ്! ദാവീദ് ഹൃദയം എന്ന പദം ഉപയോഗിച്ചപ്പോൾ തന്റെ ആന്തരിക ആളത്വത്തെ നിയന്ത്രിക്കുന്ന പെരുമാറ്റ ജീവിതത്തെക്കുറിച്ചാണ് അവൻ പരാമർശിച്ചത്. നമ്മുടെ ജീവിത കേന്ദ്രത്തിൽ സംഗ്രഹിക്കേതിനു നാം ദൈവത്തിന്റെ വചനം വായിക്കുമ്പോൾ, നമ്മിൽ അധിവസിക്കുന്ന ക്രിസ്തുവിന്റെ ശക്തിയാൽ, ദൈവവചനത്തിന്റെ ശുദ്ധീകരിക്കുന്നതും പോഷിപ്പിക്കുന്നതുമായ ശക്തി നമുക്ക് അനുഭവസ്ഥമാക്കുവാൻ കഴിയും.

ഒരു പൂർണസമയ വിദ്യാർഥി എന്ന നിലയിൽ ഔപചാരികമായി വേദപുസ്തകവും വേദശാസ്ത്രവും പഠിക്കുന്നതിനുള്ള പദവി എനിക്കു ലഭിച്ചപ്പോൾ, ദൈവത്തോടുകൂടെ ഏകാന്തതയിൽ ആയിരിക്കുന്നതിനു, വേദപുസ്തകസത്യങ്ങൾ സംഭരിക്കുന്നത് പകരമാവുകയില്ല എന്നു ഞാൻ മനസിലാക്കി. ദൈവത്തിന്റെ വചനത്തിലൂടെ ദൈവം എന്നോടു പറയുന്നതെന്തെന്നു കേൾക്കുന്ന സമയമാണ് ഏകാന്തസമയം. ദൈവത്തിന്റെ വചനം എന്നിൽ ന്യായവിധിക്കായി സ്വീകരിക്കുന്നതിനെക്കാൾ ദൈവത്തിന്റെ വചനത്തിൽ ന്യായവിധിയാവാൻ ഇരിക്കുന്നതാണ് എളുപ്പം എന്നു ഞാൻ മനസിലാക്കി.

ഞങ്ങളുടെ കോളജ് ദിനങ്ങളിൽ ഒരു ക്ലാസ് റൂം പ്രഭാഷണത്തിന്റെ രസകരമായ നിർവചനം പറഞ്ഞു ഞങ്ങൾ ചിരിക്കുമായിരുന്നു. *'പ്രൊഫസറുടെയോ വിദ്യാർഥിയുടെയോ തല*

*യിലൂടെ പോകാതെ പ്രൊഫസറുടെ നോട്ടു ബുക്കിൽനിന്നും വിദ്യാർഥിയുടെ നോട്ടു ബുക്കിലേക്കു കാര്യങ്ങൾ മാറ്റപ്പെടുന്ന ഉപാധിയാണ് പ്രഭാഷണം'* എന്നതായിരുന്നു ഞങ്ങൾ കെത്തിയ നിർവചനം!

പാസ്റ്ററുടെ ഹൃദയത്തിലോ ശ്രോതാക്കളുടെ ഹൃദയത്തിലോ യാതൊരു ചലനവുമുാക്കാതെ, വേദപുസ്തകാധ്യാപനം പാസ്റ്ററുടെ തലയിലൂടെ ശ്രോതാക്കളുടെ തലയിലേക്കു പോകുന്നത് ഇതിലും എത്രയോ ദയനീയമായ സ്ഥിതിയാണ്. ദൈവം വ്യക്തമായി പറഞ്ഞിരിക്കുന്നത് ഓർക്കുക:

> എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കകൊു കേട്ട വചനം അവർക്കു ഉപകാരമായിവന്നില്ല (എബ്രായർ 4:2)

യിരെമ്യാപ്രവാചകന്റെ സാക്ഷ്യവുമായി താരതമ്യം പ്രാപിക്കുമ്പോൾ മാത്രമേ, ദൈവത്തിന്റെ വചനംകൊ് ഉദ്ദേശിച്ചിട്ടുള്ള അനുഗ്രഹം നമ്മുടെ ജീവിതങ്ങളിൽ വരികയുള്ളൂ. യിരെമ്യാവു പറഞ്ഞു: അവന്റെ വചനം എന്റെ ഹൃദയത്തിൽ തീ കത്തുംപോലെ ഇരിക്കുന്നു. (യിരെമ്യാവ് 20:9). ദൈവത്തിന്റെ വചനത്തെക്കുറിച്ചു ജ്വലിക്കുന്ന ഒരു അവബോധം ഇന്ന് അനേക വിശ്വാസികളുടെയും ജീവിതത്തിൽ ഇല്ലാതായി നില്ക്കുന്നു. തലയ്ക്കും ഹൃദയത്തിനും തമ്മിൽ യഥാർഥ ബന്ധം സ്ഥാപിക്കപ്പെട്ടിട്ടില്ല — ദൈവത്തിന്റെ ശബ്ദവും വിശ്വാസിയുടെ ജീവിതമായി ബന്ധപ്പെടുന്നില്ല. തൽഫലമായി നാം അറിഞ്ഞതും നാം ചെയ്യുന്നതും നമ്മിൽ കാര്യമായ ബന്ധവും ഉാകുന്നില്ല.

വേദപുസ്തകാഭ്യസനം യഥാർഥമായി നിങ്ങളുടെ ഹൃദയത്തെ ചലിപ്പിച്ചാൽ, അത് നിശ്ചയമായും നിങ്ങളുടെ ജീവിതത്തിനു മാറ്റം വരുത്തും! ഇത് സംഭവിക്കുമ്പോൾ മാനുഷിക സഹായങ്ങളിൽ നിങ്ങൾ ആശ്രയിക്കാതാകും. കുടുംബ കൗൺസെലർമാർ വിവിധ സെമിനാറുകൾ, ഇവ നിങ്ങൾക്കു വേവരികയില്ല. ദൈവം തന്റെ വചനത്തിൽ നിങ്ങൾക്കു നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ വ്യക്തിപരമായി സ്വന്തമാക്കുവാൻ നിങ്ങൾ പ്രാപ്തരാകും. ആത്മാവിന്റെ അധിവാസ ശക്തി

യിൽ കർത്താവായ യേശുക്രിസ്തുവിന്റെ കല്പനകൾ അനുസരിക്കുവാനും നിങ്ങൾക്കു സാധിക്കും.

എന്റെ പ്രസംഗം കഴിയുമ്പോൾ ചിലപ്പോഴൊക്കെ സഭയിലെ ഒരു അംഗം എന്റെ അടുക്കൽ വന്നിട്ടു, *'എനിക്കു ചിന്തിക്കാനൊരു നല്ല കാര്യം പാസ്റ്റർ പ്രസംഗിച്ചു'* എന്നു പറഞ്ഞു എന്നെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കാറു്. ഈ വാക്കുകൾ കേൾക്കുമ്പോൾ ആ പ്രസംഗം കൊ് ഞാൻ ഉദ്ദേശിച്ച ഫലം ഉളവായില്ല എന്നു ഞാൻ മനസ്സിലാക്കും! ഒരു ബുദ്ധിയഭ്യാസം ദൈവത്തിന്റെ വചനത്തെ പുകഴ്ത്തുന്നതിനും, ജീവിതത്തിനു വ്യത്യാസം വരുത്തുന്ന സത്യമായി അത് പ്രായോഗികമാക്കുന്നതിനും തമ്മിൽ വ്യത്യാസമു്. പ്രസംഗങ്ങൾ നിശ്ചയമായും ജനത്തിനു **പ്രാവർത്തികമാക്കേതായിരിക്കണം:** അല്ലാതെ ചിന്തിക്കാനുള്ളതാകരുത്!

അതുപോലെ, ദൈവത്തോടു കൂടെയുള്ള *'ഏകാന്ത സമയം'* വിശ്വാസത്തിന്റെ സജീവ പ്രതികരണത്തിലേക്കോ അനുസരണത്തിലേക്കോ പാപം ഏറ്റു പറയുന്നതിലേക്കോ ആരാധനയിലേക്കോ നമ്മെ നയിക്കുന്നില്ല എങ്കിൽ, ആ **'ഏകാന്ത സമയം'** ഫലപ്രദമായില്ല! അതേ സമയം, ദൈവത്തിന്റെ വചനം തലയിൽ നിറച്ചിരിക്കയും, പരിശുദ്ധാത്മാവിന്റെ ആർദ്രപരിവർത്തനം ഹൃദയത്തിലുാകയും ചെയ്യുന്ന ഒരു ദൈവപൈതൽ, നിശ്ചയമായും രക്ഷകനോടുകൂടെയുള്ള സജീവ കൂട്ടായ്മ ആസ്വദിക്കും. ഇപ്പോഴും, അതഥി പ്രസംഗകനായി ബൈബിൾ കോളജുകൾ സന്ദർശിക്കുമ്പോൾ ഞാൻ വിദ്യാർഥികളോട് ഇങ്ങനെ പറയാറു്:

**ബൈബിളിനെ അറിയുന്നതിനല്ല നിങ്ങൾ ഇവിടെ ബൈബിൾ പഠനം നടത്തുന്നത്! നിങ്ങൾ ഇവിടെ ബൈബിൾ പഠനം നടത്തുന്നത് ബൈബിളിലെ ദൈവത്തെ അറിയുന്നതിനാണ്!**

ചില ആത്മീയ ശൈലികളുടെയും ഏതാനും വേദപുസ്തക രൂപരേഖകളുടെയും കേവല പ്രഖ്യാപനം, വിശ്വാസികളുടെ ആത്മീയ വളർച്ചയില്ലായ്മയുടെ മൂകസാക്ഷിയാണ്.

തുറന്ന വേദപുസ്തകവുമായി വ്യക്തിപരമായി ദൈവത്തോടു കൂടെ ആയിരിക്കുന്ന നിസ്തുല അനുഭവത്തിന്റെ സ്ഥാനം മറ്റെന്തെങ്കിലും കൈവശമാക്കിയാൽ, അത് ദൈവത്തോടുള്ള നിങ്ങളുടെ വ്യക്തിപരവും സമീപസ്ഥവുമായ ബന്ധത്തെ ശിഥിലമാക്കുകയും ചിലപ്പോൾ നശിപ്പിക്കുകയും ചെയ്യും.

ദൈവത്തിന്റെ വിശുദ്ധസാന്നിധ്യ പ്രകാശത്തെ വിശ്വാസി അഭിമുഖീകരിക്കുമ്പോൾ മാത്രമേ കർത്താവിനോടുള്ള കൂട്ടായ്മ സാധ്യമാകയുള്ളൂ. ആ പ്രകാശം വെളിപ്പെടുത്തുന്നതാണ്; നിങ്ങളും നിങ്ങളുടെ സ്വർഗസ്ഥ പിതാവുമായുള്ള സത്യസന്ധമായ തുറന്ന ആശയവിമനിമയം അത് ആവശ്യപ്പെടുന്നു. നിങ്ങൾ ദൈവത്തിന്റെ വചനം വായിക്കുമ്പോൾ, അവന്റെ സത്യത്തോട് അനുബന്ധപൂർണമായി നിങ്ങളുടെ ഹൃദയം പ്രതികരിക്കുന്നു എങ്കിൽ ആ സത്യം നിങ്ങളുടെ ആത്മാവിനു പോഷണമായിത്തീരും. കർത്താവിന്റെ പരിജ്ഞാനത്തിലും സ്നേഹത്തിലും നിങ്ങൾ വളരുകയും ചെയ്യും. *'നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു'* (സങ്കീർത്തനം 36:9) എന്നു സങ്കീർത്തനക്കാരൻ പറയുന്നു. ഈ പഴഞ്ചൊല്ല് ഇപ്പോഴും പ്രസക്തമാണ്:

> വെളിച്ചത്തെ അനുസരിക്കുമ്പോൾ അത് കൂടുതൽ വെളിച്ചം തരുന്നു; വെളിച്ചത്തെ അനുസരിക്കാത്തപ്പോൾ ആഴമേറിയ രാത്രിയാണ് തരുന്നത്.

നിങ്ങളുടെ ആലോചനയനുസരിച്ചു സ്വയം പ്രവർത്തിക്കാതെ മറ്റുള്ളവർക്ക് ആലോചന നല്കുന്നത് എളുപ്പമാണ് എന്നു നിങ്ങളും എന്നെപ്പോലെ മനസിലാക്കിയിട്ടു ് എന്നു ഞാൻ വിചാരിക്കുന്നു. യെശെയ്യാവ് *'അത്ഭുതമന്ത്രി ആലോചനക്കാരൻ'* (യെശെയ്യാവ് 9:6) എന്നു വിവരിച്ചിരിക്കുന്ന കർത്താവായ യേശു നിസ്തുലനാണ്; എന്തെന്നാൽ അവൻ ആലോചന നല്കുക മാത്രമല്ല, ആലോചനയനുസരിച്ചു പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഓരോ പ്രഭാതത്തിലും ദൈവത്തോടുകൂടെ നിങ്ങളുടെ *'ഏകാന്ത സമയം,'* ആ ദിവസം നിങ്ങളെ കാത്തിരിക്കുന്ന

സകല കാര്യങ്ങളിലും ശരിയായ നിലയിൽ ഇടപെടുവാൻ നിങ്ങളെ സഹായിക്കുന്നതാണ്. ദൈവവചനം വായിക്കുന്നതിലൂടെ ദൈവം നിങ്ങൾക്ക് ആലോചന നല്കുമ്പോൾ, കർത്താവായ യേശു നിങ്ങളിൽ മതിയായവനായി വസിച്ചുകൊ് നിങ്ങളെ വഴിനടത്തുന്നു എന്ന് ഉറപ്പിക്കാനും നിങ്ങൾക്കു സാധിക്കും.

## ആത്മീയ പരിശോധന

1. ഞാൻ വേദപുസ്തകം വായിക്കുമ്പോൾ എന്റെ തല ഉടനെ പ്രതികരിക്കുന്നതു പോലെ എന്റെ ഹൃദയം പ്രതികരിക്കുന്നുണ്ടോ?
2. ഞാൻ പ്രാർഥിക്കുമ്പോൾ എനിക്കു ദൈവത്തോടും ദൈവത്തിന് എന്നോടുമുള്ള ആശയവിനിമയം യഥാർഥത്തിൽ നടക്കുന്നുണ്ടോ?
3. എന്റെ ആത്മീയ ജീവിതത്തിൽ ഞാൻ ആദ്യം ആലോചന അന്വേഷിക്കുന്നത് മനുഷ്യനിൽ നിന്നോ അതോ ദൈവത്തിന്റെ വചനത്തിലൂടെ ദൈവത്തിൽ നിന്നോ? (മുന്നറിയിപ്പ്: *'അവന്റെ ആലോചനയ്ക്ക് അവർ കാത്തിരുന്നതുമില്ല'* (സങ്കീർത്തനം 106:13)
4. എന്റെ ക്രിസ്തീയ സേവനത്തിൽ മറ്റുള്ളവർക്കുള്ള എന്റെ ആലോചന, ദൈവസ്നേഹത്താൽ ജ്വലിപ്പിക്കപ്പെടുന്ന ഹൃദയത്തിൽനിന്ന്, അവന്റെ വചനത്താൽ നിറയപ്പെട്ടിരിക്കുന്ന ഒരു മനസിൽ നിന്നാണോ വരുന്നത്? (മുന്നറിയിപ്പ് : *'അവർ തങ്ങളുടെ അലോചനയാൽ അവനോടു മത്സരിച്ചു'* (സങ്കീർത്തനം 106:43)

# ഇതുപോലുള്ള പാപങ്ങൾ

എണ്ണിയാലൊടുങ്ങാത്ത പാപങ്ങൾ ഞാൻ ഏറ്റുപറയുന്നു;
പാപപൂർണമായവയെല്ലാം ഞാൻ ഏറ്റു പറയുന്നു--

ആരാധനാ സമയങ്ങളിൽ ലൗകിക ചിന്താകുലങ്ങൾ;
പാവന ശുശ്രൂഷകളിൽ സ്വാർഥ ലക്ഷ്യങ്ങൾ;
ദൈവം സമീപത്തുകൂടെ കടന്നുപോകുമ്പോൾ നിഗളം;
അന്ധകാരത്തിൽ ആത്മാക്കൾ മരിക്കുമ്പോൾ ആലസ്യം;
യഹോവ നല്ലവൻ എന്നു രുചിച്ചറിയുമ്പോൾ തന്നെ
വിഷാഹാരത്തിനുവേി വാഞ്ഛിക്കുന്നു;
ആകാശത്തിന്റെ ഉറവിടങ്ങളിൽ
മൃഗതുല്യഭോജനത്തിനായി വിശക്കുന്നു.

ഇതുപോലുള്ള പാപങ്ങൾ എന്റെ ഹൃദയം നിങ്ങളെ വഞ്ചിക്കുന്നു – അത് ദുഃഖിപ്പിക്കുന്നു എന്നു നിങ്ങൾ അറിയുന്നു.

അനുദിന ലംഘനങ്ങൾ മായ്ച്ചുകളയാതെ
എത്ര ലഘുമാനസനായി ഞാൻ കിടന്നുറങ്ങി;
പുതിയ വിശുദ്ധ ജോലികൾക്കായി ഉണർന്നു;
എന്റെ ജഡത്തിൽ ആ വ്യാധികളുടെ
പാടുകൾ ഉായിരുന്നു;

എങ്കിലും നിന്റെ ആശ്വാസങ്ങൾ ഇല്ലാതാകുന്നില്ല;
എങ്കിലും നിന്റെ സാന്ത്വനസ്പർശം ലഭിക്കുന്നു;
എന്റെ കർത്താവേ, എന്റെ ദുഃഖം നീ കാണണമേ;
എന്നോടു കരുണയുാകണമേ.
പിതാവേ, അങ്ങയുടെ പരിശുദ്ധാത്മാവിനോടു
ചെയ്ത പാപങ്ങൾ
അങ്ങയുടെ പുത്രൻ മുഖാന്തരം എന്നോടു ക്ഷമിക്കണമേ!

വില്യം മക്‌ലാർഡി ബിംഗ്
(1805 – 1866)

## അധ്യായം 3

# പ്രാർഥനാ നിർഭരമായ ഒരുക്കം

എന്റെ മാനസാന്തരത്തിന്റെ ആദ്യകാലങ്ങളിൽ വേദ പുസ്തകത്തെക്കുറിച്ചു പരിമിതമായ അറിവു മാത്രമേ എനിക്കുായിരുന്നുള്ളൂ. എന്നാൽ അതിന്റെ പേജുകൾ മറിക്കുമ്പോൾ യഥാർഥത്തിൽ ദൈവവചനം തന്നെയാണ് വായിക്കുന്നത് എന്നു ഞാൻ പിന്നീടു തിരിച്ചറിഞ്ഞു. തന്റെ വചനം വായിക്കുമ്പോൾ കർത്താവായ യേശു എന്റെ ഹൃദയത്തോടു സംസാരിച്ചുകൊിരിക്കുന്നു എന്നതിൽ ഇപ്പോഴും ഞാൻ സന്തോഷിക്കുന്നു.

ഒരു പുതിയ വിശ്വാസിയായിരിക്കുമ്പോൾ തന്നെ, ഞാൻ വേദപുസ്തകം തുറക്കുമ്പോൾ, അത് എന്റെ ഹൃദയത്തിൽ ജീവിക്കുന്നതാക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു എന്ന് എന്നെ പഠിപ്പിച്ചിരുന്നു. അതിനാൽ എന്റെ കർത്താവിനോടു കൂടെയുള്ള *'ഏകാന്ത സമയം,'* കോറസ് രൂപത്തിലുള്ള പ്രാർഥന ചൊല്ലിക്കൊാണ് ഞാൻ ആരംഭിച്ചിരുന്നത്.

> ദൈവത്തിന്റെ ആത്മാവേ, എന്റെ ഗുരു ആയിരിക്കണമേ,
> ക്രിസ്തുവിന്റെ സത്യങ്ങൾ എനിക്കു വെളിപ്പെടുത്തണമേ.
> എന്നെ സ്വതന്ത്രനാക്കുന്ന അത്ഭുതകരമായ താക്കോൽ എന്റെ
> കൈയ്യിൽ നല്കണമേ.

സ്വർഗത്തിൽ തന്റെ പിതാവിന്റെ അടുക്കൽ പോകുവാൻ ശിഷ്യന്മാരെ വിട്ടുപിരിയുന്നതനു മുമ്പ്, കർത്താവായ യേശുക്രിസ്തു അവർക്ക് ഈ വാഗ്ദത്തം നല്കി: *'സത്യ*

*ത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും'* (യോഹന്നാൻ 16:13). ആത്യന്തികമായി ഒരേയൊരു ഗുരു – ഉപദേഷ്ടാവു മാത്രമേയുള്ളൂ – പരിശുദ്ധാത്മാവ്.

**നമ്മുടെ ജീവിതങ്ങളിൽ പ്രവർത്തിക്കുന്നതിനു പരിശുദ്ധാത്മാവിനു സ്വാതന്ത്ര്യമില്ലെങ്കിൽ നാം ദൈവത്തിന്റെ വചനം വായിക്കുന്നത് ഒഴിഞ്ഞതും ഫലശൂന്യവുമായിരിക്കും.**

ജോൺ വെസ്ലി ദൈവത്തോടുകൂടെയുള്ള തന്റെ *ഏകാന്ത സമയത്തിന്റെ* വിലയെക്കുറിച്ചു വളരെ ബോധവാനായിരുന്നു. (18–ാം നൂറ്റാിൽ ബ്രിട്ടനിലുായ ഉണർവിൽ, ദൈവത്താൽ ശക്തമായി ഉപയോഗിക്കപ്പെട്ട ദൈവഭൃത്യനാണ് വെസ്ലി; ഈ ഉണർവാണ് ഇംഗ്ലിനെ വിപ്ലവത്തിൽനിന്നു രക്ഷിച്ചത് എന്നു ചരിത്രകാരന്മാർ പറയുന്നു.) നമുക്ക് എല്ലാവർക്കും മാതൃകയാവുന്ന ഒരു നല്ല പാഠം അദ്ദേഹം പഠിപ്പിച്ചിരുന്നു. പ്രഭാതത്തിൽ നേരത്തേ എഴുന്നേല്ക്കുവാൻ കഴിയേതിന് അദ്ദേഹം സന്ധ്യക്കു നേരത്തേതന്നെ നിദ്രയ്ക്കു പോകുമായിരുന്നു. വെസ്ലി പ്രഭാതത്തിൽ നാലു മണിക്ക് എഴുന്നേറ്റു പ്രാർഥിച്ചിരുന്ന അതേ പ്രാർഥനാ പീഠത്തിൽ അടുത്തയിടെ ഞാൻ മുട്ടുകുത്തി പ്രാർഥിക്കയുായി! ആ മുറിയിലിരുന്ന അദ്ദേഹത്തിന്റെ ഡയറിയിലെ ഈ ഉദ്ധരണി വായിച്ച ഞാൻ ഉത്തേജിതനായി: *'ഞാൻ ഏകനായി ഇവിടെ ഇരിക്കുന്നു. ദൈവം മാത്രമേ ഇവിടെയുള്ളൂ. അവന്റെ സന്നിധിയിൽ ഞാൻ അവന്റെ പുസ്തകം തുറന്നു വായിക്കുന്നു. ഞാൻ എന്തു വായിക്കുന്നുവോ അത് ഞാൻ പഠിപ്പിക്കുന്നു.'*

വീുംജനനം പ്രാപിച്ച വിശ്വാസികളെ പ്രോത്സാഹിപ്പിക്കേതിനു, ദൈവത്തിന്റെ വചനത്താൽ അവരുടെ ഹൃദയങ്ങളെ സ്പർശിക്കുവാൻ പരിശുദ്ധാത്മാവു മതിയായവൻ ആകുന്നു എന്നും, തിരുവെഴുത്തുകൾ ഗ്രഹിക്കുവാൻ അവർ മറ്റുള്ളവരെ അന്വേഷിക്കേതില്ലന്നും അപ്പോസ്തലനായ യോഹന്നാൻ അവരോടു പറഞ്ഞു. *'അവനാൽ പ്രാപിച്ച അഭി*

*ഷേകം നിങ്ങളിൽ ഇരിക്കുന്നു. ആരും (സ്വയം ഗുരുക്കന്മാരായി ഭാവിക്കുന്നവർ) നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും, അത് ഭോഷ്ക്കല്ല സത്യം തന്നെ ആയിരിക്കുകയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ'* (യോഹന്നാൻ 2:27). ദൈവത്തിന്റെ പുസ്തകം വായിക്കുമ്പോൾ നിങ്ങൾ ബോധപൂർവം പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ ആശ്രയിക്കുന്നു എങ്കിൽ, അവൻ ആ സത്യം നിങ്ങളുടെ ഹൃദയത്തിൽ സജീവമാക്കും.

നിങ്ങൾ സത്യവും നിറവുള്ളതും ക്രമവുമായ ഒരു *ഏകാന്ത സമയം* ആഗ്രഹിക്കുന്നു എങ്കിൽ ശക്തമായൊരു സ്ഥലത്ത്, കൃത്യമായ ഒരു സമയം വേർതിരിച്ചു വേദപുസ്തകം തുറന്നു ദൈവത്തോടു സംസാരിക്കുക. ദൈവത്തോടു കൂടെയുള്ള *ഏകാന്ത സമയത്തിന്റെ* സാധ്യത നിങ്ങളുടെ ഹൃദയത്തെ സന്തോഷഭരിതനാക്കും. അതേസമയം ദൈവത്തോടു കൂടെ നിങ്ങളുടെ *ഏകാന്തസമയം* പ്രയാസമാക്കുന്ന കുടുംബകാര്യങ്ങളോ ബിസിനസ്സ് കാര്യങ്ങളോ ഉായേക്കാം. കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിലും പരിജ്ഞാനത്തിലും വളരുവാൻ നിങ്ങൾക്കു പ്രത്യേകം അഭ്യസനം ആവശ്യമായി വരും. നിങ്ങൾ വേദപുസ്തകത്തെ അവഗണിക്കുന്നു എങ്കിൽ ഒരു വേദപുസ്തകം നിങ്ങൾക്ക് ഇല്ലാത്തതിനു തുല്യമാണ് നിങ്ങളുടെ സ്ഥിതി എന്നോർക്കുക.

വിശുദ്ധദേശത്തേക്കുള്ള യാത്രയിൽ യിസ്രായേൽ ജനത്തിനു തങ്ങളുടെ ശാരീരികപോഷണമായി ദൈവം ഒരുക്കിയ മന്ന ദിവസവും പെറുക്കുന്നതിന് അവർ ഒരുങ്ങണമെന്നപോലെ ദൈവവചനത്താലുള്ള പോഷണത്തിനു നമ്മെത്തന്നെ ഒരുക്കേതാണ്.

ഒന്ന്: ദൈവത്തോടുകൂടെ വേദപുസ്തകവുമായി ഏകനായിരിപ്പാൻ നിങ്ങൾ ആരംഭിക്കുമ്പോൾ മുട്ടു മടക്കുന്നത് സഹായകരമായിരിക്കും.

ര്, നിത്യപ്രകാശമായ അവന്റെ അടുക്കൽ വരുമ്പോൾ, അവന്റെ വിശുദ്ധ സാന്നിധ്യത്തിൽ നിങ്ങളുടെ ഹൃദയത്തെ ഒഴിക്കേത് ആവശ്യമാണ്. അവനിൽനിന്ന് ഒന്നും ഒളിച്ചുവെക്കുവാൻ നിങ്ങൾക്കു സാധ്യമല്ല; പിന്നെ അതിനു ശ്രമിക്കുന്നതെന്തിന്?

ദൈവത്തെ കുമുട്ടുവാൻ നിങ്ങൾ ഒരുങ്ങിക്കഴിയുമ്പോൾ, വേദപുസ്തകം കൂടുതൽ യഥാർഥ്യമായിത്തീരും. ദൈവത്തിന്റെ വചനം നിങ്ങളുടെ തലയിൽനിന്നു ഹൃദയത്തിലേക്കു നീങ്ങുന്നതും നിങ്ങൾക്കു മനസിലാകും .

## നിങ്ങളുടെ മുട്ടുകൾ മടക്കുക

### നിഗളാത്മാവിനും സജീവകൂട്ടായ്മക്കും ഒരുമിച്ചിരിപ്പാൻ സാധ്യമല്ല

വേദപുസ്തകത്തിൽ, നിരവധി ഭക്തമാർ മുട്ടുകുത്തി ദൈവത്തോടുള്ള തങ്ങളുടെ ബഹുമാനവും സമർപ്പണവും കാണിച്ചതായി നാം കാണുന്നു. പൊതു പ്രാർഥനകളിൽ അനുഷ്ടാനങ്ങളുടെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും മുട്ടുകുത്താറ്യ്. എന്നാൽ അത് ദൈവത്തോടുള്ള സജീവ കൂട്ടായ്മ നിമിത്തമാണ് എന്നു പറയുവാൻ സാധ്യമല്ല. എങ്കിലും നമ്മുടെ സ്രഷ്ടാവും നിത്യദൈവവുമായവന്റെ അടുക്കൽ വരുമ്പോൾ മുട്ടുകുത്തുന്നത് നമ്മുടെ മനോഭാവത്തെ വെളിപ്പെടുത്തുന്നതായിരിക്കും.

ഗത്ശെമനതോട്ടത്തിൽ കർത്താവായ യേശുക്രിസ്തു തന്റെ ക്രൂശീകരണത്തിന്റെ ഭയങ്കര നിമിഷത്തെ സമീപിക്കുമ്പോൾ ശിഷ്യന്മാർ ഗാഢനിദ്രയിലായിരുന്നു എന്ന് അവൻ മനസ്സിലാക്കി. അവൻ മുട്ടുകുത്തി പ്രാർഥിച്ചു (ലൂക്കൊസ് 22:41) യേശു പിതാവിനോടു കൂടെ തനിയെ ആയിരുന്നു. അവിടെ, അവൻ പ്രാർഥിക്കുവാൻ മുട്ടുകുത്തി. അതുപോലെ, കുടുബാംഗങ്ങളിൽനിന്നും സ്നേഹിതരിൽനിന്നും വേറിട്ടു ദൈവത്തോടുകൂടെ തനിയെ ആയിരിക്കുമ്പോൾ പ്രാർഥിക്കുന്നതിനു മുട്ടു

കുത്തുന്നത് ദൈവത്തോടുള്ള നമ്മുടെ സമർപ്പണത്തെയും ബഹുമാനത്തെയും വെളിപ്പെടുത്തുന്നതാണ്.

അപ്പോസ്തലനായ പൗലൊസ് തന്റെ പൊതു ശുശ്രൂഷയുടെ സമാപനമടുത്തപ്പോൾ, എഫെസോസിലെ സഭയോട് ഹൃദ്യമായി യാത്രപറഞ്ഞു. *'അവൻ മുട്ടുകുത്തി അവരെല്ലാവരോടുംകൂടെ പ്രാർഥിച്ചു'* (പ്രവൃത്തി. 20:36). മറ്റൊരു സമയത്ത്, പൗലൊസ്, കടല്ക്കരയിൽ ശിഷ്യന്മാരോടും അവരുടെ ഭാര്യമാരോടും കുഞ്ഞുങ്ങളോടും യാത്രപറഞ്ഞു. അവർ കടല്ക്കരയിൽ മുട്ടുകുത്തി പ്രാർഥിച്ചു (പ്രവൃത്തി. 21:5). ഒരു പൊതുസ്ഥലത്ത് സ്ത്രീകളും കുഞ്ഞുങ്ങളും മുട്ടുകുത്തുന്നതിനെക്കുറിച്ചു കാണുന്നവർ തെറ്റായി ധരിക്കും എന്നു ചിലർക്കു തോന്നാം. മതഭ്രാന്തന്മാർ എന്നു നമ്മെ കുറ്റം പറയുന്നവരുള്ളപ്പോൾ; നാം സ്വകാര്യപ്രാർഥനയിൽ സൗകര്യം കത്തെുന്നവരാണ്. പൗലൊസിന്റെ കാലത്തെ സഹോദരിമാർക്കും കുഞ്ഞുങ്ങൾക്കും അങ്ങനെയൊരു പ്രശ്നമുായിരുന്നില്ല. പ്രാർഥന പൊതുസ്ഥലത്തായാലും ദൈവത്തോടുകൂടെ തനിയെ ആയിരുന്നാലും നാം അതിൽ ആകുലപ്പെടേതില്ല.

പ്രാർഥിക്കുമ്പോൾ നാം നില്ക്കുകയോ ഇരിക്കുകയോ നടക്കുകയോ ചെയ്തേക്കാം; പക്ഷേ, ദൈവവുമായി സംസാരിക്കുമ്പോൾ നമ്മുടെ മനോഭാവമാണ് പ്രധാനം. നാം പ്രാർഥിക്കുമ്പോൾ ശരിയായ മനോഭാവം ഉായിരിക്കണം; '*ദൈവം നിഗളികളോട് എതിർത്തുനില്ക്കുകയും താഴ്മയുള്ളവർക്കു കൃപനല്കുകയും ചെയ്യുന്നു. ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവീൻ; പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും.*' (യാക്കോബ് 4:6–8)

ഏതെങ്കിലും ശാരീരിക പ്രശ്നങ്ങൾ ഉള്ളവർക്കു അധികം സമയം മുട്ടുകുത്തി പ്രാർഥിക്കുവാൻ കഴിയുകയില്ല. ദൈവം നിങ്ങളുടെ ഹൃദയത്തെ കാണുന്നു. നമ്മുടെ ശരീരം

എങ്ങനെ ആയിരിക്കുന്നു എന്നതിനെക്കാൾ മനോഭാവം നന്നായി കർത്താവ് അറിയുന്നു. എന്നാൽ കഴിവുള്ളവർ മുട്ടുകുത്തുന്നത്, നമ്മുടെ സ്രഷ്ടാവിനോട് ഒരു സ്നേഹിതൻ മറ്റൊരു സ്നേഹിതനോട് എന്നവണ്ണം സംഭാഷിക്കുന്നതിനുള്ള പദവി നമുക്കു ലഭിച്ചിരിക്കുന്നു എന്നതിന്റെ തിരിച്ചറിവു നമുക്ക് നല്കും! നമുക്കെല്ലാവർക്കും വേദപുസ്തകം നല്കുന്ന ഉപദേശം, *'കർത്താവിന്റെ സന്നിധിയിൽ താഴുവിൻ'* എന്നതാണ്; *'എങ്കിൽ അവൻ നിങ്ങളെ ഉയർത്തും'* എന്ന വാഗ്ദത്തവും നല്കിയിരിക്കുന്നു (യാക്കോബ് 4:10).

## നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുക

**സജീവ കൂട്ടായ്മ ദൈവത്തിന്റെ കൃപാസനത്തിലാണ് ആരംഭിക്കുന്നത്. പുതിയനിയമത്തിൽ യേശു മരിച്ച ക്രൂശ് എന്നാണ് അത് അർഥമാക്കുന്നത്.**

കർത്താവായ യേശു ക്രൂശിൽ മരിക്കുന്നതിനു മുമ്പു തന്നേ, ദൈവം തന്റെ മഹാസ്നേഹത്തിലും കരുതലിലും വഴി തെറ്റിപ്പോയ മനുഷ്യവർഗത്തെ തന്റെ കൂട്ടായ്മയിലേക്കു പുതുക്കുവാനുള്ള മറുവിലയായി തന്റെ നിഷ്കളങ്കനായ പുത്രന്റെ മരണത്തെ ദൈവം അഗീകരിച്ചിരുന്നു. നമ്മുടെ രക്ഷകന്റെ മരണത്തെ ദൈവം അംഗീകരിച്ചിരുന്നു. നമ്മുടെ രക്ഷകന്റെ ക്രൂശീകരണത്തിനു മുമ്പുതന്നെ, ദൈവം തന്റെ മക്കളെ കൃപാസനത്തിൽ കത്തൊമെന്നു പ്രഖ്യാപിച്ചിരുന്നു, *'അവിടെ ഞാൻ നിനക്കു പ്രത്യക്ഷനായി കൃപാസനത്തിങ്കൽ നിന്നും ഞാൻ നിന്നോടു അരുളിച്ചെയ്തു.'* (പുറപ്പാട് 25:22)

ഇന്ന്, നമ്മുടെ പാപങ്ങൾക്കുവേിയർപ്പിക്കപ്പെട്ട യാഗം ചരിത്രത്തിന്റെ ഭാഗമാണ്. നമുക്കുവേി കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം ചൊരിയപ്പെട്ടു. അങ്ങനെ യേശുവിന്റെ മരണം മുഖാന്തരം ദൈവത്തോടു സംഭാഷിക്കുന്നതിനു നമുക്കു ജീവനുള്ള ഒരു പുതുവഴി തുറക്കപ്പെട്ടിരിക്കുന്നു. സകലബുദ്ധിയെയും കവിയുന്ന അവന്റെ മഹാ സ്നേഹം. *'കരുണ ലഭിപ്പാനും തത്സമയത്ത് സഹായ*

*ത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക*' (എബ്രായർ 4:16) എന്നു സന്തോഷത്തോടെ ഘോഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

**നാം അർഹിക്കുന്നത് ദൈവം നമുക്കു നല്കുന്നില്ല എന്നതാണ് കരുണ അർഥമാക്കുന്നത്. നാം അർഹിക്കാത്തത് ദൈവം നമുക്കു നല്കുന്നു എന്നാണ് കൃപ അർഥമാക്കുന്നത്. കരുണയും കൃപയുമുള്ള നമ്മുടെ ദൈവത്തോടുകൂടെ നടക്കുന്നതു എത്രയോ അത്ഭുതമാണ്!**

വീശുന്ന എല്ലാ കൊടുങ്കാറ്റുകളിൽനിന്നും
കഷ്ടങ്ങളുടെ നിരന്തര തിരമാലകളിൽനിന്നും
ശാന്തമായ ഒരു വിശ്രാമ സ്ഥാനമുണ്ട്
കൃപാസനത്തിനു കീഴിലാണ് അത് കണ്ടെത്തുന്നത്.

യേശു നമ്മുടെ ശിരസ്സിനെ ആനന്ദതൈലംകൊണ്ട്
അഭിഷേകം ചെയ്യുന്ന ഒരു സ്ഥാനമുണ്ട്
എനിക്കെത്രയോ മധുരമാണ് ആ സ്ഥാനം.
രക്തത്താൽ വിലെക്കു വാങ്ങപ്പെട്ട കൃപാസനമാണ് അത്.

ആത്മാക്കൾ യോജിച്ചു ചേരുന്ന ഒരു സ്ഥാനമുണ്ട്
സ്നേഹിതൻ സ്നേഹിതനോടു കൂട്ടായ്മ കണ്ടെത്തുന്ന സ്ഥാനം, ഏറെ അകലെയാണെങ്കിലും വിശ്വാസത്താൽ അവർ
ഒരേ കൃപാസനത്തിനു ചുറ്റും എത്തിച്ചേരുന്നു.

പരീക്ഷിതരായി നശിപ്പിക്കപ്പെട്ടവരായി പരിഭ്രാന്തരാകുമ്പോൾ
സഹായത്തിനു നമുക്കു എവിടേക്ക് ഓടുവാൻ കഴിയും?
കഷ്ടമനുഭവിക്കുന്ന വിശുദ്ധന്മാർക്കൊരു കൃപാസനം
ഇല്ലാതിരുന്നെങ്കിൽ?
നരകസൈന്യങ്ങൾ അവരെ തോല്പിക്കുമായിരുന്നു.
അവിടേക്ക്, അവിടേക്കു നാം കഴുകന്റെ ചിറകുകളിൽ
ഉയർന്നു പറക്കുന്നു; സമയമോ യുക്തിയോ ഇനിയില്ല,
നമ്മുടെ ആത്മാക്കളെ കണ്ടെത്തുവാൻ സ്വർഗ്ഗം
ഇറങ്ങിവരുന്നു
കൃപാസനത്തെ തേജസ്സ് കിരീടമണിയിക്കുന്നു.

എച്ച്. സ്റ്റൊവെൽ

**സജീവ കൂട്ടായ്മയും അശുദ്ധമനഃസാക്ഷിയും ഒരുമിച്ചു വസിക്കുകയില്ല.**

ഒരു കുടുംബത്തിൽ ജനിച്ച ഒരു ആൺകുട്ടി എന്നും ആ മാതാപിതാക്കളുടെ പുത്രൻ ആയിരിക്കും. അവൻ *'ജനിക്കാത്തവൻ'* ആയിരിക്കയില്ല. എന്നാൽ ആ ബാലൻ മത്സരിയായാൽ അവന്റെ മാതാപിതാക്കളോടുള്ള ആശയവിനിമയം നഷ്ടപ്പെടുന്ന സമയങ്ങൾ ഉാകും. ബന്ധം ഉാകും പക്ഷേ, കൂട്ടായ്മ വിഛേദിക്കപ്പെടുന്നു! അതൊരു ദുരന്തമാണ്.

നാം വീുംജനനം പ്രാപിച്ച നിമിഷം മുതൽ സ്വർഗസ്ഥനായ നമ്മുടെ പിതാവിനോട് ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. നാം കർത്താവായ യേശുക്രിസ്തുവിനെ ആത്മാർഥമായി സ്വീകരിച്ചിരിക്കുന്നു എങ്കിൽ നാം ദൈവത്തിന്റെ മക്കൾ ആയിത്തീർന്നു; നാം പാപം ചെയ്യുന്നു എങ്കിൽ നമ്മുടെ പിതാവിനോടുള്ള കൂട്ടായ്മ ഛേദിക്കപ്പെടുന്നു.

നമ്മുടെ അനുസരണക്കേടു നിമിത്തം, അതുവരെ നാം അനുഭവിച്ചു പോന്ന അവന്റെ മുഖ പ്രത്യാശയും പുഞ്ചിരിയും നമുക്കു ലഭിക്കാതെയാകുന്നു. സുതാര്യമായ കൂട്ടായ്മാഭംഗത്തിനു ദൈവം കാരണക്കാരനല്ല. അവനു കരുതലില്ലാത്തതു കൊുമല്ല അത് സംഭവിക്കുന്നത്. ആ ഭിന്നതയ്ക്കു കാരണം നമ്മുടെ അശുദ്ധ മനഃസാക്ഷിയാണ്. ദൈവത്തോടുള്ള കൂട്ടായ്മയിലെ ഏതൊരു നാശത്തിനും നാം തന്നെയാണ് കാരണക്കാർ.

**അശുദ്ധമനഃസാക്ഷി:** *'പാപം എന്നെ വേദപുസ്തകത്തിൽനിന്ന് അകറ്റും; വേദപുസ്തകം എന്നെ പാപത്തിൽ നിന്ന് അകറ്റും'* എന്നു ജോൺ ബനിയൻ പ്രസ്താവിച്ചിട്ടു്. ഒരു വ്യക്തി പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയും തന്റെ ജീവിതത്തിൽ ബോധപൂർവം പാപത്തെ സ്വീകരിക്കുകയും ചെയ്താൽ അവനു ദൈവവചനത്തിന്റെ വിശപ്പു നഷ്ടപ്പെടും. ദൈവത്തിന്റെ വചനത്തിലേക്കു തിരിയുന്ന ഒരു വിശ്വാസിക്കു സജീവവും പ്രതീക്ഷാ നിർഭരവുമായ വിശ്വാസം ഉായിരി

ക്കണമെങ്കിൽ ശുദ്ധമനഃസാക്ഷി ആവശ്യമാണ്. വേദപുസ്തകം പറയുന്നു: *'വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ സാധ്യമല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉ് എന്നും തന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നല്കുന്നു എന്നും വിശ്വസിക്കേതല്ലോ'* (എബ്രായർ11:6).

എന്നാൽ നാം നമ്മുടെ പാപങ്ങളെ അവഗണിച്ചു കൊിരുന്നാൽ, നാം വേദപുസ്തകം വായിക്കുമ്പോൾ നമ്മുടെ വിശ്വാസം കെട്ടുപോകും; എന്തെന്നാൽ നമ്മുടെ മനസ്സാഷക്ഷിയിൽ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാൻ സാധ്യമല്ല.

**ശുദ്ധമനഃസാക്ഷി:** പാപം ചെയ്തതിനു ശേഷം, ദൈവത്തോടുള്ള കൂട്ടായ്മ പുതുക്കുവാൻ നമ്മുടെ കുറ്റബോധമുള്ള പാപമനഃസാക്ഷിയെ ശുദ്ധീകരിക്കേതാണ്. ഈ കുറ്റബോധത്തിന്റെ ഭാരത്തിൽ നിന്നും വിടുതലുാകേതിനു വിശ്വാസി തന്റെ പാപത്തെ കർത്താവിനോട് ഏറ്റു പറയേതാണ്. അപ്പോസ്തലനായ യോഹന്നാൻ എഴുതി:

> നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹന്നാൻ 1:9).

എന്റെ ബൈബിളിൽ ഈ വേദഭാഗത്ത് എഫ്. ഡബ്ലിയു. ക്രുമ്മാക്കർ പ്രാർഥിച്ച ഒരു പ്രാർഥന ഞാൻ കുറിച്ചിട്ടു്. എന്റെ പാപത്തെയും വീഴ്ചയെയും കുറിച്ചു ഞാൻ ബോധവാനാകുമ്പോൾ ആ പാപങ്ങളെ ഞാൻ ദൈവത്തിന്റെ കൃപാസനത്തിന്റെ മുമ്പിൽ പേരെടുത്തു പറയും. എന്റെ സ്വന്തം ഏറ്റുപറച്ചിൽ എന്ന നിലയിൽ, ക്രുമ്മാക്കറിന്റെ പ്രാർഥന പറയുന്നു:

> എന്റെ ദൈവമായ കർത്താവേ, ഞാൻ അങ്ങേയ്ക്കു വിരോധമായി പാപം ചെയ്തു, ഞാൻ അതിൽ ദുഃഖിക്കുന്നു. ഞാൻ എന്നെത്തന്നെ വിധിക്കുന്നു. പാപപരിഹാര രക്തം എന്റെ

മനഃസാക്ഷിയിന്മേൽ തളിക്കേണമേ. അങ്ങ് എനിക്കു വേി സഹിച്ച കഷ്ടതകൾ, എന്റെ പാപങ്ങളുടെ പരിഹാരമായി വിശ്വാസത്താൽ ഞാൻ ഏറ്റെടുക്കുന്നു.

നാം ഒരുസമയത്തല്ല എല്ലാ പാപങ്ങളും ചെയ്യുന്നത് അതുകൊ് എല്ലാ പാപങ്ങളും എന്ന് നാം ഏറ്റുപറയാൻ ശ്രമിക്കരുത്. സകലപാപങ്ങളും ക്ഷമിക്കണമേ എന്നു ദൈവത്തോടു നാം അപേഷിക്കുന്നതിൽ, അനുതപിച്ചു ദൈവഹിതത്തിലേക്കു മടങ്ങിവരുന്ന ശ്രമത്തെക്കാൾ നമ്മുടെ നിഗളഹൃദയത്തിന്റെ പ്രതിഫലനമു്. സകലവും ഒരുമിച്ചുള്ള ഈ ഏറ്റുപറച്ചിൽ കുറ്റബോധത്തിൽനിന്നു മനഃസാക്ഷിയെ ശുദ്ധീകരിക്കുന്നതല്ല. പാപമാണെന്ന് അറിയുന്ന എതൊരു കാര്യവും പരിശുദ്ധാത്മാവു നമ്മെ ബോധ്യപ്പെടുത്തുമ്പോൾ ആ പാപത്തെക്കുറിച്ചു വേദപുസ്തകം പറഞ്ഞിട്ടുള്ള അതേ വാക്കുകൾ തന്നെ ഉച്ചരിച്ച് ആ അനുസരണക്കേടിനെ ഏറ്റുപറയണം. അല്ലാത്തപക്ഷം അതൊരു 'വെള്ളക്കളം' അല്ല, തികച്ചും കള്ളം തന്നെ ആയിരിക്കും. അശുദ്ധമനസ്സിൽ നിന്നുള്ള കൊലപാതകത്തിനടുത്ത വിദ്വേഷത്തിന്റെ വാക്കായിരിക്കും അത്.

കുറ്റബോധമല്ല യഥാർഥ കുറ്റം തന്നെയാണ് നമ്മുടെ പ്രശ്നം. ദൈവത്തിന്റെ പ്രകാശത്തിനു മുമ്പിൽ വരുമ്പോൾ മനഃശാസ്ത്രപരമായുള്ള വാക്കോ ഒഴികഴിവോ പാടില്ല. ദൈവത്തിന്റെ മുമ്പിൽ നിങ്ങൾ താഴ്മയോടും വിനയത്തോടും നിങ്ങളുടെ പാപത്തിന്റെ പേരു പറയുമ്പോൾ ദൈവം തന്റെ മഹാകരുണയിൽ നിങ്ങളുടെ ഏറ്റുപറച്ചിലിനോടു പ്രതികരിക്കും. അതാണ് ദൈവത്തിന്റെ അളവറ്റ കൃപ.

ദാവീദ് തന്റെ ഭയാനകമായ പാപം ഏറ്റു പറഞ്ഞു കഴിഞ്ഞപ്പോൾ 'ദൈവത്തിന്റെ കരുണയുടെ ബഹുത്വപ്രകാരം' (സങ്കീർത്തനം 51:1) സന്തോഷിക്കുന്നു. ദാവീദ് തകർന്ന ഹൃദയത്തോടെയും സത്യസന്ധതയോടെയുമാണ് ഏറ്റു പറഞ്ഞത് എന്നു 51–ാം സങ്കിർത്തനമെന്ന വേദപുസ്തകരേഖ കാണി

ക്കുന്നു. അവൻ തന്റെ മാനസാന്തരത്തിൽ സത്യസന്ധനായിരുന്നു. നിങ്ങൾ ദൈവത്തിന്റെ വഴിക്കുപകരം സ്വന്തവഴി തിരഞ്ഞെടുത്തു എന്നും ദൈവത്തിന്റെ വിശുദ്ധവഴിയിലേക്കു തിരിഞ്ഞുവരാൻ ആഗ്രഹിക്കുന്നു എന്നും നിങ്ങൾ അനുതപിക്കുകയും ഏറ്റുപറയുകയും ചെയ്താൽ ദൈവത്തിന്റെ കരുണയുടെ വെളിച്ചത്തിൽ നിങ്ങൾക്കു സന്തോഷിക്കുവാൻ കഴിയും. നിങ്ങളുടെ ബോധപൂർവമായ പാപത്തെ പേരുപറഞ്ഞ് ദൈവത്തിന്റെ മുമ്പിൽ ഏറ്റു പറയണം. വിശുദ്ധനായ ദൈവത്തോട് ഒരിക്കൽ കൂടെ കൂട്ടായ്മ ലഭിക്കേതിന് അപ്പോൾ മാത്രമേ നിങ്ങളുടെ മനഃസാക്ഷി ശുദ്ധീകരിക്കപ്പെടുകയുള്ളൂ.

സ്നേഹിതനായ ദൈവത്തിന്റെ കരുണയിൽ നിങ്ങളുടെ മനസ്സാക്ഷി ശുദ്ധീകരിക്കപ്പെട്ടതിനുശേഷം, നിങ്ങൾക്കു പ്രാർഥനയിൽ പുതിയ ധൈര്യമുാകുന്നു എന്നു നിങ്ങൾ തിരിച്ചറിയും.

> അതുകൊ് സഹോദരന്മാരേ,... തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും നമുക്കുള്ളതുകൊ്... നാം... ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരായി വിശ്വാസത്തിന്റെ പൂർണ നിശ്ചയം പൂു പരമാർഥ ഹൃദയത്തോടെ അടുത്തുചെല്ലുക (എബ്രായർ 10:19–22).

അതേ, ദൈവത്തിന്റെ മുമ്പിൽ യഥാർഥ ധൈര്യവും ശുദ്ധ മനഃസാക്ഷിയിൽനിന്നും പ്രവർത്തിക്കേതാണ്. സന്തോഷവും പരമാർഥതയുള്ളതുമായ ഒരു ഹൃദയത്തിൽനിന്നു ധൈര്യപൂർവമായ വിശ്വാസമുാകും; ദൈവത്തോടുള്ള സമ്പൂർണ കൂട്ടായ്മ ആസ്വദിക്കുന്നതിന് ഇത് ആവശ്യമാണ്. നിങ്ങളുടെ ഹൃദയം ശുദ്ധമാകുന്നു എന്നു നിങ്ങൾ ഗ്രഹിക്കുമ്പോൾ, പഴയ പാപത്തിന്റെ കീഴടക്കുന്ന ഓർമ്മ നിങ്ങളുടെ മനസ്സാക്ഷിയെ അസ്വസ്ഥമാക്കുകയില്ല. പക്ഷേ, സാത്താൻ നിങ്ങളെ കുറ്റപ്പെടുത്തുവാൻ ശ്രമിച്ചേക്കാമെങ്കിലും അവന്റെ ശക്തമായ ആക്രമണങ്ങളെ തകർക്കുവാൻ – ദൈവത്തിന്റെ മറുപടി – യേശുവിന്റെ വിലയേറിയ രക്തത്തിൻ ശക്തി തന്നെ നിങ്ങൾക്ക് ഉപയോഗിക്കാം. വെളിപ്പാടുപുസ്തകത്തിൽ,

ദൈവം ക്ഷമിച്ചുകഴിഞ്ഞ പാപങ്ങളെക്കുറിച്ചു സാത്താൻ വിശുദ്ധന്മാരെ അപവാദം പറയുമ്പോൾ അവർ കർത്താവിന്റെ വിലയേറിയ രക്തത്തിൻ ശക്തി മനസ്സിലാക്കിയിരുന്നു. *'വിശുദ്ധന്മാർ അവനെ (അപവാദിയെ) കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടു ജയിച്ചു'* (വെളിപ്പാട് 12:11) എന്നു എഴുതിയിരിക്കുന്നു. ശുദ്ധീകരിക്കപ്പെട്ട മനസ്സാക്ഷിയുടെ അനുഗ്രഹം ആസ്വദിക്കുകമാത്രമല്ല, അസ്വസ്ഥമാകാത്ത മനസ്സാക്ഷിയുടെ രഹസ്യം അവർ ഗ്രഹിക്കുകയും ചെയ്തു: ഹല്ലേലുയ്യ!

## സജീവ കൂട്ടായ്മയും തെറ്റായ മനോഭാവവും ഒരുമിച്ചു പോകുകയില്ല

ദൈവത്തിന്റെ വചനമെന്ന പോഷകപ്പാൽ ആളുകൾ ആഗ്രഹിക്കാതിരിക്കുന്നതിന് ഗൂഢമായ ഒരു കാരണമുായിരിക്കും. നിങ്ങളുടെ വിശപ്പു നഷ്ടപ്പെടുത്തുന്ന ഏതെങ്കിലും രോഗം നിങ്ങൾക്ക് എപ്പോഴെങ്കിലും ഉായിട്ടുോ? ഭക്ഷണം എത്ര രുചികരമായിരുന്നാലും അത് ഭക്ഷിക്കുന്നതിനു നിങ്ങൾ താല്പര്യപ്പെടുകയില്ല. നിങ്ങൾ രോഗിയായിരിക്കുമ്പോൾ രുചികരമായ ഭക്ഷണം നിങ്ങളെ ആകർഷിക്കാതിരിക്കുന്നതുപോലെ തെറ്റായ മനോഭാവം നിങ്ങളുടെ ആത്മീയ വിശപ്പിനെ നഷ്ടപ്പെടുത്തിയിരിക്കുന്നു എങ്കിൽ വേദപുസ്തകം നിങ്ങൾക്ക് അശേഷം ആകർഷകമാകയില്ല.

വചനം എന്ന മായമില്ലാത്ത (പോഷകമുള്ള) പാൽ കുടിക്കുന്നതിനു വാഞ്ഛിപ്പിൻ (1പത്രൊസ് 2:2) എന്നു പത്രൊസ് ഉത്സാഹിപ്പിക്കുന്നു എങ്കിലും ദൈവത്തിന്റെ പോഷകം സ്വീകരിക്കുന്നതിനുള്ള നമ്മുടെ ആഗ്രഹത്തെ സാധിപ്പിക്കുന്ന മനോഭാവങ്ങളെക്കുറിച്ചു അപ്പോസ്തലൻ മുന്നറിയിപ്പു നല്കുന്നു. ഈ പോഷണത്തെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളോടു ഇടപെടുന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ – ദൈവത്തോടുകൂടെ *ഏകാന്ത സമയം.* ആത്മീയ വിശപ്പിനെ തടസ്സപ്പെടുത്തുന്ന സകലത്തെയും നീക്കിക്കളയണം. ആരോഗ്യപൂർണമായ വിശപ്പുാകണമെങ്കിൽ ആരോഗ്യരഹിതമായ

മനോഭാവത്തിനു സമൂല മാറ്റം വരണം. മറ്റൊരുതരത്തിൽ പറഞ്ഞാൽ മാനസാന്തരപ്പെടുക!

> ആകയാൽ സകല **ദുഷ്ടത**യും എല്ലാ **ചതി**യും **വ്യാജഭാവവും അസൂയ**യും എല്ലാ **നുണ**യും നീക്കിക്കളഞ്ഞ്, രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രൊസ് 2:1–2).

ആദ്യം പറഞ്ഞിരിക്കുന്ന ആത്മീയരോഗങ്ങൾ–അവ നമ്മുടെ ആത്മീയ വിശപ്പിനെ ഇല്ലാതാക്കുന്നതാണല്ലോ– സൗഖ്യമാകാതെ വചനമെന്ന മായമില്ലാത്തപാൽ കുടിക്കുന്നതിനുള്ള വാഞ്ഛ നമുക്കുാകയില്ല എന്നു തിരുവെഴുത്തു ശക്തമായി പറയുന്നു. ഇവ നമുക്കു ഒരോന്നായി പരിശോധിക്കാം.

**ദുഷ്ടത:** മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറി എന്നതിനെക്കുറിച്ചുള്ള കോപമോ വിദ്വേഷമോ ആകുന്നു അത് – ക്ഷമിക്കാത്ത ആത്മാവു നമുക്ക്.

റാവൻസ്ബ്രക് നാസി തടങ്കൽപാളയത്തിലെ കുപ്രസിദ്ധമായ വംശനശീകരണ കേന്ദ്രത്തിൽ കോറി ടെൻ ബൂം (Corrie Ten Boom) അവിശ്വസിനീയമായ കഷ്ടപ്പാടുകളാണ് അനുഭവിച്ചത്. ആ ക്യാമ്പിലെ മനുഷ്യരഹിതമായ നിരന്തര പീഡനം നിമിത്തം, തന്റെ വിശുദ്ധമതിയായ പ്രിയപ്പെട്ട സഹോദരിയുടെ ജീവിൻ പൊലിയുന്നത് നേരിൽ കാണുവാനിടയായത് അവർക്കു സഹിക്കാവുന്നതിലധികം ഭയാനകമായിരുന്നു. ഈ കൊടും ക്രൂരതകൾക്ക് ഉത്തരവാദികളായ ഗാർഡുകളോടു താൻ ക്ഷമിച്ചതിനെക്കുറിച്ചു കോറി ടെൻ ബൂം ഇപ്രകാരം സാക്ഷ്യം പറഞ്ഞിട്ടു്:

**ക്ഷമിക്കുക എന്നത് ഇച്ഛയുടെ (മനസ്സിന്റെ) ഒരു പ്രവൃത്തിയാണ്; ഹൃദയത്തിന്റെ ഊഷ്മാവു പരിഗണിക്കാതെ മനസ്സിനു പ്രവർത്തിക്കാൻ കഴിയും.**

നിങ്ങൾ വേറൊരാളിൽ നിന്നും എത്ര ഭയങ്കരമായി സഹിക്കേി വന്നിട്ടുെങ്കിൽ പോലും, അവരോടു ക്ഷമിക്കാത്ത ഒരു ആത്മാവു നിങ്ങൾക്കു് എങ്കിൽ നിങ്ങൾ ക്ഷമി

ക്കാതിരിക്കുന്നത് അവരെ ദോഷപ്പെടുത്തുകയില്ല. അത് നിശ്ച യമായും നിങ്ങളുടെ ആത്മീയ ജീവിതത്തെ തടസ്സപ്പെടുത്തും! അങ്ങനെയുള്ളവരോടു ക്ഷമിക്കുവാൻ നിങ്ങൾ മനസ്സുവെക്കു ന്നതുവരെ, അങ്ങനെയുള്ള ഒരു വ്യക്തിയോടു നിങ്ങൾ ബന്ധ നത്തിൽ ആയിരിക്കും. ക്ഷമിക്കുമ്പോൾ മാത്രമേ, *'ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കണമേ ഞങ്ങളോടു കടംപെ ട്ടിരിക്കുന്ന ഏവരോടും ഞങ്ങളും ക്ഷമിക്കുന്നു'* (ലൂക്കൊസ് 11:4) എന്ന കർത്താവിന്റെ പ്രാർഥന ചൊല്ലുവാൻ നമുക്ക് കഴി യുകയുള്ളൂ. നിങ്ങളുടെ ഹൃദയത്തിൽ ക്ഷമിക്കാത്ത ഒരു ആത്മാവുണ്ടെങ്കിൽ, നിങ്ങൾ ദൈവത്തോടുകൂടെ തനിയെ സമയം ചെലവഴിക്കുമ്പോൾ ആ വ്യക്തിയോടോ വ്യക്തിക ളോടോ ക്ഷമിക്കുക. അപ്പോൾ യാതൊരു കാപട്യവും കൂടാതെ അവരോടു ദൈവത്തിന്റെ സ്നേഹം പ്രതിഫലിപ്പിക്കുവാൻ നിങ്ങൾക്കു കഴിയും!

**ചതിവ്:** നമ്മുടെ പാപം ഏറ്റു പറയാതെ നമ്മുടെ വീഴ്ചയെ മറക്കുന്നതോ ന്യായീകരിക്കുന്നതോ ആണ് ഇത്. സത്യസ ന്ധതയില്ലാതെ കാപട്യം കാണിച്ചുകൊ് ജീവിക്കുന്ന രീതി.

**വ്യാജഭാവം:** നാം അല്ലാത്തത് എന്തോ ആരോ ആണെന്നു ഭാവിച്ചു തെറ്റായി പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കുന്നതാണ് വ്യാജഭാവം. ശുശ്രൂഷകനിൽ നിന്നോ മാതാപിതാക്കളിൽ നിന്നോ, സ്നേഹിതനിൽ നിന്നോ ജോലിസ്ഥലത്തുനിന്നോ അംഗീകാരത്തിനുള്ള ആഗ്രഹം വാസ്തവത്തിൽ വ്യാജമാണ്.

**അസൂയ:** മറ്റൊരാൾക്കു ലഭിച്ച അനുഗ്രഹങ്ങളിൽ ആത്മാർഥ മായി സന്തോഷിക്കാതെ സംശയത്തോടെ വീക്ഷിക്കുന്നത്. മറ്റൊരാൾക്കുള്ളതിനെ മോഹിക്കുന്നതാണ്.

**നുണ:** മറ്റൊരാളിനെ മുറിവേല്പിക്കുന്നതിനോ അപകീർത്തി പ്പെടുത്തുന്നതിനോ നമ്മുടെ നാവിനെ ഉപയോഗിക്കുന്നത്; മറ്റൊരാളിനെ അപമാനിക്കുന്ന ഒരു കാര്യം കേൾക്കുന്നതിനു നമ്മുടെ ചെവിചായിക്കുന്നത്; മറ്റൊരാളിന്റെ ജീവിതത്തിലെ പാപങ്ങളെ ചൂിക്കാണിച്ച്, നമ്മുടെ സ്വന്തം കുറ്റം കുറച്ചു കാണിക്കാൻ ശ്രമിക്കുന്നത്.

വചനത്താൽ പോഷിപ്പിക്കപ്പെടണമെന്ന് നാം യഥാർഥമായി ആഗ്രഹിക്കുന്നു എങ്കിൽ മേല്പറഞ്ഞ കാര്യങ്ങൾ നാം ഉപേക്ഷിക്കേ താണ്. പാൽകുടിക്കേ സമയമാകുമ്പോൾ ഒരു നവജാത ശിശുവിനെ പാൽകുടിക്കാൻ പ്രേരിപ്പിക്കേി വരികയില്ല എന്നതുപോലെ, നിങ്ങൾക്കു വേദപുസ്തകം തുറക്കുന്നതിന് അവസരം ലഭിക്കുമ്പോൾ 'വളരുവാൻ നിങ്ങൾ മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിക്കും' (1പത്രോസ് 2:2).

**ജീവനുള്ള കൂട്ടായ്മ സ്വയകേന്ദ്രീകൃത ജീവിതവുമായി ഒരുമിച്ചു പോകാൻ സാധ്യമല്ല.**

അനേക വർഷങ്ങളായി ജപ്പാനിൽ പ്രവർത്തിക്കുന്ന ഒരു മിഷിനറി വനിതയുടെ ഒരു കത്ത് അടുത്തയിടെ എനിക്കു ലഭിക്കുകയുായി. മറ്റധികം പേർക്കു ചെന്നെത്തുവാൻ കഴിയാത്ത ഉന്നത ഗവൺമെന്റ്, നയതന്ത്ര തലങ്ങളിലുള്ളവരുടെ മധ്യത്തിലാണ് അവർ ശുശ്രൂഷിക്കുന്നത്. അവർ എഴുതി:

> നാൾതോറും തന്നെത്താൻ ത്യജിച്ചു, ക്രൂശ് വഹിക്കണം എന്ന ഉപദേശത്തിന് എന്തു സംഭവിച്ചു? ക്രിസ്തീയ ജീവിതത്തെ സംബന്ധിച്ചു പുസ്തകങ്ങൾ തിരഞ്ഞപ്പോൾ ഒരു കാര്യം എന്റെ ശ്രദ്ധയിൽ വന്നു. കഴിഞ്ഞ ഇരുപതിലധികം വർഷങ്ങളായി ഞാൻ ശേഖരിച്ച പുസ്തകത്തിലെ അധികം വിഷയങ്ങൾ '*നിങ്ങൾ തന്നേ ചെയ്ത്*' ക്രിസ്തീയ ജീവിതം അഭിവൃദ്ധിപ്പെടുത്തുക എന്ന ചിന്താഗതിയുള്ളവയാണ്. എന്നാൽ എന്റെ ആദ്യകാല ക്രിസ്തീയ ജീവിതത്തിലെ പുസ്തകങ്ങൾ. സ്വയം ത്യജിക്കുക, ദിനംതോറും ക്രൂശ് എടുക്കുക, വിശുദ്ധ ജീവിതം നയിക്കുക, ക്രിസ്തുവിൽ വസിക്കുക, എന്നിലൂടെ അവനെ ജീവിക്കാൻ അനുവദിക്കുക എന്നീ വിഷയങ്ങളെക്കുറിച്ചുള്ളവയായിരുന്നു. ആ പഠിപ്പിക്കലുകൾ ക്രമേണ അപ്രത്യക്ഷമാകുകയാണോ? അതോ, ഞാൻ സങ്കല്പിക്കുന്നതാണോ?
>
> ഹോങ്ങ് കോങ്ങിലെ ഒരു ചൈനീസ് നേതാവ് ഇതു തന്നെയാണ് എഴുതിയിരിക്കുന്നത്. പാശ്ചാത്യലോകത്തിലും സ്വതന്ത്രരാജ്യങ്ങളിലും യേശുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേറിയ വിജയത്തിനു സഭ പ്രാധാന്യം നല്കുന്നതായി ഞാൻ

കാണുന്നു. ആ ബന്ധമാണ് അവർ ആഗ്രഹിക്കുന്നത്. വിജയം, സമൃദ്ധി, ഉയിർത്തെഴുന്നേറ്റ പുത്രന്റെ നന്മകൾ ഇവ അവർ ആഗ്രഹിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവങ്ങളുമായി ആർക്കും കൂട്ടായ്മയില്ല. എന്നാൽ ഇതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഏഷ്യൻ സഭകളിൽ ഞാൻ കാണുന്നത്; വിശിഷ്യ, നിയന്ത്രണങ്ങളും നിരോധനങ്ങളുമുള്ള സ്ഥലങ്ങളിൽ അതാണ് അനുഭവം. ഈ വിശ്വാസികൾക്കു കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയാണ് ഏറ്റവും വലിയ പ്രതിഫലവും പദവിയും.

## അവന്റെ മരണത്തോട് അനുരൂപപ്പെടുക

അപ്പോസ്തലനായ പൗലൊസ് ഇങ്ങനെ പ്രാർഥിച്ചു:

*'അവന്റെ (യേശുക്രസ്തുവിന്റെ) മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേതിനും'* (ഫിലിപ്പിയർ 3:10,11).

കർത്താവായ യേശുക്രിസ്തുവിനോടു കൂട്ടായ്മ ആഗ്രഹിച്ച പൗലൊസിന്റെ വലിയ വാഞ്ഛ, *'രുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കാമോ?'* (ആമോസ് 3:3) എന്ന ആമോസിന്റെ വാക്കുകൾ കൂടുതൽ അർഥവത്താകുന്നു. യേശുവിന്റെ പുനരുത്ഥാന ശക്തിയിൽ നടക്കുവാൻ നാം ആഗ്രഹിക്കുന്നു എങ്കിൽ നാം അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയുടെ പങ്കാളികൾ ആകേതാണ്. പകുതി യോജിപ്പ് യോജിപ്പേയല്ല!

മറ്റൊരു ഭാഗത്ത്, സ്നേഹം അതിന്റെ അളവിൽ തിരിച്ചുലഭിക്കാതിരിക്കുമ്പോഴുള്ള തന്റെ വേദനയെക്കുറിച്ചു പൗലൊസ് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക: സ്വന്തം വിശ്വാസികൾ പൗലൊസിന്റെ അപ്പോസ്തൊലിക അധികാരത്തെ നിഷേധിക്കുന്നവരായി. *'ഞാൻ അതി സന്തോഷത്തോടെ നിങ്ങളുടെ ജീവനു വേി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും ഞാൻ നിങ്ങളെ അധികമായി സ്നേഹിച്ചാൽ നിങ്ങൾ*

*എന്നെ അല്പമായി സ്നേഹിക്കുന്നുവോ?'* (2 കൊരിന്ത്യർ12:15). പൗലൊസ് യഥാർഥ സ്നേഹത്തെ ഇപ്രകാരം അപഗ്രഥിച്ചിരിക്കുന്നു. *'സ്നേഹം ദീർഘമായി ക്ഷമിക്കയും; സ്വാർഥം അന്വേഷിക്കുന്നില്ല'* (1കൊരിന്ത്യർ 13:4,5) ദീർഘമായി ക്ഷമിക്കുകയും സ്വാർഥം അന്വേഷിക്കാതിരിക്കയും ചെയ്യുന്ന പരിശുദ്ധ സ്നേഹം കർത്താവായ യേശുക്രിസ്തുവിൽ മൂർത്തീകരിച്ചിരിക്കുന്നു. സ്നേഹമില്ലാത്ത ഒരു ലോകത്തിൽ കർത്താവായ യേശു വന്നപ്പോൾ, അവൻ മനുഷ്യരൂപത്തിൽ ദൈവത്തിന്റെ സ്നേഹത്തെ പ്രദർശിപ്പിച്ചു. അവന്റെ പ്രവൃത്തികൾ, അവന്റെ വാക്കുകൾ, അവന്റെ ആന്തരികചിന്തകൾ, തന്റെ പിതാവിന്റെ ഹിതം നിവർത്തിക്കുന്നതിനുള്ള അവന്റെ സമ്പൂർണ സമർപ്പണം ഇവയെല്ലാം ഒരിക്കലും സ്വയാധിഷ്ഠിതമല്ലാത്ത മഹൽ സ്നേഹത്തിന്റെ ചിത്രങ്ങളായിരുന്നു. മറ്റുവാക്കുകളിൽ, അവന്റെ ജനനം മുതൽ ക്രൂശീകരണം വരെ, തന്റെ മാനുഷികപരിപൂർണത വ്യക്തിപരമായ നേട്ടങ്ങൾക്കു കർത്താവായ യേശു ഉപയോഗിച്ചിട്ടില്ല.

അതിൻപ്രകാരം ഭൂമിയിൽ തന്റെ മുപ്പത്തിമൂന്നു വർഷത്തെ ജീവിതത്തിൽ മറ്റുള്ളവരുടെ നന്മയ്ക്കായി കർത്താവായ യേശു തുടർച്ചയായി തന്റെ ജീവൻ വെച്ചുകൊടുത്തിരുന്നു (1 യോഹ.3:16). അവൻ ക്രൂശിലെ മഹാവ്യഥയെ അഭിമുഖീകരിച്ചു.

*'പെസഹാപെരുന്നാളിനു മുമ്പേ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു'* (യോഹന്നാൻ 13:1).

അതെ, അവന്റെ സ്നേഹം **ദീർഘമായി ക്ഷമിച്ചു**, നാം വാസ്തവമായി നമ്മുടെ രക്ഷകനുമായി കൂട്ടായ്മ ആഗ്രഹിക്കുന്നു എങ്കിൽ, നമ്മുടെ ഹൃദയത്തെ പരിശോധിക്കുന്ന ഈ ചോദ്യം ചോദിക്കേതാണ്:

**ദൈവം എനിക്കു നല്കിയ ജീവിത നന്മകൾ എന്റെ സ്വന്ത ഗുണത്തിനും അഭിവൃദ്ധിക്കും വേിയാണോ ഞാൻ ഉപ യോഗിക്കുന്നത്? മറ്റുള്ളവർക്കുവേി, യഥാർഥമായ സ്നേ ഹത്തിൽ എന്റെ ജീവൻ വെച്ചു കൊടുക്കുവാൻ ഞാൻ ഒരുക്കമാണോ? അതിൽ, ഞാൻ കഷ്ടമനുഭവിക്കേി വന്നാലും അത് ചെയ്യുവാൻ എനിക്കു മനസ്സുോ?**

അതെ, *'ഞാൻ മുമ്പേ'* എന്ന ആധുനിക തലമുറയിൽ നിന്നും എത്രയോ വ്യത്യസ്തമാണ് ദൈവത്തിന്റെ സ്നേഹം! മറ്റുള്ളവരുടെ നന്മയെക്കാൾ എന്റെ നന്മയാണ് പ്രധാനം എന്നത്രേ ഇന്നത്തെ തലമുറ ചിന്തിക്കുന്നത്. സ്വാർഥതയെ ആരാധിക്കുന്നത് ഒരു അന്ത്യകാല ലക്ഷണമായി തിരുവെ ഴുത്തുകളിൽ പറഞ്ഞിട്ടു്. *മനുഷ്യർ സ്വസ്നേഹികളും ദൈവ പ്രിയമില്ലാതെ ഭോഗപ്രിയരും (2 തിമൊഥയൊസ് 3:1,4) ആയി രിക്കുന്നു.* 'ഉന്നതമായ ആത്മീയ സൗന്ദര്യത്തിലേക്കുള്ള പാത യിൽ സ്വസ്നേഹത്തിന്റെ മുറിവേറ്റ പാദങ്ങളിൽനിന്നു വീണ രക്തത്തുള്ളികൾ കാണപ്പെടും' എന്നു അലക്സാർ മക്ലാറൻ പറഞ്ഞിട്ടുള്ളതിൽ അത്ഭുതമില്ല.

പാപം പ്രവൃത്തിയിലായാലും ചിന്തയിലായാലും നമുക്കു പരമ്പരാഗതമായി ലഭിച്ച സ്വയബോധത്തിലും സ്വയകേന്ദ്രീകൃതത്തിലും കാണപ്പെടുന്നു. *'എന്റെ അവകാ ശത്തെ എനിക്കുവേി പിടിച്ചുവാങ്ങാനുള്ള ശ്രമം'* എന്നാണ് ഈ സ്വാർഥതയ്ക്ക് ഓസ്വാൾഡ് ചേമ്പേഴ്സ് നിർവചിച്ചിരി ക്കുന്നത്. അത് മാന്യതയുടെ സന്മാർഗികതയിൽകൂടെ ലഭ്യ മാകുന്നതോ അസന്മാർഗികതയിലൂടെ ലഭ്യമാകുന്നതോ – ഏതായാലും ഒരു പോലെ അപകടകരമാകുന്നു എന്നും അദ്ദേഹം പറയുന്നു. മോഷണം, ചൂഷണം എന്നിവയുടെ സ്വാർഥതയെയും അപമര്യാദയെയും അപലപിക്കുക എളുപ്പ മാണ്; അതുപോലെ മനുഷ്യന്റെ പാപപൂർണമായ സ്വയകേന്ദ്രീകരണം വളരെ ഗൂഢമാർഗങ്ങളിൽ പ്രത്യക്ഷപ്പെ ടുന്നു്.

സകല ഗാർഹിക പ്രശ്നങ്ങളിലും സാമൂഹ്യ സംഘർഷങ്ങളിലും പല സഭാ പ്രശ്നങ്ങളുടെ ഉള്ളിൽപ്പോലും എന്റെ അവകാശം, എനിക്ക് എന്നതു കാണാം – എന്റെ സമയം, എന്റെ ആഗ്രഹം, എന്റെ ഇഷ്ടം ഇവ പ്രകടമാകുന്നു. നിസ്വാർഥമായ ദൈവസ്നേഹത്തെ പ്രതിഫലിപ്പിക്കാത്ത ഏതൊരു മനുഷ്യനിലും അന്തർലീനമായിരിക്കുന്നത് സ്വാർഥതയുടെ പ്രതിഫലനമാണ്.

## എന്റെ സ്വർഗീയ വീക്ഷണം

സ്വയകേന്ദ്രീകൃതത്തെ തിരിച്ചറിയുന്നതിനുള്ള ഒരേയൊരു മാർഗം. ദൈവത്തിന്റെ വീക്ഷണത്തിൽ നമ്മെ നോക്കുക എന്നതാണ്. കൊലൊസ്യസഭയിലെ ജനത്തിനു പൗലൊസ് നല്കിയ ലേഖനം ജെ.ബി. ഫിലിപ്പ്സ് തന്റെ പുതിയ സഭകൾക്കുള്ള കത്തുകൾ എന്ന പുസ്തകത്തിൽ ഇപ്രകാരം പരാവർത്തനം ചെയ്തിട്ടു്:

> നിങ്ങൾക്ക് ആത്മീയ ഉൾക്കാഴ്ചയും തിരിച്ചറിവും ലഭിച്ചിട്ടു, വസ്തുതകൾ ദൈവത്തിന്റെ വീക്ഷണത്തിൽ മനസ്സിലാക്കാൻ കഴിയേതിനു, നിങ്ങൾ ദൈവത്തോടു അപേക്ഷിക്കുക (കൊലൊ.1:9).

നാം പൗലൊസിന്റെ മാതൃക പിൻതുടർന്നുകൊ് നമ്മുടെ ആത്മീയ ദൃഷ്ടികൾ തുറക്കുവാൻ ദൈവത്തോടു പ്രാർഥിക്കുമ്പോൾ മാത്രമേ നമ്മുടെ വ്യക്തിഗത ജീവിതത്തിന്റെ യഥാർഥ സാഹചര്യങ്ങൾ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയുള്ളൂ. നമ്മുടെ സ്വയം കേന്ദ്രീകൃതാവസ്ഥയിൽ നിന്നല്ല, ദൈവത്തിന്റെ സ്വർഗീയ വീക്ഷണത്തിൽ അത് കാണേതാണ്. അപ്പോൾ നമുക്കു ദൈവത്തിന്റെ ആത്മീയ പ്രിസത്തിലൂടെ അഥവാ ത്രിമൂർഛ കണ്ണാടിയിലൂടെ നമ്മുടെ ജീവിതത്തെ വീക്ഷിക്കുവാൻ കഴിയും.

ഡോറോത്തിയുടെയും എന്റെയും ദീർഘകാല സുഹൃത്തായ മിസ്സിസ് സൈലൻസ്, സ്വർഗീയ വീക്ഷണത്തിൽ പ്രാർത്ഥനയോടും അനുസരണത്തോടുംകൂടെ ഒരു കുടുംബ പ്രതിസന്ധിയെ അഭിമുഖീകരിച്ചതിനാൽ ഒരു രാത്രി വളരെ

ആശ്വസിപ്പിക്കപ്പെട്ടു. രാത്രി രുമണിക്ക് ഒരു ടെലിഫോൺ സന്ദേശം അവളെ ഉണർത്തി. *'ഇന്നു രാത്രി നിങ്ങളുടെ കാർ ഓടിച്ചിരുന്നത് ആരാണെന്നു നിങ്ങൾക്ക് അറിയാമോ?'* – എന്ന് ഒരു പോലീസ് ഉദ്യോഗസ്ഥൻ ചോദിച്ചു. *'അതേ, എന്റെ രു ആൺമക്കൾ ഒരു യുവജന ബൈബിൾ കോൺഫറൻസിൽനിന്നു കാറിൽ വീട്ടിലേക്കു മടങ്ങിവരികയാണ്!'* എന്ന് അല്പം ഭയത്തോടെ അവൾ മറുപടി പറഞ്ഞു. *'നിങ്ങളോടു ദുഃഖകരമായ ഈ വാർത്ത ഞാൻ അറിയിക്കട്ടെ, കാറിന്റെ ഡ്രൈവർ ഉറങ്ങിപ്പോയി. റോഡരികിലെ ഒരു മരത്തിൽ കാറിടിച്ചു കുരുങ്ങി കാർ ഡ്രൈവർ മരിച്ചുപോയി; മറ്റേ യുവാവ് ജീവിക്കുമോ എന്നു പ്രതീക്ഷയ്ക്കു വകയില്ല.'* ഞെട്ടിപ്പിക്കുന്ന ഈ വാർത്ത, പരിഭ്രാന്തിയിൽ മനസിനെ സ്തബ്ധമാക്കി. എല്ലായ്പ്പോഴും അതിവാത്സല്യത്തോടെ മക്കളെ സ്നേഹിച്ച സ്ത്രീയായിരുന്നു ഈ മാതാവ്.

ഫോൺ താഴെ വച്ചിട്ട് മിസ്സിസ് സൈലൻസ് തന്റെ സ്വർഗസ്ഥനായ പിതാവിനോടു നിലവിളിച്ചു: *'ഓ ദൈവമേ, ഇതുപോലെയുള്ളൊരു സമയത്ത് ഒരു അമ്മ എന്താണ് ചെയ്യുന്നത്?'* ഭാഗ്യവശാൽ, വേദപുസ്തകമനുസരിച്ചു ചിന്തിക്കുന്നതിനും പ്രാർഥിക്കുന്നതിനും അവൾ പഠിച്ചിരുന്നു. തനിക്കപ്പോൾ ചിന്തിക്കുവാൻ കഴിഞ്ഞത്, *'എല്ലാറ്റിനും സ്തോത്രം ചെയ്വിൻ'* (1 തെസ്സ. 5:18) എന്ന വചനം മാത്രമായിരുന്നു എന്ന് അവൾ പിന്നീടു ഞങ്ങളോടു പറയുകയുായി. മിസ്സിസ് സൈലൻസ് കർത്താവിനോടു സംസാരിച്ചു: *'എങ്കിലും കർത്താവേ, എന്റെ ഹൃദയം സ്തോത്രം നിറഞ്ഞതല്ല, നന്ദിയുള്ളതുമല്ല എന്ന് അങ്ങ് അറിയുന്നുവല്ലോ. എന്റെ ഹൃദയം വിറങ്ങലിച്ചും ഞെട്ടിയും ശൂന്യവുമായിരിക്കുന്നു; പക്ഷേ, ഈ പ്രതിസന്ധിയുടെ രാത്രിയിൽ ഞാൻ അങ്ങയുടെ കല്പന അനുസരിക്കും. ഞാൻ അനുസരിക്കുമ്പോൾ, എന്റെ ഹൃദയത്തിൽ അങ്ങ് ഒരു അത്ഭുതം പ്രവർത്തിക്കണമേ. ഞാൻ അങ്ങയെ അനുസരിക്കയും അങ്ങേക്കു സ്തോത്രം ചെയ്യുകയും ചെയ്യു*

*മ്പോൾ അതിനെ യാഥാർഥ്യമാക്കേണമേ. എന്തെന്നാൽ ഈ ദുരന്ത നാഴികയിൽ ഞാൻ അശേഷം നന്ദിയുള്ളവളായി കാണപ്പെടുന്നില്ല.'* ഈ വിധത്തിൽ മിസ്സിസ് സൈലൻസ് തന്റെ വിശ്വാസം പ്രവർത്തിപ്പിക്കയും പ്രാർഥിക്കുവാൻ ആരംഭിക്കുകയും ചെയ്തു.

*'പിതാവേ, അങ്ങു ആരായിരിക്കുന്നുവോ അതിനായി സ്തോത്രം'* എന്ന് അവൾ ആദ്യം പറഞ്ഞപ്പോൾ അവളുടെ സ്തബ്ധ ഹൃദയം വിറങ്ങലിച്ച് ഒഴിഞ്ഞുതന്നെയിരുന്നു എന്ന് ഈ വ്രണിത ഹൃദയിയായ മാതാവ് എന്നോടു പറഞ്ഞു. എങ്കിലും, അവൾ വിശ്വാസത്തോടെ സ്തോത്രം പറയുന്നതു തുടർന്നുകൊിരുന്നപ്പോൾ പരിശുദ്ധാത്മാവ് ആശ്ചര്യകരമായ ഒരു അത്ഭുതം പ്രവർത്തിച്ചു! അവൻ അവളുടെ ഹൃദയത്തെ സാക്ഷാൽ സാന്ത്വനത്താലും നന്ദിയാലും നിറച്ചു. ആ രാത്രിയുടെ ദീർഘമായ കറുത്തമണിക്കൂറുകളിൽ പരിശുദ്ധാത്മാവെന്ന ദൈവത്തിന്റെ ആശ്വാസപ്രദൻ ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹത്തെക്കുറിച്ച് അവൾക്ക് ഉറപ്പുനല്കി. പ്രഭാതമായപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി എന്നതു ശരിയാണങ്കിലും, തന്റെ ഹൃദയത്തിൽ അവിശ്വസനീയമാം വിധം ദൈവത്തിന്റെ സമാധാനവും ആശ്വാസവും അനുഭവസ്ഥമാക്കിയിരുന്നു.

ദൈവത്തിന്റെ കൃപയാൽ അതി ദുഃഖിതയായ ഒരു മാതാവിനെ ദൈവം തന്റെ നിത്യ സ്നേഹത്തിന്റെ മാറിടത്തിലേക്കു ചേർത്തണച്ചു എന്നതിന്റെ അത്ഭുതകരമായ സാക്ഷ്യമാണിത്. സകല മനുഷ്യബുദ്ധിയെയും കവിയുന്ന ദൈവസമാധാനം, ആ ഇരു രാത്രിയിൽ തന്റെ ഹൃദയത്തെ നിറച്ചിരുന്ന വിധത്തെക്കുറിച്ചു വളരെ ഉറപ്പോടും ബോധ്യത്തോടുംകൂടെ മിസ്സിസ് സൈലൻസ് വെളിപ്പെടുത്തിയതുപോലെ, വൈഷമ്യഘട്ടങ്ങളിൽ മാനുഷിക കാഴ്ചയും സ്വർഗീയവീക്ഷണത്തിനും തമ്മിൽ വ്യത്യാസമു്.

ദൈവത്തോട് അടുത്ത സാമീപ്യബന്ധം നിങ്ങൾ പുലർത്തുന്നു എങ്കിൽ നന്ദിയർപ്പിക്കുന്നതും വിശ്വാസവും

പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കും. യഥാർഥ വിശ്വാസത്തിന്റെ സ്തോത്രാർപ്പണം നിങ്ങളുടെ ഹൃദയത്തെ നിറച്ചിരിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിന്റെ മാറുന്ന സാഹചര്യങ്ങളെ, ദൈവത്തിന്റെ വീക്ഷണത്തിലൂടെ കാണുവാൻ നിങ്ങളെ ദൈവം സഹായിക്കും. അവ പുറമേ നന്നായിരുന്നാലും മോശമായി കാണപ്പെട്ടാലും അങ്ങനെ സാധിക്കും. ആ വിധത്തിലുള്ള ഒരു സ്വർഗീയ വീക്ഷണത്തിൽ ദൈവം നിങ്ങളുടെ വേദനിക്കുന്ന ഹൃദയത്തിന് ഈ ഉറപ്പുനല്കും. *'ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണയപ്രകാരം വിളിക്കപ്പെട്ടിരിക്കുന്നവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു'* (റോമർ 8:28). ഈ വചനത്തിന്റെ ആശ്വാസം, ആവർത്തനവിരസതയുടെ തണുപ്പൻ ഭാവവും ശൂന്യതയും നിറഞ്ഞിരിക്കേതില്ല. അത് നമ്മുടെ ഹൃദയങ്ങളിൽ അത്ഭുതകരമായ ഒരു യാഥാർഥ്യമായി മുഴങ്ങത്തക്കവണ്ണം നല്കപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവത്തെ സ്തുതിക്കണമെന്നു തോന്നുമ്പോഴെല്ലാം അങ്ങനെ ചെയ്യുക! ദൈവത്തെ സ്തുതിച്ചുകൊിരിക്കണമെന്നു തോന്നുന്നേടത്തോളം അങ്ങനെ ചെയ്യുക! കർത്താവിനെ സ്തുതിക്കുന്നത് ന്മമുടെ ജീവിതത്തിൽ അനവസരത്തിലുള്ള പ്രവൃത്തിയാകയില്ല.

ഒരു മധ്യപൂർവരാജ്യത്ത്, കഠിന നിയന്ത്രണങ്ങളുടെ സാഹര്യത്തിൽ വിശ്വസ്തതയോടും ഫലപ്രദമായും ശുശ്രൂഷിച്ചുകൊിരുന്ന മിഷിനറിമാരിൽ നിന്നും ഡോറോത്തിക്കും എനിക്കും ഒരു കത്ത് ലഭിച്ചു. സ്റ്റാൻ തന്റെ കത്തിൽ ഇങ്ങനെ എഴുതി: എന്റെ ആശ്വാസമനുസരിച്ചല്ല, *'ദൈവത്തിന്റെ സ്വഭാവമനുസരിച്ചു കർത്താവിനെ ഞാൻ സ്തുതിക്കണം. അതിനു എനിക്കു കഴിയും.'* പാപക്ഷമയെക്കുറിച്ചു കോറി ടെൻ ബൂമിന്റെ പ്രസ്താവന വിശദമാക്കിയത്, ദൈവത്തിനു സ്തോത്രം ചെയ്യുന്നത് ഇച്ഛയുടെ ഒരു പ്രവൃത്തിയായതിനാൽ, ഹൃദയത്തിന്റെ ഊഷ്മാവ് എങ്ങനെയിരുന്നാലും, ആ ഇച്ഛ കർത്താവിനെ സ്തുതിക്കുന്നത് തിരഞ്ഞെടുക്കും. നാം കർത്താവിനു നന്ദിപറയുവാൻ ആരംഭിക്കുമ്പോൾ, ദൈവം നമുക്കു

തന്റെ സമാധാനത്തിന്റെ ആന്തരികജ്വലനം നല്കും. മാറ്റമില്ലാത്ത ദൈവസ്നേഹത്തിന്റെ മാറിപ്പോകാത്ത ഉറപ്പും നമുക്കു നല്കും. നമ്മുടെ സാഹചര്യങ്ങൾ ദൈവം പ്രശ്നമാക്കുന്നില്ല.

എല്ലാറ്റിനും വേി, എല്ലാറ്റിനാലും നാം ദൈവത്തിനു നന്ദിയർപ്പിക്കണം.

**സ്വർഗീയ വീക്ഷണത്തിൽനിന്നു പ്രവഹിക്കുന്ന യഥാർഥ സ്തോത്രാർപ്പണം, ദുഃഖത്തിൽനിന്നു സ്വയസഹതാപത്തെ വേർതിരിക്കുന്ന ഘടകമാണ്.**

നാം പള്ളിയിലായിരുന്നാലും ആശുപത്രിയിലായിരുന്നാലും ഇത് സത്യമാണ് എന്നോർക്കുക! ജീവിതകൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോഴും ഭൗതികമായ ഒരു ഹൃദയം സ്വയസഹതാപ മനോഭാവത്തിലായിരുന്നാലും, ക്രിസ്തു കേന്ദ്രീകൃതമായുള്ള ഹൃദയം ദൈവത്തെ സ്തുതിക്കും.

> നമ്മിലധികം പേരും വേദനയുടെ ആദ്യപിടിയിൽ തന്നെ തകർന്നു വീഴുന്നു. സ്വയസഹതാപവും വഹിച്ചുകൊ് ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ ഉമ്മറപ്പടിയിൽ നാം ഇരിക്കുകയാണ്. ക്രിസ്തീയ സഹതാപം എന്നറിയപ്പെടുന്ന സഹതാപം പോലും ഇതിനെ വർധിപ്പിക്കുകയേയുള്ളൂ. എന്നാൽ ദൈവം തന്റെ മഹാ സ്നേഹത്തിൽ ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. ആണിപ്പഴുതുള്ള തന്റെ പുത്രന്റെ കൈയുമായി ദൈവം വരുന്നു – *'എന്നോടുള്ള കൂട്ടായ്മയിൽ പ്രവേശിച്ചുകൊള്ളുക; എഴുന്നേറ്റു പ്രകാശിക്ക!'* എന്ന് അവൻ പറയും. തകർത്ത ഹൃദയത്തിലൂടെ ദൈവത്തിനു തന്റെ ഹിതം ലോകത്തിൽ നിറവേറ്റുവാൻകഴിയുമെങ്കിൽ, നിങ്ങളുടെ ഹൃദയത്തെ തകർന്നതിനായി ദൈവത്തിനു സ്തോത്രം അർപ്പിക്കുക.
> (ഓസ്വാൾഡ് ചേമ്പേഴ്സ്––My Utmost for His Highest)

നമ്മുടെ ജീവിതത്തിലെ *'സകല'*ത്തിന്റെയും പിന്നിലുള്ള സ്നേഹപൂർണമായ കാരണം ശ്രദ്ധിക്കുക. അടുത്ത വാക്യത്തിൽ തന്നെ അത് പറയുന്നു *'നാം അവന്റെ സ്വരൂപത്തോട് അനുരൂപരാകേ തിനു'* (റോമർ 8:29)

സ്വയത്തിൽനിന്നു ദൈവം നമുക്കു മഹത്വകരമായ ഒരു സ്വാതന്ത്ര്യം നല്കിയിരിക്കുന്നത് എപ്രകാരമാകുന്നു എന്നു

നാം മനസ്സിലാക്കണമെങ്കിൽ, സ്വർഗീയ വീക്ഷണത്തിൽ നമ്മുടെ ജീവിതത്തെ വീക്ഷിക്കുവാൻ നാം പഠിക്കേതാണ്.

സ്വയകേന്ദ്രീകൃത ജീവിതത്തിനു ദൈവത്തിന്റെ ഉത്തരം, കൂടുതൽ നന്നാകുന്നതോ, കൂടുതൽ പഠനമോ അല്ല; പിന്നെയോ **മരണം** അത്രേ! ഭൂമിയിലെ നമ്മുടെ ജീവിതത്തിൽ ആകർഷണശക്തി നമ്മെ വലയം ചെയ്യുമ്പോൾ, ദൈവത്തിന്റെ നിത്യസാന്നിധ്യത്തിൽ സന്തോഷിക്കുന്നതിനു യഥാർഥ വിശ്വാസത്തിനു കഴിയും, എന്തെന്നാൽ, *'നിങ്ങൾ മരിച്ചു, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു'* (കൊലൊസ്യർ 3:3).

മരണ--സംസ്കാര--പുനരുത്ഥാനങ്ങളിൽ (റോമർ6:2–4) നാം ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നതിനാൽ, നമ്മുടെ സ്വയകേന്ദ്രീകൃത കരുതലുകൾ മാത്രമുള്ള ഭൗമിക ആധിക്യത്തിൽ നിന്നും നാം വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. ക്രൂശിന്റെ പുനരുത്ഥാന വശത്ത് നമുക്ക് ജീവന്റെ വീക്ഷണം ഇനിമേൽ അനുഭവസ്ഥമാക്കാൻ കഴിയും!

ക്രിസ്തുവിൽ ഞാൻ മരിച്ചു, ക്രിസ്തുവിൽ ഉയിർത്തെഴുന്നേറ്റു.
ക്രിസ്തുവിൽ ഞാൻ ശത്രുക്കളുടെ മേൽ വിജയം വരിച്ചു.
ക്രിസ്തുവിൽ ഞാൻ സ്വർഗത്തിൽ ആസനസ്ഥനായി.
അങ്ങനെ നരകത്തിന്റെ തോൽവിയിൽ സ്വർഗം സന്തോഷിച്ചു.

പഴയ സൃഷ്ടിക്കു മരിച്ച യഥാർഥ വിശ്വാസി ദൈവത്തിന്റെ പുതിയ സൃഷ്ടിയുടെ ഭാഗമായിത്തീർന്നു. നമ്മുടെ രക്ഷ അതുതന്നെയാണ്.

നാം ക്രിസ്തുവിനോടു കൂടെയുള്ള സഹക്രൂശീകരണം ഗ്രഹിക്കുമ്പോൾ, നമ്മുടെ ഭൂമിയിലെ ജീവിതം രൂപാന്തരപ്പെടും: സ്വയകേന്ദ്രീകൃത ജീവിതത്തിൽനിന്നു ക്രിസ്തുകേന്ദ്രീകൃത ജീവിതത്തിലേക്കു രൂപാന്തരപ്പെടും. എന്നാൽ ക്രിസ്തുവുമായി നിരന്തര കൂട്ടായ്മ അനുഭവസ്ഥമാക്കണമെ

ങ്കിൽ നമ്മുടെ ഭൗമിക പ്രശ്നം എന്ന സ്വയ ജീവിതത്തെ കൈകാര്യം ചെയ്യുന്നത് എങ്ങനെ എന്നു നാം ഗ്രഹിച്ചിരിക്കണം!

## എന്റെ ഭൗമിക പ്രശ്നം

**ഇപ്പോൾ, നമ്മുടെ ഹൃദയത്തെ പരിശോധിക്കുന്ന ചോദ്യം ചോദിക്കേതാണ്: ഭൂമിയിലെ എന്റെ ജീവിതം വാസ്തവത്തിൽ ക്രിസ്തു കേന്ദ്രീകൃതമാണോ? അതോ, ഇപ്പോഴും സ്വയകേന്ദ്രീകൃതമായിരിക്കുന്നുവോ?**

നിശ്ചയമായും, ഒരു സ്വയകേന്ദ്രീകൃത ജീവിതം ഏതൊരു വ്യക്തിക്കും അതിവേഗം വിരോധമായിത്തീരും. അതിന്റെ ഞാനെന്ന ഭാവത്തെയും സുരക്ഷിതത്വത്തെയും സുഖസൗകര്യങ്ങളെയും ഭീഷണിപ്പെടുത്തുന്ന ഏതൊന്നിനോടും എളുപ്പം കോപിക്കയും ചെയ്യും. ജി. ക്യാമ്പ്ബെൽ മോർഗൻ അത് ഇപ്രകാരം പ്രസ്താവിച്ചിട്ട്: സ്വയ കേന്ദ്രീകൃതത്വമാണ് പാപത്തിന്റെ അന്തഃസത്ത, വൈരുധ്യത്തിന്റെ കേന്ദ്രബിന്ദു; നരകം ഉാക്കിയിരിക്കുന്ന വസ്തുത തന്നേ അതാണ് (Hosea: The Heart and Holiness of God)

ഒരു സായാഹ്നപ്രാർഥനയിൽ അസാധാരണമായ ആത്മാർത്ഥതയോടുകൂടെ ഒരു വനിത പ്രാർഥിക്കുന്നതു ഞാൻ കേട്ടു. അവൾ പ്രാർഥിക്കുമ്പോൾ ദൈവത്തെ ജീവിത രൂപാന്തരം വരുത്തുന്ന നിലയിൽ കത്തുന്നതായി എനിക്കു മനസ്സിലായി. *'കർത്താവായ യേശുവേ, അങ്ങയുടെ സ്നേഹകരങ്ങളാൽ എന്നെ ആശ്ലേഷിക്കണമേ, ക്രൂശിലേക്ക് എന്നെ മടക്കണമേ; ഞാൻ മരിക്കത്തക്കവണ്ണം എന്നെ സ്നേഹിക്കണമേ. ഇനി ഞാൻ അല്ല; ക്രിസ്തു തന്നെ എന്നിൽ വസിക്കുന്നവളായി ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'* ആ പ്രാർഥന എന്നെ വളരെ സ്വാധീനിച്ചു.

മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും പ്രക്രിയയിലൂടെ താൻ സ്വതന്ത്രയാക്കപ്പെട്ടിരിക്കുന്നു എന്നും ക്രിസ്തു

വിനോടുകൂടെ താൻ സ്വർഗസ്ഥലങ്ങളിൽ വസിക്കുന്നു എന്നും അറിഞ്ഞിരുന്നു എങ്കിലും, തന്റെ ശരീരം ഇപ്പോഴും ഈ ലോകത്തിൽ തന്നെയാണല്ലോ എന്നു അവൾ തികച്ചും ബോധ്യമുള്ളവളായിരുന്നു! ഭൂമിയിൽ തന്റെ ശരീരത്തിന്റെ സ്വാർഥ ആഗ്രഹങ്ങളെയും പ്രവൃത്തികളെയും പരിഹരിക്കുന്നതിനു ദൈവത്തിന്റെ സഹായം അവൾ അന്വേഷിച്ചു. ഇത്രയും അർഥവത്തായ പ്രാർഥനയിൽ; കർത്താവിനോട് കൂടുതൽ അടുപ്പമുള്ള ബന്ധത്തിനായി അവൾ അപേക്ഷിച്ചു. ഇത്ര ഹൃദയവേദനയോടുകൂടെയുള്ള പ്രാർഥനയ്ക്കു പൗലൊസ് നല്കിയ വേദപുസ്തകാടിസ്ഥാനം എന്റെ ശ്രദ്ധയിൽപ്പെടുകയുായി. *'നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം: ആത്മാവിനാൽ ശരീരത്തിന്റെ പവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും'* (റോമർ 8:13).

ഈ വചനത്തിന്റെ ആഴമുള്ള ധ്യാനത്തിനു ചില ചിന്തകൾ, എന്റെ വായനക്കാരിൽ ചിലരെ സഹായിക്കും. അടുത്ത ഖണ്ഡികയിലെ ഉദാഹരണവും പ്രായോഗികമായി അനുഭവപ്പെടും, ഈ വചനത്തിലെ സ്വതന്ത്രമാക്കുന്ന സത്യം, ഗ്രീക്കു ഭാഷയറിയാവുന്നവർ വിശദമാക്കുന്നു്.

> നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ നിങ്ങൾ മരിക്കും; എന്നാൽ ആത്മാവിനാൽ നിങ്ങൾ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിൽ നിങ്ങൾ ജീവിക്കും (റോമർ 8:13)

ഒന്ന്: **നിങ്ങൾ** ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കണം അതായത്, എന്റെ ശരീരത്തിന്റെ പ്രവൃത്തികളിൽനിന്നു ഞാൻ വിടുവിക്കപ്പെടണമെങ്കിൽ (സ്വയകേന്ദ്രീകൃത ജീവിതത്തിൽ നിന്നു) ഞാൻ സജീവമായി ദൈവത്തോടു സഹകരിക്കണം എന്നതാണ് വേദപുസ്തക സത്യം. **കർമണി പ്രയോഗത്തിലാണ് അത് പറഞ്ഞിരിക്കുന്നത്.**

ര ് : **ആത്മാവിനാൽ** (ദൈവത്തിന്റെ ദിവ്യ പ്രവൃത്തിയിൽ) ദൈവം നമ്മുടെ ഭൗതികമായ, സ്വാർഥപരമായ പ്രവൃത്തികളുടെ മേൽ വിജയം നല്കുന്നു.

അതായത്, ഞാൻ പ്രാർഥനയോടും സജീവമായും ഈ പ്രക്യയിൽ ഉൾപ്പെട്ടിരിക്കുന്നു എങ്കിലും, എന്റെ സ്വാർഥ പ്രവൃത്തികളെ എനിക്കു തന്നെ മരിപ്പിക്കുവാൻ സാധ്യമല്ല! **ഞാൻ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ സ്വയം കേന്ദ്രീകൃത പ്രവൃത്തികളിൽനിന്ന് എന്നെ വിടുവിക്കുന്നത് പരിശുദ്ധാത്മാവാണ് എന്നതാണ് വേദപുസ്തക സത്യം.**

മൂന്ന്: ഈ വചനം വർത്തമാനകാലത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ദൈവത്തോടു കൂടെയുള്ള എന്റെ സഹകരണവും പ്രാർഥനയും ഒരു **തുടർ പ്രക്രിയ** ആകുന്നു എന്നുള്ളത് അർഥമാക്കുന്നു.

വേദപുസ്തകസത്യം: പരിശുദ്ധാത്മാവിനോട് ഒരു വിശ്വാസി തന്റെ സ്വാർഥ ജീവിതത്തെ മരിപ്പിക്കുവാൻ അപേക്ഷിക്കുന്നത് ഒരു രൂപാന്തരാനുഭവം ആയിരിക്കാമെങ്കിലും അത് ഒരിക്കൽ മാത്രം ചെയ്യേ കാര്യമല്ല. എപ്പോഴെങ്കിലും സ്വാർഥ ജീവിതം അതിന്റെ ദോഷകരമായ തല പുറത്തേക്കു നീട്ടുമ്പോൾ അപ്പോഴെല്ലാം പരിശുദ്ധാത്മാവിന്റെ സ്വതന്ത്രമാക്കുന്ന പ്രവൃത്തിയോട് സഹകരിച്ചു നാം പ്രാർഥിക്കേതാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയിൽ നാം നിരന്തരം ആശ്രയിക്കുമ്പോൾ നമ്മുടെ സ്വാർഥ പ്രവൃത്തികൾ മരിപ്പിക്കപ്പെടും.

നമ്മുടെ ഭാഗത്ത് ഈ വിശ്വാസത്തിന്റെ മനോഭാവം നിരന്തരമായും തുടർച്ചയായും എല്ലായ്പ്പോഴും ഉായിരിക്കേ അനുഭവമായി ദൈവം ആഗ്രഹിക്കുന്നു.

ഉദാഹരണമായി, നാം ഒരു കോടതിമുറിയിൽ ആയിരിക്കുന്നു എന്ന് സങ്കല്പിക്കുക. ഇവിടെയിരിക്കുന്ന ഒരു മനുഷ്യനെ, കൊലപാതകക്കുറ്റത്തിനു വിസ്തരിക്കുകയാണ്. തെളിവുകൾ പരിശോധിച്ചു, ആ മനുഷ്യൻ കുറ്റം ചെയ്തിരിക്കുന്നു എന്നു തെളിയിക്കപ്പെട്ടു. ഇനി ന്യായാധിപൻ വിധി പ്രസ്താവിക്കണം ന്യയാധിപൻ എഴുന്നേറ്റു നിന്നു വിധിപ്രസ്താവന ആരംഭിക്കുമ്പോൾ കോടതി മുറിയിൽ ഒരു നിശ്ബദത വ്യാപിക്കുന്നു. ഈ മനുഷ്യൻ കൊലപാതകം ചെയ്തതായി തെളി

ഞ്ഞിരിക്കുന്നു; ഇയാൾ കുറ്റക്കാരനാണ്. അതിനാൽ വധശിഷയ്ക്കു വിധിക്കുന്നു.

ഈ വിധി പ്രസ്താവനയോടുകൂടെ ന്യായാധിപന്റെ കർത്തവ്യം അവസാനിക്കുന്നു. എന്നാൽ ന്യായാധിപൻ തന്നേ വധശിക്ഷ നടപ്പാക്കാൻ വിചാരിച്ചുകൊ് ഒരു തോക്ക് എടുത്ത് കൊലപാതകനെ വെടിവെക്കാൻ ഒരുമ്പെട്ടാൽ ന്യായാധിപൻ കൊലപാതകക്കുറ്റക്കാരൻ ആയിത്തീർന്നു!

വധശിക്ഷ വിധിച്ചുകഴിഞ്ഞിട്ടു ന്യായാധിപൻ ചെയ്യേ ഒരേയൊരു കാര്യം വിധിക്കപ്പെട്ട ആളെ ബന്ധപ്പെട്ട ആരാച്ചാരെയോ ജയിലുദ്യോഗസ്ഥരെയോ ഏല്പിക്കുക എന്നതാണ്.

അതുപോലെ നമ്മുടെ സ്വയ ജീവിതത്തിനു അതിന്റെ സ്വാർഥതയെ തിരിച്ചറിയുവാനും ഏറ്റു പറയുവാനും മാത്രമേ കഴിയുകയുള്ളൂ. കോടതിയിലെ ന്യായാധിപനെപ്പോലെ, നാം നമ്മുടെ സ്വാർഥ പ്രവൃത്തികളുടെ മേൽ കാരണവിധി പ്രസ്താവിക്കുന്നു. കൊലപാതകന്റെ ജീവൻ എടുക്കുവാൻ ന്യായാധിപന് അവകാശം ഇല്ലാത്തതുപോലെ നമ്മുടെ സ്വയ കേന്ദ്രീകൃതാവസ്ഥയിൽ, സ്വയജീവിതത്തെ മരിപ്പിക്കുവാൻ നമുക്ക് അധികാരമില്ല. എന്നാൽ ദൈവത്തിനു സ്തോത്രം, ദൈവം ഒരു വിധിനടത്തിപ്പുകാരനെ – പരിശുദ്ധാത്മാവിനെ – നല്കിയിട്ടു ്. നമ്മുടെ ജീവിതങ്ങളിലുള്ള സ്വാർഥതയെ നിഷ്ഫലമാക്കുന്നതിനും നിർവീര്യമാക്കുന്നതിനും പരിശുദ്ധാത്മാവിനു ശക്തിയും അധികാരവുമു്.

അതെ, ദൈവത്തിന്റെ കൃപയാൽ *'ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുവാൻ'* നാം ശക്തരാക്കപ്പെടുന്നത് ആത്മാവിനാൽ ആകുന്നു. നിരന്തരമായും നിർബന്ധമായും നാം പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ സഹായം സ്വീകരിക്കുന്നു എങ്കിൽ യഥാർഥമായും ക്രിസ്തുകേന്ദ്രീകൃതമായ ജീവിതത്തിന്റെ സന്തോഷം നമുക്ക് അനുഭവസ്ഥമാക്കാൻ കഴിയും.

ഈ വ്യക്തമായ തിരുവെഴുത്തുകളനുസരിച്ചുള്ള അഭ്യസനം, പ്രാർഥനയുടെ പാഠങ്ങൾ ഇവ ഇതുപോലെ പ്രാർഥി

ക്കുവാൻ പ്രോത്സാഹിപ്പിച്ചിട്ടു്. പ്രാർഥനാ യോഗത്തിൽ ആ സ്ത്രീയിൽനിന്നു കേൾക്കാൻ കഴിഞ്ഞ പ്രാർഥന എനിക്കു ഇപ്രകാരം പ്രാർഥിപ്പാൻ സഹായമായിത്തീർന്നു.

**കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ ക്രൂശിനോടു ചേർക്കുകയും എന്റെ സ്വാർഥ ജീവിതത്തെ അങ്ങയുടെ സ്നേഹത്തിൽ മരിപ്പിക്കുകയും ചെയ്യണമേ. ഇനിയും ജീവിക്കുന്നത് ഞാനല്ല, ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത്; അതത്രേ എന്റെ ആഗ്രഹം.**

ദൈവത്തിന്റെ വചനത്താൽ നാം പോഷിപ്പിക്കപ്പെടുന്നതിന്റെയും വളർത്തപ്പെടുന്നതിന്റെയും ആത്യന്തിക ഉദ്ദേശ്യം വ്യക്തിപരമായ സംതൃപ്തിയുടെ ഒരു ജീവിതത്തിൽ നാം എത്തിച്ചേരുന്നതാണ് എന്നു വിചാരിക്കുവാൻ എളുപ്പമു്. അങ്ങനെയല്ല! പഴയനിയമ പുരോഹിതൻ തന്റെ ആട്ടിൻകൂട്ടത്തിലെ അത്യുന്നതമായതിനെ പോഷിപ്പിച്ചു വളർത്തുന്നത് എന്തിനാണ്? ഏറ്റവും നല്ലതിനെ പ്രദർശിപ്പിക്കുന്നതുപോലെ അത് കൊല്ലപ്പെടുവാനുള്ള ആടാണ്, അതിന്റെ ജനനം മുതൽ തന്നെ യാഗത്തിനുവേി ഉദ്ദേശിച്ചിട്ടുള്ളതാണ്!

തങ്ങളുടെ സംഗീത വൈദഗ്ധ്യമോ പ്രസംഗചാതുരിയോ ഒരു സുവിശേഷവിഹിത ജനാവലിയുടെ മുമ്പിൽ സ്വർണപ്പതക്കം നേടുവാൻ തങ്ങളെ സഹായിക്കുമ്പോൾ അത് ക്രിസ്തുവിനെ പ്രസാദിപ്പിക്കുമെന്നു വിശ്വാസികൾ തെറ്റായി ധരിച്ചുപോകുന്നു! ദൈവം തന്റെ സ്നേഹകരുതലിൽ, തന്റെ വചനത്താൽ നമ്മെ പോഷിപ്പിക്കുമ്പോൾ, നാം പ്രസംഗപീഠത്തിൽ മെച്ചപ്പെട്ട ദൃശ്യമായിത്തീരുന്നതല്ല ദൈവത്തിന്റെ ഉദ്ദേശ്യം; പിന്നെയോ നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളും ദൈവത്തിന്റെ യാഗപീഠത്തിൽ സമർപ്പിക്കപ്പെടണം. ദൈവം ആയിരിക്കുന്ന സകലത്തിലും നമുക്ക് ആയിത്തീരുവാൻ കഴിയുന്നതിനു മുമ്പേ, നമ്മിൽ തന്നെ നാം ആയിരിക്കുന്ന സകലത്തിനും നമ്മുടെ സ്വയസഹതാപം, നമ്മുടെ സ്വയം പര്യാപ്തത, നമ്മുടെ സ്വയകേന്ദ്രീകൃതത്വം, നമ്മുടെ സ്വയം പ്രസാദിപ്പിക്കൽ, നമ്മുടെ സ്വയം തെളിയിക്കൽ ഇവ

യിൽ എല്ലാറ്റിനും ആദ്യം മരിപ്പിക്കൽ – മരണം സംഭവിക്കണം.★

കൊലൊസ്യയിലെ സഭയെക്കുറിച്ചു കരുതുന്നതിനു തിമൊഥെയൊസിനെയല്ലാതെ മറ്റാരെയും കാണുവാൻ കഴിയുന്നില്ല എന്നു വേദനനിറഞ്ഞ ഹൃദയത്തോടെ അപ്പോസ്തലനായ പൗലൊസ് പറയുന്നു. എന്തെന്നാൽ ആ പട്ടണത്തിൽ അനേക വിശ്വാസികൾക്കും സ്നേഹം സ്വാർഥം അന്വേഷിക്കുന്നില്ല എന്ന കാര്യം സന്തം അനുഭവങ്ങളിൽ അറിയാമായിരുന്നില്ല. പൗലൊസ് ദുഖ:ത്തോടെ എഴുതുന്നു: *'യേശു ക്രിസ്തുവിന്റെ കാര്യമല്ല സ്വന്ത കാര്യമത്രേ എല്ലാവരും നോക്കുന്നത്'* (ഫിലിപ്പിയർ 2:21).

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഷ്ടമനുഭവിക്കുന്ന സഭകളെക്കുറിച്ചു യഥാർഥ കരുതൽ ഉള്ള വിശ്വാസികൾ എവിടെ? തങ്ങൾക്കുവേി കരുതുവാൻ മറ്റാരുമില്ലാത്ത ഇവരെ ശ്രവിക്കുവാൻ അശേഷം സമയമില്ലാത്തവിധം നാം തിരക്കുള്ളവരായിപ്പോയോ? ദൈവത്തിന്റെ സ്നേഹം മാത്രമാണ് സ്വാർഥം അന്വേഷിക്കാത്തതും ദീർഘമായി ക്ഷമിക്കുന്നതും എന്നു നാം ഒർമിക്കുക. വിനാഗിരി നിറച്ച കുപ്പിയിൽനിന്ന് ആദ്യം കൈപ്പ് ഒഴിച്ചുമാറ്റുമ്പോൾ മാത്രമേ മധുരപാനീയം നിറയ്ക്കുവാൻ കഴിയുകയുള്ളൂ എന്നപോലെ, ദൈവത്തിന്റെ സ്നേഹത്താൽ നാം നിറയപ്പെടുന്നതിനു മുമ്പ് നമ്മുടെ സ്വജീവിതം മരിപ്പിക്കപ്പെടണം. ഈ രു ശുശ്രൂഷകളും പരിശുദ്ധാത്മാവിന്റെ കരുണ പ്രവൃത്തികൾ ആയിരിക്കയാൽ സ്തോത്രം. സ്വയത്തിന്റെ പ്രവൃത്തികളെ മരിപ്പിച്ച ശേഷം നമ്മെ ദൈവസ്നേഹത്തിന്റെ കവിയുന്ന അനുഭവത്താൽ നിറ

★വേദപുസ്തകത്തിൽ മരണം എന്നാൽ ഉന്മൂലനം എന്നല്ല; വേർപെടൽ എന്നാണർഥം. ഉദാഹരണമായി, ശാരീരികമരണം ശരീരത്തിൽ നിന്നും ആത്മാവിന്റെ വേർപെടൽ ആണ്. നിത്യമരണം എന്നാൽ ദൈവത്തിൽനിന്ന് ആത്മാവിന്റെ നിത്യമായ വേർപാട് ആണ്. അതേ അർഥത്തിൽ സ്വയ ജീവിതത്തിനു മരണം എന്നാൽ, മാനുഷിക മനോഭാവങ്ങളിൽനിന്ന് എല്ലാ സ്വയ പ്രവൃത്തികളുടെയും നിരന്തരം വേർപെടൽ എന്നാണർഥം. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ മാത്രമേ ഈ കാര്യം നമുക്കു സാധ്യമാക്കുന്നതിനു കഴിയുകയുള്ളൂ.

യേ തിനു നാം പരിശുദ്ധാത്മാവിനോട് നിരന്തരമായി പ്രാർഥിക്കേ താണ്. *'ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധദ്ധാത്മാവിനാൽ നമുക്കു ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ'* (റോമർ 5:5)

ഈ സത്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ, നിങ്ങളുടെ *ഏകാന്തസമയത്ത്* സജീവമാകുമ്പോൾ, പരിശുദ്ധാത്മാവ് ദൈവത്തിന്റെ വചനത്തിൽനിന്നു പുതിയ സത്യങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കും.

എല്ലാ വിശ്വാസികളും *'ദൈവവുമായി ചെറിയ കണക്കു സൂക്ഷിക്കണം'* എന്നു പറയാറു്. ദൈവവുമായുള്ള നമ്മുടെ അടുത്ത കൂട്ടായ്മയെ ഹനിക്കുന്ന യാതൊന്നും നമ്മുടെ ജീവിതത്തിൽ ഉാകുന്നില്ല എന്നു നാം ഉറപ്പുവരുത്തേതാണ്.

## ആത്മീയ പരിശോധന

1. എന്റെ കർത്താവിന്റെ സന്നിധിയിൽ ഞാൻ അനുതപിക്കാത്ത ഏറ്റുപറയാത്ത ഏതെങ്കിലും പാപത്തെക്കുറിച്ച് എനിക്കു ബോധ്യമുാേ?
2. താഴെപ്പറയുന്നത് എനിക്കു പ്രശ്നമാണോ? ക്ഷമിക്കാത്ത ആത്മാവ്,
   എനിക്കിഷ്ടമില്ലാത്തവരെ സ്നേഹിക്കുക എന്നത്,
   നല്ല മാനത്തിനായി ആളുകളെ വഞ്ചിക്കുന്നുാേ,
   മറ്റൊരാളിന്റെ താലന്തുകളോ സമ്പാദ്യമോ മോഹിക്കുന്നു ാേ?
   പിറുപിറുക്കുന്നുാേ? വിമർശിക്കുന്നുാേ?
3. എന്റെ മനസ്സാക്ഷി ശുദ്ധീകരിക്കപ്പെട്ടതിനാൽ പ്രതീക്ഷയുടെ വിശ്വാസം പ്രവർത്തിപ്പിക്കാൻ എനിക്കു കഴിയുമോ?
4. എന്റെ ഭൂമിയിലെ ജീവിതം യഥാർഥത്തിൽ ക്രിസ്തു കേന്ദ്രീകൃതമാണോ അതോ ഇപ്പോഴും സ്വയകേന്ദ്രീകൃതമാണോ?

*വില്യം മക്ലാർഡിയുടെ പ്രാർഥന ശാന്തമായി താങ്കളും പ്രാർഥിച്ചാലും (പേജ് 46)*

ദൈവത്തിന്റെ വചനത്തിന്റെ വെളിച്ചത്തിൽ
നാം കർത്താവിനോടുകൂടെ നടക്കുമ്പോൾ,
നമ്മുടെ പാതയിൽ അവൻ എത്ര
മഹത്വം പ്രകാശിപ്പിക്കുന്നു!
നാം അവന്റെ നല്ല ഹിതം ചെയ്യുമ്പോൾ
അവൻ നമ്മോടുകൂടെ വസിക്കുന്നു
തന്നിൽ ആശ്രയിക്കയും അനുസരിക്കുകയും
ചെയ്യുന്ന എല്ലാവരോടുംകൂടെ വസിക്കുന്നു

ഒരു നിഴൽ പോലും ഉയരുകയില്ല
ഒരു മേഘം പോലും ആകാശത്തിൽ വരികയില്ല
അവന്റെ പുഞ്ചിരി അവയെ വേഗം ഓടിച്ചു കളയുന്നു
ഒരു സംശയമോ ഭയമോ ഇല്ല
ഒരു നെടുവീർപ്പോ കണ്ണുനീരോ ഇല്ല
നാം ആശ്രയിക്കയും അനുസരിക്കയും
ചെയ്യുമ്പോൾ അവ നമ്മളിൽ വസിക്കയില്ല.

എന്നാൽ അവന്റെ സ്നേഹത്തിന്റെ പ്രമോദങ്ങൾ
നമുക്കൊരിക്കലും തെളിയിക്കുവാൻ സാധ്യമല്ല,
സകലവും യാഗപീഠത്തിൽ വെക്കുന്നതുവരെ
അവൻ കാണിക്കുന്ന ശക്തിയും
അവൻ നല്കുന്ന സന്തോഷവും
അവൻ പകരുന്ന ആനന്ദവും
ആശ്രയിക്കയും അനുസരിക്കയും
ചെയ്യുന്നവർക്കുള്ളതാണ്.

മധുര സമ്പർക്കത്തിൽ നാം
അവന്റെ പാദത്തിൽ ഇരിക്കുന്നു.
അല്ലെങ്കിൽ നാം അവനോടുകൂടെ ചേർന്നു നടക്കുന്നു.
അവൻ കല്പിക്കുന്നത് നാം ചെയ്യുന്നു.
അവൻ അയയ്ക്കുന്നേടത്ത് നാം പോകുന്നു.
ഭയപ്പെടരുത്, ആശ്രയിക്കുക, അനുസരിക്കുക

ജോൺ എച്ച്. സമ്മിസ്

## അധ്യായം 4

# ഏകാന്ത സമയം

ജീവിതത്തിലെ ദൈനംദിന വെല്ലുവിളികൾ നേരിടുന്നതിനു തുറന്ന വേദപുസ്തകവും തുറന്ന മനസ്സുമായി കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിധ്യം നാം അന്വേഷിക്കേതാണ്. അതില്ലാതെ ജീവിതത്തെ അഭിമുഖീകരിക്കാം എന്നു കരുതുന്നതു നിഗളമാണ്.

ആത്മീയമായി ഫലം കായ്ക്കുന്ന ഒരു ജീവിതത്തെ, മുളയ്ക്കുന്ന വിത്തിനോടു ദാവീദ് ഉപമിച്ചിട്ടു്. *'ദൈവവചനം ധ്യാനിക്കുന്നവൻ തക്കകാലത്ത് ഫലം കായ്ക്കുന്നവൻ ആയിരിക്കും. അവൻ ചെയ്യുന്നതൊക്കെയും സാധിക്കും'* (സങ്കീർ1:3)

**എങ്ങനെയുള്ള മനുഷ്യൻ ചെയ്യുന്നത് സാധിക്കും എന്നാണ് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത്?** *'യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അതിനെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ'* (സങ്കീർത്തനം 1:2).

കർത്താവായ യേശുവിനെ സ്വീകരിച്ചിട്ട് അധികം നാളുകളാകാത്ത ആളുകളോട് ഞാൻ ഇങ്ങനെ പറയാറു്: *'ദിവസവും ഒരു അദ്ധ്യായം വായിക്കുക അത് പിശാചിനെ അകറ്റി നിറുത്തും'* നിങ്ങൾ വായിക്കേ ഒരു വേദഭാഗം വായിക്കുക, പിന്നീട്, വീും അത് വായിക്കുക. അപ്പോൾ ഒരോ വാക്യം വീതം നിങ്ങൾക്ക് അത് **ധ്യാനിക്കുവാൻ** കഴിയും. വയലിൽ മേയുന്ന പശു അയവിറക്കുന്നത് കിട്ടുോ? പുല്ലു തിന്നവേളയിൽ അത് വിഴുങ്ങും, പിന്നെയും പശു അതിനെ

വായിൽ വരുത്തി, അതിന്റെ പോഷകാംശം എടുക്കുന്നതുവരെ അത് ചവച്ചുകൊിരിക്കും. ദൈവവചനം യാഥാർഥമായി ധ്യാനിക്കുന്നതിന്റെ നല്ല ഉദാഹരണമാണ് ഇത്!

എഴുപതാമത്തെ ജന്മദിനത്തിൽ മാനസാന്തരപ്പെട്ട ഒരു മനുഷ്യനെ എനിക്കറിയാം. ആസമയത്ത് വേദപുസ്തകത്തെക്കുറിച്ചു അല്പമാത്രമായ അറിവേ അയാൾക്കുായിരുന്നുള്ളൂ. ക്രിസ്തുവിൽ തന്റെ പുതുജീവൻ കത്തെുന്നതുവരെ അയാൾ പള്ളിയിൽ പോകുന്ന ആളും ആയിരുന്നില്ല. കാര്യമായ വിദ്യാഭ്യാസവും ഉായിരുന്നില്ല. എങ്കിലും, തന്റെ പുതുജനനാനുഭവത്തിലും കൃപയിലും വളരുന്നതിനുള്ള തന്റെ അതിവാഞ്ഛ നിമിത്തം, അയാൾ എൺപത്തി മൂന്നാമത്തെവയസ്സിൽ സ്വർഗത്തിൽ പോകുന്നതിനു മുമ്പു, വേദപുസ്തകം മുഴുവനുമായി പതിമൂന്നു പ്രാവശ്യം വായിച്ചുകഴിഞ്ഞിരുന്നു. നിങ്ങളുടെ പ്രായമോ വിദ്യാഭ്യാസമോ പശ്ചാത്തലമോ എന്തു തന്നെയായാലും നിങ്ങൾക്കു തന്നേ ദിവസവും വേദപുസ്തകം വായിക്കുവാൻ കഴിയും.

ഒരു തുറന്ന വേദപുസ്തകം; ശുദ്ധഹൃദയം താഴ്മയുള്ള ആത്മാവ്; ദാവീദിന്റെ പ്രാർത്ഥന: നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങൾ കാണേതിനു എന്റെ കണ്ണുകളെ തുറക്കണമേ. (സങ്കീ.119:18) ഇത്രയുമുെങ്കിൽ കർത്താവിനോടുകൂടെ ഫലപ്രദമായ സമയത്തിനുള്ള വഴി ഒരുങ്ങിക്കഴിഞ്ഞു.

നാം നേരത്തേ കതുപോലെ, *ഒരുമിച്ചുള്ള സമയം (ഏകാന്ത സമയം)* രുപേർ തമ്മിലുള്ള സംഭാഷണത്തിനു പ്രധാനമാണ് എന്നു ചിലർ മനസ്സിലാക്കുന്നില്ല. നാം വായിക്കുന്ന വേദഭാഗങ്ങൾ ധ്യാനിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നു. നമ്മുടെ ഹൃദയങ്ങളോടു സ്നേഹമായി സംസാരിക്കുവാൻ ദൈവം ആഗ്രഹിച്ചിട്ട്, നാം പ്രാർഥനയിൽ ദൈവത്തോടു പ്രതികരിക്കുവാൻ അവൻ കാത്തിരിക്കുന്നു എന്നു പലരും മനസ്സിലാക്കുന്നില്ല. നാം ദൈവത്തിന്റെ വചനത്തെ ധ്യാനിക്കുമ്പോൾ, ആ വചനം നമ്മുടെ ചിന്തയുടെ

ഒരു ഭാഗമാകുന്നു. നാം ദൈവത്തിന്റെ വചനത്തിന്മേൽ പ്രാർത്ഥനയോടെ പ്രവർത്തിക്കുമ്പോൾ, അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു.

*'ഞാൻ വേദപുസ്തകം വായിക്കുമ്പോൾ, ദൈവം എന്നോടു സംസാരിക്കുന്നത് എങ്ങനെ?'* എന്നു നിങ്ങൾ ചോദിച്ചേക്കാം. ഞാൻ വായിച്ച ഓരോ വാക്യവും, മനസ്സിൽ ചില ചോദ്യങ്ങൾ വെച്ചുകൊു വായിക്കുന്നത് എനിക്കു സഹായകമായിത്തീർന്നിട്ടു്. അവയിൽ ചിലത് പലവർഷങ്ങൾക്കു മുമ്പ് ഞാൻ മനസ്സിലാക്കിയിട്ടുള്ളവയാണ്. എന്റെ കർത്താവിനോടു പ്രാർഥനാപൂർവം സംസർഗം നടത്തുവാൻ ആ ചോദ്യങ്ങൾ എനിക്കു സഹായമാകുവാൻ ഞാൻ അനുവദിക്കുന്നു. ദൈവവചനം ധ്യാനിക്കുമ്പോൾ, നിങ്ങളുടെ ചിന്തകൾ നിങ്ങൾക്കു മാർഗദർശിയായിരിക്കട്ടെ എന്നു ഞാൻ നിർദ്ദേശിക്കട്ടെ. ഈ ചോദ്യങ്ങളുടെ രീതി വർഷങ്ങളായി ഉപയോഗിക്കുന്നതിൽ ദൈവവുമായും തിരുവെഴുത്തുകളുമായും ഞാൻ സമീപിക്കുന്ന എന്റെ സ്വഭാവമായിത്തീർന്നിരിക്കുന്നു.

താഴെപ്പറയുന്ന ചില ചോദ്യങ്ങൾക്ക് ഒരു അനുസരണം ആവശ്യമായിവരും; മറ്റുചിലത്, വിശ്വാസത്തിന്റെ പ്രതികരണം ആവശ്യപ്പെടും. മറ്റുചിലത്, കർത്താവിനെ സ്തുതിക്കുവാനും ആരാധിക്കുവാനും നിങ്ങളെ നയിക്കും. ഒടുവിലായി, ശത്രുവായ പിശാചിന്റെ കെണികളെ തിരിച്ചറിയുന്നതിനും, സാത്താന്റെ മേൽ ക്രിസ്തുനേടിയ വിജയം നിങ്ങൾക്ക് ഏങ്ങനെ ലഭിക്കും എന്നു ഗ്രഹിക്കുന്നതിനും അത് സഹായകരമാകും

## അനുസരണത്തിന്റെ പ്രവൃത്തി

വേദപുസ്തകം വായിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കുന്നതിനായി നാം ഒരുക്കപ്പെടുന്നതിനു, ദൈവത്തോടുള്ള നമ്മുടെ ചെറിയ കണക്കുകൾ ശരിയായി സൂക്ഷിക്കേതാണ്. പരിശുദ്ധാത്മാവു നമ്മോടു സംസാരിക്കുന്ന ഓരോ സമയത്തും അവൻ പറയുന്നത് നാം അനുസരിക്കേതാണ്.

ദൈവത്തോടു കൂടെയുള്ള സമയത്ത് നിങ്ങൾ വേദ പുസ്തകം വായിക്കുമ്പോൾ,

അനുസരിക്കുന്നതിനു ഒരു കല്പനയുണ്ടോ?
ഒഴിവാക്കേ ഒരു പാപമുണ്ടോ?
അനുകരിക്കാൻ ഒരു നല്ല മാതൃകയുണ്ടോ?
ഒഴിവാക്കേ തെറ്റായ ഒരു മാതൃകയുണ്ടോ?

എന്നു ചോദിക്കുന്നത് നല്ലതാണ്.

കർത്താവിനോടുള്ള പരസ്പര സംസർഗത്തിന് എത്രയധികം ചോദ്യങ്ങൾ നിങ്ങൾക്കു സഹായമാകും എന്ന് അറിയാമോ? നിങ്ങൾ വായിച്ച സത്യത്തെക്കുറിച്ചു ചിന്തിക്കുക മാത്രമല്ല, ദൈവത്തിന്റെ സന്നിധിയിൽ നിങ്ങൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ ദൈവം പറഞ്ഞതിനോടു സജീവമായി പ്രതികരിക്കേത് ആവശ്യമാകുന്നു എന്നു നിങ്ങൾക്കു ബോധ്യപ്പെടുകയും ചെയ്യും.

നിങ്ങൾ ദൈവത്തിന്റെ വചനം വായിക്കുമ്പോൾ പരിശുദ്ധാത്മാവു തന്നേ നിങ്ങളോടു കൂടെ ഉ് എന്നു എല്ലായ്പ്പോഴും ഓർമിക്കുക. അവൻ ദൈവത്തിന്റെ വചനത്തെ ഒൻപതിഞ്ചു താഴ്ത്തി – തലയിൽനിന്നു ഹൃദയത്തിലേക്കു എത്തിച്ചുതരും.

ദൈവത്തിന്റെ കല്പനകളെ അനുസരിക്കാതെ ലോകം മത്സരത്തിൽ നീങ്ങിക്കൊിരിക്കുമ്പോൾ നാം ദുർഘടകാലത്താണ് ജീവിക്കുന്നത്. ക്രിസ്തുവിനെ നിരസിക്കുന്ന ഒരു തലമുറയിൽ നാം അനുസരണമുള്ളവരും പൂർണ ഹൃദയമുള്ളവരും ആയിരിക്കണം. ദൈവം നമുക്ക് കാണിച്ചു തരുന്ന സത്യങ്ങളെ അനുസരിക്കാൻ തുടങ്ങുമ്പോൾ മാത്രമേ, ആവശ്യത്തിലിരിക്കുന്ന ലോകത്തിലേക്ക് അവന്റെ ശക്തിയുടെ പ്രവാഹം അവൻ തുറക്കുകയുള്ളൂ.

അടുത്തയിടെ എന്റെ ഭാര്യയും ഞാനും ഓസ്വാൾഡ് ചേമ്പേഴ്സിന്റെ My utmost for His Highest എന്ന പുസ്തകം വായിക്കുകയായിരുന്നു. ഞങ്ങൾ വായിച്ചത് ഏകദേശം ഇങ്ങനെ സംഗ്രഹിക്കാം:

ദൈവം നിങ്ങൾക്കു കാണിച്ചു തരുന്നതിൽ അവനെ അനുസരിക്കുക, ഉടനെ അടുത്ത കാര്യം അവൻ വെളിപ്പെടുത്തും. ഞാൻ എന്നെങ്കിലും അത് മനസ്സിലാക്കും എന്നു ഞാൻ വിചാരിക്കുന്നു – എന്നു നിങ്ങൾ പറയുന്നു. പക്ഷേ, ഒരു നിമിഷം, നിങ്ങൾക്ക് ഇപ്പോൾ തന്നെ അത് മനസ്സിലാക്കാം! പഠനമല്ല പ്രത്യേകമായ ഉൾക്കാഴ്ച നല്കുന്നത്; അനുസരണമാണ്. നിങ്ങളുടെ അനുസരണത്തിന്റെ ഒരു ചെറിയ ഭാഗം പോലും, സ്വർഗത്തിന്റെ കിളിവാതിലുകൾ തുറന്ന്, ദൈവത്തിന്റെ ആഴമേറിയ സത്യങ്ങൾ നിങ്ങൾക്കു ലഭ്യമാക്കും. എന്നാൽ അറിയാവുന്നത് നിങ്ങൾ അനുസരിക്കുന്നതുവരെ കൂടുതൽ സത്യങ്ങൾ ദൈവം ഒരിക്കലും നിങ്ങൾക്കു വെളിപ്പെടുത്തുകയില്ല.

പ്രമുഖരായ രു ആദ്യകാല മിഷനറിമാരായ ചാൾസ് ടി. സ്റ്റഡ്, ഹഡ്സൺ ടെയ്‌ലർ എന്നിവർ ഒരു രാത്രി ഒരു മുറിയിൽ താമസിച്ചു. അതിരാവിലെ മങ്ങിക്കത്തുന്ന മെഴുകുതിരി വെളിച്ചത്തിൽ തന്റെ സ്നേഹിതൻ തുറന്ന പുസ്തകം പഠിച്ചുകൊിരിക്കുന്നത് ടെയ്‌ലർ കു. എത്ര സമയമായി അങ്ങനെ ഇരിക്കുന്നു എന്നു ചോദിച്ചതിനു, സ്റ്റഡ് ഇപ്രകാരം ഏറ്റു പറഞ്ഞു:

അർധരാത്രിയിൽ കർത്താവായ യേശുവിന്റെ 'നിങ്ങൾ എന്നെ സ്നേഹിക്കുമെങ്കിൽ എന്റെ കല്പനകൾ കാത്തുകൊള്ളും' (യോഹന്നാൻ 14:15) എന്ന ശബ്ദം കേട്ടു, ഞാൻ ഉണർന്നു. സമ്പൂർണ്ണമായ അനുസരണത്തിൽ ഞാൻ കർത്താവിനോടുള്ള എന്റെ സ്നേഹം തെളിയിച്ചിട്ടുോ എന്നു എന്നോടുതന്നെ ചോദിച്ചു. എന്റെ വേദപുസ്തകമെടുത്തു, ആ സമയം മുതൽ സുവിശേഷങ്ങൾ വായിച്ചുകൊിരിക്കുന്നു. കർത്താവ് തന്റെ ശിഷ്യന്മാർക്കു നലകിയ എല്ലാ കല്പനകളും ഞാൻ അന്വേഷിച്ചു. ദൈവത്തിന്റെ കൃപയാൽ, ഞാൻ കർത്താവിന്റെ കല്പനകൾ അനുസരിച്ച സ്ഥാനങ്ങളിൽ ഒരു ശരിയടയാളം ഇട്ടിട്ട്; ഹല്ലേലുയ്യാ! എന്ന് എഴുതിയിട്ട്. ഞാൻ കല്പനകൾ അനുസരിക്കാതിരുന്ന സ്ഥാനങ്ങളിൽ ഞാൻ എന്റെ പാപങ്ങൾ ഏറ്റു പറഞ്ഞു; അവന്റെ കൃപയാൽ ഞാൻ

യഥാർത്ഥമായി അവനെ സ്നേഹിക്കുന്നു എന്നു തെളിയിക്കാൻ ഒരിക്കൽകൂടെ സമർപ്പിക്കയും ചെയ്തു.

പ്രിയ വായനക്കാരേ, *'അവന്റെ വചനത്തിന്റെ പ്രകാശത്തിൽ നിങ്ങൾ കർത്താവിനോടുകൂടെ നടക്കുമ്പോൾ നിങ്ങൾക്ക് ആ സംഗീത രചയിതാവിനോടു ചേർന്നു സന്തോഷിക്കുവാൻ കഴിയും; വേറേ വഴിയില്ല; ആശ്രയിക്കുക; അനുസരിക്കുക'*! (Trust and obey, there is no other way...)

## വിശ്വാസത്തിന്റെ പ്രതികരണം

വേദപുസ്തകം ദൈവത്തിന്റെ വിശ്വാസ ശില്പിയാണ്! നാം വിശ്വാസത്തിൽ പണിയപ്പെടുമ്പോൾ – അത് കർത്താവിൽ ആശ്രയിക്കുന്നതും കർത്താവായ യേശു ക്രിസ്തുവിനെ അനുസരിക്കുന്നതുമാണ് – *'എനിക്കു സാദ്ധ്യമല്ല, എന്നാൽ അവനു സാദ്ധ്യം'* എന്നു നാം ഉറച്ചു പറയും.

അതുകൊ് കർത്താവിനോടുകൂടെ ആയിരിക്കുന്ന ഏകാന്ത സമയത്ത്, ഈ വചനത്തിൽ

അവകാശപ്പെടുത്തുവാൻ ഒരു വാഗ്ദത്തമുോ?

ശ്രവിക്കുവാൻ ഒരു മുന്നറിയിപ്പു ഉോ?

എന്നു ചോദിക്കേതാണ്.

വേദപുസ്തകത്തിൽ നിറയെ വാഗ്ദത്തങ്ങളാണ്. നാം ദൈവത്തിന്റെ വചനം ധ്യാനിക്കുമ്പോൾ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവകാശപ്പെടുത്തേതാവശ്യമാണ്. അതേസമയം, ദൈവത്തിന്റെ മുന്നറിയിപ്പുകളെ നാം ശ്രദ്ധിക്കയും ചെയ്യേതാണ്. ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചുകൊ്, ദൈവത്തിന്റെ വാഗ്ദത്തത്തെ ശ്രവിക്കുന്നത് വിശ്വാസത്താൽ ജീവിക്കുന്നതല്ല അത് വിശ്വാസമുന്നെു കരുതി മരിക്കുകയാണ്!

അനുദിനവും നിങ്ങൾ വേദപുസ്തകം വായിക്കുമ്പോൾ, ദൈവത്തിന്റെ ഓരോ വാഗ്ദത്തവും ശ്രദ്ധിക്കുക. ഒരോ വാഗ്ദത്തവും നിങ്ങളുടെ സ്വന്തമായി അവകാശമാക്കുക. നിങ്ങൾ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സ്വന്തമാക്കുമ്പോൾ,

കർത്താവായ യേശുക്രിസ്തുവിന്റെ പര്യാപ്തത, അനുസരണത്തിന്റെ ഓരോ ചുവടും വെക്കുന്നതിനുള്ള ശക്തി നിങ്ങൾക്കു പകർന്നു നല്കും അത് നിങ്ങളുടെ സ്വന്ത അനുഭവത്തിൽ യാഥാർഥ്യമാകും.

ദൈവത്തോടു കൂട്ടായുള്ള നിങ്ങളുടെ നടപ്പിൽ *'ജീവിക്കുന്നസത്യം'* ആകേതിനാണ് ദൈവം തന്റെ വാഗ്ദാനങ്ങൾ നല്കുന്നത്. ഈ വാഗ്ദാനങ്ങൾ നിങ്ങൾ അവകാശമാക്കുമ്പോൾ നിങ്ങളുടെ വിശ്വാസം ശക്തമാകും. എന്തെന്നാൽ *'വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു'* (റോമർ 10:17).

വിശ്വസത്തിന്റെ വിപരീതപദം എന്താണ് എന്നു നിങ്ങൾ ചിന്തിച്ചിട്ടുഠോ? അതിന്റെ ഉത്തരം അത്ര ലളിതമല്ല വിശ്വാസത്തിന്റെ വിപരീതപദം അവിശ്വാസമാണ്. എന്നു പറഞ്ഞാൽ ഈ ചോദ്യത്തിന്റെ ശരിയായ അർഥം ഒഴിവാക്കുകയാണ്. നിങ്ങൾക്കു *'ജീവൻ'* നല്കുന്ന മൂന്നു ബന്ധു സഹോദരന്മാർ ഉ് എന്നു സങ്കല്പ്പിക്കുക. ഒന്ന് വിശ്വാസം ര് ആശ്രയം; മൂന്ന് താഴ്മ. ഇനിയും മൂന്നു *'മാരക'* ബന്ധു സഹോദരന്മാരെ സങ്കല്പിക്കുക ഒന്നാമൻ അവിശ്വാസം, രാമൻ ആശ്രയമില്ലായ്മ സ്വാതന്ത്ര്യം; മൂന്നാമൻ നിഗളം.

തനിക്ക് ഒരിക്കലും സ്വയം ചെയ്യാൻ കഴിയാത്തത് ചെയ്യുന്നതിനു കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവനാണ് **വിശ്വാസമുള്ള മനുഷ്യൻ**. വേദപുസ്തകം വായിക്കുമ്പോൾ യഥാർഥ വിശ്വാസമുള്ളവർ ദൈവത്തിന്റെ തകരാത്ത വാഗ്ദത്തങ്ങള കത്തെുകയും അവയെ വ്യക്തിപരമായി അവകാശമാക്കുകയും ചെയ്യുന്നു.

*'എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല'* (യോഹന്നാൻ 15:5) എന്നു കർത്താവായ യേശു ശിഷ്യന്മാരോടു പറഞ്ഞിരിക്കുന്നു. കർത്താവ് ശക്തീകരിക്കുന്നതിനാൽ മാത്രമേ ആത്മീയ മൂല്യമുള്ള ഏതെങ്കിലും ഒരു പ്രവൃത്തി ഒരുവനു ചെയ്യുവാൻ കഴിയുകയുള്ളൂ. സ്വന്തശക്തിയാൽ, നിത്യമൂല്യമുള്ളതാണെന്നും ചെയ്യുവാൻ ആർക്കും

സാധ്യമല്ല എന്നു നാം മനസ്സിലാക്കിയിരിക്കേതാണ്. ഈ വിധത്തിൽ ആശ്രയിക്കുന്ന വിശ്വാസം, താഴ്മയുള്ള ഒരു ഹൃദയത്തിൽ മാത്രമേ ഉളവാകുകയുള്ളൂ. അങ്ങനെയുള്ള ഒരു വ്യക്തിക്ക്; *'എന്നെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു'* (ഫിലി. 4:13) എന്ന് അപ്പൊസ്തലനായ പൗലൊസിനോടൊപ്പം പറയുവാൻ കഴിയും.

**അവിശ്വാസമുള്ള മനുഷ്യൻ**, താൻ സ്വയം പര്യാപ്തനാണെന്നും തനിക്കു ദൈവത്തിന്റെ സഹായം ആവശ്യമില്ലെന്നും കരുതുന്നവനാണ്. തങ്ങളുടെ രക്ഷയ്ക്കുവേി കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കാത്ത ലക്ഷക്കണക്കിനാളുകൾ ലോകത്തിൽ ഉന്നെത് ദുഃഖകരമാണ്. അതുപോലെ ദുഃഖകരമായ മറ്റൊരു വസ്തുത, യഥാർഥ ക്രിസ്തീയ ജീവിതം നയിക്കുന്നതിൽ, തങ്ങളെ സഹായിക്കുന്നതിന് അനേകം വിശ്വാസികളും തങ്ങളിൽ അധിവസിക്കുന്ന ക്രിസ്തുവിൽ ആശ്രയിക്കുന്നില്ല എന്നതാണ്. ഏതൊരു വിധത്തിലുള്ള മാനുഷിക സ്വതന്ത്രചിന്തയും നിഗളവും, സമർപ്പണമില്ലായ്മയും നിറഞ്ഞ ഹൃദയത്തിൽ നിന്നുള്ളതാണ്.

അതിനാൽ, വിശ്വാസത്തിന്റെ വിപരീതം നിഗളമാണ്; അവിശ്വാസത്തിന്റെ വിപരീതം താഴ്മയാണ്. സ്വയംപര്യാപ്തതയും സ്വയധൈര്യവും എന്ന പൊതുവിശ്വാസത്തിൽനിന്നു വ്യത്യസ്തമായി അത് ഹൃദയത്തിൽ വിശ്വാസത്തിനു വിപരീതഫലം ഉളവാക്കുന്നതാണ്.

ഒരുവന്റെ ഞാനെന്ന സ്വഭാവത്തെ വലുതാക്കുന്ന ഏതൊരു ലോകസ്വാധീനവും, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അത്യന്തശക്തിയിലുള്ള വിശ്വാസത്തെ തകർക്കുന്നതാണ്. ദൈവം നല്കിയിട്ടുള്ള സകല വാഗ്ദത്തങ്ങളുടെയും പിന്നിൽ ദൈവത്തിന്റെ പരിധിയില്ലാത്ത ഉറവിടങ്ങൾ ്. ഈ ജീവിതയാത്രയിൽ സ്വന്തം ബുദ്ധിതന്ത്രങ്ങളിൽ ജീവിക്കുന്നതിനു ദൈവം നമ്മെ വിട്ടുകളഞ്ഞിട്ടില്ല.

ജി.കെ. ചെസ്റ്റർട്ടൺ (1874–1936), സ്വയപര്യാപ്ത നിഗളമെന്ന വൈരുധ്യത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടു്:

തെറ്റായ സ്ഥാനത്ത് നമ്മുടെ വിനയം കാണിക്കുന്നത് നിമിത്തം നാം കഷ്ടപ്പെടുന്നു. ബോധ്യം എന്ന അവയവത്തിൽ വിനയം കാണിക്കുന്നു; അവിടെയല്ല അത് ആവശ്യമാകുന്നത്. ഒരുവൻ തന്നെക്കുറിച്ചു സംശയിക്കണം; സത്യത്തെക്കുറിച്ച് സംശയമില്ലാതിരിക്കയും വേണം ഇതു നേരേ തിരിഞ്ഞുപോയിരിക്കുന്നു.

മാനുഷികാലോചനകളിൽ ആശ്രയിക്കുന്ന ഏതൊരു വിശ്വാസിയും, അല്ലെങ്കിൽ കർത്താവിൽ ആശ്രയിക്കുന്നതിനു പകരം തന്നിൽ തന്നേ ആശ്രയിക്കുന്ന ഏതൊരു വിശ്വാസിയും, ഒരിക്കലും ദൈവത്തിന്റെ ആഗ്രഹ സമ്പൂർണതയിൽ പ്രവേശിക്കുകയില്ല. വെള്ളം താഴ്ന്ന സ്ഥാനത്തേക്കു പ്രവഹിക്കുന്നതുപോലെ, ജീവജലം എന്നു യേശു വിവരിച്ച പരിശുദ്ധാത്മാവ്; അഹങ്കരിച്ചിരിക്കുന്ന മനസ്സും അഹമ്മതിയുമുള്ള ഒരു മനുഷ്യനിലേക്കു പ്രവഹിക്കുകയില്ല(ഹബ.2:4–5).

എന്നാൽ ക്രിസ്തുവിന്റെ സഹായശക്തിയുടെ ആവശ്യം തിരിച്ചറിയുന്ന ഏതൊരു വിശ്വാസിയിലേക്കും പരിശുദ്ധാത്മാവു സമൃദ്ധിയായി കവിഞ്ഞൊഴുകും എന്നും നാം മനസ്സിലാക്കിയിരിക്കണം.

ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊ്: *'ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ; എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു.'* (യോഹ. 7:32–38).

ഓരോ ദിവസവും നിങ്ങൾക്കു യേശുവിന്റെ പാദത്തിങ്കൽനിന്ന് ആത്മീയ ജീവജലം പാനംചെയ്യുവാൻ കഴിയും. നിങ്ങൾക്ക് അങ്ങനെ ചെയ്യുവാൻ നിങ്ങളുടെ താലന്തുകളെക്കാളും പരിശീലനങ്ങളെക്കാളും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സമൃദ്ധിയായ പ്രവാഹം നിങ്ങളുടെ ജീവിതത്തെ അനുഗ്രഹ സമ്പൂർണമാക്കും.

പരിശുദ്ധാത്മാവ് എന്ന ആളത്വത്തിൽ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു, വീുംജനനം പ്രാപിച്ച എല്ലാ ദൈവമക്ക

ളിലും അധിവസിക്കുന്നു എന്ന് മനസ്സിലാക്കുക. ഇന്നു വിശ്വാസി, ദൈവമില്ലാത്ത ലോകത്തിൽ യേശുക്രിസ്തുവിന്റെ പ്രതിനിധിയായി നിലകൊള്ളുകയാണ്. പരിശുദ്ധാത്മാവ് എല്ലാ വിശ്വാസികളിലുംകൂടെ മറ്റു മനുഷ്യരിലേക്കു തന്റെ രക്ഷാപ്രവൃത്തി വ്യാപിപ്പിച്ചുകൊിരിക്കുന്നു:

നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ; ഞാൻ അവനിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കയും ചെയ്യും. ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും (2 കൊരി. 6:16).

നാം ദൈവത്തിന്റെ ആലയമാണ്. ദൈവം തന്റെ വിശുദ്ധിയും മഹത്വവും നമ്മിലൂടെ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

ഈ അത്ഭുതസത്യം ഗ്രഹിച്ചുകൊ്, പൗലൊസ് തുടർന്നു പ്രബോധിപ്പിക്കുന്നു: *'പ്രിയമുള്ളവരേ, **ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊ്**, നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക'* (2 കൊരി. 7:1).

## ആരാധനയിലെ യാഥാർഥ്യം

പിയാനോ ട്യൂൺചെയ്യുന്നതിന് ട്യൂണിംഗ്ഫോർക്ക് സർവസാധാരണമായി ഉപയോഗിക്കുന്നു. ഒരു ട്യൂണിംഗ്ഫോർക്കിന്റെ പ്രത്യേകസ്വരം ഉപയോഗിച്ച് ഒരു പിയാനോയെ സ്വരച്ചേർച്ച ഉള്ളതാക്കും. അതുപോലെ, മനുഷ്യഹൃദയത്തെ സ്വർഗീയ രാഗവുമായി യോജിപ്പിക്കുന്ന ദൈവത്തിന്റെ ഉപകരണമാണ് വേദപുസ്തകം. ദൈവത്തിന്റെ വചനം, ദൈവത്തിന്റെ മഹത്വത്തിന്റെയും വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ഉൾക്കാഴ്ച നല്കുന്നു. അത് നിങ്ങളുടെ ആരാധനയിലേക്കും സ്തുതിയിലേക്കും പുതുക്കം നല്കും. *'സങ്കീർത്തനങ്ങളാലും സ്തുതികളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും...'* (എഫെ. 5:19). നമുക്കു പുതുക്കപ്പെടുവാൻ കഴിയും.

കർത്താവിനോടുകൂടെ ഏകാന്തതയിൽ ആയിരിക്കുന്ന സമയം ഈ ചോദ്യങ്ങൾ ചോദിക്കുന്നത് നല്ലതാണ്. ഈ വചനത്തിൽ--

പിതാവായ ദൈവത്തെക്കുറിച്ചു പുതിയ ചിന്തയുദോ?

പുത്രനാം ദൈവത്തെക്കുറിച്ചു പുതിയ ചിന്തയുദോ?

പരിശുദ്ധാത്മാവാം ദൈവത്തെക്കുറിച്ചു പുതിയ ചിന്തയുദോ?

ഇന്നു ദൈവജനത്തിന്റെ മധ്യത്തിൽ, കർത്താവിനെ യഥാർഥമായി ആഗ്രഹിക്കുന്നതിനു പുതിയ ആഗ്രഹം കാണുന്നു എന്നത് പ്രോത്സാഹജനകമാണ്. കർത്താവായ യേശുക്രിസ്തു ആരാധനയെക്കുറിച്ചു പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കുക: ദൈവം ആത്മാവാകുന്നു; ദൈവത്തെ ആരാധിക്കുന്നവർ--നമസ്ക്കരിക്കുന്നവർ--അവനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേതാകുന്നു (യോഹ. 4:24). അതായത്, യഥാർഥമായ ആരാധന പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൻ കീഴായിരിക്കണം എന്നർഥം. ദൈവവചനത്തിന്റെ സത്യാനുസരണമായിരിക്കണം.

ദൈവത്തിന്റെ സ്നേഹം, ശക്തി, വിശുദ്ധി, മഹത്വം, കൃപ, നന്മ തുടങ്ങി ദൈവത്തിന്റെ ആളത്വത്തിന്റെ അത്ഭുതങ്ങൾ പരിശുദ്ധാത്മാവ് നമ്മുടെ ശ്രദ്ധയിലേക്കു കൊുവരുമ്പോൾ, കർത്താവിനെ ആരാധിക്കുന്നതിന് അവൻ നമ്മുടെ ഹൃദയത്തിൽ പുതിയ ആരാധന ഗീതങ്ങൾ നല്കും. പ്രാർഥനയിൽ, മുട്ടിന്മേൽ നില്ക്കുന്നത് ദൈവത്തോടുള്ള ശരിയായ മനോഭാവത്തിലെത്തുവാൻ നമ്മെ സഹായിക്കും. അതേസമയം, ദൈവത്തോടുള്ള നിങ്ങളുടെ താഴ്മയും സ്നേഹവും പ്രതിഫലിപ്പിക്കുവാൻ, മുട്ടിന്മേൽ നില്ക്കുന്നതു മതിയാകാതെ നിങ്ങൾക്ക് അനുഭവപ്പെടുന്ന ചില പ്രത്യേക സന്ദർഭങ്ങളും ഉ ാ കും.

പത്മൊസ് ദ്വീപിൽ, മഹത്വപൂർണനായ ക്രിസ്തുവിന്റെ സന്നിധിയിൽ യോഹന്നാൻ വന്നപ്പോൾ, അവൻ മുട്ടുകുത്തുകയായിരുന്നില്ല; അവനെ കിട്ടു ഞാൻ മരിച്ചവനെപ്പോലെ

അവന്റെ കാല്ക്കൽ വീണു (വെളി. 1:17) എന്നു പറഞ്ഞിരിക്കുന്നു.

എങ്കിലും വിശ്വാസിക്കു വളരെ വിലയേറിയയതായി ഉള്ളതിനെല്ലാം ഒരു കള്ളനാണയവും ഉായിരിക്കും എന്നു നാം മനസ്സിലാക്കിയിരിക്കണം. കർത്താവായ യേശുക്രിസ്തു അരാധനയ്ക്ക് ഇനി നിർദേശങ്ങൾ നല്കിയിട്ടു്. ചിലർ ആരാധന എന്നു പറയുന്നതു കേവലം കാപട്യമായിരിക്കും എന്നു കർത്താവ് മുന്നറിയിപ്പു നല്കിയിരിക്കുന്നു. ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുവാൻ ശമര്യാസ്ത്രീയോടു പറഞ്ഞപ്പോൾ തന്നെ, *'നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു എന്നും യേശു പറഞ്ഞു'* (യോഹ. 4:22).

ആരാധന വികാരങ്ങളിലും അധികമായതാണ്; ആരാധന കർത്താവായ യേശുക്രിസ്തു എന്ന ആളത്വത്തിൽ കേന്ദ്രീകരിച്ചിരിക്കണം. ജനത്തിനു മാറ്റം വരുത്തുന്നതാണ് ആരാധനയുടെ ഉദ്ദേശ്യം, അല്ലാതെ അവരെ തിരിക്കുന്നതല്ല; അങ്ങനെ തെറ്റായ ആരാധന യഥാർത്ഥ ആരാധനയായി മാറ്റപ്പെടുന്നു. ദൈവത്തെ സ്തുതിക്കുന്നതിൽ, കേവലം ആത്മീയ ആവേശമല്ല ദൈവം ആവശ്യപ്പെടുന്നത്.

**ദൈവവചനത്തിൽ തന്നെത്താൻ വെളിപ്പെടുത്തിയിരിക്കുന്ന പരമാധികാരിയും ജീവിക്കുന്നവനുമായ കർത്താവായ യേശുക്രിസ്തുവിങ്കൽ മനസ്സും ശരീരവും താഴ്മയോടെ കേന്ദ്രീകരിക്കുന്നതത്രേ യഥാർത്ഥ ആരാധന. അത് സംഭവിക്കുമ്പോൾ, സമർപ്പണത്തിലും സ്തുതിയിലും നാം അവന്റെ മുമ്പിൽ ആന്തരികമായി വീണു നമസ്ക്കരിക്കും.**

## എതിരാളിയെക്കുറിച്ചു മുന്നറിയിപ്പ്

അതെ, ദൈവത്തോടുകൂടെയുള്ള നിങ്ങളുടെ *ഏകാന്ത സമയത്തെ* ദൈവം അനുഗ്രഹിക്കുന്നു. ക്രൂശിൽ ക്രിസ്തു നിങ്ങൾക്കുവേി ചെയ്തത് അംഗീകരിക്കുമ്പോൾ നിങ്ങളുടെ പ്രസക്തിയും അഭിലാഷങ്ങളും സമ്പത്തുകളും എല്ലാ അവ

കാശങ്ങളും നിങ്ങൾ നിരസിക്കുന്നു. നിങ്ങൾ കർത്താവിനെ ആരാധിക്കുന്നതിലും സതുതിക്കുന്നതിലും ഒരു പുതിയ മണ്ഡലത്തിൽ ആയിരിക്കുന്നു. നിങ്ങളുടെ *ഏകാന്ത സമയത്തെ* അനുഗ്രഹിച്ചതിൽ ദൈവത്തിന്റെ ഉദ്യോഗത്തിൽ നിങ്ങൾ പരമോന്നത സ്ഥാനത്ത് എത്തിയിരിക്കുന്നുവോ? ഇല്ല!

വളരെ കോപിഷ്ടനായ ഒരു ശത്രു അപ്പുറത്തു്. നിങ്ങളുടെ പാപങ്ങളെ ക്ഷമിക്കുന്നതിനു ദൈവം ഒരു വഴിയൊരുക്കിയതിൽ തന്നെ പിശാചു കോപിച്ചിരിക്കുന്നു. ആ പിശാച്, രക്ഷപ്പെടുവാൻ സാധ്യമല്ലാത്ത അഗ്നിതടാകത്തിലാണ്. അതിനാൽ സ്വർഗത്തിലേക്കുള്ള നിങ്ങളുടെ പാതയിൽ നിങ്ങളുടെ ചുവടടികളെ ഇടറുമാക്കുന്നതിനും, കർത്താവിനോടുള്ള നിങ്ങളുടെ ഭക്തിയെ തെറ്റിക്കുന്നതിനും, നിങ്ങളുടെ സാക്ഷ്യം തകർക്കുന്നതിനും തനിക്കു കഴിയുന്നതെല്ലാം അവൻ ചെയ്യും.

ഇതു നിമിത്തം ദൈവത്തോടു കൂടെയുള്ള നിങ്ങളുടെ *ഏകാന്ത സമയത്ത്*, ഈ വേദഭാഗത്തിനു താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

സാത്താനെക്കുറിച്ചു പുതിയ കാഴ്ച നല്കുന്നുവോ?
അവന്റെ ക്രൂരമായ ലക്ഷ്യങ്ങളെക്കുറിച്ച് ഉൾക്കാഴ്ച തരുന്നുവോ?
അവന്റെ തന്ത്രങ്ങളെക്കുറിച്ചുള്ള കാഴ്ച തരുന്നുവോ?

സൺഡേസ്കൂളിൽനിന്നു തിരിച്ചെത്തിയ ഒരു ബാലനെക്കുറിച്ചു ഞാൻ കേൾക്കുകയുായി. അന്നു രാത്രിയിൽ അവൻ മുട്ടിന്മേൽ നില്ക്കുന്നതു കിട്ട് അമ്മ ചോദിച്ചു: *'നീ എന്തു ചെയ്യുന്നു?' 'ഞാൻ സാത്താനെ വിറപ്പിക്കുകയാണ് എന്നായിരുന്നു'* അവന്റെ മറുപടി. *'ഒരു ചെറിയ വിശുദ്ധനായാലും അവൻ മുട്ടിന്മേൽ നിലക്കുന്നത് കാണുമ്പോൾ സാത്താൻ വിറയ്ക്കും.'* എന്നൊരു കോറസ് ഞങ്ങൾ സൺഡേസ്കൂളിൽ പഠിച്ചു. *'അതുകൊ് സാത്താനെ വിറപ്പിക്കുന്നതിനു ഞാൻ മുട്ടിന്മേൽ നില്ക്കയാണ്!'* ബാലൻ പറഞ്ഞു.

നാം മുട്ടു മടക്കുന്നതിനെക്കാൾ എത്രയോ അധികം സാത്താനെ വിറപ്പിക്കുന്നതിന് ആവശ്യമായിരിക്കുന്നു! നിങ്ങളുടെ ജീവിതത്തിൽ, യേശുവിന്റെ നാമത്തിൽ സാത്താന് ഒരു താമസസ്ഥലം നിരസിക്കപ്പെടുമ്പോൾ യേശുവിന്റെ നാമം പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ഉപയോഗിച്ച് സാത്താന്റെ പിടിയിൽനിന്ന് ആത്മാക്കളെ വിടുവിക്കുമ്പോൾ മാത്രമാണ് സാത്താൻ വിറയ്ക്കുന്നത്. സാത്താനെ വെറുതെ വിട്ടേച്ചാൽ, അവൻ നിങ്ങളെ വെറുതെ വിടുമെന്നു വിശ്വാസികൾ ചിന്തിക്കാറു്. അവർക്കു തെറ്റിപ്പോയി. നിങ്ങൾ ഏറ്റു പറയുകയും ക്ഷമ പ്രാപിക്കുകയും ചെയ്ത ഒരു സംഗതിയെക്കുറിച്ചു പിന്നെയും ദുഃഖിക്കുന്നവരായി പ്രാർഥനയിൽ നിങ്ങൾക്കു അനുഭവപ്പെടാറില്ലേ? ക്രൂശിൽ നിങ്ങൾ പരിഹരിച്ചുകഴിഞ്ഞ പാപം, പിന്നെയും നിങ്ങളെ കുറ്റപ്പെടുത്തുവാൻ സാത്താൻ ഉപയോഗിക്കും, നിങ്ങളെ ഓർമിപ്പിക്കുമ്പോൾ, സാത്താന്റെ ഭാവിയെക്കുറിച്ചു നിങ്ങൾ അവനെ ഓർപ്പിക്കണം. ദൈവം ക്ഷമിച്ചു തന്ന പാപങ്ങളെ പിന്നെ ഓർക്കുന്നില്ല. പക്ഷേ, അവയെ ഓർപ്പിക്കുവാൻ സാത്താൻ ശ്രമിക്കും. ദൈവത്തിന്റെ സ്നേഹപൂർവമായ പാപക്ഷമയെ സംശയിപ്പിക്കുകയാണ് സാത്താന്റെ ലക്ഷ്യം.

**അനിശ്ചിതത്വം, ഭയം, ആശയക്കുഴപ്പം, നിരാശ ഇവ ദൈവത്തോടു കൂടെയുള്ള നിങ്ങളുടെ നടപ്പിനിടയിൽ കൊുവരുവാൻ സാത്താൻ ശ്രമിക്കുന്ന കാര്യങ്ങളാണ്.**

നിങ്ങളുടെ സന്തോഷവും സമാധാനവും നിങ്ങളിൽ നിന്ന് അപഹരിക്കുന്നതിനു സാത്താൻ എന്തു വേണമെങ്കിലും ചെയ്യും. നിങ്ങൾ വേദപുസ്തകം വായിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ സാത്താനു ലഭിച്ച വാസസ്ഥലം ഏതാണെന്നു കു പിടിക്കാൻ ദൈവം നിങ്ങളെ സാഹയിക്കും. കർത്താവ് നിങ്ങൾക്കു നല്കിയ ആയുധങ്ങൾകൊ്, സാത്താന്റെ കടന്നുകയറ്റത്തെ തടയുവാൻ എല്ലാ വാതിലുകളും അടച്ചുകൊള്ളേ താണ്.

മാനുഷിക യുദ്ധത്തിൽ പ്രതിരോധവും ആക്രമണപരവുമായ യുദ്ധതന്ത്രങ്ങൾ ഉ്. പ്രതിരോധ തന്ത്രങ്ങൾ കൊുമാത്രം യുദ്ധങ്ങൾ ജയിച്ചിട്ടില്ല. അതുപോലെ. ആത്മീയ പോരാട്ടത്തിൽ പ്രതിരോധത്തിന്റെയും ആക്രമണത്തിന്റെയും തന്ത്രങ്ങൾ ആവശ്യമാണ്. രിനും ദൈവവചനത്തിന്റെ യുദ്ധായുധങ്ങൾ ആവശ്യമാണ്. ദൈവത്തോടുകൂടെയുള്ള നിങ്ങളുടെ *ഏകാന്ത സമയത്തിന്റെ* പ്രയോജനം സാത്താൻ നിങ്ങളെ പരോക്ഷമായോ പ്രത്യക്ഷമായോ ആക്രമിക്കുമ്പോൾ, നിങ്ങൾ വായിച്ച അതേ വാക്യം ഉദ്ധരിക്കുന്നതിനും അതനുസരിച്ചു പ്രാർഥിക്കുന്നതിനും നിങ്ങൾക്കു കഴിയും എന്നതാണ്.

നിങ്ങൾ ദൈവത്തിന്റെ വചനപ്രകാരം പ്രാർഥിക്കുമ്പോൾ നിങ്ങൾ ദൈവഹിതപ്രകാരമാണ് പ്രാർഥിക്കുന്നത്! നിങ്ങളുടെ ആത്മീയ ജീവിതത്തെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന സാത്താന്റെമേൽ വിജയം നേടുന്നത് നിങ്ങളെക്കുറിച്ചുള്ള ദൈവഹിതമാണ്.

**പ്രതിരോധ ആത്മീയപോരാട്ടം:** കർത്താവായ യേശുക്രിസ്തുവിനെ സാത്താൻ പരീക്ഷിച്ചത് നിങ്ങൾ ഓർക്കുന്നുല്ലോ. യേശു ഏകാന്ത സമയത്ത് ആവർത്തന പുസ്തകം വായിച്ചുകൊിരുന്നു എന്നു ഞാൻ വിചാരിക്കുന്നു. പിശാചിനെതിരേ കർത്താവ് ഉദ്ധരിച്ച വചനങ്ങൾ ആവർത്തനപുസ്തകത്തിൽ ഉള്ളവയാണ്. യേശു, ദൈവത്തിന്റെ വചനം മൂന്നു പ്രാവശ്യം ഉദ്ധരിച്ചു. *'എന്നു എഴുതിയിരിക്കുന്നു, എന്നു എഴുതിയിരിക്കുന്നു, എന്നു എഴുതിയിരിക്കുന്നു.'* (മത്തായി 4:4,7,10) എന്നു യേശു പറഞ്ഞു. *'സകലനാമങ്ങൾക്കും മേലായി നിന്റെ നാമത്തെ ഉയർത്തിയിരിക്കുന്നു'* (സങ്കീർത്തനം 138:2) എന്നു സങ്കീർത്തനക്കാരൻ പറഞ്ഞതിന്റെ അർഥം, യേശുവിന്റെ പരീക്ഷയിൽ ആണു നാം നന്നായി മനസ്സിലാക്കുന്നത്. അതേ, ദൈവവചനത്തിന്റെ ശക്തമായ ആയുധവർഗം സാത്താനെ യേശുവിന്റെ അടുക്കൽ നിന്നു ഓടിച്ചു കളഞ്ഞു!

സാത്താനെ ജയിക്കുന്നതിനു പ്രതിരോധത്തിന്റെ ആയുധമായി നിങ്ങളും വേദപുസ്തകം തന്നെ ഉപയോഗിക്കേ താണ്. സാത്താൻ തന്റെ ദോഷകരമായ അഭിപ്രായങ്ങൾ നമ്മുടെ മനസ്സിൽ കൊുവരുമ്പോൾ ദൈവത്തിന്റെ വചനം ആയിരിക്കണം നമ്മുടെ പ്രതികരണം. നിരന്തരമായ **ഏകാന്തസമയം** മുഖാന്തരം ദൈവത്തിന്റെ വചനം എല്ലായ്പ്പോഴും നിങ്ങളുടെ ഹൃദയത്തിൽ സജീവമായിരിക്കും.

താഴെകൊടുത്തിരിക്കുന്ന *'പിശാചിന്റെ തന്ത്രങ്ങൾ'* എന്ന കവിത എഫെസ്യർ 6–ാം അധ്യായത്തെ അടിസ്ഥാന പ്പെടുത്തി അജ്ഞാതനായ ഒരു കവി രചിച്ചിട്ടുള്ളതാണ്.

## പിശാചിന്റെ തന്ത്രങ്ങൾ

എന്റെ പ്രാർഥനാസ്ഥലത്ത്
എനിക്ക് അതിഭയങ്കരമായ ഒരു യുദ്ധം ഉായി.
ഞാൻ ദൈവത്തെ കത്തെി, സംസാരിക്കാനാണ് പോയത്,
പക്ഷേ, സാത്താൻ അവിടെ നില്ക്കുന്നത് ഞാൻ കു.
അവൻ മന്ത്രിച്ചു: 'നിനക്കു പ്രാർഥിക്കുവാൻ സാധ്യമല്ല;
നീ നേരത്തേ തന്നെ പരാജയപ്പെട്ടിരിക്കുന്നു.
മുട്ടിന്മേൽനിന്നു നീ ചിലവാക്കുകൾ പറഞ്ഞേക്കാം
പക്ഷേ, നിനക്കു പ്രാർഥിക്കാൻ സാധ്യമല്ല.'

ഞാൻ എന്റെ ശിരസ്ത്രം താഴ്ത്തി
എന്റെ ചെവികൾ മറച്ചു;
അവന്റെ ശബ്ദം കേൾക്കാതിരിപ്പാൻ അത് സഹായിച്ചു,
അത് എന്റെ ഭയത്തെ മാറ്റി.
മറ്റ് ആയുധംകൂടെ ഞാൻ പരിശോധിച്ചു;
എന്റെ കാലുകളിൽ സമാധാനചെരുപ്പ് ഇട്ടിരുന്നു.
എന്റെ അരയ്ക്കു സത്യം കെട്ടിയിരുന്നു,
എന്റെ വാൾ: ദൈവത്തിന്റ വചനം തന്നെ.
നീതിയുടെ കവചം എനിക്കു്,
എന്റെ ഹൃദയസ്നേഹത്തെ അത് സംരക്ഷിക്കും.
എന്റെ വിശ്വാസത്തിന്റെ പരിച ശരിയായി പിടിച്ചിരുന്നു;

അവന്റെ തീയമ്പുകൾ തെറിച്ചുപോയി.
ഞാൻ യേശുവിന്റെ നാമത്തിൽ ദൈവത്തെ വിളിച്ചപേക്ഷിച്ചു;
വിലയേറിയ രക്തത്തിൽ ഞാൻ ആശ്രയിച്ചു,
സാത്താൻ ലജ്ജിതനായി കുനിഞ്ഞു പൊയ്ക്കളഞ്ഞു,
ഞാൻ ദൈവത്തെ കണ്ടെത്തി; ദൈവത്തോടു സംസാരിച്ചു!

**ആക്രമണപരമായ ആത്മീയപോരാട്ടം:** സമ്പൂർണ വിജയത്തിനു പ്രതിരോധ തന്ത്രങ്ങളിലുമധികം ആവശ്യമാണ്! മുറിപ്പെടുത്തുന്ന ലോകമാണ് പുറത്തുള്ളത്. കോടിക്കണക്കിനു ജനം അവിടെയുണ്ട്, അവർക്ക് വേണ്ടിയുംകൂടെയാണ് ക്രിസ്തു മരിച്ചത്. എല്ലായിടത്തും സ്ത്രീപുരുഷന്മാർ മുറിവേറ്റിരിക്കുന്നു. അനേകരെ സാത്താൻ ബന്ധിച്ചിരിക്കുന്നു. തനിക്കു സമയം കുറയുന്നു എന്നു സാത്താൻ അറിയുന്നു. അതിനിടെ, മരിക്കുന്ന ആത്മാക്കളെ ദൈവമില്ലാത്ത നിത്യതയിലേക്കു തള്ളിവിടുന്നതിന് അവൻ പരിശ്രമം നടത്തുന്നു.

സാത്താനും അവന്റെ പൈശാചികപ്പടയ്ക്കും ഒരു അഗ്നിനരകം ഒരുക്കിയിരിക്കുന്നു എന്നു നാം വായിക്കുന്നു. എങ്കിലും, ദൈവം മനുഷ്യ വർഗത്തിനു വേണ്ടിയല്ല ഈ തീപ്പൊയ്ക ഒരുക്കിയത് എന്നു നാം മനസ്സിലാക്കണം. അല്ല നിശ്ചയമായും അല്ല! നഷ്ടപ്പെട്ട ഈ സകലജനത്തിനും വേണ്ടിയാണ് യേശു മരിച്ചത്. എന്നാൽ നല്ലതും വിശുദ്ധവുമായ സകലത്തിനുമെതിരേയുള്ള സാത്താന്റെ കോപത്തിൽ നിത്യദണ്ഡനത്തിലേക്കു കഴിയുന്നത്ര കൂടുതൽ ആളുകളെ കൊണ്ടുപോകുവാൻ അവൻ ശ്രമിക്കുന്നു. നഷ്ടപ്പെട്ട ആത്മാക്കൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ *'തിരഞ്ഞു – അന്വേഷിച്ചു രക്ഷിപ്പാൻ'* (ലൂക്കോസ് 19:10) കർത്താവ് ആഗ്രഹിക്കുന്നു. തനിക്കു വേണ്ടി സമർപ്പിക്കുന്ന വിശ്വാസികളെയാണ് ആ ശുശ്രൂഷയിൽ കർത്താവ് ഉപയോഗിക്കുന്നത്.

ബുദ്ധിമാൻമാരായ ആളുകൾ ലളിതമായ സുവിശേഷ സന്ദേശം മനസ്സിലാക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അത് അവരെ ചിന്താക്കുഴ

പ്പത്തിലാക്കുന്നു. അവിശ്വാസികൾ വിശ്വാസികളാകുന്നത് പ്രയാസമായി അനുഭവപ്പെടുന്നത് എന്തുകൊ്?

*'എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ, നശിച്ചുപോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നത്; ദൈവ പ്രതിമയായ ക്രിസ്തുവിന്റെ അന്തസ്സുള്ള സുവിശേഷത്തിന്റെ പ്രകാശം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി'* (2കൊരിന്ത്യർ 4:3–4).

അവിശ്വാസികളുടെ മനസ്സിൽ ദൈവത്തിന്റെ വെളിച്ചമായ സ്നേഹവും സത്യവും പ്രവേശിക്കാതെ തടസ്സപ്പെടുത്തുന്നതാര്? പിശാച്! സ്ത്രീപുരുഷന്മാരുടെ മാനസാന്തരത്തിനുവേി നിങ്ങൾ പ്രാർഥിക്കുമ്പോൾ, മാനസാന്തരപ്പെടുന്നവരുടെ മനസ്സുകളെ സാത്താന്റെ വഞ്ചനയിൽനിന്നു യേശുവിന്റെ നാമത്തിൻ ശക്തിയാൽ നാം സ്വതന്ത്രമാക്കണം. ഈ അത്ഭുതകരവും ശക്തവും വിജയിക്കുന്നതുമായ നാമത്തെക്കുറിച്ചു ചാൾസ് വെസ്ളി ഇങ്ങനെ എഴുതി:

> യേശുവിൻ നാമം സകലത്തിനും മേലായ നാമം; നരകത്തിലും ഭൂമിയിലും ആകാശത്തിലും ഉന്നത നാമം; അതിന്റെ മുമ്പിൽ ദൂതന്മാരും മനുഷ്യരും നമസ്കരിക്കുന്നു; പിശാചുക്കൾ ഭയന്ന് ഓടിപ്പോകുന്നു!

അതെ! സാത്താന്റെ മേലും അവന്റെ സകല പൈശാചികപ്പടകളുടെ മേലും കൽവരി ക്രൂശിൽ നിത്യ വിജയം നേടിയിരിക്കുന്നു! *'പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി'* (1 യോഹന്നാൻ 3:8). ഹല്ലേലുയ്യാ! തോറ്റ ഒരു യുദ്ധമല്ല നാം പയറ്റുന്നത്. നിശ്ചയമായും അല്ല! രായിരം വർഷങ്ങൾക്കു മുമ്പ് നമുക്കുവേി നേടിയ വിജയം നാം സ്വന്തമാക്കുക.

ചതുരംഗം – ചെസ്സ്കളിയിൽ നിങ്ങളുടെ എതിരാളിക്കെതിരേ നിർണായകമായ ഒരു നീക്കം നടത്തേതായിവരും. ആ പോയിന്റിൽ എതിരാളിയുടെ തോല്വി നിർണയി

ക്കപ്പെടുന്നു. തോല്‌വി ഉറപ്പായിരിക്കും പക്ഷേ, നിങ്ങളുടെ എതിരാളി ശാഠ്യക്കാരനാണെങ്കിൽ, അവസാന വിജയനിമിഷം അല്പം കൂടെ താമസിപ്പിച്ചേക്കാം എന്നു മാത്രമേയുള്ളൂ.

സാത്താനെ സംബന്ധിച്ചും അങ്ങനെതന്നെ. സാത്താൻ തന്റെ യുദ്ധം ജയിക്കയില്ല എന്നറിഞ്ഞിട്ടും, ദൈവത്താൽ മുൻവിധിക്കപ്പെട്ട സാത്താന്റെ പരാജയനിമിഷം അവൻ താമസിപ്പിക്കുന്നു എന്നു മാത്രം. അവൻ ചങ്ങലകളാൽ ബന്ധിക്കപ്പെടുന്നതിന് ഇനി അല്പ ദിവസങ്ങളേയുള്ളൂ. **സാത്താൻ പരാജിതനായ ശത്രു മാത്രമല്ല, കുപിടിക്കപ്പെട്ട ശത്രുവുമാണ്.** *'സാത്താന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ'* (2കൊരിന്ത്യർ 2:11) എന്നു വേദപുസ്തകം പറയുന്നു. ശത്രുവിന്റെ തന്ത്രം മനസ്സിലാക്കുന്നത് യുദ്ധത്തിൽ നമുക്കു പ്രയോജനകരമാണ്!

അപ്പോസ്തലനായ യോഹന്നാൻ, പിശാചിനെ ജയിച്ച വിശുദ്ധന്മാരുടെ വിജയത്തെക്കുറിച്ചു, കർത്താവിന്റെ വിജയം അവരുടെ വിജയമായിത്തീർന്നു എന്നു പറഞ്ഞിരിക്കുന്നു. *'അവർ – വിശുദ്ധന്മാർ – അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യ വചനം ഹേതുവായിട്ടും ജയിച്ചു മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല'* (വെളിപാട് 12:11) *'നാം മരണപര്യന്തം നമ്മുടെ പ്രാണനെ സ്നേഹിക്കുന്നില്ല. എന്തെന്നാൽ നമ്മുടെ പഴയമനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു'* (റോമർ 6:6)

**അതെ, രക്തത്താലുള്ള ശുദ്ധീകരണവും നമ്മുടെ നാവുകൊുള്ള ഏറ്റു പറച്ചിലും, ക്രിസ്തുവിനോടുകൂടെയുള്ള നമ്മുടെ ക്രൂശീകരണവും, നരക ശക്തികളുടെമേൽ യേശുക്രിസ്തുവിൽ നമ്മുടെ വിജയത്തിന്റെ പ്രമാണം ഒപ്പുവെക്കപ്പെടുന്നു. ഹല്ലേലുയ്യാ!**

എന്നോടൊപ്പം സന്തോഷിക്കുക; പുരുഷത്വത്തിലേക്കു വളരുന്നവരും ജയിക്കുന്നവരുമായ വിശ്വാസികളായിത്തീരുവാൻ കർത്താവ് നമുക്ക് ആവശ്യമായതെല്ലാം കരുതിയിരിക്കു

ന്നു. എന്നാൽ ദൈവിക കാര്യങ്ങളിൽ കിന്റർ ഗാർട്ടനിൽനിന്നും ബാലപാഠക്ലാസ്സിൽ നിന്നും മുന്നോട്ടു നീങ്ങുവാൻ നമുക്കു മനസ്സില്ലെങ്കിൽ, കർത്താവു ഒരിക്കലും ആത്മീയ പക്വത നമ്മുടെമേൽ അടിച്ചേല്പിക്കുകയില്ല. ഭൂമിയിൽ നാം ആയിരിക്കുമ്പോഴാണ് നമ്മുടെ ആത്മീയ കഴിവും, നാം ക്രിസ്തുവിൽ എത്രമാത്രം വളർന്നിട്ടു് എന്നതും തീരുമാനിക്കപ്പെടുന്നത്. നാം സ്വർഗത്തിലെത്തുമ്പോൾ കർത്താവിനോടുള്ള സാമീപ്യ സമ്പർക്കത്തിൽ അതു വെളിപ്പെടുകയും ചെയ്യും.

## ആത്മീയ പരിശോധന

1. ഞാൻ ഉറങ്ങാൻ പോകുമ്പോൾ, ഞാൻ എന്തു ചിന്തിക്കുന്നു?
2. ഞാൻ വേദപുസ്തകം വായിക്കുമ്പോൾ ദൈവം സംസാരിക്കന്നത് കേൾക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നുദോ?
3. ഞാൻ വേദപുസ്തകം വായിക്കുമ്പോൾ ദൈവം പറയുന്നതിനനുസരിച്ചു പ്രവർത്തിക്കുവാൻ എനിക്കു മനസ്സുദോ?
4. ഇപ്പോഴും 'ഞാൻ' 'എന്റെ' എന്നൊക്കെയാണോ എന്റെ ജീവിതത്തെക്കുറിച്ചു പറയുന്നത്?
5. ഞാൻ സ്വയാശ്രിതനായ ആളാണോ? എങ്കിൽ എന്റെ നിഗളം ഉപേക്ഷിച്ചിട്ടു ദൈവത്തിൽ സമ്പൂർണ ആശ്രയത്തിൽ ജീവിക്കുവാൻ എനിക്കു മനസ്സുദോ?
6. എന്റെ ദൈവത്തെ പുകഴ്ത്തുന്നതാണ് എനിക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും ഉന്നതമായ കാര്യം എന്നു ഞാൻ തിരിച്ചറിയുന്നുവോ?
7. എന്റെ ജീവിതത്തിൽ സാത്താൻ ഒരു താമസസ്ഥലം കത്തിയിട്ടുദോ?
8. സാത്താന്റെമേൽ ക്രിസ്തു കൈവരിച്ച വിജയം എന്റെ വിജയമായി ഞാൻ അവകാശപ്പെടുത്തേതുദോ?

എന്റെ വിശ്വാസം ഒരു വിശ്രമസ്ഥാനം കണ്ടെത്തി
തന്ത്രത്തിലോ വിശ്വാസപ്രമാണത്തിലോ അല്ല:
ഞാൻ എന്നേക്കും ജീവിക്കുന്നവനിൽ
ആശ്രയിക്കുന്നു.
അവന്റെ മുറിപ്പാടുകൾ എനിക്കു
വേണ്ടി അപേക്ഷിക്കും.

എന്റെ ഹൃദയം വചനത്തിൽ ചാരുന്നു,
ദൈവത്തിന്റെ എഴുതപ്പെട്ട വചനത്തിൽ,
രക്ഷ എന്റെ രക്ഷകന്റെ നാമത്താൽ,
രക്ഷ എന്റെ രക്ഷകന്റെ രക്തത്താൽ.

എനിക്കു മറ്റൊരു ന്യായവും ആവശ്യമില്ല,
എനിക്കു മറ്റൊരു വാദവും ആവശ്യമില്ല,
യേശു മരിച്ചു, അതു മതി!
യേശു എനിക്കു വേണ്ടി മരിച്ചു; അതു മതി!

ലിഡി എച്ച് എഡ്മൺഡ്സ്

# വിശ്വാസമെന്ന ഘടകം

ശക്തിയായ ഒഴുക്കുള്ള ഒരു നദികടന്ന് അക്കരെ തന്റെ സ്നേഹിതന്റെ സമീപത്തെത്തുവാൻ ശ്രമിക്കുന്ന ഒരു മനുഷ്യനെ നിങ്ങൾ സങ്കല്പിക്കുക. അവനു കടത്തുവള്ളമില്ല; ഒരു പട്ടം കയ്യിലു്, അനേകം നൂൽ കഷണങ്ങളുമു്. ഓരോ നൂൽ കഷണവും ആദ്യത്തേതിനെക്കാൾ കയറുപോലെ ബലമുള്ളതാണ്. ഏറ്റവും ലോലമായ നൂൽ ഉപയോഗിച്ചു അവൻ പട്ടം നദിക്കക്കരെ നിലക്കുന്ന സ്നേഹിതന്റെ കരത്തിലെത്തിക്കാൻ ശ്രമിക്കുകയാണ്. പട്ടത്ത് കെട്ടിയിരിക്കുന്ന നേർത്ത നൂലിനോടു ചേർത്തു, കൂടുതൽ ബലമുള്ള നൂൽകഷണങ്ങളും ഒടുവിൽ ആ കയറും കെട്ടി, കയറിന്റെ ഒരറ്റം നദിക്കക്കരെയും മറ്റെയറ്റം ഇക്കരെയും വൃക്ഷങ്ങളിൽ ബന്ധിച്ചു. ഇപ്പോൾ ആ മനുഷ്യനു സുരക്ഷിതമായി നദികടന്നു തന്റെ സ്നേഹിതന്റെ അടുക്കൽ എത്താൻ കഴിയും.

വീുംജനനം പ്രാപിച്ച ദൈവപൈതൽ എന്ന നിലയിൽ നിങ്ങൾ, കർത്താവായ യേശുക്രിസ്തുവിന്റെ മരണത്തിൽ നിങ്ങളുടെ വിശ്വാസം വെച്ചുകഴിഞ്ഞു. നിങ്ങളുടെ പാപങ്ങൾക്കു പകരമായാണ് ക്രിസ്തു മരിച്ചത്. എന്നാൽ നിങ്ങൾ വേദപുസ്തകം വായിക്കുവാൻ ആരംഭിക്കുമ്പോൾ നിങ്ങളുടെ വിശ്വസം ആ നേർത്ത നൂൽക്കഷണം പോലെ മാത്രമായിരിക്കും, നദിക്കക്കരെ പറത്തിവിട്ട പട്ടവുമായി നേർത്ത ബന്ധം പുലർത്തുവാൻ മാത്രം മതിയായത്! എങ്കിലും, '*വിശ്വാസം*

*കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു'* (റോമർ 10:17) എന്നതിനാൽ നിങ്ങൾ ദൈവത്തിന്റെ വചനം തുടർന്നു വായിക്കയും, ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകെപ്പിടിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ വിശ്വാസം ശക്തമായിത്തീരും. തന്റെ മക്കൾ എല്ലാവരും വിശ്വാസത്തിൽ ശക്തരാകണം എന്നു ദൈവം ആഗ്രഹിക്കുന്നു; ദൈവപൈതലും സ്വർഗസ്ഥനായ തന്റെ പിതാവും തമ്മിൽ ഒരുമിച്ചുള്ള ബന്ധം അതിന് ആവശ്യമാണ്.

രക്ഷയ്ക്ക് ആധാരമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽനിന്ന് പണിയണമെന്ന് യൂദാ പറയുന്നു: നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി – അടിസ്ഥാനമാക്കി സൂക്ഷിച്ചുകൊൾവിൻ (യൂദാ 20). മറ്റൊരു വേദപുസ്തക പരിഭാഷയിൽ ആ ഭാഗം ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കുതന്നെ ആത്മികവർധന വരുത്തിയും **പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊ്** ദൈവസ്നേഹത്തിൽ നിങ്ങളെ തന്നെ സൂക്ഷിച്ചുകൊൾവിൻ. സംശയിക്കുന്നവരായ ചിലരോടു **കരുണചെയ്വിൻ**, ചിലരെ തീയിൽനിന്നു വലിച്ചെടുത്തു **രക്ഷിപ്പിൻ** ജഡത്തിൽ കറപിടിച്ച അങ്കിപോലും പകച്ചുകൊ് ചിലർക്കു ഭയത്തോടെ കരുണകാണിപ്പിൻ (യൂദാ 20–30).

രക്ഷിക്കുന്ന വിശ്വാസമെന്ന സുനിശ്ചിതമായ അടിസ്ഥാനത്തിൽ നാം ആത്മീയമായി നിലനില്ക്കുന്നു. വിശ്വാസത്തിൽ നാം വളരണം. പ്രാർഥനാജീവിതത്തിൽ നാം അഭിവൃദ്ധിപ്പെടേണം; ജീവനുള്ള പ്രത്യാശ നമുക്കു ഉായിരിക്കണം. സജീവമായ മനസ്സലിവും ആത്മാർഥമായി ആത്മാക്കളെ രക്ഷിക്കാൻ മനസ്സുള്ളവനുമായിരിക്കണം.

നിങ്ങളുടെ രക്ഷ, വിശ്വാസത്താൽ സൗജന്യദാനം എന്ന നിലയിൽ നിങ്ങൾക്കു ലഭിച്ചു; വിശ്വാസത്താൽ, സകലത്തിനും മതിയായ ക്രിസ്തുവിന്റെ പുനരുത്ഥാനജീവൻ നിങ്ങൾ അവകാശമാക്കുന്നു. നിങ്ങളിൽ വസിക്കുന്ന ക്രിസ്തുവിനാൽ ആണ് നിങ്ങൾ നിയന്ത്രിക്കപ്പെടുന്നത്. അതെ, *'നീതിമാൻ വിശ്വാസത്താൽ ജീവിക്കും'* (റോമ. 1:17; ഗലാ. 3:11; എബ്രാ. 10:38). സ്വർഗത്തിലായാലും ഭൂമിയിൽ ആയിരിക്കുമ്പോഴും നിങ്ങൾ വിശ്വാസത്താൽ ജീവിക്കണം. ദൈവത്തിലും അവന്റെ വാഗ്ദത്തങ്ങളിലും ആശ്രയിച്ചുകൊു ജീവിക്കണം. നിങ്ങളിലൂടെ ദൈവത്തിനു തന്റെ പ്രവൃത്തി ചെയ്യുന്നതിനു നിങ്ങൾ സ്വയം വിധേയപ്പെടുത്തണം. സ്വർഗത്തിലായാലും ദൈവത്തിന്റെ നിത്യമായ സ്നേഹോദ്ദേശ്യത്തിൽ നിങ്ങൾ സന്തോഷിക്കണം. നിങ്ങളുടെ വീടെുക്കപ്പെട്ട മനസ്സിനു ഗ്രഹിക്കുവാൻ കഴിയാത്തത്ര ശ്രേഷ്ഠമായ അനുഭവമാണ് അത്.

നിങ്ങൾ ഭൂമിയിൽ ആയിരിക്കുമ്പോൾ യഥാർഥ വിശ്വാസം നിരന്തരം കർത്താവായ യേശുക്രിസ്തുവിൽ ആയിരിക്കണം. മറ്റു വിധത്തിൽ നിങ്ങൾക്കു ചെയ്യുവാൻ കഴിയാത്തത് വിശ്വാസത്താൽ **നിങ്ങളിലും നിങ്ങളിലൂടെയും** ചെയ്യുവാൻ കർത്താവിൽ ആശ്രയിക്കണം. ദൈവമക്കൾ എന്ന നിലയിൽ നാം വിശ്വാസത്തിൽ വളരേതാണ്. നാം ജീവദാതാവായ കർത്താവിൽ, നമ്മുടെ ദൈനംദിന നടപ്പിനായി ആശ്രയിക്കണം.

പലപ്പോഴും നാം മാനുഷിക ബുദ്ധിയിലേക്കു തിരിയാറു്. യഥാർഥ വിശ്വാസത്തിനു പകരമുള്ള കാര്യങ്ങളാണ് നാം ശ്രദ്ധിക്കുന്നത്. നമ്മുടെ മാനുഷിക സ്വയാശ്രയം, കർത്താവിനുവേി ത്യാഗപരമായ സേവനങ്ങൾ അർപ്പിച്ചുകൊ്, വിശ്വാസത്തിനു പകരം സ്ഥാനത്തു വരുന്നതിനു ശ്രമിക്കും. യഥാർഥ വിശ്വാസം, ഒരു ക്രിസ്തീയ പരിപാടിയോടോ ഒരു പ്രസംഗത്തോടോ വേദപുസ്തക പഠനത്തോടോ കാണിക്കുന്ന

പ്രതിബദ്ധതയല്ല. അത് ചിലപ്പോൾ യഥാർഥ വിശ്വാസത്തിനു പകരമായി ഉപയോഗിക്കപ്പെടാവുന്നതാണ്.

യഥാർഥ വിശ്വാസം, ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിലുള്ള പ്രതീക്ഷയോടുകൂടിയ ആശ്രയവുമായി ബന്ധപ്പെട്ടിരിക്കും. നിർഭാഗ്യവശാൽ, സ്വന്തം താലന്തുകളും വ്യക്തിത്വയോഗ്യതകളും ബാങ്ക് അക്കൗണ്ടുകളും ഉപയോഗിച്ചു ജീവിതത്തിൽ വിജയം നേടാമെന്നു പല വിശ്വാസികളും കരുതുന്നു. എന്നാൽ വീുംജനനം പ്രാപിച്ച വിശ്വാസികൾ എന്ന നിലയിൽ വിജയിക്കാൻ നമ്മുടെ ജീവിതം പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടേതാണ് എന്ന് വേദപുസ്തകം വ്യക്തമായി പറയുന്നു. ദൈവത്തിലുള്ള ആശ്രയവിശ്വാസം നാം പ്രായോഗികമാക്കുന്നില്ലെങ്കിൽ ദൈവശക്തിക്കു പകരമായി നാം ചെയ്യുന്ന സകല പ്രവൃത്തികളും നഷ്ടപ്പെടുമെന്നു തിരുവെഴുത്തുകൾ മുന്നറിയിപ്പു നല്കുന്നു. നാം എത്ര അത്യുൽസാഹികൾ ആയിരിക്കുന്നു എന്നതോ നാം ചെയ്യുന്നതോ അല്ല, നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പ്രയോജനം നിർണയിക്കുന്നത്; നമ്മുടെ സകല പ്രവർത്തനങ്ങളും യഥാർഥ വിശ്വാസത്താൽ ആണോ നാം നടത്തിയത് എന്നതാണ് നിർണായക വസ്തുത.

ദൈവത്തിന്റെ സ്നേഹമൊഴികെ മറ്റേതെങ്കിലും നിങ്ങൾക്കു സുരക്ഷിതബോധവും പ്രാധാന്യതയും നല്കുന്നു െ ങ്കിൽ നിങ്ങൾ വിശ്വാസത്താലല്ല ജീവിക്കുന്നത് എന്നതിന് അത് തെളിവാണ്. നിങ്ങളുടെ വിദ്യാഭ്യാസമോ സ്നേഹിതരോ നിങ്ങളുടെ അധികാരമോ നിങ്ങളുടെ ഉദ്യോഗമോ ശാരീരിക ആളത്വമോ ഏതിൽ നിങ്ങൾ ആശ്രയിച്ചാലും വിശ്വാസത്താലല്ല നിങ്ങൾ നടക്കുന്നത്. നിങ്ങളുടെ യഥാർഥ സുരക്ഷിതത്വവും പ്രാധാന്യവും നിങ്ങളുടെ ദൈവവും വീടെുപ്പുകാരനുമായവനിൽ മാത്രമാണ് കാണപ്പെടേത്. ഭൂമിയിലെ നിങ്ങളുടെ പരദേശയാത്രയിൽ വിശ്വാസത്താൽ ജീവിക്കുന്നില്ല എങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ തുടർച്ചയായുള്ളതും ദൈവസാന്നിധ്യവും നിങ്ങളിലൂടെയുള്ള അവന്റെ സ്നേഹശുശ്രൂ

ഷയും നിങ്ങൾക്കു നഷ്ടപ്പെടും. വിശ്വാസത്തിൽനിന്ന് ഉളവാകാത്തവ ഒക്കെയും പാപം ആകുന്നു (റോമ. 14:23).

നമ്മുടെ വിശ്വാസത്തെ ഉത്തേജിപ്പിക്കേതിനു ദൈവവചന പോഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജി. കീത്ത് ഇപ്രകാരം പറയുന്നു:

കർത്താവിന്റെ വിശുദ്ധന്മാരേ,
നിങ്ങളുടെ വിശ്വാസത്തിനു
ദൈവത്തിന്റെ മഹദ്വചനത്തിൽ
എത്ര ഉറപ്പേറിയ അടിസ്ഥാനം നല്കിയിരിക്കുന്നു..

ദൈവത്തിന്റെ ശബ്ദം നമ്മുടെ ജീവിതത്തിലും ഹൃദയത്തിലും തിരിച്ചറിഞ്ഞാൽ മാത്രമേ, ആത്മീയവളർച്ചയുടെ അടിസ്ഥാനമുാകയുള്ളൂ. രക്ഷകനോടുകൂടെ ഏകാന്തതയിൽ ചെലവഴിക്കയും ദൈവിക പരിപാടി അനുസരിക്കുന്നതുമാണ് അടിസ്ഥാനത്തിനു കൂട്ടുകെട്ട് ആയിരിക്കുന്നത്. കർത്താവിനോടുകൂടെ സാമീപ്യസംസർഗത്തിലും കൂട്ടായ്മയിലും ആയിരിക്കുക.

**ദൈവത്തോടുള്ള സജീവ കൂട്ടായ്മ ഉളവാക്കുന്നത് *വിശ്വാസമാണ്.***

പല വർഷങ്ങൾക്കു മുമ്പ് ഇംഗ്ലിലെ ഏകദേശം നൂറു സഭാശുശ്രൂഷകന്മാരോട് ഉണർവിനെക്കുറിച്ചു ഞാൻ സംസാരിച്ചു. വളരെ ശക്തിയോടും ഹൃദയത്തകർച്ചയോടും കൂടെ തങ്ങളുടെ മധ്യത്തിൽ ദൈവം പ്രവർത്തിച്ചു. പൊതുപ്രാർഥനാസമയത്ത് ഹൃദയത്തകർച്ചയോടും നിറകണ്ണുകളോടും കൂടെ ഒരു പാസ്റ്റർ ഇപ്രകാരം പ്രാർഥിച്ചു: *'ദൈവമേ, ഈ സഹോദരന്മാരെ മുമ്പ് ഞാൻ പ്രാർഥനയിൽ നയിച്ചപ്പോൾ ഞാൻ അവരെക്കുറിച്ചും പഥ്യോപദേശത്തെക്കുറിച്ചും അധികം ചിന്തിച്ചുകൊ്, അങ്ങയുടെ വിശുദ്ധസാന്നിധ്യത്തെക്കുറിച്ചു ബോധവാനാകാതിരുന്നത് ഞാൻ ഏറ്റു പറയുന്നു..'*

നാം പ്രാർഥിക്കുമ്പോൾപോലും വാക്കുകൾക്കു പിന്നിൽ ഒളിച്ചുകൊ് സ്വർഗസ്ഥനായ നമ്മുടെ പിതാവിന്റെ മുമ്പിൽ ഹൃദയം തുറക്കാതിരിക്കുന്ന അവസ്ഥ നമുക്കു്.

ഒരു പ്രാർഥന ചൊല്ലുന്നതോ ഉരുവിടുന്നതോ നാം പ്രാർഥിക്കുന്നതാകണമെന്നില്ല. ദൈവത്തിന്റെ പ്രകാശത്തിന്റെ സുതാര്യതയിലും വിശുദ്ധിയിലും നമ്മുടെ ഹൃദയം തുറക്കുമ്പോൾ മാത്രമാണ്. നമ്മുടെ കൂട്ടായ്മയിൽ കർത്താവു പ്രസാദിക്കുന്നത്.

ആവശ്യത്തിലിരിക്കുന്ന ഒരു പാപി, വിശുദ്ധനായ ദൈവത്തെ ഏതെങ്കിലും വിധത്തിൽ തൃപ്തനാക്കുമോ? എന്നത് ഗൗരവമേറിയ ഒരു ചിന്തയാണ്. ദൈവത്തിനു മഹത്വം വരുത്തുന്നതിനു തന്നെയാണ് ദൈവം മനുഷ്യവർഗത്തെ സൃഷ്ടിച്ചത്. നാം ഇഷ്ടപ്പെട്ടാലും ഇല്ലങ്കിലും, വിശുദ്ധനായ ദൈവത്തിന്റെ മഹത്വത്തിനായിട്ടാണ് നാം ജീവിക്കുന്നത്!

*'നിങ്ങൾ പൂർണ പ്രസാദത്തിനായി കർത്താവിനു യോഗ്യമാകുംവണ്ണം'* (കൊലൊസ്യർ 1:10) നടക്കേണം എന്നതായിരുന്നു കൊലൊസ്യ സഭയെക്കുറിച്ചു അപ്പോസ്തലനായ പൗലൊസിന്റെ ആഗ്രഹം. *'പൂർണ പ്രസാധത്തിനായി'* എന്നത് *'ദൈവത്തിന്റെ ഹിതത്തിന്റെ സമ്പൂർണ പ്രതീക്ഷയനുസരിച്ചു'* എന്നു വ്യാഖ്യാനിക്കാവുന്നതാണ്. അതാണ് ശരിയായ പ്രസാദം. മറ്റൊരു വ്യക്തിയുടെ ഇഷ്ടത്തിനു നമ്മുടെ ഇഷ്ടത്തെക്കാൾ മുൻഗണന നല്കുന്നു.

ദൈവത്തെ പ്രസാദിപ്പിക്കുന്നതിനെക്കാൾ നമ്മെ പ്രസാദിപ്പിക്കുക എന്നു പറഞ്ഞാൽ, നമ്മുടെ കാൽ വിരലുകൾ സകല പാറയിലും തട്ടും, തല സകലഭിത്തികളിലും മുട്ടും, വഴിയിലുടനീളം തടസ്സങ്ങൾ നേരിടേി വരും എന്നർത്ഥം. എന്നാൽ ദൈവസ്നേഹത്തിന്റെയും മഹത്വത്തിന്റെയും പ്രകാശത്തിന്റെ സുതാര്യതയിൽ ദൈവപൈതൽ തന്റെ സ്രഷ്ടാവിനോടു സംസർഗം നടത്തുന്നത് വിശ്വാസിയുടെയും ദൈവത്തിന്റെയും ഹൃദയങ്ങൾക്ക് എത്രയോ ആഹ്ലാദകരമാണ്!

*'വിശ്വാസ'*ത്തിനും *'ദൈവത്തെ പ്രസാദിപ്പിക്കു'*ന്നതിനും തമ്മിൽ നിർണായകമായ ബന്ധമു് എന്നു വേദപുസ്തകം വെളിപ്പെടുത്തുന്നു. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ സാധ്യമല്ല എന്ന പ്രയോഗം ശക്തമായ ഒരു പ്രസ്താവനയാണ്. എല്ലാ വിശ്വാസികൾക്കും ഇതു വളരെ

ധൈര്യം നല്കുന്നതാണ്. ദൈവത്തോടു കൂടെയുള്ള കൂട്ടായ്മക്ക് ദൈവത്തിൽനിന്നു പ്രതിഫലമു്. *'ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉ് എന്നും തന്നെ (ജാഗ്രതയോടെ) അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേതല്ലോ'* (എബ്രായർ 11:6).

രക്ഷകനും കർത്താവുമായവനോടു സാമീപ്യകൂട്ടായ്മയിൽ വസിക്കുന്ന ഒരു വിശ്വാസിക്കു ദൈവം നല്കുന്ന പ്രതിഫലങ്ങൾ വർണനാതീതമാണ്. അത് വ്യക്തിപരമായി അനുഭവസ്ഥമാക്കി മനസ്സിലാക്കേതാണ്. ദൈവത്തിനു പ്രസാദവും തന്റെ മക്കൾക്കു സന്തോഷവും സല്കുന്ന ദൈവത്തോടുള്ള കൂട്ടായ്മയുടെ താക്കോൽ വിശ്വാസമാണ്.

**അതെ, ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ വിജയം ദൈവപൈതലിനു പരിശുദ്ധാത്മാവ് എത്തിച്ചുകൊടുക്കുന്ന ദൈവിക വാഹനമാണ് വിശ്വാസം.**

ഒരു പ്രസംഗത്തിൽ കൂടെയോ, ദൈവവചനം വായിക്കുന്നതിലൂടെയോ ദൈവത്തിന്റെ വാഗ്ദാനങ്ങളെക്കുറിച്ച് അറിഞ്ഞതിനു ശേഷവും അത് ആത്മീയ പ്രയോജനമില്ലാത്തതായിത്തീരുന്നത് കഷ്ടമാണ്. എന്നാൽ *'കേട്ട വചനം വിശ്വാസമായി പരിണമിക്കായ്കയാൽ അവർക്ക് ഉപകാരമായി വന്നില്ല'* (എബ്രായർ 4:2).

വിശ്വാസത്താൽ, ദൈവത്തിന്റെ വചനം തലയിൽ നിന്നു ഹൃദയത്തിലേക്കു ഇറങ്ങിച്ചെല്ലണം. അപ്പോൾ മാത്രമേ ദൈവവചനം വായിക്കുന്നത് പ്രയോജനകരമാകയുള്ളൂ. കർത്താവായ യേശുക്രിസ്തുവിന്റെ ശക്തമാക്കുന്ന കൃപ പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിലേക്കു പകരുന്നത്. കർത്താവിനെ സേവിക്കുന്നതിനുള്ള എല്ലാ അവസരങ്ങളും നാം പ്രയോജനപ്പെടുത്തേതിനും **അവ** നമ്മുടെ ജീവിത പ്രശ്നങ്ങളെ പരിഹരിക്കും എന്നു കാണിക്കേതിനുമാണ്.

എല്ലാ സത്യവിശ്വാസികളും പരിശോധനകളുടെയും പരീക്ഷകളുടെയും ദിനങ്ങളെ അഭിമുഖീകരിക്കും എന്നതിൽ

സംശയമില്ല. കർത്താവിനോടുള്ള നമ്മുടെ അനുദിന കൂട്ടായ്മ യിൽനിന്നു നമ്മെ അകറ്റുവാൻ സാത്താൻ *'ലോകത്തെ'* വശീ കരണത്തിനായി ഉപയോഗിക്കും. ദൈവപൈതൽ തന്റെ വീടെുപ്പുകാരനും കർത്താവുമായ ദൈവത്തോടു കൂട്ടായ്മ യിലിരിക്കുന്നതു പോലെ സാത്താനെ അസ്വസ്ഥമാക്കുന്ന മറ്റൊ ന്നുമില്ല. അതിനാൽ വിശ്വാസവർധകമായ *ഏകാന്തസമയ* ത്തിൽനിന്നു അകറ്റുവാൻ ദുഷ്ടൻ എന്തും പ്രവർത്തിക്കും.

ആത്മീയ ഗൗരവമില്ലാത്ത മനുഷ്യന് ഭൗതികലോകം മാത്രമാണ് ജീവിതയാഥാർഥ്യമായി അനുഭവപ്പെടുന്നത്. എന്നാൽ ആത്മീയ ലോകമാണ് ആത്യന്തിക യാഥാർഥ്യം. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു (1 യോഹന്നാൻ 2:16). ജനങ്ങൾ എളുപ്പ ത്തിൽ വഞ്ചിതരാകുമെന്നതിനാൽ, വിശ്വാസികളെ വശീകരി ക്കുവാൻ പിശാചിന് ഒരു പ്രയാസവുമില്ല.

ജഡമോഹത്താലും (ഉത്തരവാദിത്വമില്ലാത്ത സന്തോഷം), കൺമോഹത്താലും (ഉത്തരവാദിത്വമില്ലാത്ത സമ്പാദ്യം), ജീവനത്തിന്റെ പ്രതാപത്താലും (ഉത്തരവാദിത്വ മില്ലാത്ത അധികാരം) നാം പരീക്ഷിക്കപ്പെടുന്നു എന്ന് വേദപു സ്തകം പറയുന്നു. ദൈവം നമുക്കുവേി പദ്ധതിയിട്ടിരി ക്കുന്ന എല്ലാറ്റിലും ഇടപെടുന്നതിനുള്ള തന്ത്രങ്ങൾ സാത്താൻ അറിയുന്നു. കർത്താവിനോടു കൂടെയുള്ള *ഏകാന്തസമയ ത്തിൽ* നിന്നും നമ്മെ അകറ്റുന്നതിന് അവൻ എന്തുവേണമെ ങ്കിലും ചെയ്യും. ദൈവത്തോടുള്ള സാമീപ്യത്തിൽ നാം ആയി രിക്കുമ്പോൾ നാം ആത്മികമായി വളരുമെന്നും അത് മുഖാ ന്തരം നാം ദൈവത്തെ അധികം പ്രസാദിപ്പിക്കുമെന്നും ദുഷ്ടൻ അറിയുന്നു.

**ജഡമോഹം:** ലൈംഗികമായ മാലിന്യത്താൽ നാശോ ന്മുഖമായിരിക്കുന്ന ലോകത്തിൽ സാത്താൻ ജഡമോഹം പ്രയോഗിക്കുന്നു. ലൈംഗികവും ശാരീരികവും ഭൗതികവുമാ

യതിൽ ആമഗ്നരായിരിക്കുന്നവരെ പിശാച് എളുപ്പം പിടികൂടുന്നു. എന്നാൽ സാത്താന്റെ ദുരാലോചനയ്ക്ക് വഴിപ്പെട്ടവർ പാപത്തിന്റെ സന്തോഷക്കുമിള നിമിഷത്തിൽ തകർന്നു പോയി എന്നും ശൂന്യതയും ലജ്ജയും മാത്രം ശേഷിച്ചു എന്നും അതിവേഗം മനസ്സിലാകും.

**കൺമോഹം:** കച്ചവടലോകത്തിന്റെ വശീകരണങ്ങളും മറ്റുള്ളവർക്കുള്ളത് നേടുവാനുള്ള ആഗ്രഹങ്ങളും നമ്മെ കൺമോഹത്തിലേക്കു നയിക്കുന്നു; ക്രൂരമായ നീക്കങ്ങൾ നടത്തുന്നതിനു സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. നിനക്കൊരു പുതിയ വാച്ച്, ഒരേക്കർ വസ്തു അല്ലെങ്കിൽ വലിയൊരു വീട് ഉായിരിക്കുന്നു എങ്കിൽ നിനക്കെത്ര സന്തോഷമുാകുമായിരുന്നു എന്നു മഹാ വഞ്ചകൻ മന്ത്രിക്കുന്നു!എന്നാൽ മനുഷ്യൻ അപ്പം കൊു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനം കൊും ജീവിക്കുന്നു (മത്താ. 4:4) എന്നതിനാൽ നമ്മുടെ പുതിയ സമ്പാദ്യങ്ങളൊന്നും നമുക്കു നിത്യമായ തൃപ്തി നല്കുന്നതല്ല എന്നു നാം പിന്നീടു മനസിലാക്കും.

**ജീവനത്തിന്റെ പ്രതാപം:** സ്വയപര്യാപ്തത, ഞാൻ എന്ന ഭാവം, ഔദ്ധത്യം തുടങ്ങിയവയാൽ സാത്താൻ നമ്മെ നശിപ്പിക്കും. ഏതു നിലയിലുള്ള നിഗളത്തെയും ദൈവം വെറുക്കുന്നു.

സ്വന്തം ഭാവി നിർണയിക്കുവാൻ നമുക്കു കഴിയുമെന്ന ചിന്ത വിശ്വാസത്തിനെതിരാണ്. കർത്താവായ യേശുവിലുള്ള ആശ്രയമാണ് വിശ്വാസം. നിഗളത്തിനുള്ള ഏക ഉത്തരം കർത്താവിന്റെ മുമ്പിൽ നിങ്ങളെത്തന്നെ താഴ്ത്തുവിൻ (യാക്കോബ് 4:10) എന്നതാണ്. സർവശക്തനായ ദൈവത്തിൽ നിങ്ങൾ ആശ്രയിക്കുന്നതിനാൽ നിങ്ങൾ സ്വയം പര്യാപ്തനാണ് എന്നു പറയുവാൻ കഴിയും. വിശ്വാസം എന്ന ആശ്രയം നിങ്ങൾക്കു വിജയം നല്കുന്നു. *ലോകത്തെ ജയിച്ച ജയം നമ്മുടെ വിശ്വാസം തന്നെ* (1 യോഹന്നാൻ 5:4).

ലോകത്തിലുള്ളവയുമായി സാത്താൻ നിങ്ങളെ സമീ

പിക്കുമ്പോൾ ജയിക്കുന്ന വിശ്വാസം നേടുന്നതിന്, കർത്താവായ യേശു ശിഷ്യന്മാരെ പഠിപ്പിച്ച ഒരു തത്വം പ്രധാനമാണ്. വിശ്വാസത്തിനു മറ്റൊരു തടസ്സംകൂടെ ഉ് എന്ന് കർത്താവ് അറിയിച്ചിരുന്നു. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊു, ഏകദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾ എങ്ങനെ വിശ്വസിപ്പാൻ കഴിയും? (യോഹന്നാൻ 5:44). മറ്റുള്ളവരിൽനിന്ന് ബഹുമാനത്തിനുള്ള ആഗ്രഹമുങ്കെിൽ, വിശ്വാസം വരുത്തുകയില്ല എന്നു കർത്താവ് അവരോടു പറഞ്ഞു. അനേക വിശ്വാസികൾക്കു ബഹുമാനാഗ്രഹം പ്രശ്നമാണ്. ക്രിസ്തുവിനെ നിരസിക്കുന്ന ഒരു ലോകത്തിന്റെ അംഗീകാരം ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടയാളമല്ല.

നിങ്ങൾ അനുദിനവും *ഏകാന്ത സമയം* എടുക്കുമ്പോൾ നിങ്ങളുടെ വിശ്വാസം വർധിക്കും. ജീവിതത്തിലെ പരിശോധനകളെയും അനുസരണങ്ങളെയും നിങ്ങൾ അഭിമുഖീകരിക്കുമ്പോൾ ശക്തമായതും ജയിക്കുന്നതുമായ വിശ്വാസം പ്രവർത്തിപ്പിക്കുവാൻ നിങ്ങൾക്കു കഴിയും.

## ആത്മീയ പരിശോധന

1. എന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പ്രവർത്തനനിരതമായ വിശ്വാസം എനിക്കുരോ?
2. സകല പ്രശ്നങ്ങളിലും ക്രിസ്തു മതിയായവനാണ് എന്നു കാണിക്കുവാൻ എല്ലാ അവസരങ്ങളിലും എനിക്കു കഴിയുന്നുരോ?
3. ദൈവത്തിന്റെ ഹിതം എന്നിൽ നിറവേറ്റപ്പെടണം എന്നതാണോ ഞാൻ ആഗ്രഹിക്കുന്നത് അതോ അവന്റെ ഹിതം ഞാൻ തന്നെ നിറവേറ്റുവാൻ ആഗ്രഹിക്കുന്നുവോ?
4. ഞാൻ അനുദിനവും കർത്താവിൽ ആശ്രയിക്കുന്നതിനാൽ ഞാൻ പരിഭ്രമരഹിതനായിരിക്കുന്നുവോ?

കർത്താവേ, എന്നോടു സംസാരിക്കണമേ,
അങ്ങേയുടെ അതേ ധ്വനിയിൽ സംസാരിക്കുവാൻ
എന്നെ സഹായിക്കണമേ;
അങ്ങ് എന്നെ അന്വേഷിച്ചതുപോലെ,
നഷ്ടപ്പെട്ടവരും തെറ്റിപ്പോകുന്നവരുമായ മക്കളെ
അന്വേഷിക്കുവാൻ എന്നെ സഹായിക്കണമേ;
കർത്താവേ, എന്നെ പഠിപ്പിക്കണമേ,
എന്നെ അങ്ങു പഠിപ്പിച്ച വിലയേറിയ കാര്യങ്ങൾ
മറ്റുള്ളവരെ പഠിപ്പിക്കുവാൻ എന്നെ
സഹായിക്കണമേ;
എന്റെ വാക്കുകൾ, അനേകഹൃദയങ്ങളെ കണ
ത്തുവാൻ സഹായിക്കണമേ.
കർത്താവേ, അങ്ങയുടെ നിറവിൽ
എന്നെ നിറയ്ക്കണമേ,
എന്റെ ഹൃദയം നിറഞ്ഞു കവിയും വരെയും
നിറയ്ക്കണമേ.
നല്ല ചിന്തയാലും ജ്വലിക്കുന്ന വാക്കുകളാലും
അങ്ങയുടെ സ്നേഹത്തെക്കുറിച്ചു പറയട്ടെ
അങ്ങയുടെ സ്തുതി ഞാൻ കാണിക്കട്ടെ.

ഫ്രാൻസിസ് റിഡ്‌ലി ഹാവെർഗൾ

### അധ്യായം 6

# പറയുന്നതിനുള്ള സമയം

ഒരു രാത്രിയോഗത്തിനു ശേഷം ഒരു പിതാവ് എന്നെ സമീപിച്ച് തനിക്കുവേി പ്രാർഥിക്കുവാൻ അപേക്ഷിച്ചു. ദൈവം അസാധാരണ ശക്തിയിൽ അവിടെ പ്രവർത്തിച്ചു കൊിരുന്നു. തന്റെ സഹപ്രവർത്തകരോടും സ്നേഹിതരോടും സാക്ഷിക്കുന്നതിൽ തനിക്കു ബുദ്ധിമുട്ട് എന്നു അദ്ദേഹം പറഞ്ഞു. ഞാൻ സാധാരണ ചെയ്യുന്നതുപോലെ, കർത്താവിന്റെ വിവേചനത്തിനായി, നിശബ്ദമായി പ്രാർഥിച്ചു. ശരിയായ പ്രശ്നം അതല്ല; എന്നോടുകൂടെ മുട്ടുകുത്തി യഥാർഥ പ്രശ്നമെന്താണെന്നു കാണിക്കുവാൻ ദൈവത്തോടു അപേക്ഷിക്കാമോ എന്നു ഞാൻ ചോദിച്ചു. യാതൊരു വൈമനസ്യവും കൂടാതെ അദ്ദേഹം മുട്ടുകുത്തി പ്രാർഥിച്ചു.

നിശബ്ദമായ ചുുകളെക്കാൾ ആഴത്തിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രശ്നം. വളരെ ഹൃദയത്തകർച്ചയോടെ അദ്ദേഹം, തന്റെ മക്കളോടു ഭവനത്തിൽ ഒരു ഏകാധിപതിയെപ്പോലെ പ്രവർത്തിച്ചതിനെക്കുറിച്ചു ദൈവത്തോട് ഏറ്റു പറഞ്ഞു, പാപക്ഷമയ്ക്കായി അപേക്ഷിച്ചു.

അന്നു രാത്രി സാക്ഷിക്കുന്നതിനു തനിക്കുള്ള പ്രശ്നത്തെക്കുറിച്ചു ഞാൻ ഒന്നും സംസാരിച്ചില്ല, യേശുതന്നെ ആ പിതാവിനോടു പുതിയവഴി ഉപദേശിച്ചു. അടുത്ത രാത്രി പ്രകാശിക്കുന്ന മുഖവുമായി അദ്ദേഹം യോഗത്തിൽ വന്നു; ഇന്നു

പകൽ മുഴുവൻ ഞാൻ മറ്റുള്ളവരോടു യേശുവിനെക്കുറിച്ചു പറഞ്ഞുകൊിരുന്നു എന്നു പറഞ്ഞു.

മാനസാന്തരപ്പെടുന്നവർക്കു ഗൂഢമായ എന്തെങ്കിലുമൊരു രക്ഷാമാർഗം അറിയിക്കുവാൻ വേദപുസ്തകം പറയുന്നില്ല. എന്നാൽ കർത്താവായ യേശുക്രിസ്തുവിനോടു കൂടെ നിരന്തര കൂട്ടായ്മയിൽ നാം നടക്കണം. മറ്റുള്ളവരോടു നാം സുവിശേഷം അറിയിക്കുമ്പോൾ കർത്താവിന്റെ സ്നേഹം നമ്മിൽ നിറഞ്ഞു കവിയുകയും ദൈവത്തിന്റെ സത്യം കേൾക്കുവാൻ അവർ താല്പര്യപ്പെടുകയും ചെയ്യും.

എന്നാൽ നമ്മുടെ ഹൃദയങ്ങൾ കർത്താവിനോടുകൂടെ യഥാർഥ കൂട്ടായ്മയിൽ **ആയിരിക്കുന്നില്ല** എങ്കിൽ നമ്മുടെ സാക്ഷ്യം മതിയായവിധത്തിൽ **ഫലപ്രദമാകയില്ല.** ആ ദിവസങ്ങളിൽ മറ്റുള്ളവരോടു സുവിശേഷം അറിയിപ്പാൻ കഴിയാതെവണ്ണം നമ്മുടെ ചുുകൾ മുദ്രിതമായിരിക്കും; നമ്മുടെ ചുറ്റുമുള്ള, ക്രിസ്തുവിനെ നിരസിക്കുന്ന ലോകത്തിൽ കർത്താവിനെ വെളിപ്പെടുത്തുവാൻ നമുക്കു സാധിക്കാതെയിരിക്കും.

ദൈവത്തോടുകൂടെ സജീവ ഏകാന്ത വാസത്തിൽ ദിവസം ആരംഭിക്കുക. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു മാനസാന്തരപ്പെടാത്തവരോടു പറയുന്നതിനുള്ള എല്ലാ തടസങ്ങളും നീങ്ങിക്കിട്ടും. ദൈവമില്ലാത്ത ഒരു ലോകത്തിൽ ആത്മീയ ഫലമുള്ള വ്യക്തിയായിരിക്കുന്നതും ഒരു *'സുവിശേഷവില്പനക്കാരൻ'* ആയിരിക്കുന്നതും തമ്മിൽ വലിയ വ്യത്യാസം ഉ്. ക്രിസ്തുവിനെ സാക്ഷിക്കുന്നതായി തോന്നുന്നതിന് വിശ്വാസിയെ നിയമിച്ചിട്ടില്ല. താൻ ക്രിസ്തുവിൽ ആകുന്നു എന്ന് ഉറപ്പുള്ള വിശ്വാസിക്കു സന്തോഷത്തോടെ യേശുവിനെക്കുറിച്ചു സംസാരിക്കുവാൻ കഴിയും.

കർത്താവ് ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു: *'ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല'* (യോഹന്നാൻ 15:5). അവനിൽ വസി

ച്ചുകൊ്, അവനെക്കുറിച്ചു മറ്റുള്ളവരോടു പറയുന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. ഫലം അവന്റെ ഉത്തരവാദിത്വമാണ്.

ഉയിർത്തെഴുന്നേറ്റ യേശുവിനോടു വ്യക്തിപരമായി സംസാരിക്കയും, അവനോടുകൂടെ നടക്കുകയും ചെയ്ത ശിഷ്യന്മാർക്കു പെന്തെക്കോസ്തുദിനത്തിനു ശേഷം തങ്ങളുടെ സന്തോഷവും ഉത്സാഹവും അടക്കിവെക്കാൻ കഴിഞ്ഞില്ല. അവർ പോയ സ്ഥലങ്ങളിലെല്ലാം, ക്രിസ്തുവിനോട് എതിർപ്പുള്ള ജനത്തോടു പോലും *'ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് അവർ സംസാരിച്ചു'* (പ്രവൃത്തി 2:11). കേൾവിക്കാരുടെ ജിജ്ഞാസ വർധിച്ചു. ക്രിസ്തുവിന്റെ കർതൃത്വത്തെക്കുറിച്ച് പത്രോസ് സംസാരിക്കുന്നതു കേൾക്കുവാൻ ആയിരക്കണക്കിനു ജനം കൂടുന്നു. പത്രോസ് പ്രസംഗിക്കുമ്പോൾ ജനത്തിന് ആഴമായ പാപബോധം ഉായി. ചില ദിവസങ്ങൾക്കു മുമ്പു ക്രിസ്തുവിനെ ക്രൂശിക്കുന്നതിൽ ഉത്തരവാദികളായിരുന്ന അതേ ജനങ്ങൾ, *'സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേു'* (പ്രവൃത്തി 2:37) എന്നു വിളിച്ചു ചോദിച്ചു. ആ ദിവസം ശിഷ്യന്മാരുടെ ആളാംപ്രതി സാക്ഷ്യവും പത്രൊസിന്റെ പരസ്യപ്രസംഗവും ആത്മാക്കളുടെ സമൃദ്ധമായ കൊയ്ത്തുനേടി!

പിന്നീടൊരു പ്രതിസന്ധി ഘട്ടത്തിൽ, ഒരു പ്രാർഥനായോഗത്തിൽ ശിഷ്യന്മാർ ദൈവത്തെ കത്തെി. മതപ്രമാണികൾ ശിഷ്യന്മാരെയും അവരുടെ സന്ദേശത്തെയും വെറുത്തിരുന്നു. യേശുവിനെക്കുറിച്ചു ഇനി സംസാരിക്കരുത് എന്ന് അവരോടു പറഞ്ഞു. മാളികമുറിയിൽ വ്യക്തിപരമായി സാക്ഷിക്കുന്നതിനെക്കുറിച്ചു യേശു ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവിൽ നിറയപ്പെട്ട വിശ്വാസികൾ വിളിച്ചു പറഞ്ഞു: ഞങ്ങൾ കും കേട്ടുമിരിക്കുന്ന കാര്യങ്ങൾ പ്രസ്താവിക്കാതിരിപ്പാൻ സാധ്യമല്ല! (അപ്പൊ. പ്രവൃ. 4:20). അവർ വീും ദൈവസാന്നിധ്യത്തിലാണ്! ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്ന യാഥാർഥ്യം അവരുടെ ഹൃദയങ്ങളിൽ ജ്വലിക്കുകയാണ്. അവർക്കു നിശബ്ദരായിരിപ്പാൻ സാധ്യമല്ല!

അറുപതുകളുടെ ആരംഭത്തിൽ ഡോറോത്തിയും ഞാനും അന്ന് ഇരുമ്പു മറ എന്നറിയപ്പെട്ടിരുന്ന സ്ഥാനത്തു ശുശ്രൂഷിച്ചു. ഏകാധിപത്യഭരണത്തിൻ കീഴുള്ള രാജ്യത്തിൽ സഭാശുശ്രൂഷ ചെയ്യുന്നതിനെക്കുറിച്ചു ചോദിച്ചപ്പോൾ വിശ്വസ്തനായ ഒരു പാസ്റ്റർ ഇപ്രകാരം മറുപടി പറഞ്ഞു: ഞങ്ങൾ എണ്ണത്തിൽ കുറച്ചു പേരേയുള്ളൂ പക്ഷേ, ഞങ്ങൾ ആരാണെന്നു ഞങ്ങൾ അറിയുന്നു. ഇവിടെ ശേഷിച്ചിരിക്കുന്ന ഞങ്ങൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അറിയുന്നു; ഞങ്ങൾ അജയ്യരാണ്. എന്റെ വായനക്കാരിൽ ചിലർക്കും ഇതേ പരിശോധനകൾ കക്കോം. എന്നാൽ കർത്താവു വരാൻ താമസമുങ്കിൽ നമ്മിലനേകരും സാധ്യമാണെന്നു വിചാരിക്കാത്ത വിധത്തിൽ, നിലകളിൽ ക്രിസ്തുവിനുവേ നില്ക്കേിവരും.

ഡോറോത്തി തന്റെ നോട്ടുപുസ്തകത്തിൽ ഇങ്ങനെ കുറിച്ചു: കർത്താവിന്റെ ആത്മാവ് എന്നിൽ പ്രവർത്തിക്കണെമെങ്കിൽ, ക്രിസ്തുവിന്റെ മരണത്തിന്റെ വില ഓരോ ശ്വാസത്തിലും ഞാൻ തിരിച്ചറിയണം! നിശ്ചയമായും ആദ്യകാല ശിഷ്യന്മാർ തങ്ങളുടെ ധീരമായ സാക്ഷ്യത്തിന് ഒരു വില കൊടുത്തിരുന്നു. യേശുവിനെക്കുറിച്ചു സംസാരിച്ചാൽ കാരാഗൃഹത്തിലടയ്ക്കുമെന്ന് അവരെ ഭീഷണിപ്പെടുത്തിയപ്പോൾ അവർ പ്രാർഥിക്കുന്നതിന് ഒരുമിച്ചു കൂടി: *'എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി; ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു'* (അപ്പൊ. പ്രവൃ. 4:31).

**ഫലപ്രദമായ സുവിശേഷീകരണം ആത്മനിറവു പ്രാപിച്ച വിശ്വാസികളുടെ ജീവിതങ്ങളിൽ നിന്നുള്ള പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്കിൽ നിന്നാണ് ഉളവാകുന്നത്. തങ്ങളിൽ അധിവസിക്കുന്ന ക്രിസ്തുവിന്റെ യാഥാർഥ്യം അവർ മറ്റുള്ളവർക്ക് വെളിപ്പെടുത്തുന്നു.**

പുതിയനിയമത്തിൽ സുവിശേഷീകരണം പ്രസംഗപീഠത്തിലെ പ്രസംഗകന്റെ പ്രേരണയായിരുന്നില്ല. ദൈവത്തിന്റെ അത്ഭുതകാര്യങ്ങൾ പ്രസ്താവിക്കുന്നതിനു

(പ്രവൃത്തി 2:11) ശിഷ്യന്മാർ ജനത്തിന്റെ അടുക്കൽ പോകാതിരുന്നു എങ്കിൽ, പത്രൊസിന്റെ പ്രസംഗം കേൾക്കുന്നതിനു പുരുഷാരം കൂടുമായിരുന്നില്ല.

ഒരു വിശ്വാസിയുടെ ഹൃദയത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധജീവിതവും സ്നേഹവും നിരാശഭരിതമായ ഒരു ലോകത്തിലേക്കു പ്രവഹിക്കുമ്പോൾ ജനം മൃദുഹൃദയരായിരിക്കുകയും ദൈവത്തിന്റെ സ്വരം കേൾക്കുന്നതിനു ഒരുമ്പെടുകയും ചെയ്യും. അതുകൊാണ്ദിനംതോറും തന്റെ വചനത്തിന്റെ വെളിച്ചത്തിൽ നാം കർത്താവിനെ കത്തേത് ആവശ്യമായിരിക്കുന്നത്; നിരന്തരം നാം ആത്മാവിൽ നിറഞ്ഞവരായിരിക്കണം (എഫെ. 5:18).

## കവിഞ്ഞൊഴുക്കിന്റെ സുവിശേഷീകരണം

എന്റെ ക്രിസ്തീയജീവിതത്തിന്റെ ആദ്യകാലത്ത് ഞാൻ യുവജനങ്ങളുടെ ഒരു കൂട്ടായ്മയിൽ അംഗമായിരുന്നു. ഞങ്ങൾക്ക് *'അറിവിനെക്കാളധികം ഉത്സാഹമുായിരുന്നു.'* ദൈവം ഞങ്ങളെ മാനസാന്തരപ്പെടാത്ത സ്നേഹിതരുടെ മധ്യത്തിൽ ഉപയോഗിക്കുവാൻ യോഗ്യരായി കു. പുതിയ വിശ്വാസികൾ എന്ന നിലയിൽ ഞങ്ങളുടെ ചില അനുഭവങ്ങൾ ഞാൻ പറയട്ടെ.

**ഔദ്യോഗിക ജീവിതം.** ഞാൻ മാനസാന്തരപ്പെടുന്ന കാലത്ത് ൌൺ കൗൺസിലിലെ സിവിൽ എൻജിനീയറിംഗ് ഓഫീസിൽ ഞാൻ ജോലി ചെയ്യുകയും പഠിക്കുകയും ചെയ്തിരുന്നു. ൌൺഹാളിൽ ജോലിചെയ്യുന്നതിനിടെ, ൌൺ (ആഫീസറുടെ) ക്ലാർക്കിന്റെ ആഫീസിലേക്ക് എന്നെ വിളിച്ചു! അവിടെ എനിക്കു കർശനമായ താക്കീത് ലഭിച്ചു. *'നിങ്ങളുടെ അനൗദ്യോഗിക ജോലികളെക്കുറിച്ചു ഞാൻ കേട്ടു'* എന്നു ഞങ്ങളുടെ ഓഫീസ്മേധാവി പറഞ്ഞു. യുവജനങ്ങളായ ഞങ്ങൾ നടത്തിപ്പോന്ന സുവിശേഷീകരണ പ്രവർത്തനങ്ങളെക്കുറിച്ചാണ് അദ്ദേഹം പരാമർശിച്ചത്. എല്ലാരുടെയും പൊതു ഓഫീസുകൾ അടച്ചതിനു ശേഷം, പൊതുജനങ്ങൾ കൂടിവ

രുന്ന ഒരു സ്ഥാനത്ത് ഞങ്ങൾ പരസ്യയോഗങ്ങൾ നടത്തിയിരന്നു. സാധാരണയായി ആളുകൾ നിന്നു ശ്രദ്ധിക്കാറില്ല, അതുകൊ് ആരെങ്കിലും പ്രസംഗകനെ കളിയാക്കുന്നതിനെങ്കിലും തിരിഞ്ഞുനിന്നാൽ ഞങ്ങൾക്കു സന്തോഷമാണ്. എതിരാളികൾ പ്രസംഗകനെ വിഷമിപ്പിക്കും; മറ്റുള്ളവർ എതിരാളികൾക്കു സഹായമാകും; മറ്റു ചിലർ *'സോപ്പുപെട്ടി'*യുടെ മുകളിൽ നില്ക്കുന്ന പാവത്തിനെ  അനുകൂലിക്കയും ചെയ്തു. അല്പസമയത്തിനകം ഞങ്ങൾക്കു പ്രസംഗിക്കാൻ കുറെ ആളുകളെ കിട്ടും. ചില രാത്രികളിൽ ഒന്നോരണ്ടോ പേർ രക്ഷകനെ സ്വീകരിക്കുന്നതിനു തീരുമാനം എടുക്കും! ഈ വിധത്തിലുള്ള മതതീക്ഷ്ണത ടൗൺഹാളിന്റെ മാന്യതയെ ഹനിക്കത്തക്കവണ്ണം വളർത്തരുത് എന്നു ടൗൺക്ലാർക്ക് എന്നോടു പറഞ്ഞു! അങ്ങനെയുള്ള സകലപ്രവൃത്തിയും നിറുത്തുന്നതിന് അദ്ദേഹം എന്നോടു ശക്തമായി നിർദേശിച്ചു. എന്നാൽ പരസ്യയോഗങ്ങൾ ഫലപ്രദമായി കാണപ്പെട്ടതിനാൽ യുവജനങ്ങളായ ഞങ്ങൾ അത് തുടരുന്നതിനു തന്നെ തീരുമാനിച്ചു!

പില്ക്കാലത്ത് ബൈബിൾ കോളജിൽ പഠിക്കുമ്പോൾ ഞങ്ങളുടെ കോളജിന്റെ പ്രസിഡ് ഇപ്രകാരം പറഞ്ഞു: *'പൊതു സ്ഥലത്ത് ഒരു കൂട്ടത്തെ നിറുത്തുവാൻ നിങ്ങൾക്ക് കഴിയുന്നില്ല എങ്കിൽ പള്ളിക്കകത്ത് പിടിച്ചിരുത്തിയ ഒരു കൂട്ടത്തെ ബോറടിപ്പിക്കരുത്!'* ഇത് കേട്ടപ്പോൾ, യുവാക്കളായ ഞങ്ങൾ പൊതുസ്ഥലത്ത് പരസ്യയോഗം തുടർന്നത് സ്തോത്രത്തോടെ ഞാൻ ഓർത്തു!

ഞാൻ മാനസാന്തരപ്പെട്ട ഉടനെ, എന്റെ എല്ലാ ഔദ്യോഗിക സഹപ്രവർത്തകരോടും ക്രിസ്തുവിൽ ഞാൻ കത്തിയ രക്ഷാനുഭവത്തെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. ഞങ്ങളുടെ ആഫീസിൽ നേരിട്ടു സാക്ഷ്യം പറയുവാൻ കഴിയാതിരുന്ന ഒരാളിനെ ഞാൻ ഓർത്തു. അത് തറ തുടച്ചുവൃത്തിയാക്കാൻ വന്നിരുന്ന സ്ത്രീയായിരുന്നു. ഒരു രാത്രി എന്റെ സഹപ്രവർത്തകർ പോയിക്കഴിഞ്ഞ ശേഷം ബക്കറ്റും മറ്റും ഇരിക്കുന്നത് ഞാൻ കത്തെി. തറ വൃത്തിയാക്കിക്കഴിയുന്നതു

വരെ ഞാൻ കാത്തുനിന്നു. *'നിങ്ങളുടെ ജോലി കഴിഞ്ഞല്ലോ'* എന്നു ഞാൻ സന്തോഷത്തോടെ പറഞ്ഞു. ഒരു നിമിഷത്തെ നിശബ്ദതയ്ക്കു ശേഷം ഞങ്ങൾ ഒരുമിച്ചു ചായകുടിക്കാനിരുന്നു. ഞങ്ങളുടെ സംഭാഷണത്തിൽ, അവളോടു യേശുവിനെക്കുറിച്ചു പറയുവാൻ എനിക്കു സാധിച്ചു. ഞങ്ങൾ ഒരുമിച്ചു സംഭാഷിക്കയും പ്രാർഥിക്കയും ചെയ്തപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിയത് ഞാൻ എന്നും ഓർക്കുന്നതാണ്.

**സാമൂഹ്യജീവിതം:** എന്റെ ഇരുപത്തി ഒന്നാമത്തെ ജന്മദിനം ഞാൻ ഓർക്കുന്നു. അക്കാലത്ത് ഇംഗ്ലിൽ അതൊരു സുപ്രധാന സന്ദർഭമായി വിചാരിച്ചിരുന്നു. വിഭവസമൃദ്ധമായ അത്താഴവും നൃത്തവും പ്രധാന പരിപാടിയായിരിക്കും. എന്നാൽ എനിക്ക് ഇരുപത്തി ഒന്നു വയസായപ്പോൾ കർത്താവ് എന്റെ പാദങ്ങളിൽനിന്നു നൃത്തം മാറ്റി, നൃത്തം എന്റെ ഹൃദയത്തിലാക്കിയിരുന്നു. എന്റെ മാതാപിതാക്കൾ വളരെ സ്നേഹപൂർവം ഒരുക്കിയ ബർത്ത്ഡേപാർട്ടി, എന്റെ സ്നേഹിതരെ ക്രിസ്തുവിനായി നേടുന്നതിന് എനിക്കു മറ്റൊരവസരം നല്കി. അതനുസരിച്ച് ഒരു സുവിശേഷകനെ ആ വിശേഷാവസരത്തിനായി ഞാൻ ക്ഷണിച്ചു! ഭക്ഷണത്തിനു ശേഷം എന്റെ ഒരു സ്നേഹിതൻ ഒരു പ്രഭാഷണം നടത്തും എന്നു ക്ഷണക്കത്തിൽ ഞാൻ കുറിച്ചിരുന്നു! നിങ്ങളുടെ സമ്മാനമല്ല, സാന്നിധ്യമാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നു ക്ഷണക്കത്തിൽ പറഞ്ഞിരുന്നു. ആ രാത്രിയിൽ എന്റെ സ്നേഹിതനായൊരാൾ അത്ഭുതകരമായി മാനസാന്തരപ്പെട്ടു!

പില്ക്കാലത്ത് ഞാൻ ലനിലെ ഒരു ബാപ്റ്റിസ്റ്റ് ചർച്ചിന്റെ അസിസ്റ്റന്റ് പാസ്റ്ററായി, ഒരു നദീയാത്രയോ ഗ്രാമസന്ദർശനമോ സ്പോർട്ട്സ് സന്ധ്യയോ, എന്തു പരിപാടി യുവജനങ്ങൾ സംഘടിപ്പിച്ചാലും, മാനസാന്തരപ്പെടാത്ത സ്നേഹിതരെ ആകർഷിക്കുന്ന വിധത്തിൽ മാത്രമാണ് അവയെല്ലാം ക്രമീകരിച്ചിരുന്നത്. നിശ്ചയമായും അതിൽ ഒരു സുവിശേഷാവതരണം ഉായിരിക്കും. എന്തുകൊു പാടില്ല? തങ്ങളുടെ

യുവജനക്കൂട്ടായ്മയുടെ ഉദ്ദേശ്യം തന്നെ, തങ്ങൾക്കു തന്നെ ആത്മികവർധന വരുത്തുന്നത് തങ്ങളുടെ സ്നേഹിതരെ മാനസാന്തരത്തിലേക്കു നയിക്കുന്നതുമാണ് എന്നു അവർ ഗ്രഹിച്ചിരുന്നു. ദൈവത്തിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ യുവജനകൂട്ടായ്മ വളരെ അഭിവൃദ്ധിപ്പെട്ടതിൽ അത്ഭുതമില്ല.

**ആത്മീയ ജീവിതം**: പത്തൊമ്പതാമത്തെ വയസിൽ മാനസാന്തരപ്പെടുന്നതുവരെ, വേദപുസ്തക പഠനം ഞാൻ ഗൗരവമായിട്ടെടുത്തിരുന്നില്ല. ആ പ്രായത്തിൽ എനിക്കു ദൈവത്തിന്റെ വചനത്തെക്കുറിച്ചു കാര്യമായ അറിവും ഉായിരുന്നില്ല. എന്നാൽ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനു ശേഷം, എല്ലാ തിങ്കളാഴ്ചയും പുതിയതായി മാനസാന്തരപ്പെട്ടവർ വീട്ടിൽ കൂടിവന്ന് ഒരുമിച്ചു വേദപുസ്തകപഠനം നടത്തിയിരുന്നു. എത്രയും വേഗത്തിൽ ദൈവത്തിന്റെ വചനം തലയിൽനിന്നു ഹൃദയത്തിലാക്കുവാൻ ഞങ്ങൾ ഉത്സാഹിച്ചിരുന്നു! ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം, അടിസ്ഥാനപരമായ വേദപഠനം തന്നെയാണ് ഞങ്ങൾ ആദ്യകാലം മുതൽ നടത്തിയിരുന്നത്. ദൈവത്തിന്റെ വചനത്തെ കേവലമൊരു മതഗ്രന്ഥമായി ഞങ്ങൾ കിരുന്നില്ല; പിന്നെയോ, തങ്ങളുടെ ജീവിതങ്ങൾക്കു മാർഗദർശനം നല്കുന്ന കോമ്പസ് -- വടക്കുനോക്കിയന്ത്രം പോലെയാണ് അതിനെ ഞങ്ങൾ കണക്കാക്കിയിരുന്നത്.

ആ ലളിതമായ വേദപഠനത്തിന്റെ ഫലമായി, മറ്റു ചില യുവാക്കന്മാർകൂടെ മാനസാന്തരപ്പെട്ടു. എല്ലാവരും ചേർന്നു സുവിശേഷമറിയിക്കുന്നതിനുള്ള മാർഗങ്ങൾ ആലോചിച്ചു. ഞങ്ങൾക്കാർക്കും കാറുായിരുന്നില്ല. അതുകൊ് ഒരു സൈക്കിൾ ട്രെയ്ലർ ഉാക്കുവാൻ പരിശ്രമിച്ചു. യന്ത്രങ്ങളിൽ പരിചയമുള്ള സുഹൃത്തുക്കൾ ആംപ്ലിഫയർ, ഗ്രാമഫോൺ തുടങ്ങിയവ സംഘടിപ്പിച്ചു. വാരാന്ത്യങ്ങളിൽ ഞങ്ങൾ സമീപഗ്രാമങ്ങളിലും നഗരങ്ങളിലും സൈക്കിൾ ട്രെയിലറും ആംപ്ലിഫയറുമായി പോയിരുന്നു.

ഒരു ഗ്രാമത്തിൽ മെതഡിസ്റ്റ് ചർച്ച് അടച്ചുപൂട്ടിയിരുന്നു. സുവിശേഷീകരണത്തിനുള്ള ജനങ്ങളുടെ ഉത്സാഹം നിമിത്തം ഞങ്ങൾ താക്കോൽ കത്തെി. ആ കെട്ടിടം ഉപയോഗിക്കുന്നതിന് അനുവാദം വാങ്ങി. അകത്തെ പൊടിയും മറ്റും തൂത്തു വൃത്തിയാക്കി. ഞങ്ങളുടെ ഉപകരണങ്ങളുമായി അടുത്തുള്ള വില്ലേജ് ഗ്രീനിലേക്കു പോയി. ഒരു ഗ്രാമീണ മദ്യശാലയ്ക്കു സമീപം ഞങ്ങളുടെ പ്ലാറ്റ്ഫോം വെച്ചു. അമേരിക്കൻ സംഗീതജ്ഞനായ ബെവ്ഷിയായുടെ ഗ്രാമഫോൺ റിക്കാർഡ് പ്ലേ ചെയ്തു. അദ്ദേഹം ആയിടെ ബില്ലി ഗ്രഹാം എന്നു പേരുള്ള ഒരു യുവാവുമായി ഇംഗ്ല് സന്ദർശിച്ചിരുന്നു. ആദ്യമായാണ് ബില്ലിഗ്രഹാം ഇംഗ്ലിൽ വന്നത്. സുവിശേഷ ഗാനങ്ങളുടെ ഇടവേളയിൽ ഞങ്ങൾ മാറിമാറി സോപ്പുപെട്ടി മേൽ നിന്നുകൊു ക്രിസ്തുവിലുള്ള ഞങ്ങളുടെ വിശ്വാസത്തെക്കുറിച്ചു സംസാരിച്ചു. അല്പസമയത്തിനുശേഷം മദ്യശാലയിൽനിന്നു ജിജ്ഞാസയോടെ പുറത്തുവന്ന മനുഷ്യനോടു പ്രസംഗിക്കുവാൻ ശ്രമിച്ചു. ഗ്രാമീണരെ അത്ഭുതപ്പെടുത്തിക്കൊ് ആ വാരാന്ത്യത്തിൽ, പള്ളിയിൽ ആളുകൾ നിറയെ വന്നു സംബന്ധിക്കത്തക്കവണ്ണം കർത്താവു പ്രവർത്തിച്ചു. ഭാവിയിൽ സസ്േകൂൾ അധ്യാപികയായിത്തീർന്ന ഒരു യുവതിയും അവളുടെ സഹോദരിയും കർത്താവിനെ സ്വീകരിച്ചു. പിന്നീട് ആ പള്ളിയുടെ വാതിൽ പൂട്ടിയിട്ടില്ല; ഒരു ചെറിയ സസ്േകൂളും തുടർന്ന് സഭായോഗവും ആരംഭിച്ചു.

പൗലൊസ് തിമൊഥിയോസിനോടു കല്പിക്കുന്നു: *'വചനം പ്രസംഗിക്ക സമയത്തിലും അസമയത്തിലും ഒരുങ്ങിയിരിക്ക'* (2 തിമൊ. 4:2). ഇന്നു പൗലൊസ് ശുശ്രൂഷിക്കുമായിരുന്നെങ്കിൽ, തിമൊഥിയൊസിനോട് ഇങ്ങനെ പറയുമായിരുന്നു: ദൈവത്തിന്റെ വചനം പങ്കുവെക്കാൻ ഒരു അവസരമുാകുന്നു എങ്കിൽ, അത് എടുത്തുകൊള്ളുക. ഒരു അവസരമുാകുന്നു എങ്കിൽ, അത് എടുത്തുകൊള്ളണം. ഒരു അവസരം ഇല്ലാതിരിക്കുന്നു എങ്കിൽ, അവസരം ഉാക്കണം!

വചനം പ്രസംഗിക്കുവാൻ അനുയോജ്യമല്ലാത്ത ഒരു സന്ദർഭവും ഇല്ല: ഔപചാരിക വേദപഠനത്തെ പൗലൊസ് സഹിഷ്ണുതയോടെ വീക്ഷിക്കുമായിരുന്നില്ല; അതിനപ്പുറം വിദ്യാർഥി ഒന്നും പഠിക്കാനില്ല എന്നതുതന്നെ അതിനുകാരണം. ഒരിക്കലും പള്ളിയിൽ കയറിയിട്ടില്ലാത്തവനോടു ധൈര്യമായി സംസാരിക്കണം.

വചനം നിങ്ങളുടെ തലയിൽനിന്നു ഹൃദയത്തിലേക്കു എത്തിക്കുന്നതിന്റെ രഹസ്യം നിങ്ങൾ പഠിച്ചു കഴിഞ്ഞതിനു ശേഷം, ദൈവത്തിന്റെ വചനം, യിരെമ്യാവു പറഞ്ഞതുപോലെ നമ്മുടെ അസ്ഥികൾക്കുള്ളിൽ അഗ്നി ആയിത്തീരുവാൻ അധികസമയം വേിവരികയില്ല!

വേദപുസ്തകം നിങ്ങളുടെ തലയിൽ മാത്രം ഇരിക്കുന്നു എങ്കിൽ, നിങ്ങൾ വചനത്തിന്റെ മനുഷ്യനാകാം പക്ഷേ, ആത്മാവിന്റെ മനുഷ്യൻ ആകയില്ല. നിങ്ങളുടെ അസ്ഥികൾക്കുള്ളിൽ അഗ്നി ഉാകയില്ല! എന്നാൽ നിങ്ങളുടെ ഏകാന്തതയിൽ നിങ്ങൾ ദൈവത്തെ ക്രമമായി കത്തെുന്നു എങ്കിൽ, നിങ്ങൾക്ക് ഒരു ലോകമനുഷ്യനായിത്തീരുവാൻ സാധ്യമല്ല എന്നു നിങ്ങൾ മനസ്സിലാകും!

അതെ, നാം ദൈവത്തിന്റെ വചനം വായിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നത് നാം മറ്റുള്ളവരോട് പങ്കുവെക്കണമെന്നും ദൈവം നമ്മെക്കുറിച്ചു പ്രതീക്ഷിക്കുന്നു. ദൈവം യെഹെസ്ക്കേലിനോടു പറഞ്ഞു: *'നീ എന്റെ വായിൽനിന്നു വചനം കേട്ട് എന്റെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തേണം'* (യെഹ. 33:7). ആദ്യം ദൈവത്തിന്റെ വായിൽനിന്നു നാം കേൾക്കയും വ്യക്തിപരമായി അതിനോടു പ്രതികരിക്കുകയും ചെയ്യണം.

ക്രിസ്ത്യാനിത്വത്തിന് അനേകം വക്കീലന്മാർ ഉ്; എന്നാൽ ജീവിക്കുന്ന ദൈവത്തോടുള്ള വ്യക്തിബന്ധത്തിന്റെ യഥാർഥ സാക്ഷികൾ അധികമില്ല.

സ്വന്തം അനുഭവത്തിൽ നിന്നും യോഹന്നാൻ അപ്പോസ്തലൻ ക്രിസ്തുവിനോടുള്ള തന്റെ സജീവ കൂട്ടായ്മയുടെ യാഥാർഥ്യത്തെക്കുറിച്ചു സന്തോഷത്തോടെ സാക്ഷ്യം പറയുന്നു. ഈ കൂട്ടായ്മയിൽ ചേരുവാൻ മറ്റുള്ളവരെയും ക്ഷണിക്കാം... *'നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉാകേതിനു നിങ്ങളോടും അറിയിക്കുന്നു; ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു'* (1 യോഹന്നാൻ 1:3).

## ആത്മീയ പരിശോധന

1. ഞാൻ ജീവിക്കുന്നതും പ്രവർത്തിക്കുന്നതുമായ സ്ഥലം എന്റെ വ്യക്തിപരമായ മിഷൻഫീൽഡ് ആയി ഞാൻ അംഗീകരിക്കുന്നുവോ?
2. ആളുകൾ കേവലം മാനസാന്തരത്തിനുള്ളവർ എന്നു മാത്രമായി ഞാൻ അവരെ കാണുന്നുവോ? അതോ, ക്രിസ്തുവിൽ പുതിയ ജീവിതത്തിലേക്കു നയിക്കേതിനു പ്രാർഥനയോടെ ഞാൻ അവരെ സ്നേഹിക്കുന്നുവോ?
3. ഏതെങ്കിലുമൊരാളിനെ പ്രായോഗികനിലയിൽ സഹായിച്ചുകൊ്, ക്രിസ്തുവിനെ സാക്ഷിക്കുന്നതിനുള്ള അവകാശം ഒടുവിലായി ഞാൻ നേടിയത് എപ്പോഴാണ്?
4. യേശുവിനെക്കുറിച്ചു സംസാരിക്കുന്നതിൽ എന്റെ ചുുകൾ മുദ്രിതമായിരിക്കുന്നത് ഇതു കാരണമാണോ?

   എന്റെ ജീവിതത്തിൽ ഞാൻ അനുരഞ്ജനപ്പെട്ടിരിക്കുന്നുവോ? എന്റെ ജോലിയിൽ പ്രയാസമാകുന്നുവോ? നസറായനായ യേശുവിനോടുകൂടെ, നിരസിതനായ കർത്താവിനോടുകൂടെ നില്ക്കുന്നതിന് എന്റെ നിഗളം എന്നെ അനുവദിക്കാതിരിക്കുന്നുവോ?

നിത്യപ്രകാശം! നിത്യപ്രകാശം!
ആത്മാവ് എത്രയോ ശുദ്ധമായിരിക്കണം,
അങ്ങയുടെ അന്വേഷണ ദൃഷ്ടിയുടെ മുൻപിൽ
അത് ചുരുങ്ങാതിരിക്കട്ടെ; സന്തോഷങ്ങൾ
ജീവിച്ചുകൊു അങ്ങയെ നോക്കാൻ കഴിയട്ടെ!
സിംഹാസനത്തിനു ചുറ്റുമുള്ള ആത്മാക്കൾ
ജ്വലിക്കുന്ന സന്തോഷസ്വരം കേൾക്കട്ടെ,
അത് അവരുടേത് മാത്രമായിരിക്കും,
ഇതുപോലെ വീണുപോയ ഒരു ലോകത്തെ
അവർ ഒരിക്കലും, ഒരിക്കലും അറിഞ്ഞിട്ടില്ല.
സ്വന്തം മണ്ഡലം ഇരുളടഞ്ഞതും
മനസ്സു പ്രകാശമില്ലാത്തതും ആയ ഞാൻ
മഹാതേജസ്സിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതെന്നോ?
എന്റെ നഗ്നഹൃദയം മഹാപ്രകാശം വഹിക്കുന്നതെങ്ങനെ?
ആ മഹത്വ ഭവനത്തിലേക്കുയരുവാൻ മനുഷ്യന്
ഒരു മാർഗമു്; ഒരു യാഗവും യാഗർപ്പണവും ഉ്,
പരിശുദ്ധാത്മാവ്, ദൈവത്തോടു മധ്യസ്ഥനായിരിക്കുന്നു.
ഇവ നമ്മെ വിശുദ്ധിയുടെ ദൃശ്യത്തിനായി ഒരുക്കുന്നു,
രാത്രിയുടെയും അജ്ഞതയുടെയും പുത്രന്മാർ
നിത്യതയുടെ പ്രകാശത്തിൽ വസിക്കട്ടെ,
നിത്യസ്നേഹത്തിൽ അവർ വസിക്കട്ടെ!

തോമസ് ബിന്നി (1798–1874)

## അധ്യായം 7

# ഫലമോ അഗ്നിയോ

എനിക്കു ബെൻഗ് എന്നു പേരുള്ള ഒരു സ്വീഡിഷ് അമേരിക്കൻ സ്നേഹിതനുണ്ട്. പിന്നീട് അദ്ദേഹം അമേരിക്കയിൽ കുടിയേറി. അദ്ദേഹം നല്ല ഒരു ക്രിസ്ത്യൻ ബിസിനസുകാരനായിത്തീർന്നു. ബെൻഗ് മിഷൻഫീൽഡുകളിലേക്ക് മിഷനറി വിമാനങ്ങളെ അയയ്ക്കുന്നതിൽ വളരെ താല്പര്യമെടുത്തിരുന്നു. ഒരു വർഷം, അദ്ദേഹം തന്റെ സ്നേഹിതനോടുകൂടെ (എം. എ. എഫ്) മിഷനറി ഏവിയേഷൻ ഫെലോഷിപ്പിനുവേി അലാസ്കയിലേക്കു ഒരു വിമാനം എത്തിക്കുന്നതിനു നിയോഗിക്കപ്പെട്ടു. യാത്രയുടെ ഭൂരിഭാഗവും പൂർത്തിയാക്കിയശേഷം ഫെയർബാങ്ക്സ് വിമാനത്താവളത്തിൽ വച്ചു സ്നേഹിതൻ പിരിഞ്ഞു. യാത്രയുടെ അവസാനഭാഗം ബെൻഗ് ഏകനായി വിമാനം പറപ്പിക്കുന്നതിന് ഒരുമ്പെട്ടു.

പുറപ്പെടുന്നതിനു മുമ്പ്, ബെൻഗിന്റെ സുഹൃത്ത് ചെറിയ പ്ലെയിനിൽ, ചോക്ക്ലേറ്റും ചൂടുപുതപ്പുമുൾപ്പെടുന്ന ഒരു എമർജൻസി പായ്ക്കറ്റ് കയറ്റി. ഈ യാത്രയിൽ അപ്രതീക്ഷിതമായി കൊടുങ്കാറ്റുായി. കൊടുങ്കാറ്റിൽ ഈ ചെറുവിമാനം അലാസ്കൻ പർവതനിരകളിൽ താണ് ഒരു പർവതശിഖരത്തിൽ തല കീഴായി നിന്നു. അടുത്ത മൂന്നു ദിവസങ്ങൾ മഞ്ഞുവീണു. ദൈവകൃപയാൽ, മഞ്ഞുവീണു പ്ലെയിൻ കാഴ്ചക്ക് മറഞ്ഞുപോകാതിരിക്കുന്നതിനു കാറ്റു വീശിക്കൊിരുന്നു. എങ്കിലും വിമാനത്തിന്റെ അടിവശം മഞ്ഞുമൂടിയി

രുന്നതിനാൽ, യു. എസ്. കോസ്റ്റ് ഗാർഡിനു ബെൻഗിന്റെ ചെറിയ പ്ലെയിൻ കണ്ടെത്താനായില്ല.

മിലിട്ടറി അന്വേഷണ സംഘത്തെ പിൻവലിച്ചശേഷം, ബെൻഗിന്റെ പുത്രൻ ബ്രൂസ് ഒരു എം. എ. എഫ് പൈലറ്റും അദ്ദേഹത്തെ കണ്ടെത്തുവാൻ സഹായിക്കുവാൻ കർത്താവിനോടപേക്ഷിച്ചു. ബ്രൂസ് ഒരു യുവവിശ്വാസിയായിരുന്നു. ബെൻഗ് ക്ഷീണിതനായിക്കഴിഞ്ഞിരുന്നു; താൻ തന്നേ എടുത്ത ഫോട്ടോയിൽ പ്രിയപ്പെട്ടവർക്കു ഗുഡ്ബൈ പറയുന്ന ചിത്രം കാണപ്പെട്ടു. എങ്കിലും ദൈവത്തിനു മറ്റു പദ്ധതികൾ ഉായിരുന്നു. ബ്രൂസും സ്നേഹിതനും അപകടത്തിൽ പെട്ട ചെറിയ വിമാനത്തിനു സമീപം പറക്കുമ്പോൾ വിമാനത്തിന്റെ വശത്ത് പ്രതിഫലിച്ച സൂര്യപ്രകാശം ബെൻഗിന്റെ വിമാനത്തിനെ കണ്ടെത്തുവാൻ അവരെ സഹായിച്ചു.

ഞാൻ ഈ സംഭവം വിവരിച്ചത് എന്തിനാണ്? ഈ പത്തു ദിവസവും, താൻ ക്രിസ്തുവിന്റെ ന്യായസനത്തിനു മുമ്പിൽ ആയിരുന്നു എന്നാണ് പിന്നീട് ബെൻഗ് പ്രസ്താവിച്ചത്. തന്റെ സ്വർഗീയ ഭവനത്തിലേക്കുള്ള യാത്ര സമീപമായി എന്നു ചിന്തിച്ചതിനാൽ സ്വന്ത ജീവിതത്തെ അവലോകനം ചെയ്യുന്നതിനു പരിശുദ്ധാത്മാവു തന്നെ സഹായിച്ചു എന്നു ബെൻഗ് പറയുകയുായി. വിശ്വാസികൾക്കുള്ള ന്യായാസനം തന്റെ മുമ്പിൽ നേരത്തേ എത്തിയതായി അദ്ദേഹം വിചാരിച്ചു. തന്റെ ദീർഘകാല ക്രിസ്തീയ സമർപ്പണ ജീവിതം തനിക്കു കാണാൻ കഴിഞ്ഞു; അതിൽ നിത്യതയുടെ മൂല്യം എത്രയുാകുമെന്നു താൻ ചിന്തിച്ചു.

സഭാ കമ്മറ്റിയോഗങ്ങൾ, മിഷനറി കൗൺസിൽ മീറ്റിംഗുകൾ, വിവിധ സഭാപ്രവർത്തനങ്ങൾ ഇവയിലെല്ലാം വളരെ സന്തോഷത്തോടെ പങ്കെടുത്തിരുന്നു എങ്കിലും, സ്വന്തം കഴിവുകളിലും താലന്തുകളിലും ശരീര ബലത്തിലുമാണ് അത് ചെയ്തത്, പരിശുദ്ധാത്മ നിറവിൽ ആയിരുന്നില്ല എന്നു വളരെ ഗൗരവമായി എന്നോടു പറഞ്ഞു.

ഇപ്രകാരം ഫലപ്രദമായ പ്രവൃത്തികൾപോലും വേദപുസ്തക ഭാഷയിൽ മരം, പുല്ല്, വൈക്കോൽ മാത്രമാകുന്നു എന്ന് ആ പത്തുദിവസങ്ങളിൽ ദൈവം തന്നെ കാണിച്ചു. വിശ്വാസികൾ ന്യായാസനത്തിനു മുമ്പിൽ നില്ക്കുമ്പോൾ ഇവയെല്ലാം തീയിൽ വെന്തുപോകും എന്നു ബെൻഗ് പറയുകയുായി.

ബെൻഗിന്റെ ഈ അനുഭവം തന്നിൽ വലിയ ഉണർവുാക്കി. അദ്ദേഹം എത്ര ശുഷ്ക്കാന്തിയോടെ ദീർഘകാലം ദൈവത്തിന്റെ വേലയിൽ അധ്വാനിച്ചിരുന്നു എന്നു തന്നെ അടുത്തറിഞ്ഞിരുന്ന ഞങ്ങൾ മനസ്സിലാക്കിയിരുന്നു. തന്റെ പിന്നീടുള്ളകാലം സ്വന്തം കഴിവുകളിലല്ല, ദൈവത്തിന്റെ സ്നേഹത്തിലും അനുഗ്രഹത്തിലും കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നതിൽ ചെലവഴിച്ചു.

**സകലവിശ്വാസികളും** ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നില്ക്കേിവരുമെന്നത് ഗൗരവമേറിയ ഒരു ചിന്തയാണ്. ഈ ന്യായാസനം, വെള്ള സിംഹാസനമെന്ന ന്യായവിധി സ്ഥാനത്തിൽനിന്നു വ്യത്യസ്തമാണ്. വെള്ള സിംഹാസനം **സകല അവിശ്വാസികളും** ന്യായം വിധിക്കപ്പെടുന്ന സ്ഥാനമാണ്. വിശ്വാസത്തിൽനിന്നു ഉത്ഭവിക്കാത്ത സകലവും എരിഞ്ഞുപോകയും, വിശ്വാസത്തിൽനിന്നുള്ളത് ദൈവത്തിന്റെ മഹത്വത്തിനായി എന്നേക്കും നിലനില്ക്കുകയും ചെയ്യുന്ന വിധിയുടെ സ്ഥാനമാണ് വിശ്വാസികൾക്കുള്ള ന്യായാസനം. വിശ്വാസത്തിന്റെ പ്രവൃത്തികൾ കർത്താവ് തന്നെയാണല്ലോ ചെയ്തത്! തങ്ങളുടെ, പള്ളിയുടെ ബദ്ധപ്പാടുകളും, ക്രിസ്തീയലോകത്തിലെ തങ്ങളുടെ ജനപ്രീതിയും, ജീവിതകാലത്ത് തങ്ങൾക്കു സംതൃപ്തി നല്കിയിരുന്നെങ്കിലും, ദൈവത്തിന്റെ മുമ്പിൽ ആത്മീയ ശുശ്രൂഷയായി അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത അന്ന് അനേക വിശ്വാസികൾ മനസ്സിലാക്കി, ദുഃഖിക്കും.

## വെള്ളക്കടലാസുകൾ

എന്റെ മുമ്പിൽ രു വെള്ളക്കടലാസ് കഷണങ്ങൾ ഉ്. രിലും ഒന്നും എഴുതിയിട്ടില്ല, വരച്ചിട്ടുമില്ല. അതിൽ ആരുടെയും ചിന്തയോ ചിത്രമോ ഇല്ല. അതുപോലെ, അതിൽ ആരുടെയും തെറ്റുകളും നിങ്ങൾ കാണുകയില്ല. **കേവലം രു വെള്ളക്കടലാസുകൾ മാത്രം. കൂടുതലോ കുറവോ ഇല്ല**. സൗന്ദര്യമില്ല അതുപോലെ അതിൽ അഴുക്കുമില്ല.

നിങ്ങളുടെയും എന്റെയും ജീവിതം ഈ വെള്ളക്കടലാസുകൾപോലെ അനേക ദിനങ്ങൾ ആയിരുന്നിരിക്കാം. പാപത്താൽ കളങ്കപ്പെട്ടെങ്കിലും, ദൈവത്തിന്റെ അത്ഭുതകൃപയിലും യേശുവിന്റെ പാപപരിഹാരരക്തത്താലും വിശ്വാസിയുടെ ജീവിതത്തിന്റെ കടലാസ് ശുദ്ധിയാക്കപ്പെട്ടിരിക്കുന്നു. അത് ഹിമം പോലെ വെളുത്തിരിക്കുന്നു (യെശ. 1:18). ഒരു വിശ്വാസി എന്ന നിലയിലുള്ള ജീവിതത്തെ തിരിഞ്ഞു നോക്കുമ്പോൾ, മനഃപൂർവമായോ അല്ലാതെയോ ബലഹീനതയാലോ ഞാൻ പാപം ചെയ്തു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. യേശുവിന്റെ രക്തം എന്നെ ശുദ്ധീകരിക്കാതിരുന്നെങ്കിൽ, ജീവിതം എന്നും കറപുര് അശുദ്ധമായി തന്നെ ഇരിക്കുമായിരുന്നു. ദൈവത്തിന്റെ എത്രയോ വലിയ കൃപയും കരുണയും എനിക്കു നഷ്ടപ്പെട്ടു; പാപക്കറ പിടിച്ച എന്റെ ജീവിതക്കടലാസ് ഇപ്പോൾ ഹിമം പോലെ വെളുത്തിരിക്കുന്നു! വെള്ളക്കടലാസ് -- ദൈവത്തിനു സ്തോത്രം, കറയോ അശുദ്ധിയോ ഇല്ല!

പരിശുദ്ധാത്മാവ് എന്നിലൂടെ ചെയ്തിട്ടില്ലാത്തതൊന്നും നിത്യതയ്ക്കു വേി കണക്കുകൂട്ടിയിട്ടില്ല. ആ കാലത്തെക്കുറിച്ചു, *'താനോ രക്ഷിക്കപ്പെടും, അഗ്നിയിലൂടെ എന്നപോലെ അത്രേ'* (1 കൊരി. 3:15) എന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞതുപോലെയായിരിക്കും. എന്റെ ജീവിതത്തിൽ നിന്നും പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്ക് ഉായിട്ടില്ലെങ്കിൽ എന്റെ പാപങ്ങൾ കർത്താവ് ക്ഷമിച്ചിരിക്കുന്നു

എങ്കിലും, നിത്യതയിലേക്ക് എണ്ണപ്പെടുന്നതൊന്നും എന്റെ ജീവിതത്തിൽ ഉായിട്ടില്ല. **വെള്ളക്കടലാസ്; മറ്റൊന്നും അധികമില്ല–എത്ര ദുഃഖകരം!**

ജീവിതത്തിന്റെ ചില പേജുകൾ എന്നേക്കും വെള്ളയായി തന്നേ നിലനിന്നാലും, അവന്റെ ആണിപ്പഴുതേറ്റ സ്നേഹകരങ്ങളാൽ വരയ്ക്കപ്പെട്ട മാഞ്ഞുപോകാത്ത മനോഹരചിത്രങ്ങൾ മറ്റു പേജുകളിൽ ഉാകും. അത് അവനെ എന്നേക്കും മഹത്വപ്പെടുത്തുന്നതായിരിക്കും. നിത്യനായ ദൈവത്തിനു നിത്യമായ തന്റെ പ്രവൃത്തികൾ നിവർത്തിക്കുവാൻ നാം നമ്മെത്തന്നെ ലഭ്യമാക്കിയ ദിനങ്ങളുടെ മഹത്വ രേഖകളാണ് ആ മനോഹരമായ പേജുകൾ. **അതേ, വെള്ളക്കടലാസുകൾ; ദൈവത്തിനു സ്തോത്രം, അതിലും എത്രയോ അധികം!**

## പാഴാക്കിയ വർഷങ്ങൾ

ദിനംതോറും വന്നു ഭക്ഷിക്കുവാൻ, ദൈവത്താൽ ക്ഷണിക്കപ്പെടുന്നവർ, തങ്ങളുടെ വർഷങ്ങൾ പാഴാക്കി കളയുന്നത് ദുഃഖകരമാണ്. കർത്താവിനോടുള്ള സന്തോഷവും കൂട്ടായ്മയും സ്വീകരിക്കപ്പെടുന്നില്ല. കർത്താവിനു സന്തോഷം നല്കുന്ന കൂട്ടായ്മയിൽ എത്തുന്നില്ല.

മുതിർന്ന മാന്യനായ ഒരു മനുഷ്യനെ ഞാൻ ഓർത്തു ദുഃഖിക്കാറു്. തന്റെ രക്ഷ തന്നേ ജീവിതമോഹത്താൽ പാഴായിപ്പോയി. എന്റെ മാനസാന്തരത്തിനു ശേഷം യുവസ്നേഹിതരുമായി അടുത്തുള്ള ഒരു ആശുപത്രി ഞങ്ങൾ സന്ദർശിച്ചു. ശനിയാഴ്ച രാത്രികളിൽ ഞങ്ങൾ വൃദ്ധജനങ്ങളെ സന്ദർശിക്കുകയും സുവിശേഷം പറയുകയും പ്രാർഥിക്കുകയും ചെയ്തിരുന്നു. അവരിലാർക്കും എന്നെങ്കിലും ആശുപത്രി വിട്ടു പോകുവാൻ കഴിയുമെന്ന പ്രതീക്ഷ ഇല്ലായിരുന്നു. ഒരു സായാഹ്നത്തിൽ ഒരു പ്രത്യേക വൃദ്ധന്റെ സമീപത്ത് ഞാൻ നിന്നു; അടുത്ത ശനിയാഴ്ചവരെ അദ്ദേഹം ജീവിച്ചിരിക്കുമെന്നു പ്രതീക്ഷിക്കുവാൻ വകയില്ലായിരുന്നു.

വേദപുസ്തക സന്ദേശം കേട്ട ആ മനുഷ്യൻ കണ്ണു നീർ വീഴ്ത്തിക്കൊ്, *'ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു; ഞാൻ സ്വർഗ്ഗത്തിൽ പോകുമെന്നു അറിയുന്നു'* എന്നു പറഞ്ഞു. അത് അത്ഭുതകരം തന്നേ എന്നു ഞാൻ മറുപടി നല്കി. ആ മനുഷ്യൻ, സന്തോഷത്താലല്ല, ആന്തരിക കുറ്റബോധത്താൽ ഏങ്ങിക്കരയുവാൻ തുടങ്ങി. ബലഹീനശബ്ദത്തിൽ അയാൾ പറഞ്ഞു: *'അതെ, പക്ഷേ, എനിക്ക് എഴുപത്തൊന്നു വയസ്സായി, എന്റെ എഴുപത് വർഷവും ഞാൻ പാഴാക്കിക്കളഞ്ഞു!'*

ഒരു പുതിയ വിശ്വാസിയായ എനിക്ക് എന്ത് മറുപടി നല്കുവാൻ കഴിയും? ഞാൻ അദ്ദേഹത്തെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. അന്നു രാത്രി വീട്ടിൽപോയി, മുട്ടിന്മേൽനിന്നു ഇപ്രകാരം പ്രാർഥിച്ചു: *'ദൈവമേ, എന്റെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി വരുന്ന ഒരു ദിവസം ഉ് എന്നു ഞാൻ അറിയുന്നു. ഞാൻ സ്വർഗത്തിൽ വരേ സമയം ആകുമ്പോൾ, എന്റെ ആത്മാവു രക്ഷിക്കപ്പെട്ടെങ്കിലും ജീവിതം പാഴാക്കിയവനായി, അങ്ങയെ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നു രാത്രി ഞാൻ എന്റെ ജീവിതത്തെ സമർപ്പിക്കുന്നു. എന്റെ ജീവിതത്തെ നിത്യമായ മൂല്യമുള്ളതാക്കണമേ.'*

പഴയനിയമത്തിൽ, വളരെയധികം അധ്വാനിച്ചശേഷം, ചെലവിട്ടശേഷം അവയെല്ലാം നിഷ്ഫലമായിപ്പോയി എന്നു കത്തുന്ന ദയനീയ സ്ഥിതിയെക്കുറിച്ചു ഹബുക്കൂക്ക് മുന്നറിയിപ്പു നല്കിയിട്ടു്. *'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും'* (ഹബ. 2:4) എന്നു പറഞ്ഞതിനുശേഷം, ദൈവത്തിൽ സമ്പൂർണാശ്രയം എന്ന വിശ്വാസ തത്വം പ്രായോഗികമാക്കാത്തവരുടെ പ്രവൃത്തികൾ തീക്കു ഇരയാകും (ഹബ.2:13) എന്നു മുന്നറിയിപ്പു കൊടുത്തു. ആ ജനം ദൈവത്തിൽ ആശ്രയിക്കാതെയാണ് തങ്ങളുടെ പട്ടണം പണിതുയർത്തിയത്. ചാരം മാത്രം അവിടെ ശേഷിച്ചു. കർത്താവായ യേശുക്രിസ്തുവിൽ സമ്പൂർണമായി ആശ്രയിക്കാതെ നാം ചെയ്യുന്നതെന്തും ദൈവത്തിന്റെ അഗ്നിസാന്നിധ്യത്തിൽ ഒന്നുമില്ലാതെയാകും.

പുതിയനിയമത്തിൽ പൗലൊസ് പറയുന്നു: ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും. ആ ദിവസം അതിനെ വെളിവാക്കും. അത് തീയോടെ വെളിപ്പെട്ടു വരും: ഓരോരുത്തന്റെ പ്രവൃത്തി ഈ വിധം എന്നു തീ തന്നേ ശോധന ചെയ്യും: ഒരുവൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുവന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും. താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടെ എന്നപോലെ അത്രേ (1 കൊരി.3:12–15).

ആ നേഴ്സിംഗ് ഹോമിലെ എഴുപത്തൊന്നു വയസ്സുള്ള വൃദ്ധൻ, താൻ രക്ഷിക്കപ്പെട്ടതിൽ സന്തോഷമുള്ളവനാകുന്നു; എങ്കിലും താൻ തീയിൽകൂടെ എന്നപോലെ രക്ഷിക്കപ്പെട്ടതിൽ ദുഃഖിതനായിരിക്കും. ജീവിതത്തിലെ മരം, പുല്ലു, വൈക്കോൽ എന്നിവയെ ദഹിപ്പിച്ചു കളയുന്ന അതേ അഗ്നിതന്നെ, പരിശുദ്ധാത്മാവിനാൽ പൊന്നു വെള്ളി വിലയേറിയ കല്ലു എന്നീ സാമഗ്രികൾ കൊു പണിതവയെ ശുദ്ധീകരിക്കയും പ്രകാശിപ്പിക്കുകയും ചെയ്യും.

## നിത്യപ്രകാശം

നിത്യനായ ദൈവം, ക്രിസ്തുവിൽ വസിക്കുന്ന ഓരോ വിശ്വാസിയിൽ കൂടെയും തന്റെ നിത്യപ്രവൃത്തി നിവർത്തിക്കും. വിശ്വാസവും ദൈവത്തിന്റെ വചനവും വിശ്വാസി സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കണം. അവർക്കു ഓരോ ദിവസം തന്നെയും പ്രതീക്ഷയോടെ അഭിമുഖീകരിക്കുവാൻ കഴിയും. *'ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക'* (എബ്രാ.12:28). ക്രമമായ *ഏകാന്തസമയം*, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നടക്കുവാൻ നമ്മെ പ്രാപ്തരാക്കും. ജഡത്തിന്റെ ശക്തിയിൽ നാം നടക്കേി വരികയില്ല.

സകലത്തെയും പരിശോധിക്കുന്ന വിശുദ്ധ ദൈവത്തിന്റെ സാന്നിധ്യ പ്രകാശത്തിൽ, ജീവനുള്ള ദൈവത്തിനു പ്രവർത്തിക്കുവാൻ സമർപ്പിച്ചുകൊടുത്തവർ അന്നു മഹാസന്തോഷത്താൽ നിറയും. നാം അവന്റെ വിരുന്നു മേശയിലേക്കു അനുദിനവും ആകർഷിക്കപ്പെടുന്നു. വെളിച്ചത്തിന്റെയും സ്നേഹത്തിന്റെയും ദൈവം അവനുമായി സുതാര്യ കൂട്ടായ്മയ്ക്ക് നമ്മെ ക്ഷണിക്കുന്നു. ഈ വിധത്തിൽ അന്ധകാര ലോകത്തിൽ ദൈവത്തിന്റെ പ്രകാശവാഹികൾ ആകുവാൻ നമുക്കു കഴിയും.

## ആത്മീയ പരിശോധന

1. ഇപ്പോൾ ഞാൻ ജീവിക്കുന്ന ഇതേ നില യിൽ ജീവിച്ചാൽ ക്രിസ്തുവിന്റെ ന്യായാ സനത്തിനു മുമ്പിൽ, എന്റെ ജീവിതത്തിൽ എന്തെങ്കിലും ഫലം ഉായിരിക്കുമോ?
2. ഞാൻ പ്രാർഥിക്കുമ്പോൾ ദൈവത്തെ നിത്യ പ്രകാശമായി ഞാൻ സമീപിക്കുന്നുവോ? അതോ, സ്വർഗ്ഗത്തിൽ എനിക്കൊരു ഗുണ കാംക്ഷിയായി മാത്രം ദൈവത്തെ കാണു ന്നുവോ?
3. നിന്റെ വചനപ്രകരാം എന്നെ ജീവിപ്പിക്ക ണമേ (സങ്കീ.119:25) എന്നു ദാവീദിനെ പ്പോലെ ഞാൻ ഇപ്പോൾ പ്രാർഥിക്കേ തു ു േ ാ ?

പ്രിയ കർത്താവേ, ജീവന്റെ അപ്പം എനിക്കു
നുറുക്കി തരണമേ.
അന്നു കടൽക്കരയിൽ അവിടന്നു
നുറുക്കിയതുപോലെ
വിശുദ്ധ പേജുകൾക്കപ്പുറം കർത്താവേ,
ഞാൻ അവയെ അന്വേഷിക്കുന്നു.
ജീവനുള്ള ദൈവമേ, എന്റെ ആത്മാവ്
അങ്ങേക്കായി കാംക്ഷിക്കുന്നു.
കർത്താവേ, അങ്ങു ജീവന്റെ അപ്പമാണല്ലോ
സത്യമായ വിശുദ്ധവചനം എന്നെ രക്ഷിക്കുന്നു.
ഉയരത്തിൽ അങ്ങയോടു കൂടെ ഭക്ഷിക്കുവാനും
ജീവിക്കുവാനും എനിക്കു കൃപ നല്കണമേ.
അങ്ങു സ്നേഹമാകയാൽ, അങ്ങയുടെ സത്യത്തെ
സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.
കർത്താവേ, അങ്ങയുടെ ആത്മാവിനെ
എന്റെമേൽ അയയ്ക്കണമേ.
ഞാൻ കാണേ തിന്
അവൻ എന്റെ കണ്ണുകളെ സ്പർശിക്കട്ടെ
അങ്ങയുടെ വചനത്തിൽ സംഗ്രഹിച്ചിരിക്കുന്നത്
എന്നെ കാണിക്കണമേ.
അങ്ങയുടെ വെളിപ്പാടായ പുസ്തകത്തിൽ
കർത്താവിനെ എനിക്കു ദർശിക്കുവാൻ കഴിയുന്നു.

*മേരി ആൻ ലാത്ത്ബറി*

## അധ്യായം 8

# വന്നു കഴിച്ചുകൊൾവിൻ!

ഗലീലത്തടാകത്തിന്റെ മണൽത്തീരത്ത്, ഉയിർത്തെഴുന്നേറ്റ ദൈവപുത്രൻ ആരാലും ശ്രദ്ധിക്കപ്പെടാതെ ഏകനായിനിന്നു. ഒരു പക്ഷേ, മൂടൽ മഞ്ഞ് ക്ഷീണിതരായ ശിഷ്യന്മാരുടെ കണ്ണുകളിൽനിന്ന് അവനെ മറച്ചിരിക്കാം. അല്ലെങ്കിൽ, ക്രൂരമായ ക്രൂശിൽ യേശുവിന്റെ മരണം സംഭവിച്ച ശേഷം അവരുടെ ആത്മീയ ദൃഷ്ടി മങ്ങിപ്പോയിരിക്കാം.

കരയിൽനിന്ന് അധികമകലെയല്ലാതെ ശിഷ്യർ ഒരു ചെറിയ പടകിൽ മീൻ പിടിക്കുകയാണ്. രാത്രിമുഴുവൻ അവർ അധ്വാനിച്ചു; ഒന്നും പിടിച്ചില്ല. ഇതിനിടെ ആരോ, *'കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?'* എന്നു ചോദിച്ചതും അവരെ വിഷമിപ്പിച്ചു. അകലെ കരയിൽ നിന്ന മനുഷ്യന്റെ ചുുകളിൽനിന്നും സകലവും അറിയുന്ന വ്യക്തമായ ഒരു കല്പന വന്നു; *'പടകിന്റെ വലതുഭാഗത്തു വലവീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും'.*

ചിരപരിചിതമായ ശബ്ദം തിരിച്ചറിഞ്ഞ യോഹന്നാൻ സന്തോഷത്തോടെ വിളിച്ചു പറഞ്ഞു: അത് കർത്താവ് ആകുന്നു! ഉത്സാഹഭരിതരായി ശിഷ്യന്മാർ കർത്താവിന്റെ കല്പന അനുസരിച്ചു, അവരുടെ വലയിൽ പെരുത്ത മീൻ കൂട്ടം പിടിപെട്ടു! പത്രോസ് തന്റെ അത്യുത്സാഹത്തിൽ തിരമാലകൾക്കു മീതേ ചാടി കർത്താവിന്റെ അടുക്കൽ എത്തി. കരയിൽ ഉയിർത്തെഴുന്നേറ്റ കർത്താവു തന്നെ തീ കൂട്ടിയിരുന്നു. ഒരുമിച്ചുകുടിയ ശിഷ്യന്മാരോടു മീൻ കൊുവരാൻ പറഞ്ഞു. അവൻ അവർക്കൊരു മൃഷ്ടാന്ന

ഭോജനം ഒരുക്കി. വിശന്നിരുന്ന ആ പുരുഷന്മാരെ യേശു ക്ഷണിക്കുന്നു -- വന്നു പ്രാതൽ കഴിച്ചുകൊൾവിൻ (യോഹ.21:11).

കരയിൽ, ഉയിർത്തെഴുന്നേറ്റ കർത്താവു തന്നെ തീ കൂട്ടിയിരുന്നു. യേശു ശിഷ്യന്മാരെ ഒരുമിച്ചു കൂട്ടി, മീൻ കൊുവരാൻ പറഞ്ഞു, അവർക്കൊരു മൃഷ്ടാന്നഭോജനം ഒരുക്കി. വിശന്നിരുന്ന ആ പുരുഷന്മാരെ യേശു ക്ഷണിക്കുന്നു: വന്നു പ്രാതൽ കഴിച്ചുകൊൾവിൻ(യോഹ. 21:12)

രു സഹസ്രാബ്ദങ്ങളായി ഇതേ ക്ഷണം മുഴങ്ങിക്കേൾക്കുന്നു. ഓരോ പ്രഭാതത്തിലും നിത്യതയുടെ തീരങ്ങളിൽ കർത്താവായ യേശു നില്ക്കുന്നു. അവൻ നമുക്കുവേി ഒരുക്കിയിരിക്കുന്ന സ്വർഗീയഭോജനത്തിൽ പങ്കാളികളാകുവാൻ അവൻ നമ്മെ ക്ഷണിക്കുന്നു. ഓ൦രോ ഭക്ഷണവും നമുക്കുവേി സൂക്ഷ്മതയോടെ ഒരുക്കിയിരിക്കുന്ന കർത്താവായ യേശു ദൈവം തന്നെയാണ്. അത് നമ്മുടെ വിശ്വാസത്തിന്റെ പോഷണമാണ്. ദൈവത്തിന്റെ വചനം -- വേദപുസ്തകം ആണത്!

എന്റെ ഏകാന്ത സമയങ്ങളിൽ ഞാൻ തയ്യാറാക്കിയ വചനങ്ങളിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. വന്നു പ്രാതൽ കഴിക്കുക എന്ന യജമാനന്റെ ക്ഷണത്തെ സ്വീകരിക്കുവാൻ ഇതു നിങ്ങളെ സഹായിക്കും.

ഒന്ന് : ഈ പുസ്തകത്തിനു ഉപസംഹാരമായി ഈ പ്രാർഥന ചേർക്കുവാൻ എന്റെ ഒരു സ്നേഹിതൻ എന്നെ ഉത്സാഹിപ്പിച്ചു.

ര് : കഴിഞ്ഞകാലങ്ങളിൽ ഏകാന്ത സമയത്തെക്കുറിച്ചു അനേകം ഗ്രൂപ്പുകളിലും സഭകളിലും പഠിപ്പിക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടു്.

അങ്ങനെയുള്ള സന്ദർഭങ്ങളിൽ, സന്നിഹിതരായിരിക്കുന്ന ആർക്കും അതിൽ പങ്കെടുക്കാം: പരിശുദ്ധാത്മാവിനോടു നിശബ്ദമായി പ്രാർഥിക്കാം പ്രസംഗങ്ങൾ ഉാകയില്ല! പ്രാർഥനയോടെ ഓരോ കൂട്ടായ്മയും ആരംഭിക്കും. പരിശുദ്ധാത്മാവാണ് ഞങ്ങളുടെ അധ്യാപകൻ. തിരഞ്ഞെടുത്ത വേദഭാഗം ഞങ്ങളൊരുമിച്ച് ഉച്ചത്തിൽ വായിക്കും. അടുത്ത വചനത്തിലേക്കു നീങ്ങുന്നതിനു മുമ്പ് മുപ്പത് സെക്കന്റ് മൗനമായി

രിക്കും. ആ സമയത്ത് എല്ലാവരും പ്രാർഥനാപൂർവം ആ വചനം ധ്യാനിക്കും; ഈ അധ്യായത്തിന്റെ ഒടുവിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കത്തെുവാൻ കഴിയുമോ എന്നു ചിന്തിക്കും. ഈ മൗനസമയത്തിനുശേഷം ഓരോ വ്യക്തിക്കും പരിശുദ്ധാത്മാവ് ഈ വചനം തനിക്ക് ഏതുവിധത്തിൽ പ്രയോഗികമാക്കി എന്നു പറയുന്നതിനു സ്വാതന്ത്ര്യമു്. അതിനുശേഷം, ഒന്നുകിൽ ആ സംസാരിച്ച വ്യക്തിയോ മറ്റൊരാളോ പ്രാർഥന നയിക്കും.

**സന്ദർഭവശാൽ പറയട്ടെ, സമൂഹമായ ഒരു ഏകാന്തസമയം നയിക്കുന്നതിന് ഇത് ഏറ്റവും ഫലപ്രദമായരീതിയായി ഞാൻ കിട്ടു് ഒരു ഗ്രൂപ്പ് സ്റ്റഡിയിൽ ഈ പുസ്തകം ഉപയോഗിക്കുന്നു എങ്കിൽ മേല്പറഞ്ഞ നിർദേശങ്ങൾ പ്രായോഗികമാകുന്നതിന് ഇനിയും ചില യോഗങ്ങൾകൂടെ ഉപയോഗിക്കുക. ഈ പുസ്തകത്തിന്റെ അവസാന ഭാഗങ്ങളിൽ ചോദ്യങ്ങൾ നല്കിയിട്ടു്.**

സമൂഹമായ *ഏകാന്ത സമയം* എന്ന ആശയം, ഒരു ബ്രിട്ടീഷ് സുവിഷേകനായിരുന്ന തോമസ് ബി.റീസ് ആണ് എന്നോടു പറഞ്ഞത്. ഞാൻ ക്രിസ്തുവിലേക്കു മാനസാന്തരപ്പെട്ട യംഗ് പീപ്പിൾസ് ഹോളിഡേ കോൺഫ്രൻസ് സെന്ററിൽവെച്ച് ഞാൻ നേരത്തേ വിവരിച്ച ഏകാന്ത സമയത്തിൽനിന്നു വ്യത്യസ്തമായ ചോദ്യങ്ങൾ അദ്ദേഹം ചോദിച്ചു.

ഈ വിധത്തിൽ നടത്തപ്പെട്ട യോഗങ്ങളിൽ പരിശുദ്ധാത്മാവ് ഹൃദയങ്ങളോടും ജീവിതങ്ങളോടും സംസാരിക്കയും, അസാധാരണമായ ദൈവസാന്നിധ്യം അനുഭവപ്പെടുകയും ചെയ്തിരുന്നു. കാനഡായിൽ, വിക്ടോറിയ ബാപ്റ്റിസ്റ്റ് ചർച്ചിലെ പാസ്റ്റർ ഇപ്രകാരം പറഞ്ഞു: *'എന്റെ ശുശ്രൂഷാകാലത്ത് ഞാൻ സംബന്ധിച്ചിട്ടുള്ളതിൽ ഏറ്റവും ശ്രദ്ധേയമായ അനുഗ്രഹിക്കപ്പെട്ടതുമായ യോഗമായിരുന്നു അത്.'*

യെരൂശലേം പുരാതന നഗരത്തിൽ അറബ് വിശ്വാസികൾക്കുവേി ക്രിസ്ത്യൻ ആന്റ് മിഷിനറി അലയൻസ് ചർച്ചിൽ, ഈ തത്വങ്ങൾ ചില ദിവസങ്ങൾ പഠിപ്പിച്ചതിനു

ശേഷം നടത്തപ്പെട്ട യോഗത്തിൽ സംബന്ധിച്ച ഒരു കനേഡിയൻ ബൈബിൾ കോളജിന്റെ റിട്ടയേർഡ് പ്രിൻസിപ്പൽ പറഞ്ഞത്: *'യെരൂശലേമിൽ ഇത്ര ആത്മസ്പർശനം ഉളവായ യോഗത്തിൽ ഞാൻ സംബന്ധിച്ചിട്ടില്ല'* എന്നാണ്.

പള്ളികളിലും ഭവനക്കൂട്ടായ്മയിലും ബൈബിൾ കോൺഫ്രൻസുകളിലും യുവജനയോഗങ്ങളിലും ദൈവവചനത്തോടുള്ള വ്യക്തിപരമായ സമീപനം എന്നെ ഈ രീതിയിൽ ദൈവം വളരെ അനുഗ്രഹിച്ചിട്ടു്.

ദൈവത്തോടു കൂടെയുള്ള വ്യക്തിപരമായ ഏകാന്ത സമയം അനുഭവസ്തമാക്കുന്നതിനെക്കാൾ, അത് എഴുതി അച്ചടിപ്പിക്കുന്നത് പ്രയാസമാണെന്നു ഞാൻ മനസ്സിലാക്കി.

കർത്താവിനോടു കൂടെയുള്ള ഏകാന്ത സമയം നിങ്ങളെ ഗ്രഹിപ്പിക്കുന്നതിനു ചില അടിസ്ഥാന നിയമങ്ങൾ പ്രസ്താവിക്കട്ടെ:

**ഒന്ന്:** വേദപുസ്തകത്തിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട വേദഭാഗങ്ങൾ വിട്ടുകളഞ്ഞിട്ടില്ല. എന്റെ ഏകാന്തസമയങ്ങളിൽ അപ്പോസ്തലനായ പൗലൊസിന്റെ രാം കൊരിന്ത്യലേഖനമാണ് ഞാൻ വായിക്കുന്നത്.

**ര ് :** ഇന്നത്തേയ്ക്കുള്ള വേദഭാഗം, വാക്യം വാക്യമായുള്ള വിശദ പഠനത്തിന് ഉദ്ദേശിച്ചിട്ടുള്ളതല്ല.

**മൂന്ന്:** എന്റെ *ഏകാന്ത സമയം*––വിവരണം സ്വാഭാവികമാകത്തക്കവണ്ണം പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ ഇന്നു നല്കിയ വചനമാണ് ഞാൻ കൊടുത്തിരിക്കുന്നത്

**നാല്:** നേരത്തേ പറഞ്ഞിട്ടുള്ള ചോദ്യങ്ങൾ ഉപയോഗിച്ചു ദൈവവചനം പ്രാർഥനയോടെ ധ്യാനിക്കുമ്പോൾ ദൈവശബ്ദം വ്യക്തിപരമായിത്തീർന്നതെങ്ങനെ എന്നും ഞാൻ പറയുന്നതാണ്.

ഏതൊരു **ഏകാന്ത സമയവും** വ്യക്തിപരമായ അനുഭവമാണ്. നിങ്ങളുടെ സാഹചര്യങ്ങൾ, എന്റേതുപോലെയല്ല എന്നറിയാം. എന്റെ സാഹചര്യങ്ങൾ ആറു മാസത്തിനു ശേഷം ഇന്നത്തേതുപോലെ ആയിരിക്കില്ല. ദൈവം തന്റെ സ്നേഹത്തിൽ നാം ആയിരിക്കുന്ന സ്ഥാനത്ത് നമ്മോടു സംസാരി

ക്കുന്നു; നമ്മെ കത്തെുന്നു. നാം ആയിരിക്കുന്ന സ്ഥാനത്ത്, നാം ആയിരിക്കാവുന്ന സ്ഥാനത്തോ മറ്റാരെങ്കിലും ആയിരിക്കുന്ന സ്ഥാനത്തോ അല്ല, നാം ആയിരിക്കുന്ന സ്ഥാനത്തു തന്നെ കത്തെുന്നു! വ്യത്യസ്ത സാഹചര്യങ്ങൾ നിങ്ങൾ അഭിമുഖീകരിക്കും. നിങ്ങളുടെ ആവശ്യങ്ങളനുസരിച്ചും സാഹചര്യങ്ങളനുസരിച്ചും ദൈവം നിങ്ങളോടു സംസാരിക്കുമെന്നതിനാൽ, അനുദിനവും വ്യക്തിപരമായി, വന്നു പ്രാതൽ കഴിച്ചുകൊൾവാൻ കർത്താവു നിങ്ങളെ ക്ഷണിക്കും!

ബൈബിൾ ദൈവത്തിന്റെ ജീവനും ശക്തിയുമുള്ള വചനം ആകുന്നു എന്നു മാത്രമല്ല, അത് നിശ്ചയമായും നമുക്കു ഓരോരുത്തർക്കുമുള്ള വ്യക്തിപരമായ വചനവുമാകുന്നു! *'ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു'* (എബ്രായർ 4:12). ഇതിനെക്കാൾ വ്യക്തിപരമാകുന്ന മറ്റെന്തെങ്കിലും ഉോ?

നിങ്ങളുടെ വേദപുസ്തകം തുറന്ന് 2 കൊരിന്ത്യർ ഒന്നാം അധ്യായം എന്നോടൊപ്പം വായിക്കുക.

**പ്രഭാതം 5 മണി -- ഞാൻ വാതിൽ അടച്ചിരിക്കുന്നു, ദൈവത്തോടുകൂടെ ഏകാന്തതയിൽ വേദപുസ്തകം തുറന്നിരിക്കുന്നു.**

തുറന്ന ഹൃദയത്തോടും തുറന്ന വേദപുസ്തകത്തോടുംകൂടെ ഞാൻ ഇന്നു ദൈവസന്നിധിയിൽ വരുമ്പോൾ എന്റെ ജീവിതത്തിലെ സാഹചര്യങ്ങൾ ഇവയാണ്:

- ഡോറോത്തി നിരന്തരം അനുഭവിക്കുന്ന വേദനയിൽ എനിക്ക് ഉൽക്കണ്ഠയു്. കഴിഞ്ഞ ചില ആഴ്ചകളിൽ ആ വേദന കഠിനമായിക്കൊിരിക്കുന്നു.
- ഈ ശിശിരകാലത്ത് ഞങ്ങളുടെ സഞ്ചാരശുശ്രൂഷയ്ക്ക് ഡോറോത്തിയുടെ ആരോഗ്യസ്ഥിതി തടസ്സമാകുമോ എന്നും ഞാൻ ചിന്തിക്കുന്നു. ഞങ്ങളുടെ നിരന്തര മിഷനറിയാത്രകൾ നിമിത്തം അവൾ കഷ്ടപ്പെടുമ്പോൾ,

*'ഇനിയും ഞാൻ നിന്നെ ഈ വിധത്തിൽ പ്രയാസപ്പെടാൻ അനുവധിക്കുകയില്ല'* എന്നു ഡോറോത്തിയോടു പറഞ്ഞിട്ടു്. പക്ഷേ, ദൈവം ഞങ്ങളുടെ ഒരുമിച്ചുള്ള ശുശ്രൂഷയെ അനുഗ്രഹിക്കും. *'അത് മഹത്വകരമായിരുന്നു'* എന്നു ഞങ്ങൾ പറയും. പക്ഷേ, ഇപ്പോൾ എന്തുചെയ്യും കർത്താവേ?

- കഴിഞ്ഞ കാലങ്ങളിൽ ദൈവം ഞങ്ങളുടെ ശുശ്രൂഷയെ വളരെയധികം അനുഗ്രഹിച്ച കെനിയായിലെ സാഹചര്യത്തെക്കുറിച്ച് എനിക്കു ഭാരമു്. പണപ്പെരുപ്പം ആ ദേശത്തെ കഷ്ടത്തിലാക്കുന്നു. വിശ്വസ്തതയോടെ കർത്താവിനെ സേവിക്കുന്ന തദ്ദേശിയരായ വിശ്വാസികളെ കൂടുതൽ സഹായിക്കാൻ കഴിഞ്ഞെങ്കിൽ എന്നു ഞാൻ ചിന്തിക്കുന്നു.
- ഡോറോത്തിയുടെയും എന്റെയും കുടുംബാംഗങ്ങളിൽ അത്യാസന്ന രോഗാവസ്ഥയിലുള്ളവരും വിരഹദുഃഖം അനുഭവിക്കുന്നവരും ു്. ഞങ്ങളുടെ പെട്ടെന്നുള്ള യാത്രകളും, ഡോറോത്തിയുടെ ശാരീരിക പരിമിതികളും നിമിത്തം അവർക്കു പ്രായോഗികമായ എന്തെങ്കിലും കരുതൽ നല്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല.

## പ്രാർഥന

*പിതാവേ, എന്നെ നേരത്തേ ഉണർത്തിയതിനായി സ്തോത്രം ചെയ്യുന്നു. എന്റെ ഹൃദയത്തോടു സംസാരിക്കുക മാത്രമല്ല, അങ്ങയുടെ വചനത്തിലൂടെ എന്നോടു സംസാരിച്ച കാര്യങ്ങൾ വായിക്കുന്നവരെ അനുഗ്രഹിക്കുക എന്നതും അങ്ങയുടെ ഉദ്ദേശ്യമാണ് എന്നു ഞാൻ മനസിലാക്കുന്നു. കർത്താവേ, പിന്നീട് ഈ വിവരണം വായിക്കുന്നവർക്ക്, ഞാൻ അങ്ങയെക്കുറിച്ചു മാത്രം ബോധവാനായയിരുന്നു എന്നു മനസ്സിലാക്കുവാൻ എളുപ്പമാകയില്ല എന്ന് അങ്ങു അറിയുന്നല്ലോ. അതിനാൽ കർത്താവേ, എന്റെ ഹൃദയത്തെയും മനസ്സിനെയും പ്രത്യേകമായി അഭിഷേകം ചെയ്ത്, അങ്ങയോടുള്ള വ്യക്തി*

*പരമായ സാന്നിധ്യം സുതാര്യമായി എഴുതുവാൻ എന്റെ തൂലികയെ അനുഗ്രഹിക്കണമേ എന്നു ഞാൻ പ്രാർഥിക്കുന്നു.*

*ദൈവമേ, എന്റെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു എന്നു ഞാൻ ഉറപ്പായി അറിയുന്നു. ഈ അത്ഭുതകരമായ ഉറപ്പു നല്കിയതിനായി സ്ത്രോത്രം. ഞാൻ ഭൂമിയിൽ എഴുതുന്ന ഈ വിവരണങ്ങൾ ഏകപക്ഷീയമാകും; എങ്കിലും കർത്താവേ, അങ്ങു സ്വർഗത്തിൽ എന്റെ മഹാപുരോഹിതനല്ലോ; അങ്ങയുടെ ഹിതപ്രകാരം എന്റെ പ്രാർഥനകളെ പിതാവിന്റെ സിംഹാസനത്തിന്റെ മുമ്പിൽ അർപ്പിക്കണമേ. വലിയ പ്രതീക്ഷയോടെ ഈ പ്രഭാതത്തിൽ അങ്ങയുടെ വചനം വായിക്കുന്നു. അവിടത്തെ വചനത്തിലെ അത്ഭുതങ്ങൾ കാണേതിനു എന്റെ കണ്ണുകളെ തുറക്കണമേ.*

പ്രിയ വായനക്കാരാ, 2 കൊരിന്ത്യർ 1–ാം അധ്യായം ഞാൻ തുറക്കുകയാണ്. സാവധാനം ഈ അധ്യായം മുഴുവൻ വായിക്കുക. വ്യക്തമായ ശബ്ദത്തിൽ നിറുത്തിയാണ് ഞാൻ വായിക്കുന്നത്. നിങ്ങളും അങ്ങനെ ചെയ്യുക.

അല്പനിമിഷംമുമ്പ് ഈ അധ്യായങ്ങൾ ഇതേനിലയിൽ വായിച്ചപ്പോൾ ക്രിസ്തുവിന്റെ ഒരു ദാസൻ എന്ന നിലയിൽ പൗലൊസ് കാണിച്ച അത്യുത്തമ മാതൃക ഞാൻ ഓർത്തു. **ഈ വചനത്തിൽ അനുകരിക്കുവാൻ എനിക്കൊരു മാതൃകയുേണ്ടാ?** എന്നതായിരിക്കും എന്റെ ചോദ്യം.

ഈ അധ്യായം വായിച്ചു കഴിഞ്ഞപ്പോൾതന്നെ പൗലോസിന്റെ മാതൃക പിന്തുടരേതിന് പരിശുദ്ധാത്മാവ് എനിക്കു പ്രേരണനല്കി. കർത്താവിന്റെ ഒരു നല്ല ദാസൻ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വാക്യംവാക്യമായി ധ്യാനിക്കാൻ തുടങ്ങുന്നതിനു മുമ്പേ, ഈ വസ്തുത ഞാൻ കർത്താവിനോടു പറയുന്നു.

## പ്രാർഥന

*കർത്താവായ യേശുവേ, ഞാൻ ഇപ്പോൾ വായിച്ച വേദഭാഗത്തിൽ, അങ്ങയ്ക്കുവേിയുള്ള ശുശ്രൂഷയിൽ*

*പൗലൊസിന്റെ സാക്ഷ്യത്തിലുള്ള അതേ സംതൃപ്തി എനിക്കുാകുവാൻ ഞാൻ ആത്മാർഥമായി ആഗ്രഹിക്കുന്നു. അങ്ങ് എന്റെ ജീവിതത്തിൽ ആയിരമായിരം അനുഗ്രഹങ്ങൾ വർഷിച്ചിട്ടുല്ലോ. പലപ്പോഴും അങ്ങയോടുള്ള കൂട്ടായ്മയിൽ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു എങ്കിലും, അങ്ങയുടെ കഷ്ടാനുഭവങ്ങളോടുള്ള കൂട്ടായ്മ നല്കപ്പെടുമ്പോൾ ഞാൻ ഭീരുവിനെപ്പോലെ പെരുമാറുന്നു. ഈ വചനങ്ങൾ ഞാൻ ഇനിയും ധ്യാനിക്കുമ്പോൾ അങ്ങയുടെ സാന്നിധ്യത്താൽ എന്റെമേൽ നിഴലിട്ടുകൊള്ളണമേ. അങ്ങയുടെ സാന്നിധ്യവും ശക്തിയും എന്റെ ജീവിതത്തിനു രൂപാന്തരം വരുത്തട്ടെ. അങ്ങയുടെ നാമം നിമിത്തം എന്റെ സ്വാർഥ ജീവിതസ്വഭാവങ്ങൾക്കു മാറ്റം വരുത്തണമേ.*

ഞാൻ, ആ അധ്യായം വാക്യംവാക്യമായി വായിച്ച് അതിലെ ചിന്തകൾ ശ്രദ്ധിക്കും. പരിശുദ്ധാത്മാവ് അതിൽനിന്നു നമുക്കു നല്കുവാൻ ആഗ്രഹിക്കുന്ന സന്ദേശം നഷ്ടപ്പെടാതിരിക്കാൻ പ്രാർഥനയോടെ ചിന്തിക്കാം. ദൈവത്തോടുള്ള എന്റെ സംഭാഷണം ആ വിധത്തിൽ ആരംഭിക്കുന്നു. ഓരോ വാക്യവും ഞാൻ ധ്യാനിക്കുമ്പോൾ എനിക്കു പരിചിതമായ ഒരു വാക്യം കടന്നു പോകാതിരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നതാണ്. ഇന്ന് ആ വാക്യം എന്റെ ഹൃദയത്തിൽ പ്രത്യേക നിലയിൽ സജീവമാകുവാൻ ദൈവം ആഗ്രഹിക്കുന്നുാവും. **ഇന്നത്തെ വാക്യത്തിൽ പിതാവായ ദൈവത്തെക്കുറിച്ചു പുതിയ ഒരു ചിന്തയുോ?** എന്നു ഞാൻ ചോദിക്കുന്നു.

**വായിക്കുന്നു**

**വാക്യം 3:** *മനസ്സലിവുള്ള പിതാവും സർവാശ്വാസങ്ങളുടെയും ദൈവം.* ദൈവം പിതാവാകുന്നു എന്ന പ്രസ്താവന രാം വാക്യത്തിൽ ദൈവം പിതാവാകുന്നു എന്നതിനെക്കുറിച്ചുള്ള പരാമർശവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവ്. അത് ചിന്തിക്കുക. കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായദൈവം എന്റെ മനസ്സിൽ സർവാശ്വാസങ്ങളുമുള്ള പിതാവാകുന്നു. എന്റെ

ആശ്വാസത്തിനായി സ്വർഗസ്ഥനായ പിതാവാകുന്നു. എന്റെ ആശ്വാസത്തിനായി സ്വർഗസ്ഥനായ പിതാവ് അവിടത്തെ കൃപയും സമാധാനവും എനിക്കു നല്കിയിരിക്കുന്നു.

## പ്രാർഥന

*പിതാവേ, നന്ദിയോടും സ്തോത്രത്തോടുംകൂടെ ഞാൻ അങ്ങയെ വണങ്ങുന്നു. അങ്ങയുടെ കൃപയ്ക്കായി ഞാൻ നന്ദി പറയുന്നു. നിത്യമായുള്ള അങ്ങയ്ക്കുള്ള അങ്ങയുടെ സമാധാനം അങ്ങ് എനിക്കു നല്കിയിരിക്കുന്നല്ലോ. അങ്ങയുടെ കൃപയാൽ അങ്ങയുടെ സമാധാനവും ശാന്തതയും സ്ഥൈര്യതയും -- എല്ലാം ഇന്നു എന്റേതായിരിക്കുന്നു! ഹല്ലേലുയ്യ! അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്റെ അസ്വസ്ഥ ഹൃദയത്തിനു ശുശ്രൂഷ ചെയ്യണമേ. അങ്ങ് അധിവസിക്കുന്നതിനാലുള്ള സ്വസ്ഥതയും സമാധാനവും എനിക്കു നല്കണമേ എന്നു ഞാൻ പ്രാർഥിക്കുന്നു.*

## വായിക്കുന്നു

**വാക്യം 4:** *ദൈവം തങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊു ഞാൻ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തനാകേതിന് ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.*

പൗലൊസിന്റെ ഈ സാക്ഷ്യം ഞാൻ ധ്യാനിക്കുമ്പോൾ തന്റെ സ്വർഗസ്ഥനായ പിതാവിൽനിന്നു തനിക്കു ലഭിച്ച മറ്റുചില ആശ്വാസങ്ങളെക്കുറിച്ചും പറയാനു്. അവ കഷ്ടത, പീഡനം, മരണവിളി എന്നിവയാണ്. ഈ അനുഭവങ്ങൾ ആശ്വാസം എന്ന ചിന്തയിൽനിന്നു വളരെ വ്യത്യസ്ത കാര്യങ്ങളാണല്ലോ എന്നു പരിശുദ്ധാത്മാവ് എന്റെ ശ്രദ്ധയിൽ കൊുവരുന്നു!

ഞാൻ തുടർന്നു വായിക്കുമ്പോൾ, ജീവിതത്തിലെ എല്ലാ വൈഷമ്യങ്ങളെയും ദൈവം അനുവദിച്ചിരിക്കുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടു കൂടെയാണ് എന്നു പൗലൊസ് സാക്ഷ്യം പറയുന്നു. *'നാം നമ്മിൽ തന്നെ ആശ്രയിക്കാതെ*

*മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിൽ നാം ആശ്രയിക്കേ തിന്'* അതാണ് അതിന്റെ ഉദ്ദേശ്യം. ദൈവം പൗലൊസിനെ ആശ്വസിപ്പിച്ചത്, അവൻ ആശ്വസിക്കേതിനല്ല; പിന്നെയോ അവൻ മറ്റുള്ളവരെ ആശ്വസിപ്പിക്കേതിനത്രേ! എന്നും ഞാൻ ഇതിൽ നിന്നും മനസ്സിലാക്കുന്നു.

**പ്രാർഥന**

*കർത്താവേ, വേദനപ്പെടുന്ന ജനത്തിന് ആശ്വാസം നല്കുവാൻ ഞാൻ ആഗ്രഹിച്ചിട്ടുള്ള സന്ദർഭങ്ങൾ അവിടന്നു അറിയുന്നുവല്ലോ. നിരന്തരമായി ശരീരത്തിൽ കഠിന വേദന യനുഭവിക്കുന്ന ഡോറോത്തിയെ, അങ്ങയുടെ ആശ്വാസത്താൽ ആശ്വസിപ്പിക്കുവാൻ ഞാൻ ആഗ്രഹിച്ചിട്ടു്.*

*ഡോറോത്തിയിൽനിന്നു വളരെയധികം ശുശ്രൂഷ എനിക്കു ലഭിച്ചിട്ടു്. എന്നാൽ അങ്ങയുടെ കൃപയോ സമാ ധാനമോ നല്കി അവൾക്ക് ആശ്വാസവും സാന്ത്വനവും നല്കു വാൻ എനിക്കു കഴിഞ്ഞിട്ടില്ല. കർത്താവേ, എന്റെ സ്വാർഥവഴി കളെ ക്ഷമിക്കണമേ; ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കു വാനുള്ള ആഗ്രഹം എനിക്കു നല്കണമേ.*

*മാത്രമല്ല, ദുരിതത്തിലും അരിഷ്ടതയിലും കഴിയുന്ന ലക്ഷക്കണക്കിനു ജനങ്ങൾ, പട്ടിണിയിലും രോഗത്തിലും മര ണത്തിലും ആയിരിക്കുന്നത് ഞാൻ മനസ്സിലാക്കുന്നു. അങ്ങ യുടെ സമാധാനവും കൃപയും എന്റെ ഹൃദയത്തിൽ പകർന്നു അവരുടെ ഭാരങ്ങളകറ്റി അവരെ ആശ്വസിപ്പിക്കേതിനു എന്നെ സഹായിക്കണമേ.*

*ജീവിതസാഹചര്യങ്ങൾ എത്ര വൈഷമ്യമേറിയതായാ ലും, ഓരോ ജീവിതത്തെയും അങ്ങയുടെ ആശ്വാസം സാന്ത്വ നപ്പെടുത്തുന്നു; എന്നിൽ ആശ്രയിക്കാതെ ഞാൻ അങ്ങയിൽ ആശ്രയിക്കുവാൻ, കർത്താവായ യേശുവേ, എന്നെ സഹായി ക്കണമേ.*

ഈ സമയം ദൈവത്തിന്റെ വചനം എന്നിലേക്കു പ്രവേ ശിക്കുവാൻ ശക്തിയുള്ളതായി എനിക്കനുഭവപ്പെടുന്നു. സ്വയാ ശ്രയത്തിൽനിന്നു പൗലൊസ് മോചിതനാകുവാൻ തക്കവണ്ണം,

അവന്റെ മേൽ നിരവധി വൈഷമ്യങ്ങൾ ഉായിരുന്നു എന്നും ഞാൻ മനസ്സിലാക്കുന്നു. എന്റെ നിഗളത്തോടും ഇട പെടത്തക്കവണ്ണം, സങ്കീർണതയും എതിർപ്പും എന്റെ ജീവി തത്തിൽ, കർത്താവു തന്റെ സ്നേഹത്തിലും കൃപയിലും അനുവദിക്കുന്നു എങ്കിൽ ഞാൻ ആവലാതിപ്പെടേതില്ല.

**പ്രാർഥന**

*കർത്താവേ, എന്റെ ജീവിതത്തിൽ അവിടത്തെ സ്നേഹ ശുശ്രൂഷയ്ക്കായി ഞാൻ സ്തോത്രം ചെയ്യുന്നു. മറ്റു ള്ളവർക്കുവേി ഈ പ്രാർഥന രേഖപ്പെടുത്തുവാൻ പ്രയാ സമാണെങ്കിലും, പൗലൊസ് തന്റെ പരിശോധനകളെക്കുറിച്ചു താൻ സ്നേഹിച്ചവരുടെ മുമ്പിൽ സുതാര്യമുള്ളവനായിരു ന്നാലും അവൻ തന്റെ സാക്ഷ്യം ജീവിതത്തിലെ നല്ല കാര്യങ്ങളിൽ മാത്രം പരിമിതപ്പെടുത്തിയില്ല. അങ്ങയെ സേവി ക്കുന്നതിൽ എനിക്കുാകുന്ന എല്ലാ ഏകാന്ത നിമിഷ ങ്ങൾക്കും ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്റെ ജീവിത ത്തിലുായ എല്ലാ ഹൃദയവേദനകളെയും ഞാൻ തെറ്റിദ്ധരി ക്കപ്പെട്ടിട്ടുള്ള എല്ലാ സന്ദർഭങ്ങളെയും എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള പാപങ്ങളെയും ഭോഷത്തരങ്ങളുടെ സാഹച ര്യങ്ങളെയും അങ്ങയിൽ ആശ്രയിക്കാതെ എന്നിൽ തന്നെ ആശ്രയിച്ചതിനെയും ഞാൻ ഓർക്കുന്നു. അങ്ങയുടെ വിശുദ്ധ സന്നിധിയിൽ കർത്താവേ, പൗലൊസിനെപ്പോലെ, എന്നിൽ ആശ്രയിക്കാതെ അങ്ങയിൽ തന്നെ ആശ്രയിക്കുമെന്നു ഞാൻ ഉറപ്പു പറയുന്നു.*

*കർത്താവേ, പൗലൊസിന്റെ -- ദൈവം എനിക്കു മതി യായവൻ -- എന്ന വാക്കുകൾ ഞാൻ വായിച്ചു. അങ്ങ്, അങ്ങുമാത്രമാണ് എനിക്കു മതിയായവൻ എന്ന് ഈ പ്രഭാത ത്തിൽ ഞാൻ ഏറ്റു പറയുന്നു. ഇന്ന് എന്റെ മുമ്പിലുള്ള തിരു വെഴുത്തുകൾ പ്രകാരം അങ്ങ് എന്നെ വിടുവിച്ചു, വിടുവിച്ചു കൊിരിക്കുന്നു, മേലിലും വിടുവിക്കും -- ഈ വസ്തുത കളെ ഓർത്തു ഞാൻ സ്തോത്രം ചെയ്യുന്നു. ഇത്രവലിയ രക്ഷ യ്ക്കായി, കർത്താവേ, ഞാൻ അങ്ങേയ്ക്കു സ്തോത്രം ചെയ്യുന്നു.*

*കർത്താവേ, പരിശുദ്ധാത്മാവ് അങ്ങയുടെ ആശ്വാസത്താൽ എന്റെ ഹൃദയത്തെ ശക്തീകരിക്കുന്നതിനാൽ ഇന്ന് എന്നെ പ്രായോഗികമായി സ്നേഹത്തിൽ ഉപയോഗിക്കുന്നുതിനായി അങ്ങയോട് അപേക്ഷിക്കുന്നു. അങ്ങയുടെ സ്നേഹം ആവശ്യമുള്ള ജനത്തിന് അങ്ങേയുടെ സ്നേഹവും ആശ്വാസവും സഹായവും ലഭ്യമാക്കുവാൻ എന്നെ സഹായിക്കണമേ.*

## വായിക്കുന്നു

**വാക്യം 11:** *അതിനു നിങ്ങളും ഞങ്ങൾക്കുവേിയുള്ള പ്രാർഥനയിൽ തുണയ്ക്കുന്നുല്ലോ... പലർ മുഖാന്തരം.*

പൗലൊസിനുവേി അനേകമുഖങ്ങൾ ദൈവത്തിങ്കലേക്കു ഉയർത്തപ്പെടാതിരുന്നെങ്കിൽ അവന്റെ ശുശ്രൂഷ എന്താകുമായിരുന്നു എന്നു ഞാൻ ചിന്തിക്കാറു്. അതുപോലെ പ്രാർഥനയിൽ എന്നെ സഹായിച്ചു പോരുന്ന അനേകം സ്നേഹിതരില്ലായിരുന്നു എങ്കിൽ ഇന്നു ഞാൻ എവിടെ ആയിരിക്കുമായിരുന്നു എന്നും ചിന്തിച്ചിട്ടു്.

## പ്രാർഥന

*പിതാവേ, ഡോറോത്തിക്കും എനിക്കും വേി പ്രാർഥിക്കുവാൻ അങ്ങയുടെ മക്കളിൽ അനേകരുടെ ഹൃദയങ്ങളിൽ നല്കിയ താല്പര്യം മുഖാന്തരം, അങ്ങ് എന്നോടു കാണിച്ച വലിയ സ്നേഹം എനിക്കു ഗ്രഹിക്കുവാൻ കഴിയുന്നില്ല. ഇത്ര അത്ഭുതകരമായ സ്നേഹത്തിനു നന്ദി പറയേതെങ്ങനെ എന്നു ഞാനറിയുന്നില്ല.*

എന്റെ മധ്യസ്ഥ പ്രാർഥനയിൽ അങ്ങനെയുള്ള ചില സ്നേഹിതരെ ഞാൻ ദൈവകരങ്ങളിൽ ഭരമേല്പിക്കുന്നു. എന്റെ ജീവിതത്തിലും ഹൃദയത്തിലും പരിശുദ്ധാത്മാവ് പ്രേരണ നല്കുന്ന തിരുവെഴുത്തകളുടെ വെളിച്ചത്തിലാണ് ഞാൻ പ്രാർഥിക്കുന്നത്. ദൈവം അവരുടെ ഹൃദയങ്ങളിലും ജീവിതത്തിലും തന്റെ ആശ്വാസവും ബലവും നല്കട്ടെ എന്നു ഞാൻ പ്രാർഥിക്കുന്നു.

## വായിക്കുന്നു

**വാക്യങ്ങൾ 15,17–18** *മുമ്പേ നിങ്ങളുടെ അടുക്കൽ വരുവാനും.... അങ്ങനെ, വിചാരിച്ചതിൽ ഞാൻ വരുന്നു... അങ്ങനെ വിചാരിച്ചതിൽ ഞാൻ എന്റെ വാക്കു ഉവ്വ്, ഉവ്വ്; ഇല്ല, ഇല്ല -- എന്ന് ആകുവാന്തക്കവണ്ണം എന്റെ നിരൂപണം ജഡികനിരൂപണമാണോ?*

തുടർമാനമായ ഈ ചിന്തയെ ഞാൻ ധ്യാനിക്കുന്നു. കൊരന്തിലേക്കു രാം പ്രാവശ്യം പോകുവാൻ ആഗ്രഹിച്ചതിൽ താൻ സ്നേഹിച്ച വിശുദ്ധന്മാർക്കു സാന്ത്വനവും ആശ്വാസവും നന്മയും ശുശ്രൂഷിക്കുക മാത്രമായിരുന്നു തന്റെ ലക്ഷ്യം എന്ന് പൗലൊസ് സാക്ഷിക്കുന്നു. അതിൽനിന്ന് എന്തെങ്കിലും സ്വീകരിക്കുകയല്ല, അവർക്ക് നല്കുകയായിരുന്നു തന്റെ ഉദ്ദേശ്യം. തന്റെ യാത്രാപരിപാടികൾ ഗൗരവമില്ലാതെയല്ല തീരുമാനിച്ചത്. (തന്റെ യാത്രച്ചെലവുകൾ വഹിക്കുന്നതാര് എന്ന് ഇവിടെ പരാമർശിച്ചിട്ടില്ല. തന്റെ യാത്രയിൽ പണം പ്രശ്നമായിരുന്നില്ല!) കൊരിന്തിലേക്കുള്ള യാത്ര വ്യക്തിപരമായ ആനുകൂല്യം ഉദ്ദേശിച്ചുള്ളതായിരുന്നില്ല.

### പ്രാർഥന

*പ്രിയ കർത്താവേ, അടുത്ത ശിശിരകാലത്ത് ഞാൻ അങ്ങയെ ശുശ്രൂഷിക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള കാര്യത്തിൽ അങ്ങയുടെ ആത്മാവിനെ കെടുത്തുന്ന ഏതെങ്കിലും തെറ്റായ ദൗത്യം എന്റെ ഹൃദയത്തിലുണ്ടോ എന്ന് എന്നെ കാണിക്കണമേ. പൗലൊസ്, പരിശുദ്ധാത്മാവിന്റെ നിയോഗമനുസരിച്ചാണ് യാത്രാപരിപാടികൾക്കു മാറ്റം വരുത്തിയത് എങ്കിലും, കൊരിന്തിലെ വിശ്വാസികൾ അത് തെറ്റിദ്ധരിച്ചതായി ഞാൻ മനസ്സിലാക്കുന്നു. തന്റെ യാത്രയെക്കുറിച്ച് പൗലൊസ് ആദ്യം ഉവ്വ് എന്നു പറഞ്ഞു; പിന്നീട് ഇല്ല എന്നു പറയേി വന്നു എങ്കിലും അവൻ പ്രസംഗിച്ച ദൈവത്തിന്റെ വചനം എല്ലായ്പ്പോഴും ഉവ്വ് എന്നത് ഉവ്വ് എന്നും ഇല്ല എന്നത് ഇല്ല എന്നും തന്നെ ആയിരുന്നുവല്ലോ. ക്രിസ്തുവിൽ എല്ലായ്പ്പോഴും ഉവ്വു, ആമേൻ എന്നും തന്നെയാണ്. അങ്ങയുടെ ഹൃദയത്തിൽ വച*

*നത്തിനു മാറ്റമില്ല. പൗലൊസ് പ്രസംഗിച്ച വചനം നിത്യമായി ശോധന ചെയ്യപ്പെട്ടവയാണ്. ഈ ലോകത്തിൽ കർത്താവേ, അങ്ങ് ഉറച്ച പാറയായിരിക്കുന്നതിൽ സ്തോത്രം. എന്റെ ലോകത്തിൽ സാഹചര്യങ്ങൾ അതിവേഗം മാറിക്കൊിരിക്കുന്നു. പരിപാടികൾ തയ്യാറാകുകയും പിന്നീട് അതിനു മാററം വരുത്തുകയും ചെയ്യേി വരുന്നു. കർത്താവേ, അങ്ങയുടെ പദ്ധതികൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദ്രുതഗതി കൊാേ അവസരത്തിനൊത്തോ ഉാകുന്ന തീരുമാനത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. ഓരോ ദിവസവും അങ്ങയുടെ കൂട്ടായ്മയിൽ നടക്കുവാൻ എന്നെ സഹായിക്കണമേ.*

## വായിക്കുന്നു

**വാക്യം 20 :** *ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉങ്കെിലും അവനിൽ (ക്രിസ്തുവിൽ) ഉവ്വ് എന്നത്രെ. അവനിൽ (ക്രിസ്തുവിൽ) ആമേൻ എന്നും തന്നെ.*

നാം മുഖാന്തരം ദൈവത്തിന്റെ വാഗ്ദത്തങ്ങൾ വ്യക്തിപരമായിരിക്കുന്നു. **ഈ വചനത്തിൽ എനിക്ക് അവകാശപ്പെടുവാൻ ഒരു വാഗ്ദത്തം ഉോ?** എന്നു ഞാൻ ചോദിക്കുന്നു.

## പ്രാർഥന

*ഞങ്ങളിലൂടെയോ കർത്താവേ? ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഞങ്ങളിലൂടെയോ! ക്രിസ്തുവിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളോ? ക്രിസ്തുവിലുള്ള ദൈവത്തിന്റെ സകല വാഗ്ദത്തങ്ങളുമോ, കർത്താവേ? അതെ, കർത്താവേ, നന്ദി. ഈ പ്രഭാതത്തിൽ അങ്ങയുടെ വിശുദ്ധ സന്നിധിയിൽ, ഞാൻ അതിന് ഉവ്വ്, ആമേൻ പറയുന്നു! ക്രിസ്തുവിൽ അവിടന്ന് എനിക്കു നല്കിയിട്ടുള്ളതെല്ലാം ഗ്രഹിക്കുവാൻ എനിക്കു കഴിയുന്നില്ല. പ്രിയ കർത്താവേ, അങ്ങയെ കൂടാതെ എന്റെ ജീവതം എത്രയോ ശൂന്യമാകുമായിരുന്നു എന്നു സങ്കല്പിക്കുവാൻ പോലും എനിക്കു കഴിയുന്നില്ല. പ്രിയ കർത്താവേ, യേശുവേ, ഇന്നിന്റെ സകല അവസരങ്ങളോടും പരിശോധനകളോടും തീരുമാനങ്ങളോടുംകൂടെ ഞാൻ ഈ ദിവസത്തെ*

*അഭിമുഖീകരിക്കുമ്പോൾ എനിക്ക് അങ്ങയെ മാത്രമാണ് ആവശ്യമായിരിക്കുന്നത് എന്ന് ഉറപ്പിച്ചു പറയുന്നു.*

ദൈവത്തിന്റെ സമാധാനം എന്റെ ആത്മാവിൽ നിറയുന്നു; കർത്താവിനെ ഞാൻ കുറെ സമയം ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്റെ പ്രാർഥനാപേക്ഷകൾക്കുള്ള കൃത്യമായ മറുപടികൾ ഞാൻ അറിയുന്നില്ല. പക്ഷേ, അതെനിക്കു പ്രശ്നമല്ല, ദൈവത്തിന്റെ സമാധാനം എന്റെ ഉള്ളിൽ വസിക്കുന്നു. എന്റെ കർത്താവിനോടുകൂടെ അമൂല്യമായ ഏകാന്ത സമയം ചെലവഴിക്കുവാൻ എനിക്കു കഴിഞ്ഞുവല്ലോ. ദൈവത്തിനു സ്തോത്രം! ഞാൻ ഇതിലേക്കു പ്രവേശിക്കുമ്പോൾ, ദൈവം തന്റെ വചനത്തിൽനിന്നു വിലയേറിയ പോഷണം നല്കിയിട്ടു്. ഈ പകലിന്റെ ആവശ്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ എന്റെ മനസ്സും ഹൃദയവും അത് പ്രതിഫലിപ്പിക്കും.

നമ്മുടെ ആത്മാവിനെ ദൈവത്തിനു പ്രസാദമുള്ളതാക്കുക എന്നതാണ് ഓരോ പ്രഭാതത്തിലും നമ്മുടെ ഏറ്റവും വലിയ ഉത്തരവാദിത്വം എന്ന വസ്തുത ഓർക്കുക.

കർത്താവായ യേശു നിങ്ങളെ വ്യക്തിപരമായി വിളിച്ച്, ക്ഷണം നല്കുന്നത് എത്രയോ അത്ഭുതകരമാണ്! *'വന്നു പ്രാതൽ കഴിച്ചുകൊൾവിൻ!'* എന്ന് അവൻ ക്ഷണിക്കുന്നു.

മാറ്റമില്ലാത്ത നിന്റെ സത്യം എന്നേക്കും നില്ക്കുന്നു;
അങ്ങയെ അന്വേഷിക്കുന്നവർ അങ്ങയെ കണ്ടെത്തുന്നു;
തന്നെ വിളിച്ചപേക്ഷിക്കുന്നവരെ അവൻ രക്ഷിക്കുന്നു;
അവർക്ക് അങ്ങു നല്ലവനും, സകലത്തിനും സകലവും ആകുന്നു.

ജീവനുള്ള അപ്പമായ അങ്ങയെ ഞങ്ങൾ രുചിക്കുന്നു,
ഞങ്ങൾ അങ്ങയിൽനിന്നു പോഷണം അനുഭവിക്കുന്നു;
ഉറവയായ അങ്ങയിൽനിന്നു ഞങ്ങൾ കുടിക്കുന്നു,
അങ്ങയിൽനിന്നു ഞങ്ങളുടെ ആത്മാക്കൾ തൃപ്തമാകുന്നു.

ബർണാഡ് ഓഫ് ക്ലെയർവോക്സ്

**കുറിപ്പ്:** ഒരു ഔപചാരിക വേദപഠനം എല്ലാ ദിവസവും പ്രധാനമല്ലെങ്കിൽപോലും അനുദിനവും ഒരു ഏകാന്തസമയം വളരെ പ്രധാനമാണ്.

## വേദപഠനം

നിങ്ങൾ വായിക്കുന്ന വേദഭാഗത്തെ സംബന്ധിച്ചു താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ഔപചാരിക വേദപഠനത്തിനു സഹായകമാകും

ഈ വേദഭാഗം ആരേക്കുറിച്ചു സംസാരിക്കുന്നു?

ഈ വേദഭാഗം ആരേ ഉദ്ദേശിച്ചുള്ളതാണ്; ആർക്കുവേിയുള്ളതാണ്?

എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്ന കൃത്യമായ വാക്കുകൾ ഏവ?

ഏത് കാലത്താണ് ഈ വേദഭാഗം എഴുതപ്പെട്ടത്?

എവിടെ വച്ചാണ് ഈ വേദഭാഗം എഴുതിയത്?

ഈ വേദഭാഗം എഴുതിയതിന്റെ ഉദ്ദേശ്യം എന്തായിരുന്നു?

ഈ വേദഭാഗം എതു സാഹചര്യത്തിലാണ് എഴുതപ്പെട്ടത്? വേദഭാഗത്തിന്റെ മുകളിലും ശേഷവും പറഞ്ഞിട്ടുള്ള കാര്യങ്ങളുമായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

*'സത്യവചനത്തെ യഥാർഥമായി പ്രസംഗിച്ചുകൊു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക'* (2തിമൊഥെയൊസ് 2:15)

## ഏകാന്ത സമയം

നിങ്ങൾ ദിനംപ്രതി തിരുവെഴുത്തു വായിക്കുമ്പോൾ നിങ്ങൾക്കു ചോദിക്കാവുന്ന ചില ചോദ്യങ്ങൾ:

ഈ വാക്യത്തിൽ:

ഒഴിവാക്കേുന്ന ഒരു പാപം ഉദോ?
ശ്രദ്ധിക്കേ ഒരു മുന്നറിയിപ്പ് ഉദോ?
അനുസരിക്കുവാൻ ഒരു കല്പനയുദോ?
അനുകരിക്കേ ഒരു മാതൃകയുദോ?
ഒഴിവാക്കേ തെറ്റായ ഒരു മാതൃകയുദോ?
പിതാവായ ദൈവത്തെക്കുറിച്ചു പുതിയ ഒരു ചിന്തയുദോ?
പുത്രനായ ദൈവത്തെക്കുറിച്ചു പുതിയ ഒരു ചിന്തയുദോ?
പരിശുദ്ധാത്മാവാം ദൈവത്തെക്കുറിച്ചു ഒരു പുതിയ ചിന്തയുദോ?
സാത്താന്റെ ആളത്വത്തെക്കുറിച്ചു പുതിയ ഉൾക്കാഴ്ചയുദോ?
സാത്താന്റെ ക്രൂര ലക്ഷ്യത്തെക്കുറിച്ചു പുതിയ ഉൾക്കാഴ്ചയുദോ?
സാത്താന്റെ കൗശല തന്ത്രങ്ങളെക്കുറിച്ചു പുതിയ ഉൾക്കാഴ്ചയുദോ?

*'എങ്കിലും വചനം കേൾക്കുക മാത്രം ചെയ്തുകൊു തങ്ങളെതന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുവൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റു നോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാനാകും'*
(യാക്കോബ് 1:22,25)

## പ്രതിദിന പ്രാർഥനാ സഹായി

അമ്പത് വർഷങ്ങൾക്കുമുമ്പ് ഞാൻ മാനസാന്തരപ്പെട്ട സമയത്ത്, സുവിശേഷകൻ തോമസ് ബി. റീസ് ഞങ്ങൾക്ക് ഉപദേശിച്ചു തന്ന പ്രതിദിന പ്രാർഥനാ രീതിയാണ് ഡോറോത്തിയും ഞാനും ഉപയോഗിക്കുന്നത്.

ദൈവത്തിന്റെ വചനത്തിൽ ആത്മാവിനെ പോഷിപ്പിക്കയും പ്രാർഥനയിൽ അതിനെ തലയിൽനിന്നു ഹൃദയത്തിലേക്കു വരുത്തുകയും ചെയ്ത ശേഷം അഭയയാചനയുടെ പ്രാർഥന ശക്തിയുള്ളതാകുന്നു. കേവലമൊരു അനുദിന പ്രക്രിയ എന്നതിനെക്കാൾ, മറ്റുള്ളവർക്കു വേിയുള്ള അഭയയാചനാസമയം സ്തോത്രാർപ്പണത്തിന്റെയും കരുതലിന്റെയും മധ്യസ്ഥ പ്രാർഥനയുടെയും അവസരമാകുന്നു. എഴുതിവെച്ച ഒരു പ്രാർഥനാക്രമം ഇല്ലെങ്കിൽപ്പോലും നമ്മുടെ പ്രാർഥനാ സമയത്തെ പരിശുദ്ധാത്മാവ് സഹായിക്കയും പ്രാർഥനാപേക്ഷകൾ ഫലപ്രദമായി സമർപ്പിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് ഏല്ലാറ്റിനും
പ്രാർഥനയാലും അപേക്ഷയാലും നിങ്ങളുടെ
ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട്
അപേക്ഷിക്കയത്രേ വേത്

(ഫിലിപ്പിയർ 4:6).

**കുറിപ്പ്:** താഴെക്കൊടുത്തിരിക്കുന്ന പ്രാർഥനാ രീതി സ്വീകരിച്ചാലും. ആവശ്യാനുസരണം മറ്റുകാര്യങ്ങൾ പ്രാർഥനാ വിഷയങ്ങളാക്കാവുന്നതാണ്.

**തിങ്കൾ** *മിഷിനറിമാർക്കുവേി:* ദൈവം നമ്മെ ഉൾപ്പെടുത്തിയിരിക്കുന്ന മിഷൻ പ്രവർത്തനങ്ങൾക്കു വേിയും മിഷനറിമാർക്കുവേിയും

ഈ പുസ്തകവായന എനിക്ക് അനുഗ്രഹകരമായിരുന്നു. നാം അറിയുന്ന പല കാര്യങ്ങളെയും പുതിയ പ്രകാശത്തിൽ കാണാൻ ഈ പുസ്തകം സഹായിക്കും.

ഇമ്റിച്ച് ഫുല്ലോപ്പ്, MSEJK, ബ്രാറ്റിസ്ലവാ, സ്ലോവാക്യ.

താങ്കളുടെ പുസ്തകം സഭയിൽ ഒരു കോഴ്സ് പഠിപ്പിക്കുന്നതിനു വർഷങ്ങളായി ഉപയോഗിക്കുന്നു. ഏകാന്തസമയത്തെക്കുറിച്ച് ഇത്ര നന്നായി പഠിപ്പിക്കുന്ന മറ്റൊരു പുസ്തകമില്ല.

പാസ്റ്റർ ഫ്രാങ്ക് അക്കാർഡി
ദി ഇവാഞ്ചലിക്കൽ ബാപ്റ്റിസ്റ്റ് ചർച്ച്,
ലാക്കോനിയ, ന്യൂഹാംപ്ഷെയർ.

ഞങ്ങൾ ഈ പുസ്തകം വായിക്കുവാൻ ആരംഭിച്ചപ്പോൾ തന്നെ, ഇത് ബെന്നറ്റ് ദമ്പതികളുടെ ഹൃദയത്തിൽനിന്നു ഞങ്ങളോടുള്ള ഒരു വ്യക്തി സന്ദേശമായി മനസ്സിലാക്കി. ദൈവഹൃദയത്തിൽ നിന്നുള്ള ശക്തമായ ഒരു സന്ദേശമാണിത്. ദൈവത്തോടു സാമീപ്യബന്ധം പുലർത്തുവാൻ ഈ പുസ്തകം ആഹ്വാനം ചെയ്യുന്നു.

പുതിയ വിശ്വാസികൾക്കും, വിശ്വാസത്തിൽ ദീർഘപരിചയമുള്ളവർക്കും ഈ പുസ്തകവായന അനുഗ്രഹകരമാകും. വേദ പുസ്തകസത്യങ്ങളുടെ ഒരു സ്വർണഖനിയാണ് ഈ പുസ്തകം

ഡോ. ജോൺ ഗ്രേഷ്യൻ
പ്രൊഫസർ എമരിറ്റസ്, വീറ്റൻ ഗ്രാഡ്വേറ്റ് സ്കൂൾ,
ഇല്ലിനോയ്സ്.

**ദൈവത്തിന്റെ രക്ഷാമാർഗത്തെക്കുറിച്ചു കൂടുതൽ വിശദമായി അറിയാൻ ആഗ്രഹിക്കുന്നു എങ്കിൽ ഗ്രന്ഥകർത്താവ് രചിച്ച മറ്റൊരു പുസ്തകമാണ്...**




## ദൈവത്തിനു വേണ്ടിയുള്ള അന്വേഷണം

സുവിശേഷീകരണത്തിന്റെ ഉപകരണമായി
നിങ്ങൾക്ക് ഉപയോഗിക്കാം.

*“ഇരുപതു വർഷം ഞാൻ പ്രാർഥിച്ചത് ഈ പുസ്തകത്തിനുവേണ്ടിയാണ്.’*

**ഓപ്പറേഷൻ മൊബിലൈസേഷൻ സ്ഥാപകൻ: ജോർജ് വെർവർ.**

www.CCIM-Media.com